# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 11 ലക്കം - 7 മിഥുനം - 1193 ജൂലൈ 2018



## എറണാകുളം കരയോഗത്തിന്റെ 93-ാമത് വാർഷിക പൊതുയോഗം....




## എറണാകുളം കരയോഗം ഭരണസമിതി 2018-2020



| | | | | | | |
|---|---|---|---|---|---|---|
| K P Krishna Menon<br>Ph: 9446352343 | P Ramachandran (Venu)<br>Ph: 9447053940 | CA. K T Mohanan<br>Ph: 9947134381 | Alapat Muraleedharan<br>Ph: 9447060693 | Adv.T. Sivadasan Nair<br>Ph: 9496513424 | Janardhanan K<br>Ph: 9745007187 | Adv. A.Balagopalan<br>Ph: 9847039205 |



| | | | | | | |
|---|---|---|---|---|---|---|
| P R Prabhakaran Nair<br>Ph: 9400604625 | K. Rajagopal<br>Ph: 9447665607 | K Sadiesh<br>Ph: 9447022006 | M Sreevallabhan Nair<br>Ph: 9947736071 | Sreekumar S<br>Ph: 9446517644 | Ravindranath K S<br>Ph: 9895637118 | Sajeev Kumar V<br>Ph: 9447170198 |



| | | | | | | |
|---|---|---|---|---|---|---|
| Sudha Krishnakumar<br>Ph: 9544629588 | K. Bhavani<br>Ph: 9895071101 | Prof. C Sumangala Devi<br>Ph: 9447785214 | Dr. A. Parvathy<br>Ph: 9447579402 | P. Girijavallabhan<br>Ph: 9447818431 | CA. Anil K Nayar,<br>Ph: 9447080703 | Sasikala Devidas<br>Ph: 9847004827 |



### എഡിറ്റോറിയൽ

# പുതിയ ദേശീയ വിദ്യാഭ്യാസ നയം ആവിഷ്കരിക്കണം

ലോകത്തിലെ ഏറ്റവും മഹത്തായ വിദ്യാഭ്യാസ സമ്പ്രദായം നിലനിന്നിരുന്ന നാട്ടിലാണ് നാം ജനിച്ചതും ജീവിക്കുന്നതും എന്ന് നാം അഭിമാനത്തോടുകൂടി പറയാറുണ്ട്. മുഴുവൻ ലോകത്തിനും ജ്ഞാനപ്രകാശം ലഭിച്ചിരുന്നത്, ഭാരതം എന്ന നമ്മുടെ ഈ പുണ്യഭൂമിയിൽ നിന്നായിരുന്നു. ഭാരതത്തിലെ ഋഷിമാടങ്ങളായിരുന്നു അവയുടെ പ്രഭവകേന്ദ്രം. ലോകത്തിന്റെ നാനാഭാഗത്തു നിന്നും ജ്ഞാനസമ്പാദനത്തിനായി ആയിരക്കണക്കിന് വിദ്യാർത്ഥികൾ നളന്ദ, തക്ഷശില തുടങ്ങിയ സർവ്വകലാശാലകളിലേയ്ക്ക് വർഷാവർഷം എത്തുന്നുണ്ടായിരുന്നു. അന്ന്, ആ സുവർണ്ണകാലത്ത് നമ്മുടെ കേരളത്തിലുണ്ടായിരുന്ന വഞ്ചി സർവ്വകലാശാലയും ഏറെ പ്രസിദ്ധിയാർജ്ജിച്ച ഒന്നായിരുന്നു. ഓരോ വിദ്യാർത്ഥിയുടെയും വ്യക്തിഗത കഴിവനുസരിച്ചുള്ള വിഷയം തിരഞ്ഞെടുത്ത് അതിൽ അവനെ വിദഗ്ദ്ധനാക്കുന്നതോടൊപ്പം ഏറെ പ്രാമുഖ്യം കല്പിച്ചിരുന്നത് അവനെ ഒരു നല്ല മനുഷ്യനാക്കുക എന്നുള്ളതിനായിരുന്നു- സഹജീവികളെ സ്നേഹിക്കുക, അവർക്കുവേണ്ടി ജീവിക്കുക എന്ന ധർമ്മചിന്ത വളർത്തുന്നതിനായിരുന്നു. എന്നാൽ വൈദേശികാക്രമണത്തോടുകൂടി മഹത്തായ ആ സ്ഥാപനങ്ങളെല്ലാം നശിപ്പിക്കപ്പെട്ടു. ഇസ്ലാമികാക്രമണ കാലത്താണ് അവയെല്ലാം ചുട്ടെരിക്കപ്പെട്ടത്. അതിസമ്പന്നമായ ഭാരതീയ സംസ്കാരവും പൈതൃകവും ഉന്മൂലനം ചെയ്യുക എന്ന പൈശാചിക ചിന്തയാണ് ആക്രമണകാരികൾ വെച്ചു പുലർത്തിയിരുന്നത്. ഇന്ന് ഭാരതത്തിൽ ഒളിഞ്ഞും തെളിഞ്ഞും അരങ്ങേറിക്കൊണ്ടിരിക്കുന്ന ഭീകരവാദത്തിന്റെ പിന്നിലെ ലക്ഷ്യവും അതു തന്നെയാണ്. പക്ഷേ അതിൽ വിജയം കണ്ടെത്താൻ അവർക്കു മുമ്പും കഴിഞ്ഞിട്ടില്ല, ഇനി കഴിയുകയുമില്ല. ബ്രിട്ടീഷുകാരുടെ കാലത്ത് തന്ത്രപൂർവ്വം അവർ മെക്കാളിയൻ സിദ്ധാന്തം നടപ്പാക്കി. ഇന്ത്യയെ കീഴ്പ്പെടുത്തണമെങ്കിൽ ഇവിടുത്തെ സംസ്കാരത്തേയും ഭാഷയേയും ഇല്ലായ്മ ചെയ്ത് ഇവിടെ

# ഉള്ളടക്കം

വാല്യം 11 | ലക്കം 07 | ജൂലൈ 2018


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 5 |
| എറണാകുളം കരയോഗം പ്രതിമാസ പരിപാടി | 7 |
| ബാലലോകം | 8 |
| രാഗപരിചയം | 9 |
| വാസ്തു | 10 |
| ഭാരതത്തിലെ ഋഷികവികൾ | 11 |
| ക്ഷേത്രങ്ങളിലൂടെ | 16 |
| നിയമവാഴ്ച തകർന്നടിയുന്നുവോ? | 21 |
| ദശരഥനും പുത്രന്മാരും | 23 |
| വിവാഹസമ്മാനങ്ങൾ വാങ്ങുന്നതും ............ | 26 |
| ഹരിസുധാലഹരി | 27 |
| ഗായത്രി | 29 |
| ഗാഡിസൂക്തം | 30 |
| വില്വാദ്രിനാഥനും രാക്ഷസൻപാറയും | 31 |
| നളചരിതത്തിലെ കാട്ടാളൻ | 37 |
| അദ്ധ്യാത്മരാമായണത്തിലെ നർമ്മരംഗങ്ങൾ | 39 |
| ദാഹിക്കുന്നു വെള്ളം ഒരു തുള്ളി വെള്ളം തരുമോ ? | 44 |
| ജ്ഞാനപ്രദക്ഷിണം ക്ഷേത്രങ്ങളിലൂടെ............ | 46 |
| പാതഞ്ജലയോഗദർശനം | 48 |
| ഈ വർഷകാലം ആയുർവ്വേദത്തിന്റ കുടക്കീഴിൽ | 49 |
| ജൈവകൃഷി | 51 |
| കർക്കിടക സംക്രമം | 53 |
| ഭൂമിക്കൊരു സങ്കീർത്തനം (നദികൾ) | 56 |
| അക്ഷരങ്ങൾ | 57 |
| ആദ്ധ്യാത്മിക ദർശനം ഭാരതത്തിൽ | 58 |
| മാസഫലം | 59 |
| മാട്രിമോണിയൽ | 60-66 |


## പത്രാധിപസമിതി


കെ.പി. കൃഷ്ണമേനോൻ (മാനേജിംഗ് എഡിറ്റർ)
എം. ശ്രീവല്ലഭൻ നായർ (എഡിറ്റർ)
പി. രാമചന്ദ്രൻ (വേണു)
കെ.ടി. മോഹനൻ
എ. മുരളീധരൻ
കെ. പ്രസന്നകുമാർ

പാശ്ചാത്യസംസ്കാരാധീശത്വം സ്ഥാപിച്ചേ മതിയാവൂ എന്ന് മനസ്സിലാക്കി അത് നടപ്പാക്കുകയായിരുന്നു അവർ ചെയ്തത്. തങ്ങളുടെ മേല്ക്കോയ്മ അടിച്ചേല്പിക്കുക എന്ന ദുഷ്ടലാക്കോടുകൂടി ബ്രിട്ടീഷുകാർ നടപ്പാക്കിയ ഭാരതവിരുദ്ധ വിദ്യാഭ്യാസസമ്പ്രദായമാണ് അല്പമാത്രമായ ചില മാറ്റങ്ങളോടെ ഇപ്പോഴും നാം പിന്തുടരുന്നത് എന്നുള്ളത് എത്ര ഖേദകരമായ വസ്തുതയാണ്. ബഹുഭൂരിപക്ഷം സ്വാതന്ത്ര്യ സമരസേനാനികളുടെയും ഭാരതീയ തത്വചിന്തകന്മാരുടെയും വിദ്യാഭ്യാസ വിചക്ഷണന്മാരുടേയുമെല്ലാം ആഗ്രഹങ്ങൾക്കും പ്രതീക്ഷകൾക്കും വിരുദ്ധമായാണ് സ്വാതന്ത്ര്യാനന്തര പ്രഥമസർക്കാർ വിദ്യാഭ്യാസ നയം രൂപപ്പെടുത്തിയത്. ബ്രട്ടീഷ് ഭരണകാലത്തുപോലും ഉണ്ടായിരുന്ന ഹൈന്ദവ ധർമ്മത്തിലധിഷ്ഠിതമായ പുരാണേതിഹാസങ്ങളിലെ നാമമാത്രമായ ഭാഗങ്ങൾപോലും നീക്കം ചെയ്യപ്പെടുകയാണുണ്ടായത്. പാശ്ചാത്യസംസ്കാരമവലംബിച്ച് ജീവിക്കുകയും നിരീശ്വരവാദം ഉൾക്കൊള്ളുകയും ചെയ്തിരുന്ന ഒരു നേതാവിന്റെ കൈപ്പിടിയിൽ ആദ്യ ജനായത്ത സർക്കാർ ഒതുങ്ങി പോയതിന്റെ ദുരന്തഫലമായിരുന്നു അത്. എഴുപത് വർഷങ്ങൾ കഴിഞ്ഞിട്ടും ഇതുവരെ അതിനൊരു മാറ്റം കൊണ്ടു വരുവാനും നമ്മുടെ സാംസ്കാരികാധിഷ്ഠിതവും ധർമ്മാനുബന്ധവുമായ പാഠ്യഭാഗങ്ങൾ ഉൾക്കൊള്ളിക്കുവാൻ വേണ്ട നടപടികൾ ആരുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല എന്നുള്ളത് ലജ്ജാകരമായ ഒരു വസ്തുത അല്ലേ? സ്വാതന്ത്ര്യം ലഭിച്ചിട്ട് ഇത്രയും കാലമായിട്ടും ജപ്പാനെപോലെയോ, ചൈനയെപോലെയോ, നാം ഒരു വികസ്വരരാജ്യമാകാത്തതിന്റെ പ്രധാന കാരണവും ഇവിടുത്തെ വിദ്യാഭ്യാസ നയം തന്നെയാണ്.

ഭാരതത്തിന്റെ ആത്മാവ് തൊട്ടറിഞ്ഞ രവീന്ദ്രനാഥ ടാഗോറും, രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയും,ഭാരതീയ വിദ്യാഭ്യാസ സരണിയുടെ മാർഗ്ഗദർശിയായി ശോഭിച്ചിരുന്ന ശ്രീ അരവിന്ദനും എല്ലാ ദാർശനീക ചിന്തകരും പാശ്ചാത്യ വിദ്യാഭ്യാസ സമ്പ്രദായത്തെ എതിർക്കുക മാത്രമല്ല ചെയ്തത്, ദേശീയതയിലൂന്നിയ, ധർമാധിഷ്ഠിതമായ വിദ്യാഭ്യാസ നയം ഉൾക്കൊള്ളേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുമുണ്ട്. വൈദേശിക രീതിയിലുള്ള വിദ്യ അഭ്യസിക്കുവാൻ വിധിക്കപ്പെട്ട വിദ്യാർത്ഥികളെക്കുറിച്ച് ടാഗോർ പറഞ്ഞത് 'അവരുടെ വിദ്യാഭ്യാസം അവരെ മുന്നോട്ട് കൊണ്ടുപോകുന്ന രഥമല്ല, മറിച്ച് അവരെ പിന്നിൽ കെട്ടി വലിക്കുന്നതാണ്'. ഏതൊരു രാഷ്ട്രമായാലും ജനസഞ്ചയമായാലും തങ്ങളുടെ ഭൂതകാല ചരിത്രത്തെ ഉൾക്കൊണ്ടുകൊണ്ട്, അതിന്റെ മഹിമകളെ ചേർത്തുപിടിച്ച് വേണം വർത്തമാനത്തിലൂടെ ഭാവിയിലേക്ക് കുതിക്കാൻ. അല്ലെങ്കിൽ അരവിന്ദൻ പറഞ്ഞതുപോലെ അത് വേരില്ലാവൃക്ഷം പോലെയാണ്. അതിന്റെ ദുരന്തഫലമാണ് ഇന്നു നാം കൊയ്തുകൊണ്ടിരിക്കുന്നത്. പല വിദ്യാലയങ്ങളും, പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ ദേശവിരുദ്ധതയുടെ ഈറ്റില്ലങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. ഭാരതത്തെ കഷണം കഷണം ആക്കണമെന്ന ഏറ്റവും വലിയ ദേശവിരുദ്ധ ശബ്ദം നാം കേട്ടതും നമ്മുടെ തന്നെ ഒരു മഹത്തായ വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നാണ്. എത്രത്തോളം ദേശവിരുദ്ധപ്രവർത്തനങ്ങളാണ് ഇവിടെയൊക്കെ നടക്കുന്നത് എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. ഏറ്റവും ദു:ഖകരമായ വസ്തുത സാധാരണ ജനങ്ങളിൽ നിന്നും പിരിച്ചെടുക്കുന്ന നികുതി ചിലവഴിച്ചാണ് ഇമ്മാതിരിയുള്ള രാഷ്ട്രവിരുദ്ധരെ അവിടെയൊക്കെ പഠിപ്പിക്കുന്നതും തീറ്റിപ്പോറ്റുന്നതും എന്നതാണ്. എത്രകാലം ഇനി ഇതു തുടരണം – ജനാധിപത്യത്തിന്റെയും ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെയും പേരിൽ എത്രകാലം ഈ എതിർദിശാവിദ്യാഭ്യാസം സഹിക്കണം. സരസ്വതീദേവിയെ നഗ്നയായി ചിത്രീകരിച്ചത് മറ്റെങ്ങുമല്ല. നമ്മുടെ കേരളത്തിൽ തന്നെയാണ്. മറ്റുള്ളവരുടെ, ആരുടെ ആയാലും ശരി വിശ്വാസങ്ങൾക്കെതിരെ നടത്തുന്ന ഇമ്മാതിരി കടന്നു കയറ്റങ്ങളെ, ആഭാസസ്വാതന്ത്ര്യത്തെ തടഞ്ഞേ മതിയാവുകയുള്ളൂ. ഇനി മതി, ഇതവസാനിപ്പിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ദേശീയതയിലൂന്നിയ, രാഷ്ട്രബോധം കുട്ടികളുടെ മനസ്സിലേക്ക് പകർന്ന് നല്കുന്ന, സർവ്വചരാചരങ്ങളിലും നിറഞ്ഞ് നില്ക്കുന്ന ഈശ്വരപ്രതിഭയിലൂടെ മാനുഷിക മൂല്യങ്ങളെ പരിപോഷിപ്പിക്കുന്ന ധർമ്മാധിഷ്ഠിതമായ വിദ്യാഭ്യാസം വേണം എല്ലാ വിദ്യാലയങ്ങളിലും നടപ്പാക്കാൻ. അക്കാര്യത്തിൽ ജാതി, മത, ഭാഷ, ദേശ വ്യത്യാസങ്ങളൊന്നും പാടില്ല. ഭാരതത്തിലെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അതനുസരിച്ചുള്ള സിലബസ് വേണം തയ്യാറാക്കാൻ – അതനുസരിച്ച് മാത്രം. സമൂലമായ ഒരു മാറ്റം ഉണ്ടായാലെ അത് സാധ്യമാവുകയുള്ളൂ. ഈ നാട്ടിൽ സമാധാനാന്തരീക്ഷം നിലനിർത്തുന്നതിനും, നാടിന്റെ ഐക്യവും അഖണ്ഡതയും കാത്തു സൂക്ഷിക്കുന്നതിനും അത് അത്യന്താപേക്ഷിതമാണ്. അതിനുവേണ്ടി കേന്ദ്രതലത്തിൽ, എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണപ്രദേശങ്ങൾക്കും ബാധകമാകുംവിധം ദേശീയതയിലൂന്നിയ സമഗ്രമായ ഒരു വിദ്യാഭ്യാസ നയം ആവിഷ്കരിച്ച് നടപ്പിലാക്കണം. രാഷ്ട്രീയ പാർട്ടികളുടെ ജയാപജയങ്ങളെക്കാളും, അതിനുവേണ്ടി ചിലർ പ്രാധാന്യം നല്കുന്ന വോട്ടുബാങ്കുകളെക്കാളും വലുത് രാഷ്ട്രമാണ്, അതിന്റെ അഖണ്ഡതയാണ് എന്ന ബോധം ഉൾക്കൊണ്ടുകൊണ്ട് ഈ വിഷയത്തിന് സർക്കാർ അടിയന്തിര പ്രാധാന്യം നൽകണമെന്നഭ്യർത്ഥിക്കുന്നു.





# ജനറൽ സെക്രട്ടറിയുടെ പംക്തി

എറണാകുളം കരയോഗത്തിന്റെ 93-ാമത് വാർഷിക പൊതുയോഗം സമംഗളം പര്യവസാനിച്ചു. വളരെ ദീർഘവീക്ഷണത്തോടും സാമൂഹ്യ പ്രതിബദ്ധതയോടെയും എന്നാൽ നാളിതുവരെ നമ്മൾ പിൻതുടർന്നു പോന്ന എല്ലാ പാരമ്പര്യവും അച്ചടക്കവും നിലനിർത്തിക്കൊണ്ട് പൊതുയോഗത്തിൽ പങ്കെടുത്ത അംഗങ്ങൾ ഈ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് കൂടുതൽ വേഗം കൂട്ടുന്ന തീരുമാനങ്ങളും നിർദ്ദേശങ്ങളും നൽകി ഭരണസമിതിയെ പ്രോത്സാഹിപ്പിക്കുന്നു എന്നത് ഞങ്ങളെ സംബന്ധിച്ച് കൂടുതൽ മികച്ച രീതിയിൽ പ്രവർത്തിക്കുവാനുള്ള പ്രചോദനമായിരിക്കും എന്നത് എടുത്തു പറയട്ടെ. 4300 ലധികം അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും ബന്ധുക്കളുമടങ്ങുന്ന വലിയ ഒരു സമുദായ സംഘടനയാണ് എറണാകുളം കരയോഗം എന്നത് വിസ്മരിക്കാതെ നമ്മുടെ ഓരോ പ്രവർത്തനത്തിലും പ്രസ്താവനകളിലും പൊതുനൻമയായിരിക്കണം ലക്ഷ്യം. അതോടൊപ്പം സമൂഹത്തിൽ പിന്നോക്കം നില്ക്കുന്നവർക്ക് നമ്മുടെ കഴിവനുസരിച്ച് പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ആവശ്യമായ സഹായവും നല്കേണ്ടതുണ്ട്. അതിന് സഹകരിക്കുന്ന ഓരോരുത്തരോടുമുള്ള നന്ദി ഇവിടെ പ്രത്യേകം രേഖപ്പെടുത്തുന്നു.

വാർഷിക പൊതുയോഗം കൈക്കൊണ്ട പ്രധാനപ്പെട്ടതും അടിയന്തിരമായി വരും വർഷങ്ങളിൽ നടപ്പിലാക്കി പൂർത്തിയാക്കേണ്ടതുമായ പദ്ധതികൾ അംഗങ്ങളുടെ അറിവിലേക്കായി ഇവിടെ കുറിക്കുന്നു.

* ഗുരുവായൂർ ഗസ്റ്റ്ഹൗസ് – 2019ൽ പൂർത്തിയാക്കേണ്ട ഈ പദ്ധതിക്ക് 11,13,00,000 രൂപ ക്യാപ്പിറ്റൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയുമായി സഹകരിക്കുന്നതിന് അംഗങ്ങൾക്ക് 2 സ്കീമുകളാണ് പുറത്തിറക്കിയിട്ടുള്ളത്. 1. പ്രിവിലേജ് കാർഡ് 2. ഗുരുവായൂർ ഗസ്റ്റ് ഹൗസ് ബോണ്ട് സ്കീം. ആയതിന് അംഗങ്ങളുടെ സഹകരണം പ്രതീക്ഷിച്ചുകൊള്ളുന്നു.

* നിലവിലുള്ള ടി.ഡി.എം. പമ്പ ഹാളിന്റെ നവീകരണവും പുതിയതായി ഒരു ലിഫ്റ്റ് നിർമ്മിക്കുന്നതിനായി 1,30,00,000 രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നു.

* കിച്ചൺ എക്വിപ്മെന്റ്, ജനറേറ്റർ, കമ്പ്യൂട്ടർ & ഐ.ടി., ഫാമിലി ഹെൽത്ത് ക്ലബ്ബ്, ഖര-ജല മാലിന്യ സംസ്ക്കരണ പ്ലാന്റ്, സോളാർ വൈദ്യുതി ഉൽപാദനം രണ്ടാം ഘട്ടം എന്നിവയ്ക്കായി 1,57,00,000 രൂപ ബഡ്ജറ്റിൽ വകയിരുത്തി. കൂടാതെ ഫയർ & റെസ്ക്യു സംവിധാനം സ്ഥാപിക്കുന്നതിനായി എക്വിപ്മെന്റ്സ്, പൈപ്പ്ലൈൻ എന്നീ ആവശ്യത്തിലേക്കായി 10 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

ക്യാപ്പിറ്റൽ ബഡ്ജറ്റിൽ 14,10,00,000 രൂപയും റവന്യു ബഡ്ജറ്റിൽ 3,83,00,000 രൂപയും ഉൾപ്പെടെ 17,93,00,000 രൂപയുടെ ബഡ്ജറ്റാണ് 93-ാമത് വാർഷിക പൊതുയോഗം അംഗീകരിച്ചിട്ടുള്ളത്.

പൊതുയോഗം ഭരണസമിതിയെ ഏൽപ്പിച്ച ഉത്തരവാദിത്തം പൂർണ്ണമായും ഉൾക്കൊണ്ടു കൊണ്ട് തികച്ചും സുതാര്യമായി സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ട് പ്രവർത്തിക്കേണ്ടതാണെന്ന് ഞങ്ങൾക്ക് ബോദ്ധ്യമുണ്ട്. ആയതിന് എല്ലാ അംഗങ്ങളുടെയും സഹകരണവും നിർദ്ദേശവും ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.

മേൽസൂചിപ്പിച്ച എല്ലാ ശുഭകരമായ കാര്യങ്ങളുടെയും ഇടയിൽ ഒരു കരയോഗാംഗം (എന്നു മാത്രം സൂചിപ്പിക്കട്ടെ, പൊതുയോഗത്തിൽ അംഗത്തിന്റെ പേര് പരസ്യപ്പെടുത്തിയതുകൊണ്ട് ഇവിടെ പ്രതിപാദിക്കുന്നില്ല) കഴിഞ്ഞ കുറച്ചു നാളുകളായി സോഷ്യൽ മീഡിയയിൽ (വിവിധ വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിൽ) എറണാകുളം കരയോഗത്തെയും പൊതുയോഗം അംഗീകരിച്ച് നിയമമാക്കിയ നിയമാവലിയെയും അത് നടപ്പിലാക്കുന്ന ഭരണസമിതിയെയും ഭരണകർത്താക്കളെയും അപമാനിക്കുന്ന രീതിയിൽ ദ്വയാർത്ഥപ്രയോഗം വഴി പ്രസ്താവനകളിറക്കുന്നത് പൊതുയോഗം വിശദമായി ചർച്ച ചെയ്യുകയും ആ അംഗത്തിന്റെ പേരിൽ നിയമാവലി അനുസരിച്ച് നടപടി സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. തെറ്റുതിരുത്തി എറണാകുളം കരയോഗത്തോട് രേഖാമൂലം മാപ്പപേക്ഷിക്കുന്നതിന് 10 ദിവസത്തെ സമയം ടി അംഗത്തിന് കൊടുക്കുവാനും ആയതിന് പൊതുയോഗത്തിൽ പങ്കെടുത്ത ഏതൊരു അംഗത്തിനും നേരത്തെ സൂചിപ്പിച്ച ആരോപണ വിധേയനായ അംഗത്തോട് സംസാരിച്ച് പ്രശ്നം രമ്യമായി പരിഹരിക്കുന്നതിനും യോഗം ചുമതലപ്പെടുത്തിയിട്ടുണ്ട് എന്നുകൂടി അറിയിച്ചുകൊള്ളട്ടെ.

കരയോഗാംഗങ്ങളോട് ഒരു വാക്ക്: ആരും വിമർശനത്തിന് അതീതരല്ല. അസഹിഷ്ണുതയുമില്ല. ആർക്ക് എന്ത് പറയുവാനുണ്ടെങ്കിലും ഒന്നുകിൽ നേരിട്ട് കരയോഗം ഓഫീസിൽ വന്നോ, അല്ലാത്ത പക്ഷം രേഖാമൂലം തങ്ങളുടെ അഭിപ്രായങ്ങളോ പരാതികളോ പ്രതിഷേധങ്ങളോ അറിയിക്കാവുന്നതാണ്. ഒരു കാര്യം ഉറപ്പ് പറയട്ടെ. അതിൽ നിന്ന് ഞങ്ങൾ ഒഴിഞ്ഞു മാറില്ല. വ്യക്തവും മറുപടി ചോദിക്കുന്ന വ്യക്തിയുടെ ഭാഷയും ശൈലിയും പരിഗണിച്ച് കരയോഗത്തിന്റെ മാന്യത വിടാതെ തീർച്ചയായും മറുപടി നല്കുന്നതായിരിക്കും. നിലവിൽ സോഷ്യൽ മീഡിയയിലും മറ്റും വ്യക്തികളേയും സ്ഥാപനങ്ങളെയും അവഹേളിക്കുന്നവർ ഇൻഡ്യൻ നിയമവ്യവസ്ഥ നിഷ്കർഷിക്കുന്ന പ്രകാരം ശിക്ഷാർഹരാണ് എന്ന് മറക്കരുത്. എറണാകുളം കരയോഗത്തിന്റെ വാതിൽ ആരുടെ മുൻപിലും കൊട്ടിയടച്ചിട്ടില്ല. കരയോഗത്തിന്റെ പരമോന്നത സഭയായ പൊതുയോഗത്തിന്റെയും അതിന്റെ നിയമാവലിക്കും വിധേയമായി മാത്രമെ ഭരണസമിതിക്ക് പ്രവർത്തിക്കുവാൻ കഴിയൂ എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.ആയതുകൊണ്ട് എല്ലാ അംഗങ്ങളും ഈ സ്ഥാപനത്തിന്റെ വളർച്ചയ്ക്കും പുരോഗതിക്കും ഒപ്പം ഉണ്ടാവണമെന്നും അതോടൊപ്പം നിങ്ങൾ ചുമതലപ്പെടുത്തിയ ഭരണ സമിതിയുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിക്കുകയും ആവശ്യമായ തിരുത്തലുകളോ നിർദ്ദേശങ്ങളോ അപ്പോഴപ്പോൾ നല്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നമുക്ക് ഒരുമിച്ച് സൗഹാർദ്ദപരമായി മുന്നോട്ടു പോകുവാനുള്ള അവസരം ജഗദീശ്വരൻ നല്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

2018 ലെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ തുടക്കം കുറിച്ചുകൊണ്ട് ചാരിറ്റി ഫണ്ട് വിതരണോദ്ഘാടനം 2018 ഓഗസ്റ്റ് 11, ശനിയാഴ്ച രാവിലെ 10 മണിക്ക് ടി.ഡി.എം.ഹാളിൽ വച്ച് നടത്തുന്നതാണ്.

ഈ വർഷത്തെ ഓണം ഓഗസ്റ്റ് 25, ചിങ്ങം 9–ാം തീയതിയാണ്. ഓണത്തോടനുബന്ധിച്ച് കഴിഞ്ഞ വർഷത്തെപ്പോലെ ടി.ഡി.എം. ഹാളിൽ ആഗസ്റ്റ് 9 മുതൽ 24 വരെ വിപണന മേള നടത്തുന്നതാണ്. ഉപ്പേരികൾ, കൊണ്ടാട്ടങ്ങൾ, കാളൻ, പുളിയിഞ്ചി, അച്ചാറുകൾ, പാലട, പ്രഥമനുകൾ എന്നിവ മിതമായ നിരക്കിൽ ഓണം വിപണന മേളയിൽ നിന്നും രാവിലെ 10 മുതൽ വൈകുന്നേരം 7 മണിവരെ ലഭിക്കും. ഉത്രാടം, തിരുവോണം (ആഗസ്റ്റ് 24, 25 ) എന്നീ ദിവസങ്ങളിലേക്ക് പ്രഥമനുകൾ, കാളൻ, പുളിയിഞ്ചി എന്നിവ മുൻകൂറായി ബുക്കു ചെയ്യാ വുന്നതാണ്. ആഗസ്റ്റ് 15 മുതൽ 21–ാം തീയതി വരെ മാത്രമെ മുൻകൂർ ബുക്കിംഗ് സ്വീകരിക്കുകയുള്ളൂ എന്നറിയിക്കുന്നു.

കർക്കിടക മാസം 13–ാം തീയതി , ജൂലൈ 29ന് ശ്രീ. എൻ.ടി.കാർത്തികേയന്റെ നേതൃത്വത്തിൽ സമ്പൂർണ്ണ രാമായണ പാരായണം ടി.ഡി.എം.ഹാളിൽ നടത്തുന്നു. രാമായണ പാരായണത്തിലേക്ക് എല്ലാ കരയോഗാംഗങ്ങളെയും ക്ഷണിക്കുന്നു.

ഈ വർഷം നവരാത്രി ആഘോഷങ്ങളുടെ ഭാഗമായുള്ള വിവിധ പുരാണ കലാ സാഹിത്യ മത്സരങ്ങൾക്കുള്ള അപേക്ഷാഫോറം ഓഗസ്റ്റ് 15 മുതൽ കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ പ്രതിമാസ പരിപാടിയിൽ ബീമുമായി സഹകരിച്ച് കഥകളി – കർണ്ണശപഥം ജൂലായ് 24, ചൊവ്വാഴ്ച വൈകുന്നേരം 6.30ന് ടി.ഡി.എം.ഹാൾ ഗംഗയിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം ഫിലിം ക്ലബ്ബിന്റെ ജൂലായ് മാസത്തിലെ പരിപാടിയിൽ 22ന്, ഞായറാഴ്ച വൈകുന്നരം 5.00 മണിക്ക് Lat Train, Pick Pocket എന്നീ രണ്ട് ഇംഗ്ലീഷ് ചിത്രങ്ങൾ ടിഡിഎം നർമ്മദ ഹാളിൽ പ്രദർശിപ്പിക്കുന്നതാണ്.

കരയോഗത്തിന്റെ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും അംഗങ്ങളുടെ സഹകരണവും സാന്നിദ്ധ്യവും അഭ്യർത്ഥിച്ചുകൊള്ളുന്നു.

–ജനറൽ സെക്രട്ടറി

# കലാസാംസ്കാരിക ക്ലാസ്സുകൾ

എറണാകുളം കരയോഗത്തിന്റെ കലാസാംസ്കാരിക വിഭാഗം ഭരതനാട്യം, വയലിൻ, യോഗ, കരാട്ടേ ക്ലാസ്സുകൾ നടത്തി വരുന്നു. താല്പര്യമുള്ളവർ കരയോഗം ഓഫീസുമായി ബന്ധപ്പെടുക

വിളിക്കേണ്ട നമ്പർ 0484 2361160

(Extn : 35,38)

ജനറൽ സെക്രട്ടറി
എറണാകുളം കരയോഗം





## എറണാകുളം കരയോഗം

# ഓണം വിപണന മേള 2018

### ആഗസ്റ്റ് മാസം 9 മുതൽ 24 വരെ

**എറണാകുളം കരയോഗം ഓണത്തോടനുബന്ധിച്ച് ടി. ഡി.എം. ഹാളിൽ 2018 ആഗസ്റ്റ് 9 മുതൽ 24 വരെ ഓണം വിപണന മേള നടത്തുന്നതാണ്. ഉപ്പേരികൾ, കൊണ്ടാട്ടങ്ങൾ, കാളൻ, പുളിയിഞ്ചി, അച്ചാറുകൾ, പാലട, പ്രഥമനുകൾ എന്നിവ മിതമായ നിരക്കിൽ ഓണം വിപണന മേളയിൽ നിന്നും രാവിലെ 10 മുതൽ വൈകുന്നേരം 7 മണിവരെ ലഭിക്കുന്നതാണ്. ഉത്രാടം, തിരുവോണം (ആഗസ്റ്റ് 24, 25) എന്നീ ദിവസങ്ങളിലേക്ക് പ്രഥമനുകൾ, കാളൻ പുളിയിഞ്ചി എന്നിവ മുൻകൂറായി ബുക്കു ചെയ്യുവാൻ സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ആഗസ്റ്റ് 15 മുതൽ 21 –ാം തീയതി വരെ മാത്രമെ മുൻകൂർ ബുക്കിംഗ് സ്വീകരിക്കുകയുള്ളൂ.**

## എറണാകുളം കരയോഗം
## 15.7.2018 മുതൽ 15.08.2018 വരെയുള്ള പരിപാടികൾ

| | | | |
|---|---|---|---|
| 18.07.2018 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| | | 4.00 p.m. | : വിമൺസ് ഫോറം യോഗം |
| 19.07.2018 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 21.07.2018 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 22.07.2018 | ഞായർ | 10.00 a.m. | : ഇ സി എഫ് വാർഷികാഘോഷം |
| | | 5.00 p.m. | : കരയോഗം ഫിലിംക്ലബ്ബ് –സിനിമപ്രദർശനം– ലാസ്റ്റ് ട്രെയിൻ, പിക് പോക്കറ്റ് |
| 24.7.2018 | ചൊവ്വ | 6.30 p.m. | : കരയോഗം കഥകളി ക്ലബ്ബ്&ബീം –കർണ്ണശപഥം കഥകളി |
| 25.7.2018 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 26.7.2018 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 28.7.2018 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 29.7.2018 | ഞായർ | 6.30 a.m. | : സമ്പൂർണ്ണ രാമായണ പാരായണം |
| 1.8.2018 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 2.8.2018 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 4.8.2018 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 8.8.2018 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 9.8.2018 | വ്യാഴം | 10.00 a.m. | : കരയോഗം ഓണം ഫെയർ ആരംഭം |
| | | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 11.8.2018 | ശനി | 10.00 a.m. | : ജീവകാരുണ്യഫണ്ട് വിതരണോദ്ഘാടനം |
| | | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 12.8.2018 | ഞായർ | 10.00 a.m. | : പാർക്കിൻസൺസ് രോഗചികിത്സ(ആയുഷ്യം പോളിക്ലിനിക്) |
| 15.8.2018 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |

# ബാല ലോകം

ലക്ഷ്മിദേവി നായർ (ഫോൺ: 9947770638)

പ്രിയപ്പെട്ട കൂട്ടുകാരെ,

കൂടുതൽ സന്തോഷകരമായ ദിനങ്ങൾക്കായി സ്കൂൾ തുറന്നല്ലോ അല്ലെ ?

ഇനി കൂടുതൽ ശ്രദ്ധ പഠനകാര്യങ്ങളിലാവട്ടെ. അദ്ധ്യാപകർ പകർന്നു തരുന്ന അറിവുകളെല്ലാം മറക്കാതെ ജീവിതത്തിൽ പകർത്താൻ കൂട്ടുകാർക്കു കഴിയണം കേട്ടോ. ഗുരുക്കന്മാരുടേയും അച്ഛനമ്മമാരുടെയും അനുഗ്രഹമാണ് നമുക്കെല്ലാം ജീവിതത്തിൽ ഉടനീളം വഴികാട്ടിയാവുക. അതുകൊണ്ടു തന്നെ നല്ല അനുസരണശീലം വളർത്തിയെടുക്കാൻ ശ്രമിക്കുക. തെറ്റായ ഒരു ശീലങ്ങളിലും പെടാതിരിക്കുക. അസൂയ, ദേഷ്യം, വിരോധം എന്നീ നിഷേധാത്മകമായ ചിന്തകൾക്ക് മനസ്സിൽ ഇടം നൽകരുത്. നമ്മുടെ സൂര്യനെയും, ചന്ദ്രനെയും പ്രകൃതിയെയും നോക്കൂ. നിരന്തരമായി അവ മനുഷ്യന് നന്മ ചെയ്തുകൊണ്ടിരിക്കയല്ലേ?

ഒരു നല്ല പൗരനാവാൻ മനസ്സിനെ പരിശീലിപ്പിക്കണം കേട്ടോ. എന്ത് പഠിക്കാനും ക്ഷമയും സ്ഥിരോത്സാഹവും അനിവാര്യമാണ്.

ഇനി ഒരു കുഞ്ഞിക്കഥ കേട്ടോളൂ.

ആമക്കുമുണ്ടൊരു വീട്

ആമയുടെ വീട് കൂട്ടുകാർ കണ്ടിട്ടില്ലേ ? എവിടെപ്പോയാലും വീടില്ല എന്നൊരു ദു:ഖം ആമയ്ക്കില്ല. അതിന്റെ കട്ടിയുള്ള പുറംതോടാണ് അതിന്റെ സുരക്ഷിതമായ താവളം. ആരെങ്കിലും തന്റെ അടുത്തേക്ക് വരുമ്പോൾ ഇത് തന്റെ തല ഉള്ളിലേക്ക് വലിക്കുന്നത് കൂട്ടുകാർ കണ്ടിരിക്കുമല്ലോ? എവിടെപ്പോയാലും തിരിച്ചു സ്വന്തം വീട്ടിലേക്കു വരുമ്പോൾ ഉണ്ടാവുന്ന സന്തോഷം ഒന്നു വേറെതന്നെയല്ലേ കൂട്ടുകാരെ. ഈ അനുഭവം കൂട്ടുകാർക്കുമില്ലേ?

ഇനി കഥയിലേക്ക് കടക്കാം. ഒരിക്കൽ ദൈവം സ്വർഗ്ഗത്തിൽ വെച്ച് കെങ്കേമമായി ഒരു ആഘോഷം നടത്തുകയുണ്ടായി. എല്ലാ ജീവജാലങ്ങളെയും ക്ഷണിക്കാൻ തന്റെ പരിചാരകരെ ദൈവം ഭൂമിയിലേക്കയച്ചു. ആമ ഒഴികെ ബാക്കി എല്ലാവരും ചടങ്ങിനെത്തി. എന്തുകൊണ്ടാണ് ആമ വരാഞ്ഞത് എന്നറിയാൻ ദൈവദൂതൻ വീണ്ടും ആമയുടെ അടുത്തെത്തി. തന്റെ വീടും വലിച്ചു യാത്ര ചെയ്യാൻ യഥാർത്ഥത്തിൽ ആമയ്ക്കിഷ്ടമില്ലായിരുന്നു. ഇതെങ്ങിനെ പറയും എന്നായി ആമ. ഭൂമിയിൽ എല്ലാവരും സ്വന്തമായി ഒരു വീടുണ്ടാവാൻ ആഗ്രഹിക്കുന്നവരാണ്. എനിക്ക് ജന്മനാതന്നെ സ്വർഗം പോലെ സ്വന്തം വീടുണ്ട്. അതുകൊണ്ടു തന്നെ ഞാൻ ഏറെ സംതൃപ്തനുമാണ്. എനിക്കീ വീട് വിട്ടുപോകാനിഷ്ടമല്ല. ദയവായി എന്നോട് ക്ഷമിക്കൂ. ആമ പറഞ്ഞു. ദൈവനിന്ദയല്ലേ ഇത് ? സ്വർഗത്തേക്കാൾ ഇഷ്ടപ്പെടുന്ന വീടോ? ദൈവദൂതൻ ആമയെ ശപിച്ചു. ഇനി ഒരിക്കലും ഇതിൽ നിന്ന് പുറത്തു കടക്കാൻ നിനക്കാവില്ല. നിന്റെ പുറത്തുള്ള വീടും ചുമന്നുകൊണ്ട് മാത്രമേ നിനക്കെവിടെയും പോവാനാകൂ. അതുകൊണ്ടത്രേ ആമ എവിടെയും തന്റെ വീടും കൊണ്ട് നടക്കുന്നത്. കാഴ്ചയ്ക്കും ആമ മടിയനാണെന്നു തോന്നും അല്ലെ കൂട്ടുകാരെ.

**കൃഷ്ണഗാഥയിൽ നിന്നുള്ള**
**ഈ വരികൾ ഹൃദിസ്ഥമാക്കൂ**

കൈതേ ഞാൻ നിന്നോട് മെല്ലെന്നു ചോദിച്ചാൽ
കൈതവം കൈവിട്ടു ചൊല്ലണം നീ
എങ്ങള് വന്നുള്ളൊരോമനക്കാന്തനെ
ഇങ്ങു വരുന്നതു കണ്ടില്ലല്ലി
കാർമുകിൽ പോലെയവന്നു നിറം തന്നെ
കാർകുഴലൊട്ടുണ്ടു കെട്ടിച്ചെമ്മെ
കൈയിൽ കുഴലുണ്ടു കാലിൽ ചിലമ്പുണ്ടു
മെയ്യിലമ്മാണ്പുറ്റ പൂൺപുമുണ്ട്
മഞ്ഞൾ നിറന്തോഞ്ഞ കൂറയുടുത്തുണ്ടു
മഞ്ജുളമായ മൊഴിയുമുണ്ടേ
നെറ്റിമേൽ താണ കുരുൾനിരയുമുണ്ട്
നേരില്ലയാതൊരു കാന്തിയുണ്ടേ
കുങ്കുമം കൊണ്ട് തൊടുകുറിയിട്ടുണ്ട്
കങ്കണമുണ്ട് കരങ്ങളിലും.





രാഗപരിചയം

# ഭൂപാളം

ഡോ. ജയലക്ഷ്മി നന്ദകുമാർ

8-ാമത്തെ മേളകർത്താരാഗമായ തോടിയുടെ ജന്യരാഗമാണ് ഭൂപാളം. ഇതൊരു പ്രഭാത രാഗമാണ്. തമിഴ് നാട്ടിലുള്ള ക്ഷേത്രങ്ങളിൽ ഭൂപാളരാഗം ആലപിക്കുകയോ നാഗസ്വരത്തിൽ വായിക്കുകയോ ചെയ്തുകൊണ്ടാണ് പ്രഭാതത്തിൽ ചടങ്ങുകൾക്ക് തുടക്കം കുറിക്കുക. വളരെ മംഗളകരമായ രാഗം കൂടിയാണിത്.

ആരോഹണം : സ രി ഗ പ ധ സ

അവരോഹണം : സ ധ പ ഗ രി സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ശുദ്ധരിഷഭം, സാധാരണ ഗാന്ധാരം, പഞ്ചമം, ശുദ്ധ ധൈവതം.

അഞ്ചു സ്വരങ്ങൾ വരുന്നതിനാൽ ഇതൊരു ഔഡവ രാഗമാണ്. തമിഴ് സംഗീതത്തിൽ ഈ രാഗത്തെ പുറനീർമൈ പൺ എന്നു അറിയപ്പെടുന്നു. തമിഴ് സംഗീത രൂപമായ തേവാരത്തിൽ ഭൂപാളരാഗം കൂടുതലായി ഉപയോഗിച്ചിരുന്നതായി കാണാം. നിലവിൽ ജന്യരാഗമാണെങ്കിലും അസമ്പൂർണ്ണ മേള പദ്ധതിയിൽ 8-ാമത്തെ രാഗമായി ഭൂപാളമാണ് ഉണ്ടായിരുന്നത്. ഹിന്ദുസ്ഥാനി സംഗീതത്തിലെ ഭൂപാൾതോടി ഭൂപാളത്തോടു സമാനമായ രാഗമാണ്. നാടോടി ഗാനങ്ങൾ, ആചാരപരമായ ഗാനങ്ങൾ തുടങ്ങിയവ ഈ രാഗത്തിൽ കാണാം. കഥകളി പദങ്ങളും ഉണ്ട്.

സ്വാതി തിരുനാൾ എന്ന ചിത്രത്തിൽ ശ്രീ യേശുദാസ് ആലപിച്ച് ജനഹൃദയങ്ങളിലേയ്ക്കെത്തിച്ച 'ഗോപാലക പാഹിമാം' എന്ന കൃതി ഭൂപാളത്തിൽ ആയിരുന്നു മുൻപ് ആലപിച്ചിരുന്നത്. ഇപ്പോൾ ആ കൃതി രേവഗുപ്തി എന്ന രാഗത്തിലാണ് പാടി വരുന്നത്. ഇപ്പോഴും വിരളമായി ചില സംഗീതജ്ഞർ ഭൂപാളത്തിൽ ആലപിച്ചു വരുന്നുണ്ട്.

ഭൂപാളത്തിൽ നിന്നു ചെറിയ വ്യത്യാസങ്ങൾ മാത്രമുള്ള രാഗങ്ങളാണ് രേവഗുപ്തിയും ഭൗളിയും. ഭൂപാളത്തിലെ സാധാരണഗാന്ധാരം മാത്രം മാറ്റി അന്തരഗാന്ധാരം ആയാൽ രേവഗുപ്തി ആയി. ഭൗളിയിലാവട്ടെ, അന്തരഗാന്ധാരവും അവരോഹണത്തിൽ കാകളി നിഷാദം കൂടി വരും. (സ രി ഗ പ ധ സ - സ നി ധ പ ഗ രി സ)

## ഈ രാഗത്തിലുള്ള കൃതികൾ

| | | |
|---|---|---|
| 1. സദാചലേശ്വരം | രൂപകം | മുത്തുസ്വാമി ദീക്ഷിതർ |
| 2.. സാമജേന്ദ്ര | ആദി | സ്വാതി തിരുനാൾ |
| 3. കദംബ വന വാസിനീ | ആദി | മുത്തയ്യാ ഭാഗവതർ |
| 4. അന്നൈ ജാനകി | ആദി | അരുണാചല കവി |
| 5. തിരുപള്ളിയെൻട്രരുൾ | ആദി | കവി കുഞ്ജര ഭാരതി |

## ചലച്ചിത്രഗാനങ്ങൾ

1. താഴുന്ന സൂര്യനെ ഏറ്റു വാങ്ങാൻ - മേയ്ഡ് ഇൻ യു. എസ്. എ
2. ഭൂപാളരാഗം പൂത്തുവരും നേരം - തിത്തിക്കും തേൻ അമ്ത് (ഭക്തിഗാനം)
3. നരനായിങ്ങനെ - ന്യൂസ് പേപ്പർ ബോയ്
4. വിടിന്തത - പിള്ളൈ പാശം
5. കണ്ണേ വാ കൺമണിയേ വാ - കുഴന്തൈ യേഴു
6. കതിരവനൈ പാർത്ത് - പൂക്കൾ വിടും തോത്

**എറണാകുളം കരയോഗത്തിന്റെ പ്രതിമാസ പാർക്കിൻസൺസ് രോഗചികിത്സാ ക്ലിനിക് 2018 ജൂലൈ മാസം 8-ാം തീയതി ഞായറാഴ്ച രാവിലെ 10 മണിമുതൽ 1 മണി വരെ ആയുഷ്യം പോളിക്ലിനിക്കിൽ വച്ച് നടത്തുന്നതാണ്.**

***ജനറൽ സെക്രട്ടറി***

വാസ്തു

# വാസ്തു

ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദഗ്ദ്ധൻ (ഫോൺ: 9447032434)

വീട് പണി കഴിഞ്ഞ് ഉദ്യാനങ്ങൾ ഉണ്ടാക്കുമ്പോൾ വളരെ അധികം ശ്രദ്ധിക്കണം. അടുത്ത ദിവസങ്ങളിൽ സാമാന്യം തരക്കേടില്ലാത്ത 9000 സ്ക്വയർഫീറ്റ് വലുപ്പമുള്ള വീട് പരിശോധിക്കേണ്ടതായി വന്നു. ഇത്ര വലിയ വീടുകൾ വളരെ അപൂർവ്വമായി മാത്രമേ കാണാൻ കഴിയൂ. വീട് പണി കഴിഞ്ഞ് 4 കൊല്ലത്തോളമായി യാതൊരു കുഴപ്പവുമില്ലാതെ താമസിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനിടയിൽ ഏതോ ഒരു വീട്ടിൽ പോയി അവിടുത്തെ ഉദ്യാനം കണ്ട് വളരെ ഇഷ്ടമാകുകയും വീണ്ടും വീണ്ടും പോയി കാണുകയും ചെയ്തു. അതിന് ശേഷം അതേ ആളെ തന്നെ വിളിപ്പിച്ച് ഗാർഡൻ ഉണ്ടാക്കാൻ പ്ലാനും 3 ഡി ഡ്രോയിംങ്ങും ഉണ്ടാക്കി വേണ്ടതായ മാറ്റങ്ങൾ വരുത്തി. 25 ലക്ഷം രൂപയ്ക്ക് കരാർ കൊടുക്കുകയും 8 മാസം കൊണ്ട് വളരെ മനോഹരമായ ഗാർഡനും അതിൽ കുളങ്ങളും റോക് ഗാർഡനും വെള്ളച്ചാട്ടവും എല്ലാം കൂടി മനോഹരമാക്കി . കഴിഞ്ഞ 6 മാസമായി ബിസിനസ്സ് വളരെ പിന്നോക്കം പോകുകയും, മറ്റ് എല്ലാ കാര്യങ്ങളും താളം തെറ്റുകയും ചെയ്തു. പല കാര്യങ്ങളും ശരിയായ സമയത്ത് ചെയ്യാൻ കഴിയുന്നില്ല. പല സ്ഥാപനങ്ങളും പൂട്ടേണ്ടി വരുമെന്ന് ഭയപ്പെടുന്നു.

വീട് പരിശോധിച്ചപ്പോൾ ശരിയായ സ്ഥാനത്താണ്. ഗാർഡൻ ഉണ്ടാക്കിയപ്പോൾ വടക്ക് കിഴക്കേ മൂലയിൽ വലിയ ഒരു പാറക്കെട്ടും അതിൽ നിന്നും നദി ഒഴുകുന്നതുപോലെ വെള്ളം ഒഴുകി ഒരു കുളത്തിലേക്ക് വരികയും ചെയ്യുന്നു. കിഴക്കു മുഖമായ വീടിന്റെ വടക്കു കിഴക്കേ ഭാഗം ഉദ്ദേശം 2 അടി പൊക്കി അവിടെയാണ് കുളം . കുളത്തിന്റെ വടക്കു കിഴക്കേ മൂലയിൽ 10 അടി ഉയർത്തി വടക്കും, കിഴക്കും മതിൽ മുട്ടിച്ച് പാറക്കൂട്ടങ്ങൾ ഉണ്ടാക്കിയിരിക്കുന്നു. വടക്കു കിഴക്കു മൂലയിൽ നിന്നും തെക്കു ഭാഗത്തേയ്ക്ക് ചരിച്ചാണ് തോട്ടം ഉണ്ടാക്കിയിരിക്കുന്നത്.

പാറക്കെട്ടുകൾ നീക്കുന്നതിനും കുളം താഴ്ത്തുന്നതിനും വലിയ തുക വേണ്ടി വരും. ഇന്നത്തെ സാഹചര്യത്തിൽ അതിന് കഴിയില്ല. ആയതിനാൽ തല്കാലം വീടിന്റെ തെക്കും പടിഞ്ഞാറും, കിഴക്കും, വടക്കും ചെറിയ കുട്ടി മതിലുകൾ കെട്ടി, വീട് പ്രത്യേക പറമ്പിൽ ആക്കുന്നതിനു വേണ്ടി അടയാളപ്പെടുത്തി കയർ കെട്ടി തിരിച്ച് കൊടുത്തു.

വീട് നില്കുന്ന സ്ഥലം ഉദ്ദേശം 4 ഏക്കർ ഉണ്ട്. അതുകൊണ്ട് അതിർത്തി തിരിക്കുമ്പോൾ തെക്കും, പടിഞ്ഞാറും 6 മീറ്റർ വീതവും വടക്കും കിഴക്കും 10 മീറ്റർ വീതവും കിട്ടും.

എപ്പോഴും വീട്ടിൽ ഗാർഡൻ ഉണ്ടാക്കുമ്പോൾ വളരെയധികം ശ്രദ്ധിക്കണം. വടക്കും കിഴക്കും പൊങ്ങി നില്കരുത്.

മറ്റൊരു വീട്ടിൽ വീട് പണിതിരിക്കുന്നത് കിഴക്കോട്ടു മുഖമായാണ്. ചെറിയ പ്ലോട്ടാണ്. റോഡ് കിഴക്കു വശത്താണ്. ഗേറ്റ് വെച്ചിരിക്കുന്നത് കിഴക്കു തെക്കാണ്. കാർ പോർച്ചും തെക്കു ഭാഗത്തു തന്നെ.

തെക്കു കിഴക്ക് ഭാഗത്ത് കാർ ഇട്ട് തെക്ക് കിഴക്കുള്ള വരാന്തയിലേക്ക് കിഴക്കു നിന്നാണ് കയറുന്നത്. വരാന്തയിൽ നിന്നും പ്രധാന വാതിൽ തെക്കോട്ടാണ്.

കിഴക്ക് റോഡുണ്ടെങ്കിൽ എപ്പോഴും ഗേറ്റ് കിഴക്കു വടക്കായിരിക്കണം. പ്രധാന വാതിൽ കിഴക്കോട്ടു തന്നെയും, മൊത്തം നീളത്തിന്റെ മദ്ധ്യത്തിൽ നിന്നും, വടക്കു വശത്തായിരിക്കുകയും വേണം.

വീട് പണിയും മുമ്പ് Rough Plan ഉണ്ടാക്കി വാട്സ് ആപ്പിലോ ഇ മെയിലിലോ, പ്ലാനുകൾ അയക്കുന്നവർക്ക് സൗജന്യമായി പരിശോധിച്ചു കൊടുക്കുന്നതാണ്. പ്ലാൻ അയക്കുമ്പോൾ നോർത്ത് ദിശയും റോഡും അടയാളപ്പെടുത്തണം.

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**





തുടർച്ച

# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം

ശ്രീകുമാരി രാമചന്ദ്രൻ (ഫോൺ: 9947054009)

### പൂന്താനം നമ്പൂതിരി

മേൽപ്പത്തൂർ നാരായണഭട്ടതിരിയുടെ സമകാലികനായിരുന്ന പൂന്താനം നമ്പൂതിരിയെ ഗുരുവായൂരപ്പന് ഏറ്റവും പ്രിയപ്പെട്ട ഭക്തനെന്ന് ചരിത്രം വാഴ്ത്തുന്നു. വേദാർഹനല്ലാത്ത ബ്രാഹ്മണനായിരുന്നതിനാൽ മറ്റു വൈദികബ്രാഹ്മണർ അദ്ദേഹത്തെ ഗൗനിച്ചിരുന്നില്ല.കേരളത്തിലെ അങ്ങാടിപ്പുറം ഗ്രാമത്തിലെ പൂന്താനത്ത് എന്ന നമ്പൂതിരി ഗൃഹത്തിലാണ് അദ്ദേഹം ഭൂജാതനായത്. അദ്ദേഹത്തിന്റെ യഥാർത്ഥനാമമെന്ത്, മാതാപിതാക്കളാര് തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് വസ്തുനിഷ്ഠമായ തെളിവുകൾ ലഭ്യമല്ല. പരമഭാഗവതനും വിനയസമ്പന്നനും സൗമ്യനും സുശീലനുമായ പൂന്താനം നമ്പൂതിരിയുടെ ജീവിതകാലം പതിനാറാം നൂറ്റാണ്ടായിരുന്നു എന്ന കാര്യം ഗവേഷകർ തറപ്പിച്ചു പറയുന്നു. കൗമാരത്തിൽതന്നെ അദ്ദേഹം വിവാഹിതനായി. എങ്കിലും ഒരുണ്ണിയുണ്ടാവാൻ വർഷങ്ങൾ കാത്തിരിക്കേണ്ടിവന്നു, ആറ്റുനോറ്റുണ്ടായ ഉണ്ണി അതിന്റെ അന്നപ്രാശമടിയന്തിരത്തിന്റെ അന്നുതന്നെ ഒരപകടത്തിൽപ്പെട്ട് ശ്വാസം മുട്ടിമരിച്ചു. പൂന്താനവും പത്നിയും തകർന്നു പോയി. വിഷ്ണുഭക്തനും സാധുവുമായിരുന്ന പൂന്താനം അതോടെ വിരക്തനായിത്തീർന്നു. ഈ വ്യസനത്തിൽ, വിങ്ങുന്ന ഹൃദയത്തോടെ അദ്ദേഹം രചിച്ച കൃതിയാണ് 'ജ്ഞാനപ്പാന'. അത്യന്തം ദുസ്സഹങ്ങളായ വ്യസനങ്ങൾ നേരിടേണ്ടിവരുമ്പോൾ ജ്ഞാനപ്പാന വായിച്ചാൽ മനസ്സിനു വളരെ സമാധാനമുണ്ടാകുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. സാധാരണക്കാർക്കു പോലും എളുപ്പം അർത്ഥം മനസ്സിലാകത്തക്കവണ്ണം വളരെ ലളിതമാണ് ജ്ഞാനപ്പാനയുടെ രചനാശൈലി..ഉണ്ണിയുടെ മരണശേഷം പൂന്താനം നമ്പൂതിരി കുളിയും ജപവും പ്രദക്ഷിണവും നമസ്കാരവുമായി മിക്കവാറും ഗുരുവായൂർ ക്ഷേത്രത്തിൽ തന്നെയായി താമസം. ഈ സമയത്താണ് മേൽപ്പത്തൂർ നാരായണ ഭട്ടതിരി ഗുരുവായൂർ ഭജനത്തിനെത്തിയത്. ഭട്ടതിരി നാരായണീയം രചിക്കുന്നതിനിടെ പൂന്താനം 'സന്താനഗോപാലം' പാന രചിക്കാൻ തുടങ്ങി. രചനക്കിടെ വൈകുണ്ഠവർണ്ണന എങ്ങനെവേണ്ടൂ എന്ന ചിന്തയിൽ പൂന്താനം കിടന്നുറങ്ങിപ്പോയി. ഗുരുവായൂരപ്പൻ നമ്പൂതിരിക്ക് വൈകുണ്ഠത്തെ സ്വപ്നത്തിൽ കാണിച്ചുകൊടുത്തെന്നും അതിൻ പ്രകാരം പൂന്താനം വൈകുണ്ഠവർണ്ണന അതിമനോഹരമായി നിർവഹിച്ചെന്നുമാണ് ഐതിഹ്യം. ഭട്ടതിരി നാരായണീയം എഴുതി പൂർത്തിയാക്കിയ ദിവസം തന്നെ പൂന്താനത്തിന്റെ സന്താനഗോപാലം പാനയും പൂർത്തിയായി. തന്റെ കൃതി വായിച്ചുവില യിരുത്തണമെന്ന അപേക്ഷയുമായി പൂന്താനം ഭട്ടതിരിയെ സമീപിച്ചു. ഭാഷാകൃതി വായിച്ചുനോക്കാൻ തനിക്കു താൽപര്യമില്ലെന്നും പൂന്താനത്തിന് മറ്റാരെയെങ്കിലും സമീപിക്കാം എന്നും പറഞ്ഞ് ഭട്ടതിരി പൂന്താനത്തെ മടക്കി അയച്ചു. വ്യസനത്തോടെ പൂന്താനം ക്ഷേത്രത്തിന്റെ ഒരു കോണിൽ കിടന്നുറങ്ങി. അന്നു രാത്രി ഭട്ടതിരിക്കു വാതം കലശലായി. അല്പമൊരു മോഹലാസ്യവുമുണ്ടായി. ഒരുണ്ണി അടുത്തുവന്ന് പൂന്താനത്തിന്റെ കൃതി വായിച്ചു വിലയിരുത്തണമെന്നും ഭട്ടതിരിയുടെ വിഭക്തിയെക്കാൾ ഗുരുവായൂരപ്പനിഷ്ടം പൂന്താനത്തിന്റെ ഭക്തിയാണെന്നും പറഞ്ഞു. ഉണ്ണിയായി വന്ന് കല്പന നൽകിയത് ശ്രീഗുരുവായൂരപ്പൻ തന്നെയെന്ന് ഭട്ടതിരിക്കു ബോദ്ധ്യമായി. പശ്ചാത്താപവിവശനായ ഭട്ടതിരി പിറ്റേന്നു തന്നെ പൂന്താനത്തെ സമീപിക്കുകയും അദ്ദേഹത്തിന്റെ കൃതി വായിച്ചു വിലയിരുത്തുകയും ചെയ്തു. പൂന്താനത്തിനു സന്തോഷമായി.

ഭക്തശിരോമണിയായ പൂന്താനത്തെ യോഗ്യനാക്കാൻ വേണ്ടി ഗുരുവായൂരപ്പൻ പലരെയും അബദ്ധരാക്കിയിട്ടുള്ള ഒരുപാടു കഥകളുണ്ട്. ഒരു ദിവസം പൂന്താനം ഒരു സ്തോത്രം ജപിക്കുമ്പോൾ 'പത്മനാഭോമരപ്രഭു' എന്നു ചൊല്ലി. അതുകേട്ടു വിദ്വാനായ മറ്റൊരു നമ്പൂതിരി 'വിഡ്ഢി; മരപ്രഭുവല്ല, അമരപ്രഭുവാണ് പത്മനാഭോ അമരപ്രഭു എന്നു സന്ധിചേർത്തു ചൊല്ലൂ' എന്നു ശകാരിച്ചു. അപ്പോൾ, പിന്നെ മരപ്രഭു ആരാണ്? ഞാൻ മരപ്രഭു

വുമാണ് എന്നൊരു അശരീരിവാക്യം ശ്രീകോവിലനകത്തുനിന്നു കേൾക്കപ്പെട്ടുവത്രേ! ഇതു ഭഗവാന്റെ അരുളപ്പാടുതന്നെ എന്നു ബോദ്ധ്യം വന്ന വിദ്വാൻ നമ്പൂതിരി തലതാഴ്ത്തി ഇരുന്നു.

ഗുരുവായൂർ ക്ഷേത്രത്തിൽ വിദ്വൽ സദസ്സുകൾ പതിവായിരുന്നു. പല പണ്ഡിതന്മാരും ഭാഗവതം വായിച്ച് അർത്ഥം പറയുകയും ഭക്തജനങ്ങൾ അതുകേട്ട് ആസ്വദിക്കുകയും ചെയ്തു പോന്നു. ഇത്തരം സദസ്സുകളിൽ മുൻപന്തിയിൽതന്നെ ഇരുന്ന് ഭാഗവത വ്യാഖ്യാനം കേട്ടുഗ്രഹിക്കുകയെന്നത് പൂന്താനത്തിന്റെ ശീലമായിരുന്നു. ഇപ്രകാരം കേട്ടുകേട്ട് അദ്ദേഹം ഭാഗവതത്തിലെ ഏതു ശ്ലോകത്തിനും അർത്ഥം പറയാൻ പ്രാപ്തി നേടി. ഒരു ദിവസം വിദ്വാനായ ഒരു നമ്പൂതിരി ഭാഗവതം വായിക്കാനിരുന്നു. തൊട്ടടുത്തായി പൂന്താനവും സ്ഥാനം പിടിച്ചു. വിദ്വാൻ നമ്പൂതിരി വായിക്കുന്ന ഓരോ ശ്ലോകവും വ്യാഖ്യാനിച്ച് പൂന്താനം അർത്ഥം പറയാൻ തുടങ്ങി (അർത്ഥം പറയുമ്പോൾ പൂന്താനം തന്റെ മനോധർമ്മം കൂടി കലർത്തുക പതിവായിരുന്നു). രുഗ്മിണി കൃഷ്ണന്റെ പക്കലേക്ക് സുന്ദരബ്രാഹ്മണനെ പറഞ്ഞയക്കുന്ന സന്ദർഭം! 'ഇങ്ങനെയൊക്കെപ്പറഞ്ഞ് രുഗ്മിണി ഒരെഴുത്തും കൊടുത്ത് ബ്രാഹ്മണനെ കൃഷ്ണന്റെ അടുത്തേക്കയച്ചു' എന്ന് പൂന്താനം അർത്ഥം പറഞ്ഞു. കേട്ടു കൊണ്ടിരുന്ന മറ്റൊരു നമ്പൂതിരി നെറ്റി ചുളിച്ചു. 'എഴുത്തോ? എഴുത്തു കൊടുത്തയച്ചു എന്ന് ഏതുശ്ലോകത്തിലാണ് പറഞ്ഞിരിയ്ക്കുന്നത്?' വിദ്വാൻ നമ്പൂതിരി ചോദിച്ചു. പറയാൻ മറുപടിയില്ലാതെ പൂന്താനം പരുങ്ങി. അപ്പോൾ ശ്രീകോവിലിനകത്തുനിന്ന് എഴുത്തുകൊടുത്തയച്ചില്ല എന്ന് ഏതെങ്കിലും ശ്ലോകത്തിൽ പറഞ്ഞിട്ടുണ്ടോ? പൂന്താനം പറഞ്ഞതു ശരിയാണ്, സുന്ദരബ്രാഹ്മണൻ രുഗ്മിണിയുടെ എഴുത്തുമായാണ് എന്നെ വന്നു കണ്ടത് എന്നൊരശരീരി കേൾക്കപ്പെട്ടുവത്രേ! ഗുരുവായൂരപ്പനു പൂന്താനത്തെക്കഴിഞ്ഞേ മറ്റാരുമുള്ളൂ എന്നുറപ്പായ നമ്പൂരിമാർ ലജ്ജിതരായി തലതാഴ്ത്തി. എങ്കിലും അവസരം കിട്ടിയപ്പോഴൊക്കെ അവർ പൂന്താനത്തെ അവഹേളിച്ചു.

ഒരു ദിവസം ശ്രീകോവിലിനകത്തു നിന്ന് ''ഇനിയും ദുഷ്ടന്മാരുടെ ഇടയിൽ നിൽക്കണ്ട. ഇല്ലത്തേക്കു മടങ്ങിക്കോളൂ. പൂന്താനത്തെക്കാണാൻ ഞാനവിടേയ്ക്കു വന്നുകൊള്ളാം'' എന്നൊരശരീരി കേട്ടു. അതനുസരിച്ച് പൂന്താനം ഇല്ലത്തേക്കു മടങ്ങി. ഭവനത്തിലെത്തിയിട്ടും ഭഗവാനെ കാണാതെ ഊണു കഴിക്കില്ല എന്നു നിശ്ചയിച്ചുകൊണ്ട് തളത്തിലിരുന്നു. അപ്പോൾ പൂന്താനത്തിന്റെ വാമഭാഗത്തായി(ഇടതുവശം) ഭഗവാൻ പ്രത്യക്ഷപ്പെട്ടു. ഭഗവാനെ കണ്ട പൂന്താനം ആനന്ദാശ്രുക്കൾ പൊഴിച്ചു. 'ഇനി പൂന്താനം ഇവിടെ ഇരുന്നുകൊണ്ട് എന്നെ സേവിച്ചാൽ മതി. ഇവിടെ എപ്പോഴും എന്റെ സാന്നിദ്ധ്യമുണ്ടായിരിക്കും' എന്നരുളിച്ചെയ്തശേഷം ഭഗവാൻ മറഞ്ഞു. ഭഗവാനെ കണ്ടസ്ഥാനത്ത് പൂന്താനം ഒരു ശ്രീകോവിൽ പണിത് അതിൽ ശ്രീകൃഷ്ണന്റെ വിഗ്രഹം പ്രതിഷ്ഠിച്ചു. അവിടെ നിത്യപൂജയും നൈവേദ്യവും കഴിച്ച് അദ്ദേഹം ഭഗവാനെ സേവിച്ചു ജീവിതം നയിച്ചു. ഈ ക്ഷേത്രം ഇടത്തുപുറത്തമ്പലം എന്ന പേരിൽ ഖ്യാതി നേടി.

പൂന്താനത്തിനു പിന്നെയും പുത്രസന്താനങ്ങൾ ജനിച്ചു. ദീർഘായുഷ്മാൻമാരായ അവരോടൊപ്പം ഏറെക്കാലം ജീവിച്ച്, പൗത്രന്മാരെ കണ്ടു സന്തോഷിച്ച് പൂന്താനം വിഷ്ണുപാദംപൂകി.

## തുഞ്ചത്തെഴുത്തച്ഛൻ

ആധുനിക മലയാളഭാഷയുടെ പിതാവ് എന്നറിയപ്പെടുന്ന തുഞ്ചത്തെഴുത്തച്ഛൻ കേരളത്തിൽ സാഹിത്യപരമായും സാംസ്കാരികമായും മാത്രമല്ല ആദ്ധ്യാത്മികമായും ഒരു വമ്പിച്ച നവോത്ഥാനത്തിനു വഴിയൊരുക്കിയ മഹാത്മാവാണ്.

കേരളത്തിലെ മലപ്പുറം ജില്ലയിൽ പൊന്നാനിപ്പുഴയുടെ തീരത്തായി തൃക്കണ്ടിയൂർ എന്നൊരു ഗ്രാമമുണ്ട്. ഇവിടെയുള്ള ശിവക്ഷേത്രം ഇന്നും ഏറെ ഭക്തജനങ്ങളെ ആകർഷിക്കുന്നു. ഈ ശിവാലയത്തിന്റെ പരിസരത്തുണ്ടായിരുന്ന 'തുഞ്ചത്ത്' എന്ന വട്ടയ്ക്കാട്ടു നായർ (ചക്കാലനായർ) ഭവനത്തിലാണ് എഴുത്തച്ഛൻ ജനിച്ചത് എന്നു കരുതപ്പെടുന്നു. ഈ കുടുംബത്തെക്കുറിച്ചും എഴുത്തച്ഛന്റെ മാതാപിതാക്കളെക്കുറിച്ചും പരിമിതമായ അറിവുകളേ ലഭ്യമുള്ളൂ. എങ്കിലും എ.ഡി. 1475 നും 1575 നും മദ്ധ്യേയുള്ള കാലഘട്ടത്തിലാണ് അദ്ദേഹം ജീവിച്ചിരുന്നത് എന്ന കാര്യത്തിൽ ഗവേഷകർ ഒരു പൊതുനിഗമനത്തിലെത്തിയിട്ടുണ്ട്. എഴുത്തച്ഛന്റെ പിതാവ് നീലകണ്ഠർ എന്നു പേരായ ഒരു നമ്പൂതിരിയായിരുന്നു എന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. നീലകണ്ഠർ എഴുത്തച്ഛന്റെ പിതാവല്ല ഗുരുവായിരുന്നു എന്ന് വേറെ ചിലർ അഭിപ്രായപ്പെടുന്നു. 'ഹരിനാമകീർത്തനം' എന്ന കൃതിയിൽ എഴുത്തച്ഛൻ എടുത്തു പറയുന്ന നീലകണ്ഠഗുരു ഒരു പക്ഷേ അക്കാലത്തെ പ്രശസ്ത പണ്ഡിതനായ നീലകണ്ഠ സോമയാജിതന്നെയാവാം.

ആചാര്യപാരമ്പര്യവും വൈദുഷ്യധന്യതയും തികഞ്ഞ കുടുംബമായിരുന്നു എഴുത്തച്ഛന്റേത്. അദ്ദേഹത്തിന്റെ പേരിനെക്കുറിച്ചും അഭിപ്രായവ്യത്യാസങ്ങളുണ്ട്. രാമൻ, രാമാനുജൻ, ശങ്കരൻ, സൂര്യനാരായണൻ എന്നിങ്ങനെ പലപേരുകളും പറയപ്പെട്ടിട്ടുണ്ട്. എങ്കിലും തുഞ്ചത്ത് രാമാനുജനെഴുത്തച്ഛൻ എന്ന പേരിനാണ് കൂടുതൽ സ്വീകാര്യത! ബാല്യത്തിലെ പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം എഴുത്തച്ഛൻ സ്വന്തം ജ്യേഷ്ഠന്റെയും മറ്റു ചില ഗുരുനാഥന്മാരുടെയും ശിക്ഷണത്തിൽ ഉപരിപഠനം പൂർത്തിയാക്കി. മലയാളം, തമിഴ്, തെലുങ്ക്, സംസ്കൃതം തുടങ്ങിയ ഭാഷകളിൽ അഗാധമായ ജ്ഞാനം സമ്പാദിച്ചു. തെലുങ്കിലെഴുതപ്പെട്ട രാമായണത്തെ മൂലമാക്കിയാണ് എഴുത്തച്ഛൻ അദ്ധ്യാത്മരാമായണം എന്ന പരിഭാഷാഗ്രന്ഥം രചിച്ചതത്രേ!

യൗവ്വനത്തിൽത്തന്നെ എഴുത്തച്ഛൻ വിപുലമായ തോതിൽ ദേശസഞ്ചാരം ചെയ്തു. ഒട്ടേറെ പണ്ഡിതന്മാരുമായും ഋഷികവിമാരുമായും സമ്പർക്കം പുലർത്തി. പല പല സംസ്കാരങ്ങളെക്കുറിച്ചു മനസ്സിലാക്കി. ഇപ്രകാരം ലഭിച്ച അനുഭവസമ്പത്തുമായി അദ്ദേഹം മടങ്ങി. തൃക്കണ്ടിയൂരെത്തിയ എഴുത്തച്ഛൻ കുടുംബപാരമ്പര്യമനുസരിച്ച് ഒരു പാഠശാല സ്ഥാപിക്കുകയും അദ്ധ്യാപനവൃത്തിയിലേർപ്പെടുകയും ചെയ്തു. എഴുത്തച്ഛൻ വിവാഹിതനും ഒരു പുത്രിയുടെ പിതാവുമായിരുന്നെന്ന് ചില ഐതിഹ്യങ്ങളുണ്ട്. 'ചിന്താരത്നം' സ്വന്തം മകൾക്കായി ഉപദേശരൂപേണ എഴുതിയ കൃതിയാണെന്നും അനുമാനിക്കപ്പെടുന്നു. ഈ കൃതിയിൽ പരാമർശിക്കപ്പെടുന്ന വനിത എഴുത്തച്ഛന്റെ ഭാഗിനേയിയായിരുന്നു എന്നും ചിലർ കരുതുന്നു. ചിന്താരത്നം എഴുത്തച്ഛന്റെ കൃതിയേ അല്ല എന്നു വിശ്വസിക്കുന്ന നിരൂപകരുമുണ്ട്. എഴുത്തച്ഛന്റെ രണ്ടാമത്തെ ദേശാടനവും പ്രസക്തമാണ്. പല പല ഭക്തി സമ്പ്രദായങ്ങളെയും അവയുടെ പ്രണേതാക്കളെയും സന്ദർശിക്കാനും സംഭാഷണങ്ങളിലേർപ്പെടാനും ഈ ദേശാടനം പ്രയോജനപ്പെട്ടു. ഉദ്ബുദ്ധനായി നാട്ടിലേക്കു മടങ്ങിയെത്തിയ എഴുത്തച്ഛൻ ചിറ്റൂരിൽ ഒരു ഗുരുമഠം സ്ഥാപിച്ചു. ഈ മഠത്തിന്റെ പ്രഥമാചാര്യൻ രാമാനുജനായിരുന്നോ എന്നതിനെ ചൊല്ലി ആശയക്കുഴപ്പങ്ങൾ നിലവിലുണ്ടെങ്കിലും എ.ഡി. 1554–ൽ ആണ് മഠം സ്ഥാപിതമായത് എന്നകാര്യം വ്യക്തമാണ്.

മലയാളജനതയുടെ ആത്മീയോന്നതിക്ക് എഴുത്തച്ഛൻ നൽകിയ സംഭാവനകൾ അമൂല്യങ്ങളാണ്. അദ്ധ്യാത്മരാമായണം, ഉത്തരരാമായണം, മഹാഭാരതം, ദേവീമാഹാത്മ്യം, ബ്രഹ്മാണ്ഡപുരാണം, ശതമുഖരാമായണം (സീതാവിജയം), ഭാഗവതം, ഹരിനാമകീർത്തനം, ചിന്താരത്നം, കൈവല്യനവനീതം, രാമായണം ഇരുപത്തിനാലുവൃത്തം, കേരളനാടകം, എന്നിങ്ങനെ പതിമൂന്നോളം കൃതികൾ എഴുത്തച്ഛന്റേതായി വീണ്ടെടുക്കപ്പെട്ടിട്ടുണ്ട്.

കിളിപ്പാട്ടുപ്രസ്ഥാനത്തിന്റെ (കിളിയെക്കൊണ്ടു പാടിക്കുന്ന രീതി) ഉപജ്ഞാതാവായിരുന്നു എഴുത്തച്ഛൻ. തന്റെ കൃതികളിലൂടെ വേദാന്തചിന്തകളെ അദ്ദേഹം ജനങ്ങളിലേക്കെത്തിച്ചു. മലയാള കവിതയുടെ ചരിത്രത്തിൽ പരിവർത്തനമുണ്ടാക്കിയും നവ്യമായ ഒരു യുഗത്തിനു തുടക്കം കുറിച്ചും അദ്ദേഹം പരശുരാമക്ഷേത്രത്തിന്റെ (കേരളത്തിന്റെ) സാംസ്കാരിക ഭൂമികയിൽ നവോത്ഥാനത്തിനു വഴിവെച്ചു. ദാർശനികമൂല്യങ്ങൾ ഉൾക്കൊള്ളുന്ന അദ്ധ്യാത്മ രാമായണവും മഹാഭാരതവും കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്ക് ഏറ്റവും അനുയോജ്യമായിരുന്നു.

അധിനിവേശത്തിന്റെ കുത്തൊഴുക്കിൽ ആത്മാവു നഷ്ടപ്പെട്ട സമൂഹത്തിൽ ആദ്ധ്യാത്മിക ചൈതന്യത്തിന്റെ പുനരുത്ഥാനം അനുപേക്ഷണീയമായിരുന്നു. കാലത്തിന് ഏറ്റവും അനുയോജ്യമായ സന്ദേശം നൽകുന്നതിൽ അദ്ദേഹത്തിന്റെ കൃതികൾ വിജയിക്കുകയും ചെയ്തു. മലയാളഭാഷക്ക് മനോജ്ഞമായ രൂപവും ഭാവവും നൽകിയ എഴുത്തച്ഛൻ മലയാളികൾക്ക് ഭാഷാപിതാവാണ്!

(മദ്ധ്യവയസ്സോടടുത്തപ്പോൾ എഴുത്തച്ഛൻ സന്യാസം സ്വീകരിച്ചതായി പറയപ്പെടുന്നു).കർമ്മനിരതമായ സാഹിത്യജീവിതത്തിനുശേഷം തൃക്കണ്ടിയൂർ സ്വഗൃഹത്തിൽവെച്ചുതന്നെയാണ് എഴുത്തച്ഛന്റെ അന്ത്യമുണ്ടായത്. അദ്ദേഹത്തിന്റെ മെതിയടികളും ഭാഗവതം തുടങ്ങിയ ഗ്രന്ഥങ്ങളും ചുറ്റുമുള്ള ഗുരുമഠത്തിൽ പ്രതിഷ്ഠിക്കപ്പെട്ടു. എ.ഡി. 1868ലുണ്ടായ അഗ്നിബാധയിൽ ഇവയിൽ പലതും വെന്തുവെണ്ണീറായി. എങ്കിലും പീഠത്തിൽവെച്ചിരുന്ന യോഗദണ്ഡിനും മെതിയടികൾക്കും യാതൊരു കേടുപാടും സംഭവിച്ചില്ല.

ഇന്ന് തിരൂർ തുഞ്ചൻ സ്മാരകം കേരളത്തിലെ ഏറ്റവും ചൈതന്യമുള്ള സാംസ്കാരിക കേന്ദ്രമായി പരിലസിക്കുന്നു. വർഷംതോറും ആയിരക്കണക്കിനു കുരുന്നുകൾ ഇവിടെ അറിവിന്റെ ആദ്യാക്ഷരം കുറിക്കാനെത്തുന്നു. മലയാളികൾക്ക് മഹാഗുരുവാണ് എഴുത്തച്ഛൻ! തുഞ്ചൻ മഠത്തിൽ എഴുത്തച്ഛന്റെ എഴുത്താണി ഇപ്പോഴും സംരക്ഷിക്കപ്പെട്ടുപോരുന്നു. വർഷംതോറും ഈ എഴുത്താണി എഴുന്നള്ളിച്ച് ആരാധിക്കുന്ന പതിവുണ്ട്. ദിവ്യമായ ഈ എഴുത്താണി കണ്ടുവന്ദിക്കാൻ പതിനായിരക്കണക്കിനാളുകൾ തുഞ്ചൻ പറമ്പിലെത്താറുണ്ട്.

തിരൂർ തുഞ്ചൻ സ്മാരകം ഇന്ന് മലയാള സർ

വ്വകലാശാലയുടെ ആസ്ഥാനമാണ്.

## കലക്കത്ത് കുഞ്ചൻ നമ്പ്യാർ

തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് എന്ന നിലക്ക് കലാഹൃദയങ്ങളിൽ ചിരപ്രതിഷ്ഠിതനായ കുഞ്ചൻ നമ്പ്യാർ സരസകവിയും കലാകാരനുമായിരുന്നു. ആക്ഷേപഹാസ്യം നിറഞ്ഞ രചനയിലൂടെ അദ്ദേഹം സാമൂഹ്യ വ്യവസ്ഥയെ വിമർശിച്ചു. ചാതുർവർണ്യത്തെ ചോദ്യം ചെയ്തു. നമ്പ്യാരുടെ കുറിക്കുകൊള്ളുന്ന പരിഹാസോക്തികൾ സമൂഹത്തിന്റെ മനോഭാവത്തിൽ മാറ്റം വരുത്തുക തന്നെ ചെയ്തു. മലയാള ഭാഷക്ക് ഇദം പ്രഥമമായി ശ്രീ കൃഷ്ണ ചരിതം എന്ന ശീർഷകത്തിൽ ഒരു മണിപ്രവാള (സംസ്കൃതവും മലയാളവും കലർന്ന അതി മനോഹരമായ ഭാഷാമൃതം) കാവ്യം സംഭാവന ചെയ്തത് കുഞ്ചൻ നമ്പ്യാരാണ്. അതിനുമുമ്പ് മലയാള ഭാഷയിൽ ലക്ഷണമൊത്ത ഒരു മഹാകാവ്യം ഉണ്ടായതായി അറിവില്ല. ശ്രീ കൃഷ്ണ ചരിതത്തിന്റെ രചയിതാവ് കുഞ്ചൻ നമ്പ്യാരല്ലെന്നും രാമപാണിവാദനാണെന്നും ചിലർക്ക് അഭിപ്രായമുണ്ട്. രാമപാണിവാദനും കുഞ്ചൻ നമ്പ്യാരും ഒരേ വ്യക്തിയാണെന്ന് ചില ഗവേഷകർ അഭിപ്രായപ്പെടുന്നു. അതല്ല, രാമപാണിവാദർ കലക്കത്ത് തറവാട്ടിലെ മറ്റൊരംഗമായിരുന്നെന്നും ശ്രുതിയുണ്ട്.

നമ്പ്യാരുടെ ജനനത്തെ കുറിച്ചുള്ള ഐതിഹ്യമിങ്ങനെ. കേരളത്തിലെ പാലക്കാട്ടു ജില്ലയിൽ കിള്ളിക്കുറിശ്ശിമംഗലം എന്ന ഗ്രാമത്തിൽ ഒരു ശിവക്ഷേത്രമുണ്ട്. ഇതിനോടു ചേർന്ന് കലക്കത്ത് എന്ന തറവാട് നിലകൊള്ളുന്നു. എ.ഡി 1700 ലാണ് കുഞ്ചൻ നമ്പ്യാരുടെ ജനനം കൊണ്ട് കലക്കത്തു ഭവനം അനുഗ്രഹീതമായത്.

വന്നേരി എന്ന പ്രദേശത്ത് പരമസാത്വികനും സാധുവുമായ ഒരു നമ്പൂതിരിയുണ്ടായിരുന്നു. സാമ്പത്തിക പരാധീനത മൂലം തന്റെ പെൺമക്കളുടെ വിവാഹം നടത്താനാവാതെ അദ്ദേഹം നട്ടം തിരിഞ്ഞു. ഭാര്യയുടെ നിർബന്ധം മൂലം പലദിക്കിലും ചെന്ന് ധനികരെയും നാടുവാഴികളെയും കണ്ട് പണം ഇരന്നു വാങ്ങി. നല്ലൊരു തുക ഒത്തപ്പോൾ അത് എണ്ണിത്തിട്ടപ്പെടുത്തി മടിശ്ശിലയിൽ ഭദ്രമായി പൊതിഞ്ഞു സൂക്ഷിച്ചു. കിള്ളിക്കുറിശ്ശി മംഗലം വഴിയായിരുന്നു മടക്കയാത്ര വഴിവക്കത്ത് ശിവക്ഷേത്രവും കുളവും കണ്ടു. കരയിൽ ധാരാളം പുല്ലുണ്ടായിരുന്നതിനാൽ നാലഞ്ചു പശുക്കൾ മേയുന്നതും കണ്ടു. ക്ഷീണവും ദാഹവും മൂലം തളർന്ന നമ്പൂതിരി മടിശ്ശിലയും ഓലക്കുടയും കരയിൽ വെച്ച് കുളത്തിലേക്കിറങ്ങി കയ്യും മുഖവും കഴുകി ദാഹം തീർത്തു കരക്കുകയറിയ ആ സാധു നടുങ്ങിപ്പോയി. മടിശ്ശീല വെച്ച ദിക്കിൽ കാണുന്നില്ല ഓലക്കുടമാത്രമുണ്ട്! ചുറ്റുവട്ടത്താകെ തിരഞ്ഞിട്ടും കളഞ്ഞുപോയ മുതൽ കണ്ടുകിട്ടിയില്ല. വ്യസനാക്രാന്തനായ നമ്പൂതിരി ക്ഷേത്രത്തിൽ കയറി കണ്ണീരോടെ ഭഗവാനെ തൊഴുതു. മേൽശാന്തി നൽകിയ അത്താഴം പോലും കഴിക്കാതെ നടപ്പുരയിൽ കിടന്നുറങ്ങി. പിറ്റേന്ന് വന്ദേരിക്കു മടങ്ങുകയും ചെയ്തു. വർഷങ്ങൾ നാലഞ്ചു കഴിഞ്ഞു. വീണ്ടും നമ്പൂതിരിക്ക് കിള്ളിക്കുറിശ്ശിമംഗലം വഴി ഒരു യാത്രയുണ്ടായി ശിവക്ഷേത്രത്തിൽ കയറിത്തൊഴുതു. മുമ്പത്തെ മേൽശാന്തിക്കു പകരം യുവവായ മറ്റൊരു നമ്പൂതിരിയെയാണു കണ്ടത്. അത്താഴം കഴിഞ്ഞപ്പോൾ മേൽശാന്തി ഭാര്യാഗൃഹമായ കലക്കത്തു തറവാട്ടിലേക്കു പുറപ്പെട്ടു. വന്ദേരിക്കാരൻ നമ്പൂതിരിയെയും ഒപ്പം കൂട്ടി. ഉറക്കത്തിനുമുമ്പായി ഇരുവരും സംഭാഷണത്തിനിരുന്നു. മേൽശാന്തിയുടെ ഭാര്യ വെറ്റിലച്ചെല്ലം എടുത്തുകൊടുത്തതിനുശേഷം വാതിലിനു പിന്നിലേക്കു മാറി നിന്നു. സംഭാഷണത്തിനിടെ വന്ദേരിക്കാരൻ നമ്പൂതിരി മുമ്പ് കിള്ളിക്കുറിശ്ശിമംഗലത്തുവന്നതും കുളക്കരയിൽ മടിശ്ശീല കളഞ്ഞുപോയതുമായ വർത്തമാനം പറഞ്ഞു. ഇതുകേട്ടതും മേൽശാന്തിയുടെ ഭാര്യ അകത്തുചെന്ന് പെട്ടിയിൽ സൂക്ഷിച്ചു വെച്ചിരുന്ന ഒരു മടിശ്ശീല എടുത്തുകൊണ്ടുവന്ന് അതിഥിയെ കാണിച്ചു. നാലഞ്ചുകൊല്ലം മുമ്പൊരു വൈകുന്നേരം അമ്പലക്കുളത്തിൽ കുളിക്കഴിഞ്ഞു മടങ്ങുമ്പോൾ ശേഖരിച്ചു കൊണ്ടുവന്ന പശുവിൻ ചാണകത്തിൽ നിന്നു കിട്ടിയ മടിശ്ശീലയാണെന്നും, എന്നെങ്കിലും ഒരിക്കൽ ഉടമ അന്വേഷിച്ചു വന്നാൽ മടക്കി കൊടുക്കാനായി സൂക്ഷിച്ചുവെച്ചതാണെന്നും അവർ അറിയിച്ചു. കളഞ്ഞു പോയ തന്റെ മടിശ്ശീല തിരിച്ചറിഞ്ഞ നമ്പൂതിരി ആഹ്ളാദിച്ചു അതിനകത്തു നിന്ന് ഒരു നാണയം പോലും നഷ്ടപ്പെട്ടിരുന്നില്ല."'ഇതിൽ നിന്ന് ആവശ്യമുള്ളതെടുത്തു കൊള്ളു!' അദ്ദേഹം ആതിഥേയയോടു പറഞ്ഞു. 'നിക്കൊന്നും വേണ്ട. വേണമെന്നുണ്ടായിരുന്നെങ്കിൽ എനിക്കിതു മുഴുവൻ അന്നുതന്നെ എടുക്കാമായിരുന്നല്ലോ!' അവർ വിനയത്തോടെ മറുപടി പറഞ്ഞു. 'ഇതുവരെ എനിക്ക് സന്താനഭാഗ്യമുണ്ടായിട്ടില്ല. അങ്ങയുടെ അനുഗ്രഹം മാത്രം!' എന്നു കൂടി അവർ എടുത്തു പറഞ്ഞു.

'ബുദ്ധിയും വൈഭവും തികഞ്ഞ, സൽകീർത്തിമാനായ പുത്രനുണ്ടാകട്ടെ!'. അതിഥി മനസുനിറഞ്ഞ് ആതിഥേയയെ അനുഗ്രഹിച്ചു. വയോവൃദ്ധനായ ആ നമ്പൂതിരിയുടെ അനുഗ്രഹം മൂലം കലക്കത്തെ യുവതി ഒരു വർഷത്തിനകം ഒരുണ്ണിക്കു ജന്മം നൽകി. ആ കുഞ്ഞാണ് പിൽക്കാലത്ത്





പ്രശസ്തനായിത്തീർന്ന കുഞ്ചൻ നമ്പ്യാർ.

ബാല്യത്തിൽതന്നെ കവിത്വം തെളിഞ്ഞതോടെ കുഞ്ചൻ തൂലിക ചലിപ്പിക്കാൻ തുടങ്ങി. ചുറ്റുമുള്ള സമൂഹത്തെ നിരീക്ഷിച്ചും വിമർശിച്ചും കവിതകളെഴുതി. നന്തിക്കാട്ട് ഉണ്ണിരവിക്കുറുപ്പും ദ്രോണമ്പള്ളി ക്ഷോണീദേവനുമായിരുന്നു ഗുരുനാഥന്മാർ. ചെമ്പകശ്ശേരി (അമ്പലപ്പുഴ) രാജാവിന്റെ പ്രീതി സമ്പാദിച്ചതോടെ കിള്ളിക്കുറിശ്ശിമംഗലം വിട്ടു. കൊട്ടാരത്തിലെ വാസം, ശ്രീകൃഷ്ണക്ഷേത്രത്തിലെ നിത്യദർശനം, കവിതാരചന എന്നിങ്ങനെ തിരക്കുപിടിച്ച ജീവിതം! ഒരിക്കൽ അമ്പലപ്പുഴ ക്ഷേത്രത്തിൽ കൂത്തു കേട്ടിരിക്കുന്നതിനിടെ നമ്പ്യാർ ഉറങ്ങിപ്പോയി.കൂത്തുകാരൻ ചാക്യാർ കുഞ്ചൻ നമ്പ്യാരെ കണക്കിനു പരിഹസിച്ചു. ലജ്ജിതനായ നമ്പ്യാർ പകരംവീട്ടാനുറച്ചു. ഇരുട്ടിവെളുക്കുംമുമ്പ് 'കല്ല്യാണ സൗഗന്ധികം' എന്ന ശീർഷകത്തിൽ ഒരു തുള്ളൽ പ്രബന്ധമെഴുതി. പിറ്റേന്ന്, ക്ഷേത്രാങ്കണത്തിൽ ചാക്യാരുടെ കൂത്തു തുടങ്ങിയപ്പോൾ, കുഞ്ചൻ നമ്പ്യാർ മറ്റൊരു കോണിൽ തുള്ളൽ തുടങ്ങി. കണ്ണഞ്ചിപ്പിക്കുന്ന വേഷവിധാനവും താളമേളങ്ങളും പാട്ടുമൊക്കെച്ചേർന്ന് അരങ്ങു കൊഴുത്തു. കുഞ്ചന്റെ നൂതനാവിഷ്കാരം കാണികളുടെ ശ്രദ്ധയാകർഷിച്ചു. അവർ ഒന്നടങ്കം ചാക്യാരുടെ മുമ്പിൽ നിന്നെണീറ്റു മാറി കുഞ്ചൻ നമ്പ്യാരുടെ വേദിക്കുമുമ്പിലിരിപ്പായി. കേൾക്കാൻ ആളില്ലാത്ത അവസ്ഥയിൽ ഇളിഭ്യനായ ചാക്യാർ കൂത്തുനിറുത്തി അണിയറയിലേക്കു വലിഞ്ഞു. ഒരൊറ്റ ദിവസം കൊണ്ട് കുഞ്ചൻ നമ്പ്യാർ പ്രശസ്തനാവുകയും ചെയ്തു. വൈകാതെ ഓട്ടൻ, ശീതങ്കൻ, പറയൻ എന്ന പേരിൽ വേഷവൈചിത്ര്യമുള്ള മൂന്നു കഥാപാത്രങ്ങളെ സൃഷ്ടിച്ചു. ആക്ഷേപഹാസ്യമാണ് തുള്ളൽക്കവിതകളുടെ മുഖമുദ്ര. ഹാസ്യരസത്തിന് സാർവ്വത്രികമായ അനുപ്രവേശവും കവി നൽകി. കിളിപ്പാട്ടു വൃത്തങ്ങളും താളഭേദമുള്ള മറ്റു വൃത്തങ്ങളും ഈ കവിതകളിൽ സമൃദ്ധമായി വിന്യസിച്ചു. അക്ഷരാഭ്യാസമില്ലാത്ത പാമരരിൽ പോലും വിവേകവും വിജ്ഞാനവും ഈശ്വരവിശ്വാസവും ഉളവാക്കുവാൻ നമ്പ്യാരുടെ പുതിയ കലാരൂപം ഏറെ പ്രയോജനപ്പെട്ടു.

ആദ്യകാലത്ത് കിളിപ്പാട്ടുവൃത്തത്തിൽ ശിവപുരാണം, നളചരിതം, ഏകാദശീമാഹാത്മ്യം, പഞ്ചതന്ത്രം, ചാണക്യസൂത്രം എന്നീ കൃതികൾ രചിച്ചു. ഭഗവദ്ദൂത് പതിനാലുവൃത്തം, രുഗ്മിണീ സ്വയംവരം പത്തു വൃത്തം, ശീലാവതി നാലുവൃത്തം തുടങ്ങി തിരുവാതിരക്കളിക്ക് ഇണങ്ങുന്ന കൃതികളും രചിച്ചു.

കുഞ്ചൻ നമ്പ്യാരുടെ കൃതികൾ മുഴുവനും വീണ്ടെടുക്കപ്പെട്ടിട്ടില്ലെന്നുതന്നെ പറയാം.

തുള്ളൽക്കവിതകളിൽ കല്ല്യാണ സൗഗന്ധികമാണ് ഏറ്റവും പ്രശസ്തം കിരാതം തുടങ്ങി മറ്റനേകം തുള്ളൽപ്പാട്ടുകളും അദ്ദേഹത്തിന്റേതായി വീണ്ടെടുക്കപ്പെട്ടിട്ടുണ്ട്.

അമ്പലപ്പുഴയിൽ നിന്ന് നാല്പത്തെട്ടാംവയസിൽ തിരുവിതാംകൂർക്കു മാറിയ നമ്പ്യാർ അവിടെ മഹാരാജാവിന്റെ ആശ്രിതനായി കഴിഞ്ഞു. കലാപരമായി ഏറെ സജീവമായ ഒരു കാലഘട്ടമായിരുന്നു അത്.

എ.ഡി 1785 – ൽ അമ്പലപ്പുഴ വെച്ച് ഒരു ഭ്രാന്തൻ നായയുടെ ദംശനമേറ്റ് ധന്യമായ ആ ജീവിതം അവസാനിച്ചു.

കേരളത്തിലെ പ്രശസ്തമായ അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ കുഞ്ചൻ നമ്പ്യാർ ഉപയോഗിച്ചിരുന്ന മിഴാവ് ഒരു നിധിപോലെ സൂക്ഷിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ സ്മാരകത്തിൽ ഇന്നും ആരാധകർ ആദരാഞ്ജലികളർപ്പിക്കാറുണ്ട്.

(തുടരും)

**എറണാകുളം കരയോഗം**

## നവരാത്രി ആഘോഷ മത്സരങ്ങൾ

**ഈ വർഷത്തെ നവരാത്രി ആഘോഷത്തോടനുബന്ധിച്ചുള്ള പുരാണ സാഹിത്യ കലാ, നൃത്ത, സംഗീത മത്സരങ്ങൾ 2018 സെപ്റ്റംബർ മാസം 9–ാം തീയതി മുതൽ ഒക്ടോബർ 14–ാം തീയതി വരെ നടത്തപ്പെടുന്നതാണ്. അപേക്ഷാഫോറം ആഗസ്റ്റ് 15–ാം തീയതി മുതൽ വിതരണം ചെയ്യപ്പെടുന്നു. പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുന്ന അവസാന ദിവസം സെപ്റ്റംബർ 5–ാം തീയതി വരെ ആയിരിക്കും.**

ക്ഷേത്രങ്ങളിലൂടെ

# തൃച്ചംബരം ശ്രീകൃഷ്ണസ്വാമിക്ഷേത്രം

**ഇന്ദിരാഭായി (ഫോൺ: 80785 52892)**

ഭാരതീയ സംസ്കാരത്തിന്റെ പ്രകാശമാണ് ശ്രീകൃഷ്ണൻ. പാഴ്മുളം തണ്ടിനെ മുളമുരളിയാക്കി മാറ്റുന്ന കൃഷ്ണൻ ഗോപികമാർക്ക് കാമദേവനായും മാതുലന് അന്തകനായും ശിശുപാലന് ശത്രുവായും അർജ്ജുനന് തേരാളിയായും, ഭക്തിയെന്ന സമ്പത്തിനാൽ ഏറ്റവും വലിയ സമ്പന്നനായ സുദാമാവെന്ന കുചേല ബ്രാഹ്മണന് നിത്യസൗഹൃദത്തിന്റെ നിറസാന്നിദ്ധ്യവുമാകുന്നു. കാരാഗൃഹത്തിൽ ദേവകി വസുദേവന്മാർക്ക് മുന്നിലവതരിച്ച ശ്രീകൃഷ്ണ ഭഗവാൻ ആടിതീർത്ത ലീലകൾ അനേകമനേകമാണ്. ആകാശത്തിന്റെ അനന്തതയ്ക്കും അലയാഴിയുടെ അഗാധതയ്ക്കുമപ്പുറം നിറഞ്ഞു നില്ക്കുന്ന ശ്രീകൃഷ്ണ ഭഗവാന്റെ ലീലകൾ വരച്ചാലും തീരാത്ത ചിത്രം പോലെയും, കേട്ടാലും, കേട്ടാലും മതി വരാത്ത സംഗീതം പോലെയുമാണ്. കേൾക്കുന്തോറും ഇനിയും കേൾക്കണം എന്ന ചിന്തയാണ് മനസ്സിലെത്തുക.



കണ്ണൂർ ജില്ലയിലെ അതിപുരാതനമായ ഒരു ശ്രീകൃഷ്ണക്ഷേത്രമാണ് തൃച്ചംബരം ക്ഷേത്രം. വടക്കിന്റെ ഗുരുവായൂർ എന്നാണ് ഈ ക്ഷേത്രം അറിയപ്പെടുന്നത്. ശംബരമഹർഷി തപസ്സനുഷ്ഠിച്ചിരുന്ന വനപ്രദേശത്തു പ്രതിഷ്ഠിച്ച ശ്രീകൃഷ്ണ ഭഗവാൻ തൃച്ചംബരേശ്വരനായി ഇവിടെ കുടിക്കൊള്ളുന്നു. ശംബരമഹർഷിയുടെ ആശ്രമസ്ഥാനമായ ശംബരവനം ശ്രീശംബരപുരമെന്നും പിന്നീട് തൃച്ചംബരം എന്നും അറിയപ്പെട്ടു. കുരുക്ഷേത്രയുദ്ധത്തിൽ ആരുടെയും പക്ഷം പിടിക്കില്ല എന്നു തീരുമാനിച്ച് ബലരാമൻ തീർത്ഥാടനത്തിനായി പുറപ്പെട്ടു. കുരുക്ഷേത്രയുദ്ധം അവസാനിച്ച് യുധിഷ്ഠിരൻ ചക്രവർത്തിയായി അവരോധിക്കപ്പെടുകയും ചെയ്തു. എല്ലാ ചടങ്ങുകളും കഴിഞ്ഞ് കൃഷ്ണൻ ദ്വാരകയിൽ മടങ്ങിയെത്തി. മാസങ്ങൾ കഴിഞ്ഞിട്ടും ബലരാമൻ തിരിച്ചെത്തിയില്ല. ബലരാമനെ കാണാത്തതിൽ വസുദേവരും ദേവകിയും രേവതിയും വിഷമത്തിലായി. ശ്രീകൃഷ്ണൻ ബലരാമനെ അന്വേഷിച്ചു കണ്ടുപിടിക്കുവാനായി പുറപ്പെട്ടു. സോമനാഥതീർത്ഥക്കരയിൽ വച്ച് ഭഗവാൻ ശ്രീകൃഷ്ണൻ നാരദമഹർഷിയെ കണ്ടു മുട്ടി. നാരദമഹർഷി ബലരാമനെപ്പറ്റിയുള്ള വിവരങ്ങൾ ശ്രീകൃഷ്ണനെ അറിയിച്ചു. തീർത്ഥാടനത്തിനായി പുറപ്പെട്ട ബലരാമൻ നൈമിശാരണ്യത്തിൽ വച്ച് സൂതനെ വധിച്ചു. ബ്രഹ്മഹത്യാപാപമോചനത്തിനായി ബലരാമൻ ശംബരമഹർഷിയുടെ ആശ്രമത്തിലെത്തി രാമലീലകൾ ചൊല്ലി സാരൂപ്യമുക്തി നേടിയതിന്റെ ആശ്വാസത്തിൽ കഴിയുകയാണ്. ഇനി ദ്വാരകയിലേക്ക് മടങ്ങിപോകുന്നില്ല എന്നു നിശ്ചയിച്ച് ബലരാമൻ തൃച്ചംബരത്തിനടുത്ത് ധർമ്മക്കുളം എന്ന സ്ഥലത്ത് ആശ്രമവാസിയായി കഴിയുകയാണ് എന്ന് നാരദമഹർഷി ശ്രീകൃഷ്ണനെ അറിയിച്ചു.

ശ്രീകൃഷ്ണൻ ഒരു അവധൂതന്റെ വേഷത്തിൽ ശംബരമഹർഷിയുടെ ആശ്രമത്തിലെത്തി. ശ്രീകൃഷ്ണൻ ആശ്രമത്തിലെത്തുന്ന സമയം മഹർഷിയുടെ പത്നി മാത്രമേ ആശ്രമത്തിലുണ്ടായിരുന്നുള്ളു. നല്ല വിശപ്പുണ്ട്, എന്തെങ്കിലും ഭക്ഷണം കിട്ടിയാൽ നന്നായിരുന്നു എന്ന് അവധൂതൻ അവരോടു പറഞ്ഞു. ഭക്ഷണം ഒന്നും ഇല്ല, വേഗം എന്തെങ്കിലും തയ്യാറാക്കിത്തരാം എന്നു പറഞ്ഞ മുനിപത്നിയോട് അതിന് അധികം സമയമാവില്ലേ, വെണ്ണയില്ലേ അതു കുറച്ചു തന്നാൽ മതി എന്ന് അവധൂതൻ പറഞ്ഞു. ഇതുകേട്ട് മുനി പത്നി അത്ഭുത ഭാവത്തിൽ വെണ്ണയോ എന്നു ചോദിച്ചു.





പോയി നോക്കൂ അവിടെയുണ്ടാകും എന്ന് അദ്ദേഹം പറഞ്ഞതനുസരിച്ച് അവർ അകത്തു ചെന്നു നോക്കുമ്പോൾ ഒരു പാത്രം നിറയെ വെണ്ണ കണ്ടു. പാത്രത്തോടെ വെണ്ണ കൊണ്ടു വന്നു കൊടുത്തു. വെണ്ണ രുചിയോടെ ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ ശംബരമഹർഷി അവിടെയെത്തി. അദ്ദേഹത്തിന് ദിവ്യദൃഷ്ടിയാൽ തന്റെ ആശ്രമത്തിൽ വെണ്ണ ഭക്ഷിച്ചുകൊണ്ടിരിക്കുന്ന ആളിനെ മനസ്സിലായി. അദ്ദേഹം പത്നിയോട് ആളിനെ മനസ്സിലായോ എന്നു ചോദിച്ചു. വെണ്ണയില്ല എന്നു പറഞ്ഞപ്പോൾ പോയി നോക്കൂ എന്നു പറയുന്നതു കേട്ടപ്പോൾ സംശയം തോന്നി. പാത്രം നിറയെ വെണ്ണയിരിക്കുന്നതു കണ്ടപ്പോൾ ആളെ മനസ്സിലായി എന്ന് മുനി പത്നി പുഞ്ചിരിച്ചു കൊണ്ടു പറഞ്ഞു. പെട്ടെന്ന് അവധൂതവേഷധാരി ഉണ്ണിക്കണ്ണനായി അവർക്കു ദർശനം നല്കി. പിന്നീട് പരശുരാമൻ കംസവധത്തിനു ശേഷമുള്ള ശ്രീകൃഷ്ണഭാവത്തെ സങ്കല്പിച്ച് തൃച്ചംബരത്തു ഭഗവാനെ പ്രതിഷ്ഠിക്കുകയും ചെയ്തു. ശം ബരമഹർഷിയുടെ ആശ്രമസ്ഥാനത്തു പ്രതിഷ്ഠിച്ച ശ്രീകൃഷ്ണ ഭഗവാൻ ശംബരേശ്വരനായി, തൃച്ചംബരേശ്വരനായി വാഴുന്നു എന്നാണ് തൃച്ചംബരം ശ്രീകൃഷ്ണക്ഷേത്ര ഐതിഹ്യം. ശംബരമഹർഷിയുടെയും പത്നിയുടെയും ആതിഥ്യം സ്വീകരിച്ച ശ്രീകൃഷ്ണൻ ബലരാമനെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും നാരദമഹർഷിയിൽ നിന്നും അറിഞ്ഞിരുന്നതിനാൽ ധർമ്മക്കുളത്തെത്തി ബലരാമനെ കണ്ടു. ജ്യേഷ്ഠനെ ദ്വാരകയിലേക്കു കൂട്ടിക്കൊണ്ടു പോകണം എന്നു നിശ്ചയിച്ചു. കൃഷ്ണന്റെ ഇംഗിതമറിഞ്ഞ ബലരാമൻ കൃഷ്ണന്റെ മനസ്സു മാറ്റുവാൻ ഒരു വഴി ആലോചിച്ചു. അദ്ദേഹത്തിന് ഒരുപായം തോന്നി. തന്റെ സേവകനെ വിളിച്ച് നിറഞ്ഞു തുളുമ്പുന്ന ഒരു പാൽകുടം തലയിൽ വച്ചുകൊണ്ട്, കൃഷ്ണനു കാണത്തക്കവിധം അല്പം അകലത്തുകൂടി ക്ഷേത്രത്തിലേക്കു നടന്നു പോകുവാൻ പറഞ്ഞു. ബലരാമനെ കൂടെ കൂട്ടിയിട്ടേ മടങ്ങൂ എന്നു നിർബ്ബന്ധം പിടിച്ച കൃഷ്ണൻ നിറഞ്ഞു തുളുമ്പുന്ന പാൽകുടവുമായി ഒരാൾ പോകുന്നതു കണ്ടപ്പോൾ, പാൽക്കൊതിയനായ സാക്ഷാൽ അമ്പാടിക്കണ്ണനായി മാറി, പാൽക്കാരന്റെ പിന്നാലെ ഓടിപ്പോയി. ഈ തക്കം നോക്കി ബലരാമൻ തന്റെ ആസ്ഥാനത്തേക്കു മടങ്ങുകയും ചെയ്തു. ജ്യേഷ്ഠാനുജന്മാരുടെ ഈ കൂടിച്ചേരലും പിരിയലും തൃച്ചംബരം ശ്രീകൃഷ്ണ ക്ഷേത്രത്തിലെ ഭഗവാന്റെ ഉത്സവത്തോടനുബന്ധിച്ച് വളരെ വികാരപൂർവ്വകമായ ഒരാഘോഷമായി ഇന്നും കൊണ്ടാടുന്നു. ഇത് കൂടിപ്പിരിയൽ എന്നറിയപ്പെടുന്നു.

പരശുരാമൻ പല ക്ഷേത്രങ്ങളിലും ദർശനം നടത്തി വരുന്ന വഴി ശംബരവനത്തിലെ ദുർഗ്ഗാ ദേവീക്ഷേത്രത്തിലെത്തി. ശംബരമഹർഷി ഇവിടെ തപസ്സനുഷ്ഠിച്ചിരുന്ന കാലത്തായിരുന്നു പരശുരാമൻ ഇവിടെയെത്തിയത്. ഈ ദുർഗ്ഗാദേവീ ക്ഷേത്രം പരശുരാമൻ പ്രതിഷ്ഠിച്ച 108 ദുർഗ്ഗാലയങ്ങളിലൊന്നാണ് എന്നാണ് വിശ്വസിക്കുന്നത്.

ശംബരമഹർഷി തപസ്സു ചെയ്തിരുന്ന ശംബരവനത്തിലെത്തിയ പരശുരാമൻ മഹർഷിയോട് എന്തുകൊണ്ടാണ് ഈ സ്ഥലത്തു തപസ്സനുഷ്ഠിച്ചു വസിക്കുന്നത് എന്നന്വേഷിച്ചു. ത്രേതായുഗത്തിൽ ശ്രീകൃഷ്ണനും ബലരാമനും ഇവിടെയെത്തിച്ചേരുന്നതു കാത്തിരിക്കുകയാണ് എന്ന് മഹർഷി പരശുരാമനെ അറിയിച്ചു. ദ്വാപരയുഗത്തിൽ ഭഗവാൻ ദേവകീവസുദേവന്മാർക്ക് വരം നൽകിയതനുസരിച്ച് ഭഗവാൻ തന്റെ ബാലലീലകളനുഷ്ഠിക്കുന്നതിനുള്ള സമയമായി എന്നും ആ നർത്തനം കാണുവാനായി ബ്രഹ്മജ്ഞാനികളെല്ലാം ഇവിടേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ് എന്നും അദ്ദേഹം പരശുരാമനെ അറിയിച്ചു. തലയിൽ പീലി ചൂടി കാലിൽ ചിലമ്പണിഞ്ഞ് സർവ്വാഭരണവിഭൂഷിതരായി കൃഷ്ണനും ബലരാമനും ഇവിടെ നൃത്തം ചെയ്ത് ബാലലീലകളാടുമെന്നും അതു കാണുവാനായി ദേവകിയും വസുദേവരും യശോദയും നന്ദഗോപരും രേവതിയും ഇവിടെയെത്തുമെന്നും ദേവകളും യക്ഷഗന്ധർവ്വാപ്സരോവൃന്ദവും ഒത്തുകൂടി പുഷ്പവൃഷ്ടി നടത്തുമെന്നും ആ കാഴ്ചകൾ കാണുവാൻ കാത്തിരിക്കുകയാണെന്നും മഹർഷി അറിയിച്ചു. മഹർഷി പറഞ്ഞ ആ ദിവ്യദർശനത്തിനായി പരശുരാമൻ കാത്തിരുന്നു. ദിവ്യദർശനത്തിന് സമയമായി, കാഴ്ചകൾ കണ്ടുകൊണ്ടിരുന്ന പരശുരാമൻ രാമകൃഷ്ണന്മാരെ നമസ്കരിച്ച് വർഷംതോറും കുംഭമാസത്തിൽ പതിനാല് ദിവസം ഇവിടെ (തൃച്ചംബരത്ത്) ബാലലീലകളാടണം എന്ന് അപേക്ഷിച്ചു. പരശുരാമന്റെ അപേക്ഷപ്രകാരം വരം നൽകുകയും രാമകൃഷ്ണന്മാർ അപ്രത്യക്ഷരാകുകയും ചെയ്തു. പരശുരാമൻ തന്റെ ദിവ്യദൃഷ്ടിയാൽ ഈ സ്ഥലം ദേവപ്രതിഷ്ഠയ്ക്കുത്തമമെന്നു മനസ്സിലാക്കി. അതിനുശേഷം പരശുരാമൻ ഗോകുലസമാനമായി വേണ്ടതെല്ലാം ഇവിടെ ഒരുക്കി. 64 ഗ്രാമങ്ങളിൽ നിന്നും ബ്രാഹ്മണശ്രേഷ്ഠരേയും യോഗാചാര്യനേയും കൊണ്ടു വന്ന് ഇവിടെ താമസിപ്പിച്ച് ക്ഷേത്രം നിർമ്മിച്ച് കംസവധശേഷഭാവമാർന്ന ശ്രീകൃഷ്ണ ഭഗവാനെ പരശുരാമൻ ഇവിടെ പ്രതിഷ്ഠിച്ചു. ഈ സമയം ശംബരവനത്തിലെത്തിയ നാരദമഹർഷി രണ്ടു ബലിബിംബങ്ങൾ പരശുരാ

മനു നല്കി. ഈ ബിംബങ്ങൾ രണ്ടു ബ്രാഹ്മണർ തലയിലേറ്റി നൃത്തം ചെയ്യട്ടെയെന്നും ഈ രണ്ടു വിഗ്രഹങ്ങളേയും പൂജിക്കുവാനും നാരദമഹർഷി നിർദ്ദേശിച്ചു. ശ്രീകൃഷ്ണന്റെയും ബലഭദ്രസ്വാമിയുടെയും വിഗ്രഹങ്ങളെ മൂലവിഗ്രഹത്തോടു ചേർത്തു വച്ച് ഇന്നും പൂജിച്ചു പോരുന്നു. ഉത്സവാദികർമ്മങ്ങളിൽ വിഷ്ണുഭക്തരായ രണ്ടു ബ്രാഹ്മണരെ വരുത്തി ബിംബങ്ങൾ തലയിലേറ്റി പൂജകൾ നടത്തുവാനും ഈ രണ്ടുപേരെയും നന്ദഗോപരായും വസുദേവരായും സങ്കല്പിച്ച് പൂജിക്കുവാനും പരശുരാമനോട് നിർദ്ദേശിച്ചു.

തൃച്ചംബരം ക്ഷേത്രത്തിനു മുന്നിൽ തെക്കുഭാഗത്തായി ഒരു ഇലഞ്ഞിമരം കാണാം. ഈ ഇലഞ്ഞിമരത്തിന് പല കഥകളും പറയുവാനുണ്ട്. ഇത് നിറയെ പൂക്കും, കായ്കൾ ഉണ്ടാകാറില്ല. ശീലാവതിയുടെ പ്രാർത്ഥനാഫലമായാണ് ഈ മരത്തിൽ കായ്കളുണ്ടാകാത്തത് എന്നൊരു ഐതിഹ്യമുണ്ട്. പണ്ട് ബൽഹികത്തിലെ ദ്യുമത്സേന രാജാവിന് മൂന്നു പെൺമക്കളുണ്ടായിരുന്നു. മൂന്നു മക്കളേയും വളരെ സ്നേഹലാളനകളോടെയാണ് രാജാവ് വളർത്തിയത്. മക്കളുടെ വിവാഹപ്രായമായപ്പോൾ രാജാവ് അവരോട് തന്റെ ഒരു നിബന്ധന അറിയിച്ചു. മൂന്നു പേരും വിവാഹശേഷവും രാജാവിനോടൊപ്പം സ്വഗൃഹത്തിൽ വസിക്കണം ഇതായിരുന്നു നിബന്ധന. ഇളയമകളായ ശീലാവതിക്ക് അതു സമ്മതമായില്ല. കന്യാദാനം കഴിഞ്ഞാൽ പിന്നെ കന്യകയ്ക്ക് ജനിച്ച വീട്ടിൽ ഒരു സ്ഥാനവുമില്ല എന്ന ആചാരത്തിൽ അവർ ഉറച്ചു വിശ്വസിച്ചു. മക്കളെ വളരെയധികം സ്നേഹിച്ചിരുന്ന രാജാവിന് ശീലാവതിയുടെ ഈ തീരുമാനത്തെ അംഗീകരിക്കുവാൻ കഴിഞ്ഞില്ല. രാജാവിന് വാശിയായി, മകളോട് ദേഷ്യവും വൈരാഗ്യവും ഉണ്ടായി. നിത്യരോഗിയും ത്വക്‌രോഗബാധയാൽ ദേഹമാസകലം വ്രണങ്ങളുമായി കഴിയുന്നതും നടക്കാൻപോലും ബുദ്ധിമുട്ടുന്നതുമായ ഒരു വയോവൃദ്ധന് രാജാവ് ശീലാവതിയെ കന്യാദാനം ചെയ്തു കൊടുത്തു. ശീലാവതി തന്റെ വിധിയെന്നു വിശ്വസിച്ച് ആ വൃദ്ധനോടൊപ്പം വീടു വിട്ടിറങ്ങി. തൃച്ചംബരേശനെ ഭജിച്ചാൽ രോഗശമനം ഉണ്ടാകും എന്നു മനസ്സിലാക്കിയ അവർ തൃച്ചംബരം എവിടെയെന്നുപോലും അറിയില്ലായിരുന്നു എങ്കിലും എങ്ങിനെയൊക്കെയോ തൃച്ചംബരത്തെത്തി. ഭഗവൽ സന്നിധിയിലെ തണൽ വിരിച്ചു നില്ക്കുന്ന ഇലഞ്ഞിമരത്തറയിൽ തന്റെ ഭർത്താവിനെ ഇരുത്തി അവർ ഭക്തിപൂർവ്വം തൃച്ചംബരേശനെ പ്രാർത്ഥിച്ചു ദർശനം നടത്തി നാളുകൾ കഴിച്ചു പോന്നു. ഇലഞ്ഞിമരത്തിന്റെ കായ്കൾ രോഗിയായ തന്റെ പതിയുടെ ശരീരത്തിലെ വ്രണങ്ങളിൽ പതിക്കുമ്പോൾ അദ്ദേഹത്തിനുണ്ടാകുന്ന വേദനയും നിസ്സഹായതയും കണ്ട് ശീലാവതി ദു:ഖിച്ചു. യാതനകളിൽ നിന്നും അദ്ദേഹത്തെ രക്ഷിക്കേണമേയെന്ന് തൃച്ചംബരേശനു മുന്നിൽ അവർ മനമുരുകി പ്രാർത്ഥിച്ചു. ഒരു ദിവസം പ്രാർത്ഥനാനിരതയായി നിന്ന അവരുടെ മുന്നിൽ ഇടിമിന്നൽ പോലെ കണ്ണഞ്ചിപ്പിക്കുന്ന ഒരു പ്രകാശം പരക്കുകയും അല്പസമയത്തേക്ക് ഒന്നും കാണാൻ പറ്റാത്ത അവസ്ഥയും അവർക്കുണ്ടായി. ദേവനെ പ്രാർത്ഥിച്ചു പുറത്തിറങ്ങിയ അവർ ഇലഞ്ഞിമരത്തറയിലേക്കു നോക്കിയപ്പോൾ അരോഗദൃഢഗാത്രനായ ഒരു യുവാവായി നില്ക്കുന്ന തന്റെ ഭർത്താവിനെയാണ് കണ്ടത്. 'നിന്റെ സഹനശക്തിയും പാതിവ്രത്യശുദ്ധിയും പരീക്ഷിക്കപ്പെടുകയായിരുന്നു. എല്ലാ പരീക്ഷണങ്ങളിലും നീ വിജയിച്ചിരിക്കുന്നു. ദീർഘസുമംഗലിയായി ഭവിച്ചാലും തൃച്ചംബരേശൻ നിന്നിൽ പ്രസാദിച്ചിരിക്കുന്നു' എന്ന് ആരോ കാതിൽ മന്ത്രിക്കുന്നതായി അവർക്കനുഭവപ്പെടുകയും ചെയ്തു. ഈ അത്ഭുതത്തോടൊപ്പം മറ്റൊരത്ഭുതമായി ഈ ഇലഞ്ഞിമരത്തിൽ നിറയെ പൂക്കളുണ്ടാകുമെങ്കിലും പിന്നീട് കായ്കൾ ഉണ്ടാകാറില്ല.

മറ്റൊരു ഐതിഹ്യം അർത്യാശ്രമിയുമായി ബന്ധപ്പെട്ടതാണ്.

ശങ്കരാചാര്യസ്വാമികൾ സ്ഥാപിച്ച നാലു മഠങ്ങളുടേയും ചെറുസ്ഥാനങ്ങൾ തൃച്ചംബരം ക്ഷേത്ര പരിസരത്തുണ്ട്. ചതുർമഠങ്ങളിൽപ്പെട്ട തൃക്കൈക്കാട്ട് മഠാധിപന്മാരിൽപ്പെട്ട രാഘവാനന്ദയാദി സ്വാമിയാരാണ് അർത്യാശ്രമിയായത് എന്നു വിശ്വസിക്കുന്നു. ത്വക്‌രോഗംമൂലം ദേഹം മുഴുവൻ വ്രണങ്ങളുമായി അർത്യാശ്രമിമഹർഷി ഇലഞ്ഞിത്തറയിൽ വന്നിരുന്നു. അക്കാലത്ത് വില്വമംഗലം സ്വാമിയാർ തൃച്ചംബരേശനെ ദർശിക്കുവാനെത്തി. വൃണങ്ങളിൽ നിന്നും ദുർഗന്ധം വമിക്കുന്ന മഹർഷിയെ കണ്ട് വില്ലമംഗലം സ്വാമി അർത്യാശ്രമിയെ ശ്രദ്ധിക്കാതെ തന്റെ ഓലക്കുട മറച്ചു പിടിച്ച് ക്ഷേത്രത്തിലേക്കു കടന്നുപോയി. ക്ഷേത്രനടയിലെത്തിയ അദ്ദേഹം ഭഗവാനെ അവിടെ കണ്ടില്ല. ഇലഞ്ഞിത്തറയിലിരിക്കുന്ന മഹർഷിയെ ഭഗവാൻ പരിചരിച്ചുകൊണ്ടിരിക്കുന്നതാണ് കണ്ടത്. സ്വാമിയാർ തന്റെ തെറ്റേറ്റു പറഞ്ഞു മാപ്പപേക്ഷിച്ചു എന്നും വിശ്വസിക്കുന്നു. അർത്യാശ്രമി തന്റെ ശരീരത്തെ വ്രണങ്ങളിൽ ഇലഞ്ഞിക്കായ്കൾ പതിക്കുമ്പോൾ വേദനകൊണ്ട് എന്നെ വേദനിപ്പിക്കുന്നത് അവിടുത്തേക്കു സന്തോ





ഷമാണോ, എന്റെ വേദന ഭഗവാൻ അറിയുന്നില്ലേ എന്നിങ്ങനെ ചോദിച്ചുകൊണ്ട് പ്രാർത്ഥിക്കുമായിരുന്നു. പിന്നീട് അദ്ദേഹത്തിന്റെ അസുഖമെല്ലാം ഭേദമായി, അരോഗദൃഢഗാത്രനായി മാറുകയും ചെയ്തു. അതിനുശേഷം ഈ ഇലഞ്ഞിമരത്തിൽ നിറയെ പൂക്കളുണ്ടാകുമെങ്കിലും കായ്കൾ ഉണ്ടാകാറില്ല. ക്ഷേത്രത്തിലെ കുഞ്ഞരയാൽ തറ അദ്ദേഹത്തിന്റെ സമാധിസ്ഥലമാണ് എന്നു വിശ്വസിക്കുന്നു. ഉത്സവകാലത്തു തിടമ്പുനൃത്തപ്രദക്ഷിണം ഈ വൃക്ഷത്തറയിൽ വന്ന് പ്രദക്ഷിണം ചെയ്തു തിരിച്ചു പോകുന്നു. ഭഗവാന്റെ രൂപം മൂടിയായുള്ള പ്രത്യേക തരം പാത്രത്തിൽ നിവേദ്യത്തിനുള്ള പാൽ ദിവസവും ഈ കുഞ്ഞരയാൽ തറയിൽ എത്തിക്കുന്നു. പാലമൃതൻ വ്രതശുദ്ധിയോടും മന്ത്രധ്വനിയോടും കൂടി ഭക്തിപൂർവ്വം മുദ്രവടിയും ഓലക്കുടയുമായി ഈ പാൽ എഴുന്നള്ളിച്ച് മണ്ഡപത്തിലെത്തിക്കുന്നു. ഈ പാലാണ് നിത്യവും പാൽപായസനിവേദ്യത്തിനുപയോഗിക്കുന്നത്.

തൃച്ചംബരം ക്ഷേത്രത്തിലെ കിഴക്കെ നടയിൽ അല്പം വടക്കു ഭാഗത്തേക്ക് മാറി ഒരു ചെറിയ കുളവും കുളത്തിന്റെ നടുവിലായി ഒരു ക്ഷേത്രവും കാണാം. ഈ ക്ഷേത്രശ്രീകോവിലിൽ ദുർഗ്ഗാദേവി പ്രതിഷ്ഠയാണ്. ഈ ക്ഷേത്രം പരശുരാമപ്രതിഷ്ഠിതമായ 108 ദുർഗ്ഗാലയങ്ങളിലൊന്നാണ്. മരണഭയത്താൽ ദേവകീപുത്രവധ സമയത്ത് കംസന്റെ കയ്യിൽ നിന്നും വഴുതിപ്പോയ മായാദേവിയെ പരശുരാമൻ ദുർഗ്ഗാഭാവത്തിൽ ഇവിടെ പ്രതിഷ്ഠിച്ചിരിക്കുന്നു. തന്റെ മകന്റെ രഹസ്യം വെളിപ്പെടുത്തിയതിൽ മനം നൊന്ത ദേവകി മായാദേവിയെ കന്യകയായിപ്പോകട്ടെയെന്നു ശപിച്ചു. ദേവകിയുടെ കണ്ണീരാണ് ഈ ക്ഷേത്രത്തിനു ചുറ്റിലുമായി കുളത്തിൽ കാണുന്നത് എന്നു വിശ്വസിക്കുന്നു. കുളത്തിലെ ജലനിരപ്പ് മഴക്കാലത്തും വേനൽക്കാലത്തും ഒരുപോലെയാണ്. ജലനിരപ്പു കൂടുകയോ കുറയുകയോ ചെയ്യാറില്ല എന്നതും ഒരു പ്രത്യേകതയാണ്. ദുർഗ്ഗാക്ഷേത്രത്തിനഭിമുഖമായി എപ്പോഴും വിജയാശംസകൾ നേർന്നുകൊണ്ടിരിക്കുന്ന സ്ഥിതിയിലാണ് തൃച്ചംബരത്തപ്പന്റെ പ്രതിഷ്ഠ നിർവ്വഹിച്ചിരിക്കുന്നത് എന്നാണ് വിശ്വസിക്കുന്നത്. ദുർഗ്ഗാദേവിയെ ദർശിച്ച ശേഷമാണ് തൃച്ചംബരേശനെ ദർശിക്കേണ്ടത്.

താപസന്മാർ തപസ്സനുഷ്ഠിച്ചിരുന്നതും ശാന്തവും പ്രകൃതിഭംഗി നിറഞ്ഞതുമായ ശംബരപുരത്തു സ്ഥിതി ചെയ്യുന്ന ഈ ക്ഷേത്രവും ക്ഷേത്രാന്തരീക്ഷവും ഇന്നും ഗോകുലസമാനമായ ഒരു ദൃശ്യമാണ്. ഉയരമുള്ള കൊടിമരവും അതിവിശാലമായ ക്ഷേത്രവളപ്പും ചുറ്റുമതിലുകളും ക്ഷേത്രച്ചുവരിലെ നിറപ്പകിട്ടാർന്ന ശില്പഭംഗിയും ഉണ്ണിക്കണ്ണന്റെ ലീലകൾ പോലെ തന്നെ നിറപ്പകിട്ടാർന്നവയാണ്. മൂന്നു നിലകളിലായി സാമാന്യം നല്ല ഉയരത്തിലാണ് ക്ഷേത്രശ്രീകോവിൽ കാണപ്പെടുന്നത്. ശ്രീകോവിൽ ചുമരുകൾ ശില്പ വേലകളാലും കൊത്തുപണികളാലും അലംകൃതമാണ്. കൃഷ്ണാവതാരം, രാസക്രീഡ, കാളിയമർദ്ദനം, ഗോവർദ്ധനോദ്ധാരണം, കുചേലചരിതം എന്നിവ എടുത്തു പറയേണ്ടവയാണ്. ശ്രീകോവിൽ ചുവരിൽ ദേവകി വിവാഹം മുതൽ കംസവധം വരെയുള്ള ചിത്രങ്ങൾ ആലേഖനം ചെയ്തിട്ടുണ്ട്. തൃച്ചംബരേശൻ കംസവധശേഷമുള്ള വിശപ്പും, ക്ഷീണവും, ഗൗരവവും ചേർന്ന ഭാവത്തിലായതിനാൽ ഇവിടെ നിർമ്മാല്യദർശനം ശുഭകരമല്ല എന്നാണ് വിശ്വാസം. ഒരു കയ്യിൽ നിവേദ്യവുമായി നട തുറക്കുക എന്നതാണ് ഇവിടുത്തെ രീതി. നിവേദ്യശേഷമാണ് അഭിഷേകം നടക്കുന്നത്. ശ്രീകോവിലിനു പിൻഭാഗത്ത് ബലഭദ്രസ്വാമിരൂപിയായ അനന്തശയനമാണ്. ഇവിടെ നിത്യനിവേദ്യമുണ്ട്. വടക്കു വശത്ത് വിഷ്വക്സേനസാന്നിദ്ധ്യവുമുണ്ട്. ഇവിടെ ഭഗവാനു നിവേദിച്ച അതേ കൈയോടു തന്നെ നിവേദിക്കുന്നു. നമസ്കാരമണ്ഡപത്തിൽ ഒരു തൊട്ടിലിൽ ബാലകൃഷ്ണ വിഗ്രഹമുണ്ട്. ഇവിടെ നിത്യപൂജയുമുണ്ട്. ക്ഷേത്രത്തിന്റെ പടിഞ്ഞാറായി അയ്യപ്പക്ഷേത്രമുണ്ട്. ഇത് സ്വയംഭൂ പ്രതിഷ്ഠ ആണെന്നാണ് വിശ്വാസം. വടക്കുപടിഞ്ഞാറു ഭാഗത്ത് അഗ്നിഹോത്രികളായ നമ്പൂതിരിമാരുടെ വകയായി ഒരു ശിവക്ഷേത്രമുണ്ട്. ഇത് കുളകേശ്വരം ശിവക്ഷേത്രം എന്നറിയപ്പെടുന്നു. ഈ ക്ഷേത്രത്തിനടുത്തുള്ള അഗ്രശാലക്ക് തിടപ്പള്ളിയുടെയും ബാലാലയത്തിന്റെയും സ്ഥാനമാണ് കല്പിച്ചിട്ടുള്ളത്. ഇവിടെയാണ് 'ആയിരം അപ്പം' തയ്യാറാക്കുന്നത്. ബ്രാഹ്മണസ്ത്രീകൾ ഗർഭിണികളായാൽ അവരുടെ കുട്ടികൾ ഉത്കൃഷ്ടരും സർവ്വഗുണസമ്പന്നരും ദീർഘായുസ്സുള്ളവരും ആകുവാൻ അവർ ഇവിടെ ആയിരം അപ്പം തയ്യാറാക്കി തൃച്ചംബരേശനു നിവേദിക്കുന്നു.

ശങ്കരാചാര്യസ്വാമികൾ സ്ഥാപിച്ച നാലു മഠങ്ങളുടേയും ചെറുമഠങ്ങൾ തൃച്ചംബര പരിസരത്തു കാണാം. ആറാട്ടു ചിറയുടെ തെക്കു ഭാഗത്തായി കാണുന്ന തൃക്കൈക്കാട്ടു മഠം, നടുവിൽ മഠം, തെക്കേമഠം, വടക്കേമഠം, എന്നീ നാലു മഠങ്ങളുടേയും സാന്നിദ്ധ്യത്തിലാണ് തൃച്ചംബരം ക്ഷേത്രം നിലകൊള്ളുന്നത്. തൃച്ചംബരം ഉത്സവം കുംഭം 22 ന്

കൊടിയേറി മീനം 6 ന് സമാപിക്കുന്നു. ഇവിടെ ആനയെഴുന്നള്ളത്തും വെടിക്കെട്ടും നടത്താറില്ല. തിടമ്പു നൃത്തമാണ് നടക്കാറ്. ക്ഷേത്രത്തിനു പടിഞ്ഞാറു പൂക്കോത്തു നടയിലാണ് നൃത്തം നടക്കുന്നത്. ശ്രീകൃഷ്ണന്റെയും ബലഭദ്രന്റെയും അലങ്കരിച്ച വിഗ്രഹങ്ങൾ പ്രത്യേകം വ്രതം നോറ്റവർ തലയിലേറ്റി നൃത്തം ചെയ്യുന്നു. വിഗ്രഹം തലയിലേറ്റി നൃത്തം ചെയ്യുന്ന ഇവരെ നന്ദഗോപരും വസുദേവരുമായി കണക്കാക്കുന്നു. തിടമ്പു നൃത്തത്തെ ജ്യേഷ്ഠാനുജന്മാരുടെ കുട്ടിക്കളിയായാണ് കരുതുന്നത്. ഉത്സവാഘോഷങ്ങൾക്കായി തൃച്ചംബരത്തുനിന്നും ക്ഷണിക്കുവാൻ ആളെത്തിയോ എന്ന് ബലരാമൻ അന്വേഷിക്കാറുണ്ട് എന്നാണ് പറയാറ്. വാദ്യമേളങ്ങളോടെ ബലരാമനെ തൃച്ചംബരത്തേക്കാനയിക്കുന്നു. ഉത്സവത്തിനായി ബലരാമൻ മഴൂർ ധർമ്മക്കുളത്തു നിന്നും തൃച്ചംബരത്തെത്തുന്നു. ഉത്സവം കഴിയുന്നതു വരെ തൃച്ചംബരത്തു കൃഷ്ണനോടൊപ്പം കഴിയുന്നു. നൃത്തത്തിനിടയിൽ ബലരാമൻ മടങ്ങി പോകാനൊരുങ്ങും കൃഷ്ണൻ പിന്നാലെ ചെന്നു കൂട്ടിക്കൊണ്ടു വരും. ഈ പോക്കും വരവും പല പ്രാവശ്യം ആവർത്തിക്കും. മുപ്പത്തിമുക്കോടി ദേവകളുടെയും ദേവകീവസുദേവന്മാരുടെയും സാന്നിദ്ധ്യമരുളുന്ന ഈ ആഘോഷ സമയത്ത് സന്ധ്യാസമയം പാലമൃതൻ നിറഞ്ഞു തുളുമ്പുന്ന പാൽക്കുടവും തലയിലേന്തി ക്ഷേത്രത്തിലേക്കു പോകും. ഇതു കാണുന്ന കൃഷ്ണൻ പാൽക്കൊതിയനായ അമ്പാടിക്കണ്ണനായി പാലമൃതനു പിന്നാലെ ക്ഷേത്രത്തിലേക്ക് ഓടിപ്പോകുന്നു. കളികൾ വിട്ടു കൃഷ്ണൻ ഓടിപോകുന്നതു കണ്ടു നില്ക്കുന്ന ബലരാമൻ വിഷണ്ണനായി തന്റെ ആസ്ഥാനമായ മഴൂർ ധർമ്മക്കുളത്തേക്കു മടങ്ങുന്നു. ഈ മടക്കയാത്ര കണ്ടു നില്ക്കുന്നവർക്കും സങ്കടമുണ്ടാക്കുന്നതാണ്. ഇത് കൂടിപ്പിരിയൽ എന്നാണ് അറിയപ്പെടുന്നത്. തിടമ്പേറ്റിയ നൃത്തക്കാർ ക്ഷേത്രത്തിൽ തിരിച്ചെത്തിയാൽ ദുർഗ്ഗാക്ഷേത്രത്തിന്റെ കോണിലുള്ള നീരൊഴുക്കും. തറയിൽ തിടമ്പുകൾ ഇറക്കിവച്ച് വിശ്രമിക്കും. ഈ സമയം ദേവന്മാർക്ക് മോതിരം വച്ചു തൊഴുക എന്ന പ്രത്യേക ചടങ്ങുമുണ്ട്. നീരൊഴുക്കുംതറയിൽ ദേവകീവസുദേവ സാന്നിദ്ധ്യമാണ് എന്നു വിശ്വസിക്കുന്നു. ഉത്സവം ആരംഭിക്കുമ്പോഴും സമാപിക്കുമ്പോഴും തിടമ്പേറ്റുന്ന നമ്പൂതിരിമാരും മറ്റുള്ളവരും ഇവിടെ നമസ്കരിച്ച് അനുഗ്രഹം വാങ്ങുന്നു.

തൃച്ചംബര നിവാസികളുടെ ഒരു വർഷം ആരംഭിക്കുന്നതും അവസാനിക്കുന്നതും തൃച്ചംബരം ഉത്സവത്തെ അടിസ്ഥാനമാക്കിയാണ് എന്ന ചൊല്ലിനെ അന്വർത്ഥമാക്കുന്നതാണ് ഇവിടുത്തെ ഉത്സവ ആഘോഷങ്ങളും കാത്തിരിപ്പും. കൊട്ടും കുരവയുമായി ആർഭാടത്തോടുകൂടി വന്ന ബലരാമൻ മൂന്നോ നാലോ അനുചരന്മാരോടൊപ്പം അടുത്ത വർഷം കാണാം എന്നു മനസ്സിൽ മന്ത്രിച്ച് തന്റെ ആസ്ഥാനമായ ധർമ്മക്കുളത്തേക്കു മടങ്ങുന്നു. അങ്ങനെ കൂടിപ്പിരിയലോടെ ഉത്സവം സമാപിക്കുന്നു.

സർവ്വ ചരാചരങ്ങളുടേയും ഹൃദയത്തിൽ പ്രകാശം ചൊരിയുന്ന ലോകഗുരുവായ ശ്രീകൃഷ്ണ ഭഗവാന്റെ തൃക്കാൽക്കൽ തൃച്ചംബരേശചരിതത്തെ പാലമൃതന്റെ ശിരസ്സിലെ നിറഞ്ഞു തുളുമ്പുന്ന പാൽക്കുടമായി, തിരുമുൽക്കാഴ്ചയായി ഭക്തിപൂർവ്വം സമർപ്പിച്ചു കൊള്ളട്ടെ.

## അറിയിപ്പ് / കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. 2000 രൂപ ഒറ്റതവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

***ജനറൽ സെക്രട്ടറി***





# നിയമവാഴ്ച തകർന്നടിയുന്നുവോ?

എം. ആർ. രാജേന്ദ്രൻ നായർ. ഫോൺ : 9495952214

നാം ഈ ജനങ്ങൾ, പരമാധികാരികളായിട്ടുള്ള ജനാധിപത്യ സംവിധാനത്തിലെ പൊതു സേവകരാണ് സർക്കാർ ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥന്മാരും, ജനപ്രതിനിധികളും ഉൾപ്പടെയുള്ളവർ. നിയമവാഴ്ചയാണ് ജനാധിപത്യ ഭരണക്രമത്തിന്റെ അടിസ്ഥാനശില. ഭരണഘടനാ വ്യവസ്ഥകളനുസരിച്ച് എല്ലാ വ്യക്തികളുടെയും മനുഷ്യാവകാശങ്ങളും, അന്തസ്സും, സ്വാതന്ത്ര്യവും, ജീവനും, സ്വത്തും സംരക്ഷിക്കപ്പെടേണ്ടതാണ്. രാജ്യത്തിന്റെ സുരക്ഷയും അഖണ്ഡതയും സംരക്ഷിക്കപ്പെടേണ്ടതും ഉണ്ട്. അതിനൊക്കെയായി പരിശീലനം സിദ്ധിച്ച, നൈപുണ്യമുള്ള, അച്ചടക്കമുള്ള, പ്രതിബദ്ധതയുള്ള ഒരു പോലീസ് സംവിധാനം ഉറപ്പു വരുത്തുന്ന നിയമമാണ് കേരളാ പോലീസ് നിയമം. പോലീസ് സംവിധാനം അതിന്റെ കൃത്യ നിർവ്വഹണം കഴിവുറ്റ രീതിയിൽ നടത്തേണ്ടത് ആവശ്യമാണ്. ആധുനിക ജനാധിപത്യ സമൂഹത്തിന് യോജിക്കും വിധം ജനസൗഹാർദ്ദവും, ക്രമസമാധാനവും നടപ്പാക്കുന്നതിനാണ് നിയമസംവിധാനം. എന്നാൽ, ഇന്ന് കേരളത്തിലെ പോലീസ് സംവിധാനം ആകെ കുത്തഴിഞ്ഞ നിലയിലാണ് എന്ന പ്രതീതി ജനിപ്പിക്കുന്ന വാർത്തകളാണ് അനുദിനം വന്നുകൊണ്ടിരിക്കുന്നത്. നിയമം നിഷ്പക്ഷമായി നടപ്പാക്കുക എന്നതാണ് പോലീസിന്റെ ഏറ്റവും പ്രധാനപ്പെട്ട കടമ. നിയമാനുസൃതം എല്ലാ വ്യക്തികളുടെയും ജീവനും, സ്വാതന്ത്ര്യവും, വസ്തു വകകളും, മനുഷ്യാവകാശവും, അന്തസ്സും സംരക്ഷിക്കുക എന്നത് അതിപ്രധാനമായ കർത്തവ്യമാണ്. ജനങ്ങളുടെ ഇടയിൽ സുരക്ഷിതത്വ ബോധം സൃഷ്ടിക്കേണ്ടത് പോലീസിന്റെ ചുമതലയാണ്. കാര്യങ്ങൾ അങ്ങനെ ആയിരിക്കെ, ഉന്നതപോലീസുദ്യോഗസ്ഥന്റെ മകളുടെ കയ്യിൽ നിന്നും ഒരു പോലീസ് ഓഫീസർക്കു തന്നെ മർദ്ദനമേൽക്കേണ്ടി വരുന്നതും, അധിക്ഷേപ വാക്കുകൾ കേൾക്കേണ്ടി വരുന്നതും തികച്ചും ലജ്ജാകരമാണ്. ഇത്തരം ഒരു സംഭവം മാധ്യമങ്ങളിലൂടെ ഇപ്പോൾ പുറത്തു വന്നു. അതുകൊണ്ട്, നാം ഈ ജനങ്ങൾ അതറിഞ്ഞു. ജനങ്ങൾ അറിയാതെ പോലീസ് മേധാവികളും മറ്റ് അധികാരകേന്ദ്രങ്ങളും അറിയാതെ എത്രയെത്ര അത്തരം സംഭവങ്ങൾ നടന്നിരിക്കാം! നിയമം ഇല്ലാത്തതുകൊണ്ടല്ല, നിയമം നടപ്പാക്കാൻ ബാധ്യതയുള്ളവർ അതിന് ശ്രദ്ധിക്കാത്തതുകൊണ്ടാണ് സംരക്ഷിക്കപ്പെടേണ്ട ജീവനും, അഭിമാനവും ആക്രമിക്കപ്പെടുന്നത്. നിയമത്തിന്റെ മുന്നിൽ എല്ലാവരും സമന്മാരാണെന്നുള്ള ഭരണഘടനാ വ്യവസ്ഥ വെറും പാഴ്വാക്കാകുന്ന സ്ഥിതിവിശേഷം നിസ്സംഗരായി നോക്കിനിൽക്കുന്നത് ഭരണാധികാരികൾക്ക് ഭൂഷണമല്ല. ഭരണാധികാരികൾ എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത് നിയമവാഴ്ച ഉറപ്പു വരുത്തുവാൻ ജനങ്ങൾ അധികാരം ഏല്പിച്ചു കൊടുത്തിട്ടുള്ള സംഘത്തെയാണ്. നാം ഏല്പിച്ച ഒരു ജോലി, അത് ചെയ്യാൻ ബാധ്യതയുള്ള ആൾ കൃത്യമായി നിർവ്വഹിക്കുന്നില്ല എങ്കിൽ ആ ജോലി കൃത്യമായി നിർവ്വഹിക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്താനുള്ള ബാധ്യതയും അധികാരവും നമുക്കുണ്ട് എന്ന് ഓരോ പൗരനും ബോദ്ധ്യമാകുമ്പോൾ മാത്രമെ നിയമവാഴ്ച ഉറപ്പു വരികയുള്ളൂ. ചോദ്യം ചെയ്യാൻ, പ്രതികരിക്കാൻ, ജനങ്ങൾക്ക് അവകാശമുണ്ട്. അതേ സമയം, നിയമം കയ്യിലെടുക്കാൻ ആർക്കും അവകാശമില്ലതാനും.

നിങ്ങൾ എത്ര ഉയർന്നവനാണെങ്കിലും, നിയമം നിങ്ങൾക്കു മുകളിലാണ് എന്നത് താത്ത്വികമായി ഉൾക്കൊള്ളുകയും പ്രായോഗികമായി നടപ്പാക്കുകയും വേണം. നിയമം അനുവദിക്കാത്ത ഒന്നും നേടാനോ അനുഭവിക്കാനോ ആർക്കും അവകാശമില്ല, അധികാരമില്ല. ഒരു സർക്കാരുദ്യോഗസ്ഥൻ നിയമവിധേയമല്ലാത്ത ഏതെങ്കിലും സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നു എങ്കിൽ അത് അച്ചടക്കലംഘനമാണ്. അത്തരം അച്ചടക്കലംഘനത്തിന് നിയമാനുസൃതമായ നടപടി എടുത്ത് ഉചിതമായ ശിക്ഷ നൽകുവാൻ മേലാധികാരികൾക്ക് ബാദ്ധ്യതയുണ്ട്. വളരെ ഉയർന്ന ഉദ്യോഗസ്ഥർ നിയമലംഘനം നിർബാധം നടത്തുന്ന സ്ഥിതിവിശേഷം ആണ് ഇപ്പോൾ വെളിച്ചത്തു വന്നിരിക്കുന്നത്. ഒരു പോലീസ് ഓഫീസറോട് ദാസ്യവേല ചെയ്യാനാവശ്യപ്പെടുകയോ,നിർബന്ധിക്കുകയോ ചെയ്യുന്നത് കേരളാപോലീസ് നിയമം 99-ാം വകുപ്പനുസരിച്ച് വിലക്കപ്പെട്ടിരിക്കുന്നു. ഈ നിയമവ്യവസ്ഥ ലംഘിച്ചാൽ കേരളാപോലീസ് നിയമം 121-ാം വകുപ്പനുസരിച്ച് ആറു മാസം വരെ തടവോ, 2000 രൂപ വരെ പിഴയോ, രണ്ടും കൂടിയോ ഉള്ള ശിക്ഷ നൽകാവുന്ന കുറ്റകൃത്യമാണ്. ഇന്നേവരെ ഏതെങ്കിലും വ്യക്തി മേൽപറഞ്ഞ നിയമവ്യവസ്ഥകളനുസരിച്ച് ശിക്ഷിക്കപ്പെട്ടിട്ടു

ള്ളതായി അറിവില്ല. അതിന്റെ കാരണം മറ്റൊന്നുമല്ല. കുറ്റകൃത്യം കണ്ടുപിടിച്ച്, കുറ്റവാളിയെ വിചാരണയ്ക്ക് വിധേയനാക്കി ശിക്ഷിപ്പിക്കുവാൻ ബാദ്ധ്യതയുള്ളവർ തന്നെ കുറ്റവാളികളാകുന്നു എന്നതാണ്.

അർഹതയില്ലാത്ത അനേകം ആളുകൾ നിയമവിരുദ്ധമായി പോലീസിനെ കൂടെ കൊണ്ടു നടക്കുന്നുണ്ട്. മേലനങ്ങി പണി ചെയ്യേണ്ടി വരാത്തതുകൊണ്ടും, അനർഹമായ പല ആനുകൂല്യങ്ങളും ലഭ്യമാകും എന്നുള്ളതുകൊണ്ടും, പലരും പരാതി പറയാൻ തുനിയുന്നില്ല എന്നുള്ള വസ്തുത വിസ്മരിക്കാനാവില്ല. ദാസ്യപണിക്കു പ്രേരിപ്പിക്കുന്നവരിൽ ഉന്നത നീതിപീഠത്തിലെ ന്യായാധിപരടക്കം ഉള്ള അത്യുന്നതന്മാർ ഉള്ളതുകൊണ്ട് പരാതി പറയാൻ ഭയം ഉണ്ടാകുന്നതും സ്വാഭാവികമാണ്. സർവ്വീസിൽ നിന്ന് പിരിഞ്ഞ ഉദ്യോഗസ്ഥമേധാവികളും, രാഷ്ട്രീയക്കാരും ഒക്കെ പോലീസ് അകമ്പടി കൈവിടാതെ സൂക്ഷിക്കുന്നത് നിയമവിധേയമാണോ എന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്. അത് വേണ്ട വിധത്തിൽ പരിശോധിക്കപ്പെടാത്തത് 'വേലി തന്നെ വിളവു തിന്നുന്നു' എന്ന സ്ഥിതി വിശേഷം കൊണ്ടാണ്.

അടിമപ്പണി കേരളാപോലീസിലെയോ കേരളത്തിലെ മറ്റു മേഖലകളിലെയോ മാത്രം പ്രതിഭാസമല്ല. സായുധസേനാ വിഭാഗങ്ങളിലും , ഇന്ത്യൻ റെയിൽവേ പോലുള്ള ബൃഹത് സ്ഥാപനങ്ങളിലും ഈ ദുഷ്പ്രവണത നിലവിലുണ്ട്. ഇതെല്ലാം അഭംഗുരം തുടരുന്നതിന്റെ പ്രധാനകാരണം നമ്മുടെ രാഷ്ട്രീയ ഭരണ നേതൃത്വത്തിന്റെ ഇച്ഛാശക്തി ഇല്ലായ്മയാണ്. മന്ത്രിമാരും, പ്രതിപക്ഷ നേതാവും, ക്യാബിനറ്റ് റാങ്കിൽ നിയമിതരാകുന്ന മറ്റു കേമന്മാരും എല്ലാം തന്നെ അനർഹവും, അവിഹിതവുമായ സേവകരെ കൊണ്ടു നടക്കുന്നു. സർക്കാർ ശമ്പളത്തിൽ, പെൻഷൻ അവകാശത്തോടുകൂടി നിയമിക്കപ്പെടുന്ന അനേകം "Personal Staff" എന്ന പേരിൽ അറിയപ്പെടുന്ന അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനും, നിയമിക്കുന്നതിനും, നിയമങ്ങളൊന്നും ബാധകമല്ല. സ്വേച്ഛാധികാരം ആണ് പ്രയോഗിക്കപ്പെടുന്നത്. ചില ഘട്ടങ്ങളിൽ ചില മന്ത്രിമാരുടെ "Personal Staff List " പരിശോധിച്ചാൽ ഒരു പ്രത്യേക മതവിഭാഗത്തിൽപ്പെട്ടവരെ മാത്രമേ കാണാൻ കഴിയുകയുള്ളൂ. മതനിരപേക്ഷത എന്ന ഭരണഘടനയുടെ അടിസ്ഥാന തത്ത്വം അവിടെ ലംഘിക്കപ്പെട്ടു എന്ന് ആർക്കെങ്കിലും തോന്നിയാൽ തെറ്റു പറയാനാവുമോ? അർഹരായ എല്ലാവർക്കും അവസരസമത്വം നൽകാതെ, സംവരണ തത്ത്വങ്ങൾ പാലിക്കാതെ സ്വന്തക്കാരെയും സിൽബന്ധികളെയും സർക്കാർ ലാവണങ്ങളിൽ നിർലജ്ജം തിരുകി കയറ്റുന്ന സമ്പ്രദായം ചോദ്യം ചെയ്യാൻ ഒരു കാലത്തും നമ്മുടെ ഭരണപക്ഷമോ പ്രതിപക്ഷമോ തയ്യാറായിട്ടില്ല. അഭ്യസ്ത വിദ്യരായ തൊഴിലില്ലാത്ത യുവാക്കൾ തയ്യാറായിട്ടില്ല. അപ്രകാരം ചോദ്യം ചെയ്ത് ഉന്നത നീതിപീഠത്തിലെത്തിയാൽ അതിനു തീരുമാനം നൽകേണ്ട ജഡ്ജിമാർക്ക് മനസ്സാക്ഷിക്കുത്തില്ലാതെ ഭരണഘടനാ നിയമവ്യവസ്ഥകളെക്കുറിച്ചു പറയാൻ കഴിയില്ല. സമീപകാലത്ത് കൂടുതൽ കൂടുതൽ വെളിപ്പെട്ടു കൊണ്ടിരിക്കുന്ന ഭരണഘടനാ ലംഘനം നമ്മുടെ, ഈ ജനങ്ങളുടെ കണ്ണു തുറപ്പിക്കട്ടെ.

# കരയോഗധനസഹായ പദ്ധതി

**എറണാകുളം കരയോഗം 2018 ൽ സാമൂഹ്യസേവന പ്രവർത്തനങ്ങളുടെ ഭാഗമായി നല്കുന്ന വിദ്യാഭ്യാസ ധനസഹായം, വൃക്കരോഗികൾക്ക് ഡയാലിസിസിനുള്ള ധനസഹായം എന്നിവയ്ക്കുള്ള അപേക്ഷാഫോറങ്ങൾ കരയോഗം ഓഫീസിൽ നിന്നും ജൂലായ് 10-ാം തിയതി മുതൽ 16-ാം തീയതി വരെ ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ വിതരണം ചെയ്യുന്നതായിരിക്കും. വിദ്യാഭ്യാസ ധനസഹായത്തിനുള്ള അപേക്ഷയ്ക്ക് സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റിന്റെ കോപ്പി ഹാജരാക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷകൾ നിബന്ധനകളിൽ പറഞ്ഞിരിക്കുന്ന രേഖകൾ സഹിതം 18-ാം തീയതി മുതൽ 21-ാം തീയതി വരെ കരയോഗം ഓഫീസിൽ നേരിട്ട് നൽകി രസീത് കൈപ്പറ്റേണ്ടതാകുന്നു. സർക്കാർ/ എയ്ഡഡ് സ്കൂളുകളിലും, കോളേജുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കു മാത്രമേ വിദ്യാഭ്യാസ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളു. സ്വാശ്രയ കോഴ്സുകളിൽ/കോളേജുകളിൽ പഠിക്കുന്നവരുടെ അപേക്ഷകൾ പരിഗണിക്കുന്നതല്ല.**

**എന്ന്, ജനറൽ സെക്രട്ടറി**





തുടർച്ച

# ദശരഥനും പുത്രന്മാരും

ഡോ.രാജേശ്വരി കുഞ്ഞമ്മ (ഫോൺ: 93883 82009)

യുദ്ധശേഷം രാമസന്നിധിയിലെത്തിയ സീതയോടുള്ള രാമന്റെ പെരുമാറ്റം എല്ലാവരേയും അത്ഭുതപ്പെടുത്തി. ഗൃഹങ്ങളും വസ്ത്രങ്ങളും ആചാരങ്ങളുമല്ല, സ്ത്രീയുടെ ആവരണം ചാരിത്ര്യമാണെന്നു രാമൻ പറയുന്നു. താൻ സീതയെ വീണ്ടെടുത്തത് കുലത്തിന്റെ കളങ്കം മായിക്കാനാണെന്നും സീതക്ക് പത്തു ദിക്കിൽ ഏതിലേക്കുവേണമെങ്കിലും പോകാമെന്നും പരഗൃഹത്തിൽ പാർത്ത ഒരു സ്ത്രീയെ സ്വീകരിക്കാൻ കഴിയില്ലായെന്നും ആരോടുകൂടി വേണമെങ്കിലും പോകാമെന്നും വാല്മീകി രാമനെക്കൊണ്ടു പറയിക്കുന്നു. അഗ്നിയിൽ നിന്നും യാതൊരു പരുക്കും കൂടാതെ അഗ്നിദേവൻ സീതയെ രാമനു നൽകി പറഞ്ഞു അപങ്കിലയായ സീതയെ സ്വീകരിക്കുകയെന്ന്. മറുപടിയായി രാമൻ, ജാനകിയെ പരിശുദ്ധയാണെന്നു തെളിയിക്കാതെ സ്വീകരിച്ചാൽ ദശരഥാത്മജനായ തന്നെ ബാലിശനും കാമാത്മാവുമാണെന്നു ജനം പറയും. രാവണനു സീതയെ മനസ്സുകൊണ്ടുപോലും തീണ്ടാൻ കഴിയില്ലായെന്നും മൂന്നു ലോകത്തിലും വിശുദ്ധയാണെന്നും പറഞ്ഞു. ഇക്കാര്യങ്ങളെല്ലാം പറയാൻ ദശരഥമഹാരാജാവ് തുടങ്ങിയെല്ലാവരെയും തന്നെ സന്നിഹിതരാക്കി. കൈകേയിക്കും ഭരതനും ഏൽക്കേണ്ടിവന്ന ശാപവും കൂടി ഇല്ലാതാക്കി. കൂടാതെ ഇന്ദ്രനെക്കൊണ്ട് മരിച്ച വാനരന്മാരെയെല്ലാം ജീവിപ്പിക്കുകയും ചെയ്തു.

വിഭീഷണന്റെ ആതിഥ്യസൽക്കാരത്തിൽ താല്പര്യം കാണിക്കാതെ ധർമ്മചാരിയായ ഭരതനെ കൂടാതെ സ്നാനവും അലങ്കാരവും ഒന്നും വേണ്ടെന്നും തനിക്കും അയോധ്യയിലേക്ക് ഉടൻ തന്നെ പോകണമെന്നും രാമൻ ശഠിച്ചു. രാമൻ പുഷ്പകവിമാനത്തിൽ ഏറി വിടവാങ്ങി. ഭരദ്വാജമഹർഷിയുടെ ആശ്രമത്തിലിറങ്ങി വിശ്രമിച്ചു. അയോദ്ധ്യയേക്കുറിച്ചു ചിന്തിച്ച രാമൻ അയോദ്ധ്യയിൽപോയി വിവരം അന്വേഷിക്കാൻ ഹനുമാനെ ചുമതലപ്പെടുത്തി. ഭരതനോടു വിവരം പറയുകയും മുഖഭാവം നിരീക്ഷിക്കണമെന്നും രാമൻ പറയുന്നു. ഹനുമാൻ നന്ദിഗ്രാമത്തിൽ, മരവുരി ധരിച്ച് മലിനഗാത്രനായ സഹോദരവിയോഗത്തിൽ ദുഃഖിതനായ, രാമപാദുകങ്ങൾ മുൻപിൽവെച്ച് രാജ്യപരിപാലനം നടത്തുന്ന ഭരതനെ കണ്ടുവെന്നാണ് വിവരിക്കുന്നത്. ഹനുമാനിൽനിന്നും വിശദവിവരങ്ങൾ അറിഞ്ഞ ഭരതൻ ആനന്ദാതിരേകത്താൽ ബോധം മറഞ്ഞ് നിലത്തു വീണുവെന്നും പെട്ടെന്നെഴുന്നേറ്റ് ഹനുമാൻ ദേവനാണോ മനുഷ്യനാണോ എന്നു സംശയിക്കുന്നുവെന്നും പറഞ്ഞതിനുശേഷം സമ്മാനങ്ങൾ നൽകി നൂറ്റാണ്ടു കൂടുമ്പോഴെങ്കിലും സന്തോഷം ലഭിക്കുമെന്നുള്ള പഴഞ്ചൊല്ല് തന്റെ കാര്യത്തിൽ സത്യമായി തീർന്നിരിക്കുന്നുവെന്നും പറഞ്ഞു. മുഴുവൻ ചരിത്രവും ചോദിച്ചു മനസ്സിലാക്കുന്ന ഭരതൻ രാമാഗമനത്തിനു വേണ്ടി എന്തുമാത്രം കാത്തിരുന്നുവെന്നും കാണാം. ഹനുമാന്റെ മധുര വാക്യങ്ങൾ കേട്ടു ഏറെക്കാലമായുള്ള തന്റെ ആഗ്രഹം സാധിച്ചുവെന്നും പറഞ്ഞു വേണ്ടുന്ന കാര്യങ്ങൾ ചെയ്യുന്നതിനായി ശത്രുഘ്നനെ ഏൽപ്പിച്ചു. രാമൻ പുഷ്പകവിമാനത്തിൽ ആഗതനായി. എല്ലാവരും പരസ്പരം ആലിംഗനം ചെയ്ത് വരവേറ്റു. അങ്ങയുടെ രാജ്യത്തെ മുഴുവൻ സംരക്ഷിച്ച് ഞാൻ തിരികെ ഏൽപ്പിക്കുന്നുവെന്നും മറ്റും പറയുന്ന ഭരതനെ കണ്ട് വാനരന്മാരും വിഭീഷണനും കണ്ണുനീരൊഴുക്കിയെന്നു വാല്മീകി പറയുന്നു. സാഹോദര്യ സ്നേഹത്തിന്റെ നിറകുടമാണ് ഈ നാൽവർ. കെൽപുറ്റ കാള ഒറ്റക്കു ചുമക്കുന്ന ഭാരം ഒരു കന്നുകുട്ടിക്കു ചുമക്കാൻ കഴിയില്ലായെന്നും രാമൻ അഭിഷിക്തനായി സൂര്യനേപ്പോലെ പ്രതാപിയായിരിക്കണമെന്നും പറഞ്ഞു. ശത്രുഘ്നൻ രാമനേയും ദശരഥപത്നിമാർ സീതയേയും അണിയിച്ചൊരുക്കുന്നതിൽ വ്യാപൃതരായി. രാമാഭിഷേകം നടന്നു. രാമൻ യുവരാജാവാകാൻ ലക്ഷ്മണനെ പ്രേരിപ്പിച്ചു. എന്നാൽ ലക്ഷ്മണൻ കൂട്ടാക്കിയില്ല. ഭരതൻ യുവരാജാവായി. അങ്ങനെ രാജ്യം പുരോഗതിയിലേക്കു നീങ്ങി.

രാമന്റെ കരുതലും സ്നേഹവും പ്രകടമാക്കുന്നതിനായി രാമൻ സുഗ്രീവനോട് അംഗദനേയും ഹനുമാനേയും സംരക്ഷിക്കണമെന്നു പറഞ്ഞ് തന്റെ ശരീരത്തിൽനിന്നും ആഭരണങ്ങൾ ഊരി അവരെ ധരിപ്പിക്കുന്നതായും പേരെടുത്തു വിളിക്കുന്നതായും വാല്മീകി വിവരിക്കുന്നു. ശ്രീരാമന് ഹനുമാനോടുള്ള

നന്ദിയും സ്നേഹവും പ്രകടമാക്കുന്ന വർണ്ണനകൾ നമുക്കു കാണാം. രാമന്റെ കഥ പ്രചരിക്കുന്നിടത്തോളം കാലം ഹനുമാന്റെ കീർത്തിയും പ്രാണനും നില നിൽക്കുമെന്നു പറഞ്ഞു കണ്ഠത്തിൽനിന്നു പതക്കം ഊരി ഹനുമാന്റെ മാറിലണിഞ്ഞു.

രാമനും സീതയും സന്തോഷത്തോടുകൂടി കഴി യുന്ന സമയത്ത് പൗരന്മാരുടെ വൃത്താന്തമന്വേഷി ക്കാൻ രാമൻ പറയുകയും അങ്ങനെ സീതാദേവിയേ ക്കുറിച്ചുള്ള ഒരപവാദം രാമനറിയുകയും ചെയ്തു. രാമൻ സഹോദരന്മാരെ വിളിപ്പിച്ച് വിവരം ധരിപ്പിച്ചു. അവസാനം സീതാപരിത്യാഗം വന്നുചേർന്നു. ഈ ചുമതലയും ലക്ഷ്മണനായിരുന്നു. ഇവിടെ സീത ഗർഭിണിയാണ്. ആ അവസ്ഥയിൽ ഋഷിമാരെ കാണ ണമെന്നു സീത പറഞ്ഞിരുന്നു. ഇതിന്റെ മറ പിടിച്ച് വാല്മീകാശ്രമത്തിന്റെ സമീപം ഉപേക്ഷിക്കുവാൻ ലക്ഷ്മണനോടു പറഞ്ഞു. ലക്ഷ്മണൻ അങ്ങനെ സീതയോടു പറയുകയും സന്തുഷ്ടയായ സീതയെ രഥത്തിൽ കയറ്റി ലക്ഷ്മണൻ പോകുകയാണ് ചെ യ്തത്. വേദനിക്കുന്ന ലക്ഷ്മണനെ കണ്ടിട്ട് ഒന്നും മനസ്സിലാകാതെ സീത പറഞ്ഞു, കൊച്ചുകുട്ടികളേ പ്പോലെ ലക്ഷ്മണൻ ദുഃഖിക്കുന്നുവെന്ന്. ഇവിടെ യെല്ലാം ദശരഥന്റെ സന്തതസഹചാരിയായിരുന്ന സുമന്ത്രർ പണ്ടു മുനിവര്യന്മാരുടെ പ്രവചനങ്ങൾ കേട്ട കഥകൾ ലക്ഷ്മണനോടു പറഞ്ഞു സമാധാനി പ്പിക്കുകയാണ്. തിരികെ ചെന്ന ലക്ഷ്മണൻ കണ്ണു നീർ നിറഞ്ഞ മിഴിയുമായി ഇരിക്കുന്ന രാമനെ കണ്ടു വെന്നാണ് വിവരിക്കുന്നത്. ഇവിടെയൊക്കെ രാമൻ ഇക്ഷ്വാകുവംശത്തിന്റെ കീർത്തി മാത്രമാണ്, കർ ത്തവ്യം മാത്രമാണ് ലക്ഷ്യമാക്കിയത് എന്നൊക്കെ പറഞ്ഞാണ് സമാധാനിക്കുന്നത്.

ലവണവധത്തിനായി രാമൻ പറഞ്ഞ തന്ത്ര ങ്ങളിലൂടെ യുദ്ധത്തിനു പുറപ്പെട്ട ശത്രുഘ്നൻ വാ ല്മീകി ആശ്രമത്തിൽ താമസിച്ചു. അതേദിവസംത ന്നെയാണ് സീതയുടെ പുത്രന്മാർ ജനിക്കുന്നത്. ലവണാസുര വധത്തിനുശേഷം ശത്രുഘ്നനവിടം ഭരിച്ചു. മധുരാപുരി പടുത്തുയർത്തി. വാത്മീകി ആശ്ര മത്തിൽ നിന്നും രാമഗീതി കേൾക്കാൻ സാധിച്ച ശത്രുഘ്നന് ഉറങ്ങാൻ കഴിഞ്ഞില്ല. അയോദ്ധ്യയി ലെത്തിയ ശത്രുഘ്നനെ മധുരയിലേക്കു തന്നെ രാമൻ തിരികെ വിട്ടു.

ഭരതന്റെ വാക്കുകൾ അമൃതമയമാണ്. ഈ വാക്കുകൾ രാമനെ രാജസൂയ യജ്ഞത്തിൽനിന്നും പിൻതിരിപ്പിച്ചു. രാമൻ പറഞ്ഞു, ഭരതന്റെ വാക്കു കൾ ധർമ്മബോധത്തോടു കൂടിയതാണ്. അതുകൊ ണ്ടു ഞാൻ രാജസൂയത്തിൽനിന്നു പിൻമാറുന്നു. ലക്ഷ്മണന്റെ നിർദ്ദേശപ്രകാരം അശ്വമേധയജ്ഞം നിശ്ചയിക്കപ്പെട്ടു. രാമൻ ചുമതലകൾ ലക്ഷ്മണനെ ഏൽപിച്ചു. വാല്മീകിമഹർഷി അവിടെയെത്തി. അദ്ദേഹം തന്റെ രണ്ടു പ്രിയശിഷ്യരോടും രാമച രിതം പാടുവാൻ ഏൽപ്പിച്ചു. രാമൻ ആവശ്യപ്പെ ട്ടാൽ അവിടെയും പാടണമെന്നു പറഞ്ഞു. അവരുടെ സംഗീതം ആർക്കും മതിവന്നില്ല. അമാനുഷവും അതിവിശിഷ്ടവുമായിരുന്നു ആ സംഗീതം. രാമൻ തുടർച്ചയായി ആ സംഗീതം കേട്ടു. രാമന് ലവകുശ ന്മാരായ കുട്ടികൾ തന്റെ പുത്രന്മാരാണെന്നു മനസ്സി ലായി. അങ്ങനെ സീതയെ ഇവിടെ കൊണ്ടുവന്ന് അഗ്നിശുദ്ധി പ്രത്യക്ഷമാക്കുവാൻ വാല്മീകിയോ ടു പറയുവാനായി ദൂതനെ അയക്കുന്നു. വാല്മീ കി സ്ത്രീകൾക്ക് പതിയാണ് ദൈവമെന്ന് പറഞ്ഞു സമ്മതിക്കുകയും ചെയ്തു. രാമൻ എല്ലാ മഹർഷി മാരേയും ക്ഷണിച്ചു. ക്ഷത്രിയരേയും വൈശ്യന്മാ രേയും ക്ഷണിച്ചു. വാല്മീകിയുടെ പുറകിൽ സീത വന്നു. വാല്മീകി, സീത ശപഥപ്രമാണം തരുമെ ന്നു പറഞ്ഞു. ഈ പുത്രന്മാർ രാമന്റെയാണെന്നും മറ്റും തന്റെ തപശക്തിയാൽ അറിഞ്ഞുവെന്നും മറ്റും പറയുന്നു. എന്നാൽ സീത കൈകൂപ്പിക്കൊ ണ്ട് രാഘവനൊഴികെ ആരെയും ഞാൻ മനസ്സിൽ ചിന്തിച്ചിട്ടുപോലുമില്ലായെന്നതു സത്യമാണെങ്കിൽ ഭൂമിദേവി എനിക്കിടം തരുമെന്നു പറഞ്ഞു. അവിടെ നടന്ന അത്ഭുതം വർണ്ണനാതീതമാണ്. ദിവ്യസിം ഹാസനത്തിൽ ഭൂമിദേവി മൈഥിലിയെ എടുത്തു പാതാളത്തിലേക്കു പോയി. ഇതു കണ്ട രാമൻ ദീ നമാനസനായി കരഞ്ഞുവെന്നും മറ്റുമാണ് വാല് മീകി വിവരിക്കുന്നത്. ക്രോധംകൊണ്ട് സർവ്വതും നശിപ്പിക്കുവാനൊരുമ്പെട്ട രാമനെ ബ്രഹ്മാവ് തന്റെ പൂർവ്വഭാവം ഓർമ്മിപ്പിക്കുകയാണ് ചെയ്യുന്നത്. രാ മന് ലോകംതന്നെ അർത്ഥശൂന്യമായി തോന്നിത്തു ടങ്ങി. പിന്നീട് 3 മാതാക്കളും സ്വർഗ്ഗസ്ഥിതരായി. ലക്ഷ്മണ ഭരതപുത്രന്മാരായ അംഗദനെ കാരുപഥ (അംഗദദേശം) മെന്ന ദേശത്തും, ചന്ദ്രകേതുവിനെ ചന്ദ്രകാന്തം എന്നദേശത്തും വാഴിച്ചു. തക്ഷനെ തക്ഷശിലയിലും പുഷ്കലനെ പുഷ്കലാവനത്തി ലും വാഴിച്ചു. ഇതിനുശേഷം ലക്ഷ്മണനും ഭരതനും രാമനുമായി അയോദ്ധ്യയിൽ താമസിച്ചു.

സാക്ഷാൽ ബ്രഹ്മാവ് കാലനിലൂടെ രാമന്റെ തിരിച്ചുവരവ് അറിയിച്ചു. ഈ സമയം അവിടേക്കു കടന്നുചെല്ലുന്നവർക്ക് വധദണ്ഡ് ശിക്ഷയായിരി ക്കുമെന്നുള്ള വാക്ക് ലക്ഷ്മണന് ഭേദിക്കേണ്ടിവന്നു. ദുർവ്വാസാവിന്റെ കോപത്താൽ എല്ലാം നശിക്കാ തിരിക്കണമെങ്കിൽ തന്റെ മരണം തന്നെ നടക്കണ മെന്നുതോന്നിയ ലക്ഷ്മണൻ അവിടേക്കു ചെന്നു. ദുർവ്വാസാവും പോയശേഷം തലകുനിച്ച് ഗ്രഹണ ത്തിൽപ്പെട്ട ചന്ദ്രനെപ്പോലെയിരിക്കുന്ന രാമനെക്ക ണ്ട് ലക്ഷ്മണൻ പ്രതിജ്ഞ തെറ്റിക്കാതെ തന്നെ വധിക്കുവാനാവശ്യപ്പെട്ടു.

മുനിവര്യന്മാരുമായി ആലോചിച്ചു. പ്രതിജ്ഞ പാലിക്കാതിരുന്നാൽ ധർമ്മം നശിക്കുമെന്നുള്ള മു നിവാക്യം ശ്രവിച്ചു ലക്ഷ്മണനെ പരിത്യജിക്കുവാൻ രാമൻ തയാറായി. ലക്ഷ്മണൻ അങ്ങനെ സരയൂന ദീതീരത്ത് ശ്വാസമടക്കി മരണം വരിക്കാൻ തയാറാ യി. ലക്ഷ്മണനെ ശരീരത്തോടകൂടി എടുത്തുകൊ ണ്ട് ഇന്ദ്രൻ സ്വർഗ്ഗലോകത്തേക്കു പോയിയെന്നും വിഷ്ണുവിന്റെ നാലിലൊരംശം അങ്ങനെ തിരിച്ചു സ്വർഗ്ഗത്തിലെത്തിയെന്നും വിവരിക്കുന്നു.

ലക്ഷ്മണനെ പരിത്യജിച്ചത് രാമന് സഹിക്കാ വുന്നതല്ല. ഭരതനെ രാജ്യഭാരം ഏൽപ്പിച്ച് ലക്ഷ്മ ണന്റെ വഴി തെരഞ്ഞെടുക്കാൻ രാമൻ തയാറായി. രാമന്റെ വാക്കുകൾ കേട്ട് ഭരതൻ ബോധമറ്റവനായി. തനിക്കു രാജ്യം വേണ്ടെന്നും ലവകുശന്മാരെ രാജ്യാ ധിപതികളാക്കണമെന്നും പറഞ്ഞു. തെക്കേ കോ സലത്തിൽ കുശൻ, ഉത്തരകോസലത്തിൽ ലവൻ. പിന്നീട് ശത്രുഘ്നനെ വരുത്താൻ വേണ്ടതു ചെയ് തു. ശത്രുഘ്നൻ മധുരയിലെത്തി. അദ്ദേഹം ജ്യേ ഷ്ഠന്മാരെ അനുഗമിക്കാൻ തയാറായി. പുത്രന്മാരായ സുബാഹുവിനു മധുരയും ശത്രുഘ്നാതിക്ക് വൈ ദിശികവും നൽകി. തിരിച്ച് അയോദ്ധ്യയിലെത്തി.

രാമന്റെ നിശ്ചയമറിഞ്ഞ് പ്രജകളും സുഗ്രീവാ ദികളും എത്തി. അവർ രാമനെ അനുഗമിക്കാൻ തയാറായി. ലങ്കയിൽ ഭരണം തുടർന്നു നടത്താൻ വിഭീഷണനോടു പറഞ്ഞു. ലോകത്തിൽ ശ്രീരാമകഥ പ്രചരിക്കുന്നിടത്തോളം കാലം ഭൂമിയിൽ വസിക്ക ണമെന്നു ഹനുമാനോടു പറഞ്ഞു.

പിറ്റേ ദിവസം രാമൻ സർവ്വരാലും അനുഗ മിച്ചു. ബ്രഹ്മാവിന്റെ ആഗ്രഹപ്രകാരം ശ്രീരാമൻ വൈഷ്ണവതേജോരൂപത്തിലേക്ക് സശരീരനായി പ്രവേശിച്ചു. അനുഗമിച്ചവരെല്ലാം സന്താനമെന്നുള്ള ലോകം പൂകി. രാമൻ ഇക്ഷ്വാകുവംശത്തിന്റെ പ്രതി നിധിയാണ്. വാല്മീകിരാമായണം രചിക്കപ്പെട്ട കാ ലഘട്ടത്തിൽനിന്നുകൊണ്ട് ചിന്തിച്ചാൽ വാഗ്ദാന ലംഘനം ഒരു വലിയ പാപമായി കരുതിയിരുന്ന കാലമായിരുന്നു. രാമൻ കാട്ടിൽ പോയത് പിതാവി ന്റെ വാഗ്ദാനം പാലിക്കാൻ. ബാലിവധം തുടങ്ങി പിന്നെയെല്ലാം തന്നെ. രാവണവധത്തിനുശേഷം രാമൻതന്നെ സീതയോടു പറയുന്നു, എന്റെ ധർമ്മം ഞാൻ ചെയ്തു. നിനക്ക് എവിടെവേണമെങ്കിലും ജീവിക്കാം. കുലവും കുലത്തിന്റെ പേരും സ്വന്തം സ് നേഹത്തേക്കാൾ മുകളിലാണെന്ന ധർമ്മബോധം രാ മനുണ്ടായിരുന്നു. സഹോദരസ്നേഹം ഇതുപോലെ തിരിച്ചറിയാൻ കഴിയുന്ന വ്യക്തിത്വങ്ങൾ വേറൊരു കൃതിയിലും ഇല്ലായെന്നു പറയാം. അമ്മമൂലം രാ ജ്യവും അധികാരവും സ്വന്തം ശിരസിൽ കിട്ടിയിട്ടും സഹോദരനോടുള്ള ബഹുമാനവും സ്നേഹവും നിമിത്തം പാദരക്ഷകൾ വെച്ച് ഭരണം നടത്തുന്ന ഭരതൻ, ഉറക്കംപോലും ഉപേക്ഷിച്ച് ജ്യേഷ്ഠനേയും ജ്യേഷ്ഠപത്നിയേയും പരിപാലിക്കുന്ന ലക്ഷ്മണൻ. സീതയെ പരിത്യജിക്കുമ്പോഴുണ്ടാകുന്ന വേദനയേ ക്കാൾ ലക്ഷ്മണന്റെ പരിത്യാഗത്തിന് ശക്തി കൂടുത ലുണ്ടോ എന്നു തോന്നിപ്പോകുമായിരുന്നു രാമന്റെ വാക്കുകളും പ്രവർത്തികളും.

രാമൻ സീതയെ പരിത്യജിച്ച സംഭവം വളരെ യേറെ ചർച്ചചെയ്യപ്പെട്ട ഒന്നാണ്. വാല്മീകി രാമായ ണം എഴുതാൻ കാരണം മര്യാദാപുരുഷോത്തമനായ ഒരു മഹാത്മാവിന്റെ ചരിതം എന്ന ലക്ഷ്യത്തോടെ യായിരുന്നു. അന്നത്തെ ഒരു പുത്രന്റെ, രാജാവി ന്റെയൊക്കെ മുകളിലായി ബാക്കി ഒരു ധർമ്മവും ഇല്ലായിരുന്നു. രാമൻ സീതയെ പ്രാണനായി കരുതി. സീതയും അങ്ങനെതന്നെ. പതിയുടെ വാക്കുകൾ അനുസരിക്കുകയെന്ന ധർമ്മം സീത അനുഷ്ഠിച്ചു. സ്വന്തം അമ്മ സ്വാർത്ഥതയോടെ നേടിക്കൊടുത്ത രാജ്യവും ധനവും നിസ്സാരമാക്കി കളയാനും ധർമ്മ ത്തേയും ത്യാഗത്തേയും മുറുകെപിടിക്കുന്ന ഭരത നും, സ്വന്തം ജ്യേഷ്ഠത്തിയുടെ കാലടികൾ മാത്രം ദർശിച്ചു, സ്വന്തം ഭാര്യയെ നിർദ്ദയം ഉപേക്ഷിച്ച്, ഒരു വാക്കുപോലും പറയാതെ ശ്രീരാമകാലടികളെ പിന്തുടർന്ന ലക്ഷ്മണനും ഒരു കാലഘട്ടത്തിന്റെ ആദർശധീരരായിരുന്നു. പ്രജാധർമ്മവും കുലധർ മ്മവും പ്രതിജ്ഞാപാലനവും മുഖമുദ്രയായി കഴി യുന്ന ഇക്ഷ്വാകുവംശത്തിന്റെ കണ്ണിയാണ് ശ്രീരാമൻ. ഹരിശ്ചന്ദ്രൻ തുടങ്ങിയ മഹാരഥന്മാരുടെ പരമ്പര. രണ്ടാമതൊന്നാലോചിക്കാതെ ധാർമ്മികതയെ മറ്റെ ന്തിനും മുകളിലായി കാണുന്ന രാമൻ സീതയെ പരിത്യജിച്ചതിൽ അത്ഭുതപ്പെടാനില്ല.

മിഥിലയിലെ സാംസ്കാരിക പാരമ്പര്യത്തിൽ വളർന്ന സീതയും ഇതുതന്നെയാണ് ചെയ്തത്. പത്നീധർമ്മം അനുസരിച്ച് ഒരു പ്രാവശ്യം അഗ്നിപ രീക്ഷക്കു തയാറായി. രണ്ടാമതൊന്നു കൂടി വേണ്ടി വന്നപ്പോൾ സ്വയം ഭൂമീദേവിയുടെ മടിത്തട്ടിലേക്കു മറഞ്ഞു. അന്നത്തെ ജനത, പുരുഷനായാലും സ് ത്രീയായാലും ആത്മാഭിമാനം കാത്തുസൂക്ഷിക്കു ന്നതിൽ പ്രഥമ സ്ഥാനം കൊടുത്തിരുന്നു.

ധർമ്മാർത്ഥകാമമോക്ഷങ്ങൾ പ്രാപ്തമാക്കി ധർമ്മമനുഷ്ഠിച്ച് കർത്തവ്യനിരതമായ കർമ്മങ്ങ ളിലൂടെ പരമപദം പ്രാപിക്കലാണ് മനുഷ്യധർമ്മം. മഹാവിഷ്ണു രാമൻ എന്ന മനുഷ്യനായി ഭൂമിയിൽ

അവതരിച്ചപ്പോൾ സ്വന്തം കുലധർമ്മം പാലിക്കയെന്നതാണല്ലോ കർത്തവ്യം. രാജധർമ്മം സ്വന്തം സൗഭാഗ്യമായിക്കരുതി നിഷ്ടാപൂർവ്വം സ്വന്തം പ്രജകളെ സേവിച്ച ഈ നാൽവർ മനുഷ്യജന്മമായി സാംസ്കാരിക പാരമ്പര്യത്തിന്റെ പ്രതീകമായിട്ടാണ് വാല്മീകി വരച്ചു കാണിക്കുന്നത്. പ്രജകൾക്ക് ഏതെങ്കിലും തരത്തിൽ ദുഃഖമുണ്ടാകുന്നത് രാജാവിന്റെ ദോഷംകൊണ്ടാണെന്ന് അക്കാലത്താളുകൾ വിശ്വസിച്ചിരുന്നു. രാമൻ ശംബുകൻ എന്ന ശൂദ്രനെ വധിച്ചത് ഈ കാഴ്ചപ്പാടിലൂടെയാണ്. ധർമ്മത്തിൽ അധിഷ്ഠിതമായ പ്രജാവാത്സല്യം നിറഞ്ഞ ഒരു മനുഷ്യജന്മമായിരുന്നു ശ്രീരാമന്റേത്. സ്വത്തിനോ ഭോഗത്തിനോ അവിടെ സ്ഥാനമില്ല.

രാമന്റെ കാലത്ത് ജനങ്ങൾ ഹർഷമോദിതരും സന്തുഷ്ടരും സമ്പൂർണ്ണരും ആയിരുന്നുവെന്ന് വാല്മീകി വിവരിക്കുന്നു. സമുദ്രം നദികൾക്കെന്നപോലെ സത്തുക്കൾക്ക് അഭിഗമ്യനും സർവ്വഗുണ സമ്പന്നനുമാണ് രാമൻ എന്ന നാരദവാക്യം പ്രത്യേകം ഓർത്തുകൊണ്ടാണ് വാത്മീകി രാമായണകാവ്യ രചന നടത്തിയത്.

# വിവാഹ സമ്മാനങ്ങൾ വാങ്ങുന്നതും, കൊടുക്കുന്നതും, ആർഭാടപൂർവ്വം വിവാഹങ്ങൾ നടത്തുന്നതും നിരുത്സാഹപ്പെടുത്തേണ്ടത് ആവശ്യമാണ്

**വി. ജി. ബാലകൃഷ്ണൻ**

തങ്ങളുടെ മക്കളുടെ വിവാഹ നിശ്ചയം കഴിഞ്ഞ്, വിവാഹ തിയതി നിശ്ചയിച്ചശേഷം, സ്വന്തക്കാരേയും, ബന്ധുക്കാരേയും, സ്നേഹിതന്മാരേയും മറ്റും, വിവാഹത്തിൽ പങ്കെടുക്കുന്നതിന് ക്ഷണിച്ചുകൊണ്ട് ക്ഷണകത്തുകൾ അയക്കുകയും, നേരിട്ട് ക്ഷണിക്കുകയും ചെയ്യുന്നത് പതിവാണ്. വിവാഹ സമ്മാനം നൽകുന്നതും, സ്വീകരിക്കുന്നതും ഉറ്റ ബന്ധുക്കൾ തമ്മിൽ മാത്രം നടപ്പിലാക്കേണ്ട ഒരു പ്രധാന ചടങ്ങാണ്. ക്ഷണിക്കപ്പെട്ടവരെല്ലാവരും സമ്മാനപ്പൊതിയും കൊണ്ട് വരുന്നതും, ഈ സമ്മാനപ്പൊതി നൽകുന്നതും വാങ്ങുന്നതും അവസാനിപ്പിക്കുക തന്നെ വേണം. വിവാഹം നടത്തുന്നതിനും വിവാഹ സദ്യ നടത്തുന്നതിനും, ചായ സൽക്കാരം നടത്തുന്നതിനും, സ്വർണ്ണാഭരണങ്ങൾ വാങ്ങേണ്ടതിനും, മറ്റുമായി ലക്ഷക്കണക്കിന് രൂപാ ചിലവാക്കുന്ന മാതാപിതാക്കൾ, എന്തിന് അന്യരിൽ നിന്ന് വിവാഹ സമ്മാനങ്ങൾ ആഗ്രഹിക്കുന്നു എന്നറിയില്ല. സ്വന്തക്കാരും ബന്ധുക്കാരും തമ്മിൽ, സമ്മാനങ്ങൾ നൽകേണ്ടതും, സ്വീകരിക്കേണ്ടതും ഒഴിച്ചുകുടാത്ത ഒരു ആവശ്യമാണ് കാരണം, ഉറ്റ ബന്ധുക്കളുടെ മക്കളുടെ വിവാഹ ചടങ്ങുകളിൽ പങ്കെടുക്കുകയും അന്യോന്യം വിവാഹ സമ്മാനം നൽകുന്നതിലും സ്വീകരിക്കുന്നതിലും, സന്തോഷവും ന്യായവുമുണ്ട്. കുടുംബബന്ധങ്ങൾ ഏക്കാലവും നിലനിർത്തേണ്ടതിന് ഈ ആചാരം ആവശ്യമാണ്.

എന്നാൽ, ലക്ഷക്കണക്കിന് രൂപ ചെലവാക്കി വിവാഹം നടത്തുമ്പോൾ മറ്റുള്ളവരിൽ നിന്ന് സമ്മാനപ്പൊതി ലഭിക്കണമെന്ന് ആഗ്രഹിക്കുന്നത് ശരിയല്ല. വിവാഹച്ചെലവിൽ, തന്നെ മക്കൾക്ക് ആവശ്യമുള്ള സാധനങ്ങൾ സ്വന്തം ചെലവിൽ മാതാപിതാക്കൾ വാങ്ങികൊടുക്കുകയാണ് ശരിയായ നടപടി, സ്റ്റീൽ പാത്രങ്ങളും പ്ലാസ്റ്റിക്ക് സാധനങ്ങളുമായി ലഭിക്കുന്ന വിവാഹ സമ്മാനങ്ങൾ കൂട്ടിയിട്ടിട്ട് എന്തു കാര്യം? ആയതിനാൽ ഇക്കാര്യത്തിൽ ദയവായി ഒരു ഉറച്ച തീരുമാനം വധുവരന്മാരുടെ മാതാപിതാക്കൾ എടുക്കണം. വിവാഹക്ഷണക്കത്ത് അച്ചടിച്ച വിതരണം ചെയ്യുന്ന സമയത്ത് അതിൽ, 'വിവാഹതലേന്ന് വീട്ടിൽ സ്വീകരണം ഉണ്ടായിരിക്കുന്നതല്ല' എന്നും, 'വിവാഹത്തിൽ പങ്കെടുത്ത് വധു - വരന്മാരെ അനുഗ്രഹിക്കുകയാണ് നിങ്ങളിൽ നിന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്ന വിവാഹസമ്മാനം' എന്നും കൂടി അച്ചടിച്ച് ക്ഷണക്കത്ത് വിതരണം ചെയ്താൽ, അത് വളരെ പുരോഗമനപരവും സന്തോഷകരവുമായിരിക്കുമെന്നാണ്, ഇത് എഴുതുന്ന ആളിന്റെ അഭിപ്രായം. ഞാൻ സാധാരണക്കാരനാണെങ്കിലും, 1964 ൽ നടന്ന എന്റെ സ്വന്തം വിവാഹത്തിനും, പിന്നീട് 1994 ലും, 2000 ലുമായി നടന്ന എന്റെ 2 ആൺമക്കളുടെ വിവാഹങ്ങൾക്കും, അച്ചടിച്ച് വിതരണം ചെയ്തിരുന്ന വിവാഹക്ഷണകത്തുകളിൽ 'ദയവായി പാരിതോഷികങ്ങൾ ഒഴിവാക്കുക' എന്ന് അച്ചടിച്ച് ചേർത്തിരുന്നുവെന്നത് ഒരു സത്യം മാത്രമാണ്. എന്റെ ഈ പാത പിന്തുടരുവാൻ ആൺമക്കളുടേയും പെൺമക്കളുടേയും വിവാഹം നടക്കുമ്പോൾ, എല്ലാ മാതാപിതാക്കളും സന്മനസ്സ് കാണിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇക്കാര്യത്തിൽ സാമുദായിക സംഘടനകളും കൂടി അവരുടെ പങ്ക് നിർവ്വഹിക്കുമെന്ന് കരുതുന്നു.





# ഹരിസുധാലഹരി

**നന്ദകുമാർ മേനോൻ, ഫോ:9895981809**

**ശ്ലോകം 23**

അംഗം ശാരദനീരദാഭമളിവർണ്ണോത്ഭാസിയാം വസ്ത്രമു
ത്തുംഗാകാരമമോഘശക്തി നിലയം ഹസ്തേഹലം ഭീഷണം
ഭംഗംവിട്ടൊരു വാരുണീലഹരിപൂണ്ടേവം സദാ മന്മനോ
രംഗത്തിൽബ്ബലഭദ്രരൂപി ഭഗവാൻ വാഴട്ടെ സന്തുഷ്ടനായ്
(ബലരാമൻ)

**പദാർത്ഥം :**

അംഗം= ശരീരഭാഗങ്ങൾ
ശാരദ = ശരത്കാലത്തുള്ള, ശരത് കാലത്തിനെ സംബന്ധിച്ച
നീരദം = മേഘം
ആഭം = വർണ്ണം
അളി = വണ്ട്
വർണ്ണം = നിറം
ഉദ്ഭാസിയാം വസ്ത്രം = നന്നായി പ്രകാശിക്കുന്ന വസ്ത്രം
ഉത്തുംഗ = വളരെ ഉയരമുള്ള
ആകാരം = രൂപം
അമോഘ = വ്യർത്ഥമാകാത്ത, കുറിക്കു കൊള്ളുന്ന
ശക്തിനിലയം = ശക്തിയുടെ ഉറവിടം
ഹസ്തേ = കയ്യിൽ
ഹലം = കലപ്പ
ഭീഷണം = ഘോരം
ഭംഗംവിട്ടൊരു = ഇടതടവില്ലാത്ത
വാരുണീ = മദ്യം
ലഹരിപൂണ്ട് = മദോന്മത്തനായി
ഏവം = ഇപ്രകാരം
സദാ = രാവും പകലും
മന്മനോ = എന്റെ മനസ്സിന്റെ
രംഗത്തിൽ = നടുവിൽ
ബലഭദ്രരൂപി = ബലഭദ്രരൂപത്തിൽ
ഭഗവാൻ = ഭഗവാൻ
വാഴട്ടെ = ആധിപത്യം സ്ഥാപിക്കട്ടെ
സന്തുഷ്ടനായ് = സന്തോഷവാനായി

**ശ്ലോകാർത്ഥം :**

ശരീരം മുഴുവൻ തുലാവർഷമേഘസമാനം കറുത്തും, വണ്ടിന്റെ കറുത്ത നിറമൊത്ത അത്യധികം ശോഭയുള്ള വസ്ത്രം ധരിച്ചും, വളരെ ഉയരമുള്ള രൂപത്തോടു കൂടിയും, ഒരു വിധത്തിലും പാഴാവാത്ത ശക്തിയുടെ ഉറവിടമായും, കയ്യിൽ, ഭയം ജനിപ്പിക്കുന്ന കലപ്പയോടു കൂടിയും ഇടതടവില്ലാതെ മദ്യത്തിന്റെ ലഹരിയിൽ മയങ്ങിയും, എല്ലാം ഇരിക്കുന്ന ഭഗവാൻ ബലരാമൻ എന്റെ മനസ്സിന്റെ നടുത്തളത്തിൽ സന്തോഷിച്ചിരിക്കട്ടെ.

**വ്യാഖ്യാ :**

അംഗം ശിരോസ്ഥാനി...... ഇത്യാദ്യമരംകൊണ്ട് ശരീരത്തിലെ സകല അംഗങ്ങളും എന്ന് സിദ്ധമായി. എല്ലാ അവയവങ്ങളും / ശാരദനീരദാഭം. ശാരദ. ശരത്കാലത്തെ സംബന്ധിച്ച. ഭാഷയിൽ തുലാം വൃശ്ചികങ്ങൾ ശരത്. തുലാവർഷക്കാലം./ നീരദം. മേഘം. തുലാവർഷക്കാലത്തെ മേഘങ്ങൾ ശബ്ദനിർഘോഷത്തോടുകൂടി പ്രവഹിക്കാൻ കാത്തിരിക്കുന്ന അത്യധികം കറുത്ത മേഘങ്ങൾ. അതുപോലെ കറുത്ത മേഘങ്ങൾക്കു സമം. ഇവിടെ നിറം മാത്രമല്ല, ഭയപ്പെടുത്തുന്ന ഇടിവെട്ടും മിന്നലും ചേർന്നു അതികഠോരമായി ഗർജ്ജിക്കുന്ന ഇടിവെട്ടിനും, എല്ലാത്തിനെയും നിമിഷാർദ്ധംകൊണ്ട് ഭസ്മീകരിക്കാൻ ശക്തമായ മിന്നലിനും, അതിനെല്ലാം തയ്യാറായി പ്രളയവർഷത്തിനു തയ്യാറായി നിൽക്കുന്ന, കാലവർഷമേഘത്തിനെ അതിലംഘിക്കുന്ന കറുപ്പു നിറത്തിനും, എല്ലാത്തിനും ചേർച്ച, 'ശാരദനീരദാഭം' കൊണ്ട് വെളിവായി,/അളിവർണ്ണോത്ഭാസിയാം വസ്ത്രം.അളിവർണ്ണം, അതിഗംഭീരമായ, ആഴമുള്ള കറുപ്പുനിറം. 'അളിവേണി'വണ്ടിന്റെ നിറത്തിനു സമാനമായ കറുപ്പുനിറമുള്ള മുടിയുള്ളവൾ എന്ന പോലെയുള്ള കവിവാക്യങ്ങൾ ശ്രദ്ധിക്കുക./ഉത്ഭാസിയാം. ഭാസനം തന്നെ തിളങ്ങൽ. ഉത്ഭാസിയാം എന്നതുകൊണ്ട് തിളക്കത്തിന്റെ ആധിക്യം വർണ്ണിക്കപ്പെട്ടു. വസ്ത്രം. ശരീരം ചുറ്റുന്ന ചേലകൾ. കറുത്ത വണ്ടുകളെപ്പോലെ തിളങ്ങുന്ന കറുപ്പുനിറം ചേർന്ന വസ്ത്രം ധരിച്ചവൻ./ഉത്തുംഗാകാരം. ഏറ്റവും ഉയരമുള്ള അവസ്ഥ പ്രത്യക്ഷരൂപം ധരിച്ചവനെ./ അമോഘശക്തിനിലയം. അമോഘ, ഒരു പ്രകാരത്തിലും വ്യർത്ഥമാകാത്ത. വെറുതെയാവാത്ത. ശക്തി. പ്രഭവസാമർത്ഥ്യം. 'ശിവ : ശക്ത്യാ യുക്തോ'.... എന്നിത്യാദി സൗന്ദര്യലഹരി./ നിലയം. നിലകൊള്ളുന്ന സ്ഥലം. സ്വസ്ഥാനം. അടിസ്ഥാനപ്രദേശം.

എന്നാൽ, ഒരിക്കലും ഒരു പ്രകാരത്തിലും വ്യർത്ഥമാവാത്ത, ഉപയോഗശൂന്യമാവാത്ത ശക്തിയുടെ അടിസ്ഥാനമായ ഉറവിടം ./ ഹസ്തേ ഹലം ഭീഷണം. ഹസ്തേ, കയ്യിൽ. ഹലം, കലപ്പ. ഭീഷണം, 'ദാരുണം ഭീഷണം ഭീഷ്മം ഘോരം ഭീമം ഭയാനകം ഭയങ്കരം പ്രതിഭയം രൗദ്രം തൂഗ്രമമീത്രിഷു.' (അമരം. 1.നാ.20 ) എന്നതുകൊണ്ട് ഭീഷണത്തിന്റെ തീവ്രാവസ്ഥ വ്യക്തം. കയ്യിൽ ഉയർത്തിയിരിക്കുന്ന കലപ്പ, ദാരുണവും, ഭീഷണവും, ഘോരവും, വളരെ വലുതും, തീക്ഷ്ണമായ ഭയത്തെ ജനിപ്പിക്കുന്നതും ആണ്. മേൽപറഞ്ഞ അമരകോശ കർത്താവായ അമരസിംഹൻ ഈ ഭീഷണത്തെ സാർത്ഥകമാക്കാൻ, ഭയാനകം, ഭയങ്കരം എന്നീ മിക്കവാറും ഒരേ അർത്ഥമായ രണ്ടു വാക്കുകളെ ഉപയോഗിച്ചതിൽ നിന്നു തന്നെ ഭീഷണത്തിന്റെ ഭീഷണി വ്യക്തമായി./ഭംഗംവിട്ടൊരു വാരുണീലഹരിപൂണ്ട്. ലഹരി 'ല' കാരം ഭൂമിഭൂതം. 'മഹിം മൂലാധാരെ'... എന്നിത്യാദിസൗന്ദര്യലഹരികൊണ്ട്, ല മൂലാധാരം. ആധാരം താങ്ങിനിർത്തുന്നത്. മൂലം വേര്. കുലോദയാദി എല്ലാം. അല്ലെങ്കിൽ, യാതൊന്നാണോ, വെള്ളവും, വളവും നൽകി, നിലനിൽപ്പിന് സഹായകമാവുന്നത്, അങ്ങനെയെല്ലാമിരിക്കുന്ന 'ല' ലഹരി ഹരണം അപഹരണം കട്ടുകൊണ്ടുപോകൽ. എന്നാൽ ലഹരി ആധാരമായിരിക്കുന്നതിനെ നീക്കം ചെയ്യുന്നത്, മാറ്റിക്കളയുന്നത്, വടവൃക്ഷത്തിന് വേര് നഷ്ടപ്പെട്ടാൽ, ഒരു ചെറിയ തെന്നലിനുപോലും അതിനെ പറത്താൻ കഴിയും. അങ്ങനെ ആകാശത്തിൽ വേരറ്റു പറന്നു നടക്കുന്ന പേരാലുപോലെ, ലഹരി പൂണ്ട്, മുഴുവനായും ഉൾക്കൊണ്ട്, അപ്പാടെ സ്വാംശീകരിച്ച്.

വാരുണീലഹരി. വാരുണികൊണ്ട് ജനിക്കുന്ന ലഹരി, 'വണിക് പഥേ ച വിപണി: സുരാ പ്രത്യക് ച വാരുണീ' (അമരം . 3. നാ. 52) എന്നതുകൊണ്ട്, വാരുണി മദ്യം എന്ന് പ്രസിദ്ധം. 'വാരുണീമദവിഹ്വലാ' (ല.സ.നാ.333) എന്ന സഹസ്രനാമാന്തർഗതത്തിന് ഭാസുരാനന്ദനാഥൻ 'യദ്വാഖർജുരീസമുദ്ഭവോ വരുണപ്രിയത്വാദ്വാരുണീ...' എന്ന്. വാരുണിയിൽ നിന്നു ജനിക്കുന്ന മദത്താൽ വിഹ്വലയായവളാണ് 'വാരുണീ മദവിഹ്വലാ', എന്നതുകൊണ്ട്, വാരുണി, മദമുളവാക്കുന്ന മദ്യം തന്നെ എന്ന് സിദ്ധം. എന്നാറെ, ഈന്തപ്പഴം വാറ്റിയുണ്ടാക്കുന്ന മദ്യത്തിനാൽ ഉണ്ടാകുന്ന ആധാരഭ്രംശം തന്നെ വാരുണീ ലഹരി. / പൂണ്ടേവം. മേല്പറഞ്ഞ പോലുള്ള ലഹരിയിൽ മുഴുകി, ഇപ്രകാരം. / സദാ, അഹോരാത്രം. അവസ്ഥാത്രയത്തിലും. മന്മനോരംഗത്തിൽ. എന്റെ മനസ്സാകുന്ന ശാലയിൽ.

ബലഭദ്രരൂപി ഭഗവാൻ. ഭഗവാനായ ബലഭദ്രരൂപി. ബലരാമൻ, എന്ന് ലളിതമായി പറയുന്നതിനു പകരം, സ്വന്തം മനോരംഗത്തിൽ സന്തുഷ്ടനായി വാഴേണ്ടുന്ന രാമന്റെ രൂപം ഇവിടെ എടുത്തു പറഞ്ഞിരിക്കുന്നു. അതുമൂലം 'ബലഭദ്രരൂപി' എന്നത് എന്തുതരം രൂപമാണെന്ന് വ്യാഖ്യാനിക്കേണ്ടി യിരിക്കുന്നു. ബലം, ശക്തി, പ്രഭവസാമർത്ഥ്യം./ ഭദ്ര. ശ്വ : ശ്രേയസം ശിവം ഭദ്രം കല്യാണം മംഗലം ശുഭം ഭാവുകം ഭവികം ഭവ്യം കുശലം ക്ഷേമമസ്ത്രിയാം (അമരം : 1. കാ) ഉഷോ ഭദ്രോ ബലീ വർദ്ദ ഋഷഭോ വൃഷഭോ വൃഷ. (ടി: 2. വൈ) ഇത്യാദി അമരം കൊണ്ട് ഭദ്രം കല്യാണാത്മകം എന്നു സിദ്ധം. മുൻപറയപ്പെട്ട മദ്യലഹരിയിൽ മദോന്മത്തനായി, ഭീഷണമായ കലപ്പയും ഏന്തി, മാനം മുട്ടെ ഉയരമുള്ളവനായി വിലസുന്ന രാമന് ബലരാമൻ എന്ന പേര് ചേർന്നത്, അവൻ 'ബലഭദ്രരൂപനാ'യതുകൊണ്ടാണ്, എന്നർത്ഥം. സ്വന്തം ബലം കല്യാണത്തിനു വേണ്ടി, ശുഭത്തിനുവേണ്ടി, മംഗളത്തിനുവേണ്ടി ഉപയുക്തനാക്കുന്നവൻ, ബലഭദ്രരൂപി. സംതുഷ്ടനായ്. സമ്യക്കായ, എല്ലാ വിധത്തിലുമുള്ള, തുഷ്ടി, തോഷം, ആഹ്ലാദം ചേർന്നവനായി./ വാഴട്ടെ, ഭരിക്കട്ടെ. ഇങ്ങനെയെല്ലാമുള്ള ബലഭദ്രൻ, എന്റെ മനോരംഗം ഇനി മുതൽ ഭരിക്കണം. ഭരണം ആജ്ഞാസമ്മിളിതം. 'യഥാ ലിയുക്തോ/സ്മി തഥാ കരോമി'എന്ന ഭവതീർണ്ണാവസ്ഥ.

## സമ്പൂർണ്ണ രാമായണ പാരായണം

**എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ രാമായണ മാസാചരണത്തിന്റെ ഭാഗമായി 2018 ജൂലൈ മാസം 29-ാം തീയതി ഞായറാഴ്ച രാവിലെ 6.30 മുതൽ ശ്രീ.എൻ.ടി. കാർത്തികേയന്റെ നേതൃത്വത്തിൽ സമ്പൂർണ്ണ രാമായണ പാരായണം നടത്തുന്നു.**

## വിമൺസ് ഫോറം 2018 ജൂലൈ മാസത്തെ പരിപാടി

| തീയതി | പരിപാടി | സമയം |
|---|---|---|
| 18.07.2018 | ചർച്ച | 3.30 p.m. |





# ഗായത്രി

**രാധാ ദാമോദരൻ**

ഗായന്തംത്രായതേ' എന്നാണ് ശബ്ദസേതാമ 'മഹാനിധിയിൽ' അർത്ഥം കൊടുത്തിരിക്കുന്നത്. അതായത് ഈ മന്ത്രം ചൊല്ലുന്നവനെ അത് തന്നെ രക്ഷിക്കുമെന്ന് സാരം. ഋഗ്വേദം മൂന്നാം മണ്ഡലം 62 ാം സൂക്തത്തിലെ പത്താമത്തെ മന്ത്രമാണിത്.

ആദ്യം തന്നെ മന്ത്രവും അതിന്റെ അർത്ഥവും അറിയണമല്ലോ.

ഓം
ഭുർ ഭുവ : സ്വ :
തത് സവിതുർവരേണ്യം
ഭർഗോ ദേവസ്യ ധീ മഹി
ധിയോ യോ ന: പ്രചോദയാത്

**അർത്ഥം**

ഭു = ഭൂലോകം, ഭവിക്കുന്നത് എന്നർത്ഥം
ഭുവ = ഭുവർലോകം, ഭൂമിക്ക് മീതെയുള്ള ലോകം
ഭൂമിക്കും സൂര്യനുമിടയ്ക്കുള്ള സ്ഥലം
സ്വ : = സ്വർലോകം
തത് = അത്
സവിതു : = സവിതാവിന്റെ അഥവാ സൂര്യന്റെ.
വരേണ്യം = ശ്രേഷ്ഠമായ
ഭർഗ: = തേജസ്സ്, ശോഭ
ദേവസ്യ = ദേവന്റെ
ധീമഹി = ഞങ്ങൾ ധ്യാനിക്കുന്നു
ധിയ = ബുദ്ധിവൃത്തികൾ
യ: = ഭർഗസ് എന്ന പദത്തിന്റെ വിശേഷണം
ന : = ഞങ്ങളുടെ
പ്രചോദയാത് : പ്രചോദിപ്പിക്കട്ടെ
അന്വയം സവിതു : ദേവസ്യയത് വരേണ്യം ഭർഗ :
ധീമഹിതത് ന : ധിയ : പ്രചോദയാത്

അർത്ഥം : സവിതാവായ ദേവന്റെ (അതായത് സൂര്യദേവന്റെ) യാതൊരു ശ്രേഷ്ഠമായ തേജസ്സിനെ ഞങ്ങൾ ധ്യാനിക്കുന്നുവോ അത് ഞങ്ങളുടെ ബുദ്ധി വൃത്തികളെ പ്രചോദിപ്പിക്കട്ടെ. ഇതുകൊണ്ട് സൂര്യഗോളത്തെയല്ല ഉദ്ദേശിക്കുന്നത്. പുരുഷൻ സൂര്യസ്ഥിതനാണെന്ന് ഉപനിഷത്തിൽ പ്രസിദ്ധി. പ്രണവം അഥവാ ഓങ്കാരം ഉച്ചരിച്ചുകൊണ്ട് ആരംഭിക്കുന്ന ഏതൊരു കർമ്മവും ഫലവത്താകുമെന്ന് ശങ്കര ഭഗവദ്പാദർ ഒരിടത്ത് കുറിച്ചിട്ടുണ്ട്. ഭഗവദ് പാദരുടെ അഭിപ്രായത്തിൽ ഭു : ഭുവ : സ്വ : ഇവ മൂന്നും വ്യാഹൃതികളാണ്. അതായത് പുരാണപുരുഷന്റെ അവയവങ്ങൾ എന്നർത്ഥം. ഈ വസ്തുത ഈശാവാസ്യ ഭാഷ്യത്തിലും ആചാര്യൻ സൂചിപ്പിക്കുന്നുണ്ട്. (ഈശം 16) ഇവിടെ ഒന്നാം പാദത്തിൽ ഏഴക്ഷരങ്ങൾ മാത്രമാണുള്ളത്. ഇതിന് ആചാര്യൻ നല്കുന്ന ന്യായീകരണം ഇതാണ് 'വരേണ്യം' എന്നതിലെ 'ണ്യം' എന്ന അക്ഷരം 'ണീയം' എന്നാണെന്നും ധരിച്ചു കൊള്ളണം.

സ്ത്രീകൾക്കും ശൂദ്രന്മാർക്കും ജപിക്കാനോ പഠിക്കാനോ അധികാരമുണ്ടോ, അവർക്ക് വേദാദ്ധ്യയനം പാടുണ്ടോ? എന്നുള്ളതിന് പൂർവ്വാശ്രമത്തിൽ ബ്രാഹ്മണോത്തമനായിരുന്ന ദയാനന്ദസരസ്വതി യജൂർ വേദത്തിലെ ഒരു മന്ത്രം ഉദ്ധരിച്ച് അതിന്റെ പൊരുൾ വെളിപ്പെടുത്തിയിട്ടുണ്ട്. അതിന് യാതൊരു വിരോധവുമില്ല. ഗാർഗ്ഗി എന്ന മഹതി യാജ്ഞവൽക്യൻ എന്ന പണ്ഡിതാഗ്രേസരനോട് മഹാസദസ്സിൽ വച്ച് ചോദ്യങ്ങൾ ചോദിച്ച വിവരം പ്രസിദ്ധമാണ്. യാജ്ഞവൽക്യന് ഉത്തരം പറയുവാൻ കെൽപുണ്ടോ എന്നു പരീക്ഷീക്കുകയായിരുന്നു അവർ.

പണ്ഡിറ്റ് ശ്രീരാമ ശർമ്മ ആചാര്യ 'ഗായത്രി' യെ അധികരിച്ചെഴുതിയ ഒരു കൃതിയിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു. ഗായത്രി സ്ത്രീകൾക്കും കീഴ്ജാതിക്കാർക്കും നിഷേധിച്ചിരിക്കുന്നു എന്നത് പിന്തിരിപ്പൻ മനസ്സിന്റെ സൃഷ്ടിയാണ്. ഈശ്വരന്റെ എല്ലാ സന്തതികൾക്കും ഈശ്വരനാൽ സൃഷ്ടമായ എല്ലാ വസ്തുക്കളും ഉപയോഗിക്കുവാൻ തുല്യ അവകാശമുണ്ട്. എല്ലാവരും സൂര്യന്റെയും ചന്ദ്രന്റെയും പ്രകാശം ഉപയോഗപ്പെടുത്തുന്നു. വായു, വെള്ളം, നദി, കുളം, ആഹാരം മുതലായവയും എല്ലാവരും ഉപയോഗിക്കുന്നു. ഈ പറഞ്ഞവയുടെ പരിപൂർണ്ണാധികാരം തങ്ങൾക്കാണെന്ന് ഏതെങ്കിലും ഒരു പ്രത്യേക ജാതിക്ക് അവകാശം ചെയ്യപ്പെടാനാവില്ല. ദൈവം എല്ലാവരുടേതുമാണ്. ദൈവത്തിന്റെ ശക്തിയായ ഗായത്രിയും എല്ലാവരുടേതുമാണ്. (ഗായത്രി എന്ന കൃതി പേജ് 203)

ശങ്കരഭഗവദ് പാദരുടെ വാക്കുകൾ സ്മരിച്ചു കൊണ്ടെഴുതട്ടെ..."ഗായത്രി "ഗയങ്ങളെ ത്രാണം ചെയ്യുന്നു. വാഗാദി ഇന്ദ്രീയങ്ങൾ തന്നെയാണ് ഗയങ്ങൾ. അവ ശബ്ദങ്ങളെ ഉത്പാദിപ്പിക്കുന്നു. അവയെ ഈ ഗായത്രി ത്രാണം ചെയ്യുന്നു. ഇങ്ങനെ ഗയങ്ങളെ ത്രാണം ചെയ്യുക കാരണം അതിന് ഗായത്രി എന്ന പേർ സിദ്ധിച്ചു. ഗയങ്ങളെ ത്രാണം ചെയ്യുന്നതുകൊണ്ട് ഗായത്രി എന്ന പ്രസിദ്ധി ഉണ്ടായി. അർത്ഥം മനസ്സിലാക്കിക്കൊണ്ട് ഗായത്രി മന്ത്രം ജപിച്ച് എല്ലാവരും ഈശ്വരാനുഗ്രഹം നേടട്ടെ എന്ന് പ്രാർത്ഥിക്കാം.

(ഗാന്ധിസൂക്തം)

# സത്യാഗ്രഹം

ഉന്നത പരിധിയിലെത്തുമ്പോൾ സത്യാഗ്രഹം തികച്ചും സ്വതന്ത്രമായ ഒരു ശക്തിയായി മാറുന്നു. പണമോ മറ്റേതെങ്കിലും ഭൗതിക വസ്തുക്കളോ സഹായമായി വേണ്ടാത്ത അവസ്ഥ. ശാരീരിക ശേഷിയോ അക്രമ പ്രവർത്തനമോ അതിന് പ്രാഥമിക തലത്തിൽ പോലും വേണ്ടതില്ല. സത്യത്തിൽ അക്രമം മഹത്തായ ഈ ആത്മീയ ശക്തിക്ക് വിരുദ്ധമാകുന്നു. വ്യക്തിക്കും സമൂഹത്തിനും ഒരുപോലെ ഉപയോഗിക്കാവുന്ന ഒരു ശക്തി. രാഷ്ട്രീയത്തിലും കുടുംബവ്യവഹാരത്തിലും അതിന് സ്ഥാനമുണ്ട്. അതിന്റെ സാർവ്വദേശീയ സാധ്യത സത്യാഗ്രഹത്തിന്റെ ശാശ്വതവും അപ്രതിരോധ്യവുമായ സ്ഥാനത്തെ കാട്ടുന്നു. പുരുഷൻമാർക്കും സ്ത്രീകൾക്കും കുട്ടികൾക്കും അത് പ്രയോഗിക്കാം. അക്രമത്തെ അക്രമം കൊണ്ടു നേരിടാനാവാത്ത ദുർബ്ബലരുടെ ആശ്രയമല്ലത്. അങ്ങനെയൊരു അന്ധവിശ്വാസമുണ്ട്. നിഷ്ക്രിയ പ്രതിരോധമെന്ന ഇംഗ്ലീഷ് ആശയവുമായി ചിലരതിനെ തെറ്റിദ്ധരിക്കുന്നു. കഴിവില്ലെന്ന് സ്വയം ധരിച്ചുവശായിട്ടുള്ളവർക്ക് ഇതുപയോഗിക്കാനാവില്ല. മൃഗപ്രകൃതിക്കുപരിയായി മനുഷ്യനൊരു ശക്തിവിശേഷമുണ്ടെന്നു കരുതുന്നവർക്കേ ഇതു പ്രയോഗിക്കാനാവൂ. ഇരുട്ടിന് വെളിച്ചമെന്നപോലെ സത്യാഗ്രഹം സ്വേച്ഛാധിപത്യത്തിനും അക്രമത്തിനും അനീതിക്കും പറ്റിയ പ്രതിവിധിയാണ്. രാഷ്ട്രീയത്തിൽ ജനങ്ങളുടെ സർക്കാരെന്നാൽ ജനങ്ങൾ ബോധപൂർവ്വമോ അല്ലാതെയോ സമ്മതിച്ചുണ്ടാക്കിയ സർക്കാർ എന്ന നിർവ്വചനത്തിലാണ് അതിന്റെ അടിസ്ഥാനം. 1907 ലെ ട്രാൻസ്വാളിലെ ഏഷ്യൻ നിയമമനുസരിച്ചല്ല നമ്മൾ ഭരിക്കപ്പെടേണ്ടത്. അതു പോയേ മതിയാവൂ. അനീതിക്കെതിരെ എതിർക്കുമ്പോൾ നമുക്ക് രണ്ട് മാർഗ്ഗങ്ങളുണ്ട്. അക്രമത്തെ അക്രമം കൊണ്ട് നേരിടുക. അഥവാ അക്രമത്തെ അക്രമരാഹിത്യം കൊണ്ട് നേരിടുക. അനീതി സഹിച്ച് ഉണർന്നെഴുന്നേറ്റ ആത്മാവ് അപേക്ഷിക്കുമ്പോൾ അധികാരികളിൽ പോലും ചിലപ്പോൾ അനുഭാവമുണ്ടായെന്നു വരും. ലക്ഷ്യം നേടാൻ ദീർഘനാൾ വേണ്ടി വരുന്നു എങ്കിൽ നമ്മുടെ സത്യാഗ്രഹം പരിപൂർണ്ണ രീതിയിലായില്ലെന്നുറപ്പിക്കാം. എല്ലാ സത്യാഗ്രഹിക്കും അതിന്റെ കരുത്ത് മനസിലായെന്നു വരില്ല. ഈ ശക്തി ഉപയോഗിക്കണമെങ്കിൽ ആദ്യം വേണ്ടത് ദാരിദ്ര്യം സ്വയം സ്വീകരിക്കലാണ്. അതായത് നമുക്ക് ഉണ്ണാനും ഉടുക്കാനും ധാരാളം ഉണ്ടോ എന്ന കാര്യത്തിലുള്ള ശ്രദ്ധയില്ലായ്മ ! കഴിഞ്ഞ സമരങ്ങളിലൊന്നും സത്യാഗ്രഹികൾ അത്രത്തോളം പോകാൻ തയ്യാറായില്ല. ചിലരൊക്കെ പേരിനുമാത്രം സത്യാഗ്രഹികളായിരുന്നു. ഉദ്ദേശ്യങ്ങളില്ലാതെയും മറ്റ് ഉദ്ദേശ്യങ്ങളോടു കൂടിയുമാണ് ചിലരൊക്കെ വന്നത്. ചിലരൊക്കെ സത്യാഗ്രഹത്തിനിടയ്ക്ക് ആക്രമസന്നദ്ധരായി. വേണ്ടത്ര ജാഗ്രത പുലർത്തിയതുകൊണ്ട് അവരെ തടയാൻ കഴിഞ്ഞു. അതുകൊണ്ടാണ് കഴിഞ്ഞ സമരം നീണ്ടു പോയത്. സംശുദ്ധമായ ആത്മശക്തിയാണ് സത്യാഗ്രഹം കൊണ്ട് നാം നേടുന്നത്. അതിന് പരിശീലനം വേണം. ഏതാണ്ട്, മുഴുവനുമായില്ലെങ്കിൽ തന്നെ ഒരു പൂർണ്ണ മനുഷ്യനാകാൻ സത്യാഗ്രഹിക്ക് കഴിയും. എന്നു വെച്ച് പെട്ടന്നങ്ങനെ ആയിത്തീരാൻ കഴിയില്ല. സത്യാഗ്രഹത്തിന്റെ ആശയം പൂർണമായി ഉൾക്കൊണ്ടു കഴിഞ്ഞാൽ നാം കൂടുതൽ കൂടുതൽ മനുഷ്യത്വം നേടുന്നു. അതോരു മഹാശക്തിയാണ്. സാർവ്വദേശീയമായി സ്വീകരിച്ചു കഴിഞ്ഞാൽ സാമൂഹ്യ ആദർശങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾ അതുണ്ടാക്കും. പടിഞ്ഞാറൻ രാജ്യങ്ങളെ ചവിട്ടിമെതിച്ചുകൊണ്ടിരിക്കുന്നതും കിഴക്കൻ നാടുകളെ കീഴടക്കാൻ ഉറ്റുനോക്കുന്നതുമായ ഏകാധിപത്യത്തിനും സൈന്യവൽക്കരണത്തിനും ഒരു പ്രതിവിധിയാണത്. കഴിഞ്ഞ സമരത്തിൽ അർപ്പണബോധമുള്ള ഒരു പിടി സത്യാഗ്രഹികളെ സൃഷ്ടിക്കാൻ നമുക്ക് കഴിഞ്ഞുവെങ്കില്, അവർ സ്വയം നല്ലവരായിത്തീരുക മാത്രമല്ല ചെയ്തത് മനുഷ്യവർഗ്ഗത്തെക്കൂടി പരിവർത്തനം ചെയ്യിച്ചു. അങ്ങനെ ചിന്തിച്ചാൽ കുലീനവും ഉത്കൃഷ്ടവുമായ വിദ്യാഭ്യാസമാകുന്നു സത്യാഗ്രഹം. സാധാരണ വിദ്യാഭ്യാസം കഴിഞ്ഞിട്ടല്ല അത് തുടങ്ങേണ്ടത്. അക്ഷരങ്ങളെഴുതാൻ ആരംഭിക്കുന്നതിന് മുന്നേ തന്നെ ആത്മാവ് എന്തെന്ന്, സത്യം എന്തെന്ന്, പ്രേമം എന്തെന്ന്, മനസ്സിന്റെ ശക്തിവിശേഷങ്ങളെന്തെന്ന് ഒക്കെ അവൻ ധരിക്കണം. അതാണ് യഥാർത്ഥ വിദ്യാഭ്യാസം. ജീവിത സമരത്തിൽ വിദ്വേഷത്തെ സ്നേഹം കൊണ്ടും അസത്യത്തെ സത്യം കൊണ്ടും അക്രമത്തെ ആത്മപീഢനം കൊണ്ടും നേരിടാൻ അവന് അതുമൂലം സാധിക്കുന്നു.

(യംഗ് ഇൻഡ്യ 3-11-1927)





# വില്വാദ്രിനാഥനും രാക്ഷസൻ പാറയും

എം.രാജലക്ഷ്മി, ഫോൺ : 9995158259

വില്വാദ്രിയിലാണ് തിരുവില്വാമല ശ്രീരാമക്ഷേത്രം സ്ഥിതി ചെയ്യുന്നത്. വില്വത്തിന് കൂവളമെന്നും നെല്ലിക്കയെന്നും അർത്ഥമുണ്ട്. വില്വം വിളങ്ങുന്ന അദ്രി വില്വാദ്രിയും അവിടെ ദേവചൈതന്യം കുടികൊണ്ടപ്പോൾ തിരുനാമം ചേർത്ത് തിരുവില്വാമലയുമായി തീർന്നു എന്നാണ് ഐതിഹ്യം. മലയിലെ വില്വത്തിന്റെ ദിവ്യശക്തികൊണ്ട് ശ്രീരാമസ്വാമിയുടെ, മഹാവിഷ്ണുവിന്റെ ചൈതന്യം വർദ്ധിച്ചു. അതുകണ്ട് അസുരന്മാർ ഭയപ്പെട്ട് ശ്രീരാമവിഗ്രഹം പിഴുതു കളയുവാൻ കുംഭനാസുരനെ നിയോഗിച്ചു. മായാവിയായ അവൻ ബ്രാഹ്മണവേഷം ധരിച്ച് ക്ഷേത്രസങ്കേതത്തിൽ രഹസ്യമായി പ്രവേശിച്ച്, പാറക്കൂട്ടത്തിനിടയിൽ ഒളിച്ചിരുന്ന്, മേൽശാന്തി രാത്രി പൂജ കഴിഞ്ഞ് പുറത്തു കടന്ന തക്കം നോക്കി ശ്രീകോവിലിൽ കയറിക്കൂടി. പാതിരാത്രിയായപ്പോൾ അവൻ വിഗ്രഹം പിഴുതു മാറ്റാൻ നോക്കി. വൈകുണ്ഠം ഇളകി മറിഞ്ഞു. മഹാവിഷ്ണു ദിവ്യ ചക്ഷുസ്സുകൊണ്ട് കാര്യം മനസ്സിലാക്കി. ശിലയിൽ നിന്നും അഗ്നിസ്ഫുലിംഗങ്ങൾ പ്രവഹിച്ചു. അവൻ ഭയന്ന് പുറത്തേയ്ക്കോടി, പിന്നാലെ സുദർശനചക്രവും. അവൻ ഓടി ഓടി ക്ഷേത്രത്തിന് തെക്ക് വശത്തുള്ള പാറയിലെ ഗുഹയിൽ ഒളിച്ചു. സുദർശനചക്രം ആ പാറയുടെ ഗുഹാദ്വാരം അടച്ചിട്ടു. അവൻ ഗുഹയ്ക്കകത്ത് ശ്വാസം മുട്ടി മരിക്കട്ടെ എന്ന് തീരുമാനിച്ച് ശ്രീചക്രം ഭഗവാന്റെ ഇംഗിതമനുസരിച്ച് മടങ്ങി. അസുരൻ ശ്വാസം മുട്ടി മരിച്ചു. അതാണത്രെ രാക്ഷസൻ പാറ.

അസുരന്റെ മരണശേഷം അസുരബാധ വീണ്ടും ഉണ്ടാകാതിരിക്കാൻ പരമശിവൻ തന്റെ ചൈതന്യത്തിന്റെ ഒരംശം വൈഷ്ണവ ചൈതന്യത്തിലേക്ക് പകർന്നു. ശിവരാത്രി, പ്രദോഷം എന്നീ ദിവസങ്ങളിൽ ഭക്തജനങ്ങൾ ഭഗവാനെ വന്ദിച്ച് വില്വദളാർച്ചന നടത്തുന്നത് ഇന്നും ആ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്. ഈ വിവരമറിഞ്ഞ് ഹനുമാൻ അവിടെ സന്നിഹിതനായി ക്ഷേത്രസംരക്ഷണച്ചുമതല ഏറ്റെടുത്തു. രാക്ഷസൻ അവിടെ ഒളിച്ചു വസിച്ചിരുന്ന കാലത്ത് അവിടെയുള്ള കന്നുകാലികളെയും,നട തള്ളിയിരുന്ന കാളകളെയും പശുക്കളെയും കൊന്ന് തിന്ന് അവയുടെ അവശിഷ്ടങ്ങൾ വടക്കു ഭാഗത്തേയ്ക്ക് വലിച്ചെറിഞ്ഞ് കുന്നു കൂടിയ സ്ഥലമാണ് മൂരിക്കുന്നെന്ന് പറയപ്പെടുന്നത്. രാക്ഷസൻ മായാവിയായിരുന്നതിനാൽ അഗോചരനാണല്ലോ.

**പുനർജ്ജനി ഗുഹ :**

പരശുരാമന്റെ ആഗ്രഹമനുസരിച്ച് വിശ്വകർമ്മാവ് മരിച്ച ഒരുപാട് പ്രേതങ്ങൾക്ക് മോക്ഷം നൽകാൻ നിർമ്മിച്ചതാണത്രെ പുനർജ്ജനി ഗുഹ. വൃശ്ചിക മാസത്തിലെ വെളുത്ത ഏകാദശി നാളിൽ പുനർജ്ജനി ഗുഹ നൂഴ്ന്ന് ഇറങ്ങി പുറത്തു കടന്നാൽ ഭക്തന്റെ ജന്മം അവസാനിച്ച് മോക്ഷം ലഭിക്കുന്നുവെന്നാണ് ഹിന്ദുക്കളുടെ വിശ്വാസം. ഗുരുവായൂർ ഏകാദശി കൂടിയായ അന്ന് വില്വാദ്രിനാഥനെ വന്ദിച്ച് വഴിപാടു കഴിച്ച ശേഷമാണ് ഗുഹ നൂഴേണ്ടത്. പ്രവേശന ദ്വാരത്തിന് സാമാന്യം വലുപ്പമുണ്ടെങ്കിലും അകത്തേക്ക് കടന്നാൽ ഇഴഞ്ഞ് നീങ്ങിയെ പുറത്തേക്ക് കടക്കാൻ സാധിക്കൂ. പലരും ഇവിടെ എത്തുമ്പോൾ നുഴയാൻ പറ്റാതെ അങ്ങോട്ടും ഇങ്ങോട്ടുമില്ലാതെ കുടുങ്ങിയിട്ടുണ്ടത്രെ. എന്നാൽ ബ്രാഹ്മണർക്കു മോക്ഷം ലഭിക്കാൻ യജ്ഞങ്ങളും മറ്റു ധാരാളം കർമ്മങ്ങളും ചെയ്യുവാൻ അവസരമുള്ളതുകൊണ്ട് ഈ ഗുഹ നൂഴേണ്ട ആവശ്യമില്ലത്രേ. സൽക്കർമ്മങ്ങൾ ചെയ്തിട്ടാണ് ബ്രാഹ്മണജന്മം ലഭിക്കുന്നത് എന്നാണല്ലോ പ്രമാണം. എന്നാൽ ജന്മം കൊണ്ടല്ല കർമ്മം കൊണ്ടാണ് മനുഷ്യൻ ബ്രാഹ്മണനാകുന്നതെന്ന് ഗീത പറയുന്നു. യഥാർത്ഥത്തിൽ മനുഷ്യനാണല്ലോ മതങ്ങളെ സൃഷ്ടിച്ചത്.

ഗംഗാനദിയെ പരശുരാമൻ അന്തർവാഹിനിയായി കൊണ്ടുവന്ന് ഭാരതപ്പുഴയാക്കി, അതിൽ അഞ്ചു സ്നാനഘട്ടങ്ങൾ നിർമ്മിച്ചു എന്ന് പഴമക്കാർ പറയുന്നു. അവ തിരുവില്വാമല, തിരുത്തിക്കുഴി, തിരുന്നാവായ, തിരുമിറ്റക്കോട്, തൃത്താല എന്നിവയാകുന്നു. ഈ സ്നാനഘട്ടങ്ങളിൽ പാണ്ഡവന്മാർ കുരുക്ഷേത്രത്തിൽ മരിച്ച ആത്മാക്കൾക്ക് മോക്ഷം ലഭിക്കാൻ വ്യാസന്റെ ഉപദേശമനുസരിച്ച് ബലിപി

ണ്ഡം അർപ്പിച്ചതായും പറയപ്പെടുന്നു. തിരുമിറ്റക്കോട് ക്ഷേത്രത്തിൽ ഭീമന്റെയും യുധിഷ്ഠിരന്റെയും പ്രതിഷ്ഠയുണ്ട്. സോമേശ്വരം, കോതക്കുറിശ്ശി, ഐവർമഠം എന്നീ സ്ഥലങ്ങളിൽ കർമ്മം ചെയ്തിട്ടും പ്രേതാത്മക്കൾക്ക് മോക്ഷം ലഭിക്കാതെ വന്നപ്പോൾ അവസാനം വില്വാദ്രിനാഥനെ വന്ദിച്ച് പുനർജ്ജനി നൂഴ്ന്നപ്പോഴാണ് അവർക്ക് മോക്ഷം ലഭിച്ചതെന്ന് പറയപ്പെടുന്നു. മഹാപാപികളെ പരശുരാമൻ ഈ ക്ഷേത്രത്തിന് തെക്ക് കിഴക്ക് കാണുന്ന തിരുനെല്ലിയിൽ പോയി പിതൃകർമ്മങ്ങൾ ചെയ്ത് പുനർജ്ജനി നൂഴുവാൻ ഉപദേശിച്ച പ്രകാരം ഗതികിട്ടാ പ്രേതങ്ങൾക്ക് മോക്ഷം ലഭിച്ചുവെന്നും ഐതിഹ്യത്തിൽ പറയുന്നു. പണ്ട് ഈ ക്ഷേത്രത്തിന്റെ പേര് മല്ലീനാഥൻ എന്നായിരുന്നു എന്നും മല്ലീനാഥൻ ജൈനതീർത്ഥങ്കരനാണെന്നും പത്തി വിടർത്തി ആടുന്ന സർപ്പവുമായുള്ള ബന്ധമാണ് ലക്ഷ്മണ സങ്കൽപ്പത്തിന് ആധാരമായ വിഗ്രഹമെന്നും ഐതിഹ്യമുണ്ട്.

ഇവിടെ പതിവായി ചാക്യാർകൂത്ത് നടത്തിയിരുന്നു. അദ്ദേഹത്തിന് പുലമുടക്കം വന്നപ്പോൾ ചടങ്ങ് മുടങ്ങാതിരിക്കാൻ മറ്റൊരാളെ കൂത്തിന് നിയോഗിച്ചു. അയാൾ സർവ്വരെയും കളിയാക്കി. കൂട്ടത്തിൽ ഭഗവാനെയും വിട്ടില്ല. വരുണൻ പ്രസാദിക്കാതെ വന്നപ്പോൾ ലക്ഷ്മണനോട് വില്ലും ശരവും കൊണ്ടു വരാൻ ആജ്ഞാപിച്ചു. ശ്രീരാമന്റെ പ്രവർത്തികളെ പ്രത്യേകിച്ച് ബാലിയെയും താടകയേയും വധിച്ചതും, ശൂർപ്പണഖയെ വിരൂപിയാക്കിയതും, മറ്റും വിമർശിച്ചത് ലക്ഷ്മണന് ഒട്ടും ഇഷ്ടപ്പെട്ടില്ല. ജ്യേഷ്ഠനെ കുറ്റപ്പെടുത്തി വിമർശിച്ചപ്പോൾ വില്ലും അമ്പും കൊണ്ട് ലക്ഷ്മണൻ ഇതാ വരുന്നു എന്നൊരു അപരിചിത ശബ്ദം കേട്ട് ജനം അന്തം വിട്ട് നിൽക്കെ ലക്ഷ്മണൻ തന്റെ പിന്നിൽ ഓടി വരുന്നുണ്ടെന്ന് ഭയപ്പെട്ട് ചാക്യാർ ഓടടാ ഓട്ടം. പിൻതിരിഞ്ഞ് നോക്കാൻ പോലും ധൈര്യം വന്നില്ല. ഓടി ഓടി തളർന്ന് അവസാനം ഒരു പാറയിൽ ചെന്നിരുന്ന് കിരീടം അഴിച്ച് വച്ച് ചായം തുടച്ചു കളഞ്ഞു. അപ്പോഴേയ്ക്കും അതാ കുറെ കുരങ്ങന്മാർ വന്ന് ചാക്യാരുടെ കയ്യിൽ നിന്നും കിരീടം കയ്ക്കലാക്കി. അവരിൽ ഹനുമാൻ ഉള്ളതായി ചാക്യാർക്ക് തോന്നി. ആഞ്ജനേയാ ! എന്നോട് ക്ഷമിക്കണേ എന്ന് പറഞ്ഞ് ചാക്യാർ രാമ രാമ രാമ രാമ എന്ന് ജപിക്കുവാൻ തുടങ്ങി. എന്തൊരത്ഭുതം ! ഹനുമാൻ ചാക്യാരെ ചവിട്ടുവാൻ ഓങ്ങിയ കാൽ ഉയർത്തിപ്പിടിച്ച് പോ മുമ്പിൽ നിന്ന് എന്ന് പറഞ്ഞുവത്രെ. കിഴക്കെ നടയിലുള്ള ഹനുമാന്റെ പ്രതിഷ്ഠ വലതുകാൽ പൊക്കാൻ ശ്രമിച്ചുകൊണ്ടുള്ള ഭാവത്തിലാണ്. കീരീടം അഴിച്ചു വച്ച സ്ഥലത്തിന് മുടിയിഴപ്പൻ പറമ്പെന്ന് പറയുന്നു.

**നങ്ങ്യാർകൂത്ത്**

ക്ഷേത്രത്തിൽ വർഷം തോറും ഏകാദശിക്ക് മുമ്പായി 12 ദിവസം നങ്ങ്യാർകൂത്ത് നടത്തിയിരുന്നത് ഇപ്പോൾ 7 ദിവസമാക്കി ചുരുക്കി. നമ്പ്യാർ സമുദായത്തിലെ സ്ത്രീകളെയാണ് നങ്ങ്യാർ എന്ന് വിളിക്കുന്നത്. നങ്ങ്യാർകൂത്തിന്റെ പ്രാചീന രൂപത്തെ ചുടലക്കൂത്തെന്ന് പറയപ്പെടുന്നു. പാപപരിഹാരാർത്ഥം ചുടലക്കളത്തിൽ പന്തൽ കെട്ടി അവതരിപ്പിക്കുന്ന ഒരനുഷ്ഠാനമായിരുന്നു അത്.

കൂത്തും കൂടിയാട്ടവും ഇന്നത്തെ രീതിയിൽ പരിഷ്ക്കരിച്ചത് കുലശേഖര പെരുമാളാണത്രേ. ശ്രീകൃഷ്ണ കഥ 12 ദിവസം കൊണ്ട് ഏകാംഗാഭിനയത്തിൽ രൂപപ്പെടുത്തിയെടുത്ത് നങ്ങ്യാർ കൂത്തായി അവതരിപ്പിക്കുന്നു. ഇവിടെ കൂത്തമ്പലമില്ലാത്തതിനാൽ തെക്ക് ഭാഗത്ത് പ്രത്യേക സ്ഥലത്ത് ഇത് അവതരിപ്പിക്കുന്നു. കൂടിയാട്ടത്തിൽ പുരുഷ കഥാപാത്രത്തെ ചാക്യാരും സ്ത്രീകഥാപാത്രത്തെ നങ്ങ്യാരും അവതരിപ്പിക്കുന്നു.

നങ്ങ പാർവ്വതിയുടെ പേരാണ്. നങ്ങ്യാരുടെ ചുവന്ന ഉടയാടയും മുടിയിലെ നാഗഫണവും ശിരോഭൂഷണമായ ചെത്തിപ്പൂവും പാർവ്വതി സങ്കൽപ്പത്തോട് ബന്ധം പുലർത്തുന്നു. ഐതിഹ്യം പറയുന്നത് നങ്ങ എന്ന പേരുള്ള നങ്ങ്യാരുടെ അഭിനയപാടവത്തിലും സൗന്ദര്യത്തിലും ആകൃഷ്ടനായി കുലശേഖര പെരുമാൾ അവരെ തന്റെ പത്നിയായി സ്വീകരിച്ചു എന്നാണ്. തുടർന്ന് മറ്റു നങ്ങ്യാർമാർക്കും ഈ നാടകാഭിനയരംഗത്തിൽ അവസരം നൽകി. അതുകൊണ്ടും തൃപ്തി വരാതെ ശ്രീകൃഷ്ണചരിതം രചിച്ചു. അർജ്ജുനനും സുഭദ്രയും തമ്മിലുള്ള പ്രണയരംഗം തന്റെ പത്നിയെകൊണ്ട് മനോഹരമായി അവതരിപ്പിച്ചു. നങ്ങ്യാരുടെ അടുത്ത് താളം പിടിച്ച് ശ്ലോകം ചൊല്ലുവാൻ വേറൊരു നങ്ങ്യാരും ഉണ്ടാകും. അങ്ങിനെ അന്നു മുതൽ ചാക്യാർ കൂത്തിനോടൊപ്പം നങ്ങ്യാർ കൂത്തും ക്ഷേത്രകലകളിൽ ഇടം പിടിച്ചു.

ഏകാദശി : തിഥികളിൽ 11-ാമത്തെ തിഥിയാണ് ഏകാദശി. അങ്ങിനെ വെളുത്ത പക്ഷത്തിലും കറുത്ത പക്ഷത്തിലും ഒരു വർഷത്തിൽ ഒട്ടാകെ 26 ഏകാദശി വരും. ഏകാദശിയുടെ ഉത്ഭവത്തെ കുറിച്ച് പഞ്ചപുരാണത്തിൽ പറയുന്നത്. മുരൻ എന്ന അസുരൻ ദേവന്മാരെ തോൽപ്പിച്ച് സ്വർഗ്ഗം കയ്യടക്കി. ദേവന്മാർ മഹാവിഷ്ണുവിനെ അഭയം





പ്രാപിച്ചു. മഹാവിഷ്ണു അവരെ രക്ഷിക്കാനായി മുരാസുരനുമായി ഘോരയുദ്ധം നടത്തി. ക്ഷീണിതനായ വിഷ്ണു ബദര്യാശ്രമത്തിലെ ഗുഹയിൽ വിശ്രമിക്കവേ അസുരന്മാർ അവിടെയും എത്തി. കുപിതനായ വിഷ്ണുവിന്റെ ശരീരത്തിൽ നിന്നും ഉത്ഭവിച്ച ദേവി മുരാസുരനെ വധിച്ചു. ആ ദിവസം ശുക്ലപക്ഷത്തിലെ 11-ാമത്തെ തിഥിയായിരുന്നു. ആ ശക്തി സ്വരൂപിണിയായ ദേവിക്ക് മഹാവിഷ്ണു ഇട്ട പേരാണ് ഏകാദശി. അസുര നിഗ്രഹം കഴിഞ്ഞ് യാത്ര ചോദിച്ച ദേവിയോട് എന്ത് വരം വേണമെന്ന് വിഷ്ണു ചോദിച്ചു. ദുഷ്ടനെ നിഗ്രഹിച്ച ഈ പുണ്യനാളിൽ വ്രതമനുഷ്ഠിക്കുന്നവർക്ക് അശ്വമേധയാഗഫലം ലഭിക്കണമെന്ന ദേവിയുടെ അഭ്യർത്ഥന മാനിച്ച് ഭഗവാൻ അത് അംഗീകരിച്ചു. അങ്ങിനെ ഏകാദശീവ്രതം പ്രസിദ്ധമായിത്തീർന്നു. കുംഭമാസത്തിലെ കറുത്ത ഏകാദശിയാണ് തിരുവില്വാമലയിൽ പ്രധാനം. മനുഷ്യന്റെ ആത്മീയവും ഭൗതികവുമായ ഉയർച്ചയ്ക്ക് ഏകാദശീവ്രതം അനുഷ്ഠിക്കുന്നത് ശ്രേയസ്കരമാണ്.

ദേശകാല ഭേദങ്ങൾ അനുസരിച്ച് ഏകാദശി ആചരണത്തിൽ വ്യത്യാസം ഉണ്ടായേക്കാം. ഏകാദശിയുടെ തലേദിവസം ഒരു നേരം മാത്രം ആഹാരം കഴിക്കുവാൻ പാടുള്ളു. ഏകാദശി നാളിൽ രാവിലെ കുളിച്ച് ശുഭ്രവസ്ത്രം ധരിച്ച് വിഷ്ണു ക്ഷേത്രദർശനം നടത്തി മുഖ്യാഹാരമായ അന്നം ഉപേക്ഷിച്ച് , പഴമോ പാലോ കഴിച്ച് കഴിയുന്നതും ക്ഷേത്രാങ്കണത്തിൽ തന്നെ കഴിച്ചു കൂട്ടുന്നതാണ് ഉത്തമം. ഹരിവാസര സമയത്ത് ലഘുഭക്ഷണം കൂടി ഒഴിവാക്കണം. ഏകാദശിയുടെ അന്ത്യപാദവും ദ്വാദശിയുടെ പ്രഥമപാദവും ചേർന്ന 30 നാഴികയാണ് ഹരിവാസരകാലം. ദ്വാദശിനാൾ കുളിച്ച്, വിഷ്ണു പൂജ ചെയ്ത് ബ്രാഹ്മണർക്ക് ഭക്ഷണം നൽകി പാരണ (സമാപ്തി) വീടണം. ഭാഗവതത്തിലെ അംബരീഷ ചരിതം ഏവർക്കും അറിയാവുന്ന കഥയാണ്. കുംഭമാസത്തിലെ കറുത്ത ഏകാദശിക്ക് ഷട്നില ഏകാദശി എന്നു കൂടി പേരുണ്ട്. അന്ന് എള്ള് ചേർത്ത ആഹാരം കഴിക്കുന്നത് വ്രതത്തിന്റെ മേന്മ വർദ്ധിപ്പിക്കുമെന്ന് പറയുന്നു. ഇത് മൂലം പിതൃക്കൾക്കും ഭക്തർക്കും മുക്തി ലഭിക്കുമെന്നാണ് വിശ്വാസം.

അഷ്ടമി വിളക്ക് മുതൽ ഏകാദശി ഉത്സവം ആരംഭിക്കും. അഷ്ടമി നാളിലെ പ്രസാദ ഊട്ടിന് മുക്കുടി നിവേദ്യത്തിന്റെ ഫലമുണ്ടെന്നും അതിൽ പങ്കെടുക്കുന്നവർക്ക് ഒരു വർഷത്തേയ്ക്ക് അസുഖങ്ങളൊന്നും ബാധിക്കുകയില്ല എന്നുമാണ് പറയുന്നത്. ഏകാദശി നാളിലെ പുണ്യദർശനം നടത്തുന്നത് ഒരു വർഷത്തെ ദർശനഫലവും മോക്ഷദായകവുമാണെന്നാണ് ഏവരുടെയും വിശ്വാസം.

കൊട്ടാരക്കര തമ്പുരാൻ രചിച്ച രാമായണം ആട്ടക്കഥയാണ് ആദ്യത്തെ കഥകളി രൂപമെന്ന് പറയപ്പെടുന്നു. രാമായണം എട്ടായി വിഭജിച്ച് അവ എട്ടു ദിവസത്തെ കഥയാക്കിയാണ് രചിച്ചിരിക്കുന്നത്. അദ്ദേഹത്തെ എല്ലാവരും കഥകളി പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായി സ്മരിക്കുന്നു. കൊട്ടാരക്കര തമ്പുരാൻ സാമൂതിരിയുടെ സദസ്സിൽ നടന്ന കൃഷ്ണനാട്ടം കണ്ടിട്ട് ഇഷ്ടമായിട്ട് അത് കൊട്ടാരക്കരയിൽ അവതരിപ്പിക്കണമെന്ന് സാമൂതിരിയോട് അഭ്യർത്ഥിച്ചു. കൊച്ചിരാജ്യം കടന്ന് തെക്കോട്ട് പോകാനുള്ള ഭയം കൊണ്ട് അത് മറച്ചു വച്ച് തെക്കുള്ളവർക്ക് അത് ദഹിക്കില്ല എന്ന് കളിയാക്കി. മനോവേദനയോടെ അവിടെ നിന്നും മടങ്ങിയ തമ്പുരാൻ കൊട്ടാരക്കര ക്ഷേത്രത്തിൽ ഗണപതിയുടെ മുമ്പിൽ സങ്കടത്തോടെ പ്രാർത്ഥിച്ചു. ക്ഷേത്രനടയിൽ നിന്നും കുളക്കടവിൽ ചെന്ന് പടിയിലിരുന്ന തമ്പുരാന് കുളത്തിൽ ഓരോ രൂപം മാറി മാറി വരുന്നത് കണ്ട് അതു മുഴുവൻ ഓലയിൽ പകർത്തി എടുക്കുകയും അതനുസരിച്ച് രാമന്റെ കഥ ചിട്ടപ്പെടുത്തി രാമനാട്ടം ആടുകയും ചെയ്തു. പിന്നീട് അദ്ദേഹം വടക്കുള്ള മൃദംഗശൈലേശ്വരി ക്ഷേത്രത്തിലെത്തി അവിടെ ഇരുന്നാണ് കഥകളി രൂപത്തിൽ ആക്കി തീർത്തത്. അവിടെ വച്ച് സ്ത്രീരൂപത്തിന് വേണ്ട ആടയാഭരണങ്ങൾ തെളിഞ്ഞ് വരാതിരുന്ന അദ്ദേഹത്തിന് ദേവി കുളത്തിൽ കാണിച്ചു കൊടുത്ത രൂപമാണ് ഇന്നും കഥകളിയിലെ സ്ത്രീവേഷത്തിന് ഉപയോഗിക്കുന്നത്.

അദ്ദേഹത്തിന് വേണാട് രാജവംശവുമായി അകന്ന ബന്ധമുണ്ട്. ശ്രീരാമഭക്തനായ തമ്പുരാന് തിരുവില്വാമലയിലെ പ്രസിദ്ധമായ ശ്രീരാമക്ഷേത്രം ദർശിക്കണമെന്ന ആഗ്രഹം സാധിക്കാതെ വന്നപ്പോൾ അന്ന് രാത്രിയിൽ തിരുവില്വാദ്രിനാഥൻ ദർശനം നൽകി അനുഗ്രഹിച്ചു എന്ന് ഐതിഹ്യമുണ്ട്. പിറ്റേന്ന് തന്നെ അദ്ദേഹം രാമായണം ആട്ടക്കഥയിലെ വരികൾ ഇങ്ങിനെ എഴുതി പൂർത്തിയാക്കി.

പവന തനയ ചേത ; പങ്കജാക്ഷാമുനീന്ദ്രാ-
രനുദിതമനുസേവ്യം ശ്യാമളം കോമളാംഗം,
ദിനകരകുലദീപം ജാനകി ഭാഗ്യരാശീം
കരധൃതശരചാപം നൗമി വില്വാദ്രിനാഥം.

ഇന്നും പല കഥകളിഗായകന്മാരും ഈ വരു

ണശ്ലോകം ചൊല്ലി അവതരിപ്പിക്കാറുണ്ട്.

പണ്ട് ക്ഷേത്രത്തിന് രണ്ടു നടകളിലും ഗംഭീരമായ മനോഹരമായ അലങ്കാര ഗോപുരങ്ങൾ ഉണ്ടായിരുന്നു. പടിഞ്ഞാറെ ഗോപുരത്തിന് മുകളിൽ അഞ്ചില്ലത്തിൽ പെട്ട ശാന്തിക്കാരായിരുന്നു താമസിച്ചിരുന്നത്. ഉടയവർ പദവി ലഭിച്ച മൂസ്സും ശാന്തിക്കാരും ബ്രഹ്മചര്യം പാലിക്കണമെന്നതിനാലാണ് അവിടെ തന്നെ താമസം വേണമെന്ന് നിഷ്ക്കർഷയുണ്ടായത്. ഒരു ദിവസം രാത്രി മൂസ്സ് സ്വപ്നത്തിൽ ഒരു സന്യാസി തന്റെ അടുത്ത് വന്നിരുന്ന് പറഞ്ഞു മൂസ്സ് ഗോപുരത്തിൽ കിടക്കുന്നത് എനിക്കിഷ്ടമാണ്. എന്നാൽ വിളക്ക് കത്തിച്ചു വയ്ക്കുന്നത് എനിയ്ക്കിഷ്ടമല്ല. ഇവിടെ കത്തിച്ചു വച്ച വിളക്ക് തിരുന്നാവായ ക്ഷേത്ര ആൽത്തറയിൽ നിന്നാൽ കാണാൻ കഴിയും. രണ്ടു ക്ഷേത്രത്തിലും ഒരു ദിവസം തന്നെ ദർശനം ചെയ്യുന്നത് ശ്രേയസ്കരമാണ്. എന്നാൽ മനസ്സിൽ ഭക്തി ഉണ്ടായാൽ മാത്രമെ ഫലമുണ്ടാവുള്ളു. അതുകൊണ്ട് വിളക്ക് കത്തിക്കുന്ന പതിവ് ഇന്നത്തോടെ അവസാനിപ്പിക്കണം. ഇത് ഭഗവാൻ തന്നെ പറഞ്ഞതാണോ എന്ന് മൂസ്സിന് തോന്നി. അദ്ദേഹം ഭഗവാനെ കൈകൂപ്പി. പെട്ടെന്ന് കണ്ണു തുറന്നു. അടുത്ത് ആരുമില്ല. വില്വാദ്രിനാഥാ! അടിയനെ പരീക്ഷിക്കുകയാണോ? ആരോ ഒരാൾ ക്ഷേത്രത്തിനുള്ളിലേക്ക് നടന്നു പോകുന്നതായി മൂസ്സ് കണ്ടു. അദ്ദേഹത്തിന് ഭയമായി. ഇത് ഭഗവാന്റെ ഇച്ഛയായിരിക്കുമോ? എന്തു വേണമെന്ന ചിന്തയായി. വിവരം യോഗക്കാരെ അറിയിച്ചു. അവർ ഈ കഥ കേട്ട് ഒരുകൂട്ടർ വിളക്ക് കത്തിക്കുന്നതിൽ തെറ്റില്ലെന്നും മറ്റൊരു കൂട്ടർ തെറ്റാണെന്നും വാദിച്ചു. ഒടുവിൽ യോഗക്കാർ മൂസ്സിനെയും കൊണ്ട് സത്യം കണ്ടെത്താൻ നാവാമുകുന്ദക്ഷേത്രത്തിൽ പോയി. മടങ്ങി വരുന്നതു വരെ വിളക്ക് കത്തിച്ച് കെടാതെ സൂക്ഷിക്കാനും ഏർപ്പാടാക്കി. യോഗക്കാർ നാവാമുകുന്ദക്ഷേത്രത്തിലെ ആൽത്തറയിൽ കയറി നിന്ന് തിരുവില്വാമലക്ഷേത്രം സ്ഥിതി ചെയ്യുന്ന കിഴക്കു ഭാഗത്തേയ്ക്ക് നോക്കി. എന്തൊരത്ഭുതം! രണ്ടു ഗോപുരങ്ങളിലേയും ദീപം തെളിഞ്ഞു കാണുന്നു. എല്ലാവർക്കും സത്യം ബോധ്യമായി. ഉടൻ തന്നെ അവർ അവിടെ നിന്നും തിരിച്ചു. പെട്ടെന്ന് ഇടിവെട്ടും മഴയും കൊടുങ്കാറ്റും അനുഭവപ്പെട്ടു. യാത്ര ചെയ്യാനോ തുടരാനോ പറ്റാത്ത അത്ര അന്ധകാരം വ്യാപിച്ചു. പിറ്റേന്ന് രണ്ടു ഗോപുരങ്ങളും ആ പേമാരിയിലും കൊടുങ്കാറ്റിലും തകർന്ന് വീണു എന്ന വാർത്തയാണ് അവർക്ക് അറിയാൻ സാധിച്ചത്. പിന്നീട് ആരും തന്നെ ഗോപുരം പുതുക്കി പണിയാൻ ധൈര്യപ്പെട്ടില്ല പോലും. ഐതിഹ്യമായി പറയുന്നത് ഭക്തജനങ്ങൾ ആ സ്ഥലത്ത് വന്ന് നിന്ന് തൊഴുന്നത് തന്നെയാണ് ഭഗവാന് ഇഷ്ടം.

ചരിത്രം : സാമൂതിരിയും ശക്തൻ തമ്പുരാനും തമ്മിൽ ക്ഷേത്രാവകാശത്തെക്കുറിച്ച് നടന്ന തർക്ക കഥകൾ വളരെ രസകരമാണ്.

സാസാമൂതിരി തന്റെ പുത്രൻ കുതിരവട്ടത്ത് നായർക്ക് തിരുവില്വാമലക്ഷേത്രം ഉൾപ്പടെ നടുവട്ടം കൽപ്പിച്ച് കൊടുത്തപ്പോൾ രണ്ടുപേരും തമ്മിലുള്ള തർക്കം ശക്തിപ്പെട്ടു. തിരുവില്ല്വാമലയിലെ ഊരായ്മക്കാർ ശങ്കരണത്തും, കിഴക്കില്ലത്തും, പാവത്തും, ഐരടത്തും തറവാട്ടുകാരും, കാരായ്മക്കാരായി അണ്ണത്തും, ഇക്കരത്തും, നാലൊന്നിലും ആകുന്നു. എന്നാൽ ക്ഷേത്രശീവേലിക്ക് നാലൊന്നിൽ നമ്പി ആനപ്പുറത്തിരുന്ന് തിടമ്പെഴുന്നള്ളിച്ചപ്പോൾ ഊരായ്മക്കാരെ അധിക്ഷേപിച്ചു. അപ്പോൾ തന്നെ നമ്പിയെ ആനപ്പുറത്തു നിന്നും ഇറക്കി പുറത്താക്കി. ഇനിമേൽ കാരായ്മക്കാർ എഴുന്നള്ളിക്കണ്ട എന്ന തീരുമാനമെടുത്തു. അന്നു മുതൽ നമ്പൂതിരിമാർ എഴുന്നള്ളിപ്പ് ഏറ്റെടുത്തു.

നെടിയിരുപ്പ് സ്വരൂപത്തിന് തിരുവില്ല്വാമല ക്ഷേത്രവുമായി ബന്ധമില്ലെന്നും അദ്ദേഹം ചെമ്പുപലക പൂശിയത് വഴിപാടാണെന്നും ആണ് കൊച്ചി തമ്പുരാന്റെ വാദം. എന്നാൽ തിരുവില്ല്വാമല ഭക്തനാകയാൽ സാമൂതിരിയെ തൊഴാൻ വരുന്ന അവസരങ്ങളിൽ സേവകന്മാർ ചെന്ന് ശംഖ് വിളിച്ച് അകമ്പടിയോടെ കൂട്ടികൊണ്ടു വരിക പതിവാണ്. ഒരിക്കൽ തിരുവില്വാമല വിളക്കു വെപ്പിന് നെടിയിരുപ്പിലെ ആളുകൾ എണ്ണയും തിരിയും കൊണ്ട് വന്നപ്പോൾ കൊച്ചി രാജാവ് അനുവദിച്ചില്ല. വഴിപാട് നടത്തുവാൻ മുൻകൂട്ടി അനുവാദം വാങ്ങണമായിരുന്നു എന്നായിരുന്നു തമ്പുരാന്റെ വാദം. ഉടമസ്ഥാവകാശം സ്ഥാപിക്കാൻ ഉള്ള തന്ത്രമായിരുന്നു അതിനു പിന്നിൽ. പക്ഷേ സാമൂതിരി പലപ്രാവശ്യം ഉടമസ്ഥാവകാശം സ്ഥാപിക്കാൻ ശ്രമിച്ചു. 947 ൽ ക്ഷേത്രം ചെമ്പുപലക അടിച്ചു. തർക്കം രൂക്ഷമായപ്പോൾ ടിപ്പുസുൽത്താൻ ഇടപെട്ട് ചെമ്പു പലക പൊളിച്ചു കളഞ്ഞുവത്രെ. അതിന് ശേഷം ഓല മേഞ്ഞ് കൊണ്ടു നടന്നു. എന്നാൽ ഏകാദശി പ്രമാണിച്ച് പന്തൽ പണിയും പല അടിയന്തിര കാര്യങ്ങളും സ്വരൂപത്തിൽ നിന്ന് ചെയ്ത് വന്നിരുന്നു. എന്നാലും ഇടയ്ക്കൊക്കെ രണ്ടു കൂട്ടരും കൊമ്പ് കോർക്കും. അവസാനം 965 ൽ ഊരായ്മക്കാരിൽ പെട്ട പാവത്തും കുടുംബക്കാർ





ക്ഷേത്രാവകാശവും സ്വത്തും അധികാരങ്ങളും കൊച്ചി തമ്പുരാന് ഒഴിഞ്ഞു കൊടുത്തു. അക്കാലത്തെ കാരായ്മ കണക്കെഴുത്ത് ഊക്കത്തെ രാമകൃഷ്ണ വാരിയർക്കായിരുന്നു എന്ന് ഐതിഹ്യമാല പ്രസ്താവിക്കുന്നു.

ചരിത്രം : തിരുവില്വാമല ക്ഷേത്രം ആദ്യകാലത്ത് പരശുടയവരെന്ന് പറയപ്പെടുന്ന മൂസ്സതന്മാരുടെ വകയായിരുന്നുവത്രെ. അവരുടെ ഇടയിലുണ്ടായ തൊഴുത്തിൽ കുത്തും മത്സരവുമാണ് കാലാന്തരത്തിൽ ക്ഷേത്രാധികാരവും ഉടമസ്ഥാവകാശവും അവരിൽ നിന്ന് ശക്തൻ തമ്പുരാന്റെ കൈവശം 'പണ്ടാരം' കയറി, പിന്നീട് സർക്കാർ വകയായി, അവസാനം ദേവസ്വം വകയായി.

ആണ്ടിൽ കുംഭമാസത്തിൽ ഏകാദശി കഴിഞ്ഞ് പിറ്റെ ദിവസം കർക്കിടകമാസം 10 നു അടിയന്തിര യോഗം വിളിച്ചു കൂട്ടി ഊരായ്മക്കാരും സമുദായ മനുഷ്യരും, പാട്ടാളിയും കൂടെ വാതിൽ മാടത്തിൽ വടക്കെ മുറിയിലും, കാരായ്മക്കാരിൽ വലിയ നമ്പി ബലിക്കൽപ്പുരയിൽ പടിയിേന്മലും ഇരുന്ന് വിചാരണ നടത്തുമ്പോൾ തമ്പുരാന്റെ മനുഷ്യം വാളും പരിചയുമായിട്ടും, തരൂർ സ്വരൂപത്തിലെ മനുഷ്യം ഉറയിലിട്ട വാളായിട്ടും, നെടിയിരുപ്പിലെയും ആറങ്ങോട്ടെയും മനുഷ്യം രണ്ടു ചൂരൽക്കോലായിട്ടും ബലിക്കൽപ്പുരയിൽ നിൽക്കും. അങ്ങിനെയാണ് അന്നത്തെ രാജസദസ്സിന്റെ പ്രൗഢിയെക്കുറിച്ച് പറയുന്നത്. ഇംഗ്ലീഷുകാരുടെ സ്വാധീനത്തോടെ കൊച്ചിരാജാവ് ഈ ക്ഷേത്രം കൊച്ചിയുടെതാക്കിയതാണെന്നും, മറിച്ച് ഇത് സാമൂതിരിയുടെതാണെന്ന് പഴമക്കാരും പറയുന്നു. അഗ്നിബാധക്കുശേഷം 1002 ൽ വിഗ്രഹം സംരക്ഷിച്ച് സ്വർണ്ണഗോളകം നിർമ്മിച്ചു. പിന്നീട് 1146 മുതൽ ക്ഷേത്രസമിതി രൂപികരിച്ച്, ദേവസ്വവുമായി സഹകരിച്ച് ക്ഷേത്രത്തിന്റെ സർവ്വതോന്മുഖമായ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുന്നു. ദേവസ്വം ഓഫീസ് ക്ഷേത്രത്തിന്റെ പടിഞ്ഞാറെ നടയിൽ തെക്കുവശത്തുള്ള ഇരുനില കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. താഴെയുണ്ടായിരുന്ന നെല്ലറ (പത്തായം) പഴയകാല സമൃദ്ധിയെ ഓർമ്മപ്പെടുത്തുന്നു.

ശ്രീധരാ തവ പാദാംബുജം മമ
ബാധകൂടാതെ സേവിച്ചുകൊള്ളുവാൻ
ബോധ വിഗ്രഹ കാത്തരുളേണമേ
രാമ രാഘവ പാഹിമാം പാഹിമാം.

വില്ല്വാദ്രി നാഥൻ നമ്മെ ഏവരെയും അനുഗ്രഹിക്കട്ടെ!

## നായർ സ്ത്രീസമാജം 2018 ജൂലൈമാസ പരിപാടികൾ

| തീയതി | പരിപാടി | സമയം |
|---|---|---|
| 18.07.18 (ബുധൻ) | രാമായണ പാരായണം (സുന്ദരകാണ്ഡം) | 10.00 a.m. |
| 20.07.18 (വെള്ളി) | വിളക്കുപൂജ | 9.00 a.m. |


## എറണാകുളം കരയോഗം - **ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2018 ജൂൺ മാസത്തിൽ സംഭാവന നൽകിയവർ**

| | |
|---|---|
| 1. ശ്രീമതി. എ. രമാമേനോൻ, ഗോകുലം, ശാന്തി ലെയ്ൻ, രവിപുരം, കൊച്ചി-682016 | 1,00,000/- |
| 2. ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ, സായിഗായത്രി, ബി.ടി.എസ്. റോഡ് കീർത്തി നഗർ, ഇളമക്കര, കൊച്ചി-682026 | 28,760/- |
| 3. ശ്രീ. ജി. ബാലകൃഷ്ണൻ, മയൂഖം, ഹിൽപാലസ് നോർത്ത്, ഇരുമ്പനം. പി.ഒ തൃപ്പൂണിത്തുറ | 10,000/- |
| 3. ശ്രീ. സി. ജയറാം, 901, അക്കാരിയ ആർക്കൈഡ്, അയ്യപ്പൻകാവ്, എറണാകുളം-682018 | 5001/- |
| 4. ശ്രീ. വിശ്വേശരൻ. എസ്. ആർ, ഫ്ളാറ്റ് നമ്പർ 2 ഡി, ജെ.എം. പാലസ് എൻ. എഫ്. ഗേറ്റ് , തൃപ്പൂണിത്തുറ | 5000/- |
| 5. ശ്രീ. എസ്. പത്മകുമാർ, ലീലാർദ്ര, പുതുക്കലവട്ടം, ഇളമക്കര, കൊച്ചി | 5000/- |

## 2018 ജൂൺ മാസത്തിൽ അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**ലീല മേനോൻ**
L/4168, നമ്പർ-11, കലിക അപ്പാർട്ട്മെന്റ്സ്
ചെറുപറമ്പത്ത് റോഡ്, കടവന്ത്ര, കൊച്ചി 682020



**പി. ഗോപാലകൃഷ്ണപിള്ള**
L/1816, HB 51
പനമ്പിള്ളി നഗർ, കൊച്ചി 682036



**രാധ എൻ. പിള്ള**
L/2385, ഗീത നിവാസ്
ദിവാൻസ് റോഡ്, കൊച്ചി 682016



**ഉണ്ണികൃഷ്ണ മേനോൻ**
L/0941, കൈലാസ്, പാണ്ഡവത്ത് റോഡ്
മരട്, കൊച്ചി- 682304



**എം. ആർ. ജി. മേനോൻ**
L/1923, 5 എ, അബാദ് സിൽവർ ക്രസ്റ്റ്
ജവഹർ നഗർ
കടവന്ത്ര, കൊച്ചി-682020

## 8-ാം ചരമവാർഷികം

**27.05.2018**



**എഴുത്തുള്ളിൽ ജയലക്ഷ്മി**
**കീർത്തിശ്രീ, മുട്ടത്തിൽ ലെയ്ൻ**
**കടവന്ത്ര, കൊച്ചി 682020**

*ഓർമ്മകളോടെ,*
*ഗോപാലകൃഷ്ണൻ, അനൂപ് രാധാകൃഷ്ണൻ*
*കീർത്തിപ്രിയ*

## വേദാന്ത പഠനക്ലാസ്സ്

**എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ ശ്രീ.കെ.ആർ നമ്പ്യാരുടെ നേതൃത്വത്തിൽ വേദാന്ത പഠനക്ലാസ്സ് എല്ലാ ശനിയാഴ്ചയും രാവിലെ 10.00ന് ഉണ്ടായിരിക്കുന്നതാണ്.**

**വിത്തത്തിലാഗ്രഹം വന്നൂപതുക്കവേ**
**ചിത്തത്തിലുൾപ്പുക്കൂ ദുഃഖങ്ങളിങ്ങനെ**
**തത്തൽപ്രകാരം വരുത്തുന്നതൊക്കെയും**
**തത്ത്വം വിചാരിക്കിലീശ്വരന്റെ കളി.**
***- കൃഷ്ണലീല***





# നളചരിതത്തിലെ കാട്ടാളൻ

**ഡോ. ശാന്തകുമാരി. സി**

നളചരിത കർത്താവിന്റെ ജീവിത നിരീക്ഷണത്തിന്റെ പക്വഫലങ്ങളായി പറയാവുന്ന ചില കഥാപാത്രങ്ങളിലൊന്നാണ് കാട്ടാളൻ. നളൻ പരിത്യജിച്ച ദമയന്തിയുടെ കരച്ചിൽ കേട്ട് ആ വനവാസി ആ ശബ്ദം എവിടെ നിന്നാണെന്ന് അന്വേഷിച്ചു. ഇത്തരം ശബ്ദങ്ങൾ കാടുകളിൽ സ്വാഭാവികം. അപ്പോൾ സ്വാഭാവികമായി ഈ അന്വേഷണത്തിൽ ഉദാസീനത തോന്നേണ്ടതാണ്. എന്നാൽ ഈ കാട്ടാളന് ശബ്ദത്തെക്കുറിച്ചുള്ള അന്വേഷണത്തിൽ പ്രത്യേക ശ്രദ്ധ കാണുന്നു. 'ദൂരെയിരുന്നാൽ നേരറിയാമോ' എന്നാണ് അയാളുടെ ചിന്ത. ആ സമയത്ത് കാട്ടിനകത്തെ ഭീകരത നിറഞ്ഞ സാഹചര്യം കാട്ടാളനെപ്പോലും ഭയപ്പെടുത്തുന്നു. പക്ഷെ ആ ദയനീയ സ്വരവും അതിനെത്തേടിയുള്ള അന്വേഷണവും വേണ്ടതു ചെയ്യാനുള്ള മോഹവും കാട്ടാളനിൽ ഉണ്ടാകുന്നത് അസാധാരണമായിരിക്കുന്നു. പ്രാകൃതന്മാരായ കാട്ടാളന്മാരുടെ ഇടയിൽ ഇങ്ങനെയും സംസ്കൃതചിത്തരോ? ഈ വ്യക്തിത്വം നളചരിത കർത്താവ് നന്നായി ശ്രദ്ധിക്കുന്നു. അതൊരു സ്ത്രീ ശബ്ദം എന്നുള്ളത് കാട്ടാളന്റെ പ്രവർത്തിക്ക് ആക്കം കൂട്ടി.

'മരത്തിനിടയിൽ കാണാമേ.....പശ്യേയം' ഈ ഉത്സാഹത്തെ സ്ത്രീ വിലാപം എന്ന കാര്യം ഉദ്ദീപ്തമാക്കുന്നു. അല്ലാതെ അവളുടെ സൗന്ദര്യമാവില്ല അവനെ സഹായിക്കാൻ പ്രേരിപ്പിച്ചിട്ടുണ്ടായിരിക്കുക. ഒരു പക്ഷെ ദമയന്തിയുടെ നൈസർഗ്ഗിക ഭംഗി ഈ പ്രാകൃതനിലും ഒരു ചലനമുണ്ടാക്കിയിരിക്കാം. വാസനാബദ്ധമായ ചപല മനസ്സിന്റെ ഈ സ്വാഭാവികതയെ നമുക്ക് കുറ്റം പറയാനാവില്ല. ആ സാഹചര്യം ശ്രദ്ധിച്ചാലോ നായികയുടെ മാദക സൗന്ദര്യം വിജനമായ ഘോര കാനനം മറ്റാരും അവൾക്ക് തുണയായി ഇല്ലാത്ത അവസ്ഥ, ഇതെല്ലാം അവൾ എന്റേതു മാത്രം എന്ന ചിന്ത കാട്ടാളനിൽ ഉണ്ടാക്കിയിരിക്കണം. ആ പ്രസരിപ്പ്, ചെറുപ്പത്തിന്റെ മദം ഇവ ആ മമതയെ വളർത്തി. അവൾക്കിനി ഞാൻ മാത്രമാണ് രക്ഷാകർത്താവ് എന്ന ചിന്ത കാട്ടാളനെ അഭിമാനിയാക്കി. ഈ വികാരങ്ങളാണ് അവളുടെ കാലിൽ ചുറ്റിയ പാമ്പിനെ കൊല്ലാൻ അവനെ പ്രേരിപ്പിച്ചത്!

'വസിക്ക നീയെന്നംസേ താങ്ങി....'

എന്നു പറഞ്ഞടുക്കുമ്പോൾ വാസ്തവത്തിൽ അയാൾ കാമാസക്തനല്ല. പാമ്പിനെ കൊല്ലാനും, അവളെ രക്ഷിക്കാനുമുള്ള ശ്രമങ്ങൾ പറഞ്ഞു കൊടുക്കുക മാത്രമാണ്. ദമയന്തിയുടെ മുഗ്ധത പ്രാകൃത സ്പർശനം മടിച്ചിരിക്കണം. പ്രാണാപായത്തിൽ മടി ആശാസ്യമല്ല എന്ന അവന്റെ ന്യായവാദം അതിനുള്ള പരിഹാരമാണ്.

ഇങ്ങനെ നോക്കിയാൽ സ്വരൂപത്തിൽ പ്രാകൃതനാണെങ്കിലും സ്വഭാവത്തിൽ സംസ്കൃത ചിത്തനായ ഒരാളായിട്ടാണ് നളചരിതത്തിൽ കാട്ടാളനെ ആവിഷ്ക്കരിച്ചിരിക്കുന്നത്. ഘോര കാന്താരത്തിലെ ശബ്ദം കണ്ടെത്തി അവിടെപ്പോയി വേണ്ടതു പ്രവർത്തിച്ച അവന്റെ ധൈര്യത്തെ അഭിനന്ദിക്കുക തന്നെ വേണം. ആ സന്മനസ്സും ശ്രദ്ധിക്കത്തക്കതു തന്നെ. കാട് അവനെപ്പോലും ആ സമയത്ത് പേടിപ്പിച്ചിരുന്നു. എന്നിട്ടും കാട്ടിൽ പോയത് മറ്റുള്ളവരെ രക്ഷിക്കുവാനുള്ള വ്യഗ്രതയ്ക്കു മുന്നിലുള്ള മഹാത്യാഗം തന്നെയാണ്. പെരുമ്പാമ്പിന്റെ പിടിയിൽ നിന്നും ഒരു സുന്ദരിയെ രക്ഷിക്കുക എന്നത് ആപത്കരമായ കാര്യമായിട്ടും കാട്ടാളൻ അതു ചെയ്തു. ആ ദീനരക്ഷാസക്തിയെ ആർക്കും തടയാനായില്ല. തുടർന്ന് കാമമേറിയും കാമവിചാരസ്പൃഷ്ടനുമായി ദമയന്തിയോടു പെരുമാറിയതുമെല്ലാം ഈ സേവനോത്സുകതയ്ക്ക് ബാധകമേ അല്ല.

അതിനു അവനു കിട്ടിയ അംഗീകാരമായിരുന്നു ദമയന്തിയുടെ പ്രശംസ. ആ കാട്ടാളന് അവൾ അങ്ങേയറ്റം കടപ്പെട്ടവളാണ്. എന്തും സമർപ്പിക്കേണ്ടവൾ. അവൻ പ്രാകൃതനായ ഒരു കാട്ടാളനാണ് എന്ന ചിന്ത ഇതിൽ അവളെ കൃതഘ്നയാക്കരുത്, അപ്പോൾ അവൾ എന്തു ചെയ്യും? അവനെന്താണ് കൊടുക്കുക? അതും പ്രാണരക്ഷണം ചെയ്തതിന്. അതുകൊണ്ടാണ് അവൾ ഉള്ളിൽത്തട്ടിപ്പറഞ്ഞത്. 'പ്രാണരക്ഷണത്തിന് പ്രത്യുപകാരമായി ഒന്നും ചെയ്യാനില്ല' എന്ന്. ഇങ്ങനെ അവനെ യാത്രയാക്കാൻ തുടങ്ങിയപ്പോഴാണ് കാട്ടാളനിൽ ഒളിഞ്ഞു കിടന്നിരുന്ന പ്രാകൃതത്വം ഉയർന്ന് വന്നത് . താൻ രക്ഷിച്ച, മാദക സുന്ദരിയെ വിജനമായ കാട്ടിൽ, രാത്രിയുടെ അന്ത്യയാമങ്ങളിൽ എങ്ങനെ ഉപേക്ഷിച്ചു പോകും? അവന്റെ ചിന്ത മാറി. അവളാരാണ് എന്നൊക്കെ അവൻ ചിന്തിക്കുന്നതെന്തിന്? മറ്റൊരു വിധത്തിൽ ആയിപ്പോകുമായിരുന്ന അവളെ ജീവിതത്തിൽ ആശ്വാസത്തിന്റേയും, വിശ്വാസത്തിന്റേയും ഉറപ്പു കൊടുത്ത് തന്റേതാക്കി എന്നയാൾ വിചാരിച്ചാൽ അതിൽ എന്താണ് തെറ്റ്. ഇത്തരം സന്ദർഭത്തിൽ കാട്ടാളനായ സംസ്കൃത ചിത്തനും നിലതെറ്റിപ്പോകുന്നതല്ലേ

ലോക സ്വഭാവം. അവളെ അന്നെങ്കിലും സ്വന്തമാക്കാനും അനുഭവിക്കാനും കരുത്തും ധൈര്യവുമുണ്ടായിട്ടും എല്ലാ പ്രലോഭനങ്ങളുമുണ്ടായിട്ടും കാട്ടാളൻ അവളെ ഉപദ്രവിക്കുന്നില്ല. അവളുടെ സമ്മനസ്സോടെയുള്ള ചേർച്ചയ്ക്കാണ് അവൻ ശ്രമിച്ചത്. പ്രാണദാതാവായ പ്രാകൃതന്റെ വാക്കുകളിൽ എത്ര അന്തസ്സ്. ....

'അംഗനേ ഞാനങ്ങുപോവതെങ്ങനെ'?

കാമികളുടെ എല്ലാ ചാടുക്തികളും പക്ഷെ എല്ലായിടത്തും ഒരു തരം നിയന്ത്രിതമായ വികാരാവേശത്തിന്റെ വാക്കുകൾ. മനസ്സോടെയല്ല ചേർച്ചയെങ്കിൽ ശാരീരിക ചപല ബലാല്ക്കാരം പ്രയോജനമില്ലാത്തത് എന്നാവാം അവന്റെ ഇംഗിതം.

ഏതു പ്രാകൃത ഭൂമിയിലും ഉല്കൃഷ്ടതയുടെ അങ്കുരങ്ങളുണ്ടാവാമെന്നതിന്റെ തെളിവാണ് ഈ പാത്ര സൃഷ്ടി. ഈ കിരാതൻ ആർക്കും മാതൃക. മാദക സൗന്ദര്യം മദിപ്പിച്ചിട്ടും വികാരത്തെ നിയന്ത്രിച്ചത്. അഭിനന്ദനീയം.

സത്യം പറഞ്ഞാൽ നികൃഷ്ടനായ ആ ഉൽകൃഷ്ടന്റെ ദുരന്തം ദയനീയം. അവന്റെ പരോപകാരപ്രവണമായ ജീവിതം നശിയ്ക്കത്തക്കവിധം ഒരു തെറ്റ് അവൻ ചെയ്തിട്ടില്ല. അവൻ വനവാസിയായതവന്റെ കുറ്റവുമല്ല. വലിയൊരു ദുരവസ്ഥയിൽ തന്നെ രക്ഷിച്ച കാട്ടാളനെ, ദമയന്തി , അവന്റെ അപരാധത്തിന് (മനോദൗർബ്ബല്യത്തിന് ) വലിയ ശിക്ഷ നൽകിയത് ദമയന്തിക്ക് കളങ്കമായില്ലേ എന്ന് സംശയിക്കണം. പക്ഷേ ദമയന്തി വധിച്ചത് അവനിൽ ബാക്കി നിന്ന കാട്ടാളത്തത്തെയാണ്. തന്നെ രക്ഷിച്ചെങ്കിലും ഈ കാട്ടാളത്തം ഉണർന്നുയർന്നു വന്നത് ദമയന്തി കണ്ടു. അതുവളർന്നാൽ അബലയായ അവൾക്ക് മറ്റെന്തു ചെയ്യാനാകും.

'അതിമൂഢനിവനോടെന്നുരസിച്ചുരപ്പൂ
അതുകേട്ടിട്ടിവനുണ്ടോ അടങ്ങിപ്പോയിരിപ്പൂ'

എന്ന ആത്മഗതം അവൻ അടങ്ങില്ല അവൾക്കാരുമില്ല. അപ്പോൾ അവളുടെ ഏകാശ്രയം അവൾ സ്വീകരിച്ചു.

' അബലേ നിൻ വ്രതഭംഗോ
ദ്യുതൻ ഭസ്മീഭവിപ്പൂയെ
ന്നമരേന്ദ്രൻ വരമൊന്നുണ്ടിതിനുപകരിപ്പൂ'

ഈ അമരേന്ദ്ര വരത്തിൽ വിശ്വസിച്ച അവൾ അത് പറയുന്നതിനു മുൻപേ കാട്ടാളൻ ഭസ്മീഭൂതനായെങ്കിൽ അവൻ പൊട്ടിത്തെറിച്ചു പോകേണ്ടവൻ തന്നെ. ഒരു അടക്കമില്ലായ്മക്കാണ് ശിക്ഷ. ദമയന്തി ദു:ഖക്കടലിലായിരുന്നല്ലോ. ആ വേദനകളെയെല്ലാം കുത്തിപ്പൊക്കിയ ഇവനെ വഴിയിൽ നിന്ന് തട്ടിമാറ്റാതെ അവളെന്തു ചെയ്യും.

ആ കിരാതന്റെ ഭസ്മം പോലും കാണാതായി. പ്രാണദാതാവിന്റെ ദുരവസ്ഥയിൽ ദമയന്തി സന്തോഷിക്കുന്നില്ല. സഹതാപവും തോന്നിയില്ല. പരോപകാരിയായ കാട്ടാളൻ സ്വന്തം അപരാധം കൊണ്ട്, സ്വഭാവിക ചാഞ്ചല്യത്തിന് സ്വയം സൃഷ്ടിക്കപ്പെട്ട ഒരു മനസ്വിനിയാൽ ശിക്ഷിക്കപ്പെട്ടു. ആ വനത്തിൽ തന്റെ പ്രകൃതിയോടിണങ്ങി, ഉദിച്ചുയരുന്ന ഭഗവാനെ മറച്ച് ഇരുട്ടിൽ കത്തിപ്പോയി. ആ പൊടി പോലും പോയി. നല്ലവനായ ആ കാട്ടാളൻ നശിച്ചിട്ടില്ല. ദമയന്തിയുടെ വാക്കുകൾ എന്നും അവനെ ജീവിപ്പിക്കും.

'പ്രാണരക്ഷണത്തിന്നില്ല പ്രത്യുപകാരം
പ്രചുരമാം സുകൃതാദൃതെ'

## എറണാകുളം കരയോഗം
## എൽഡർ സിറ്റിസൺസ് ഫോറം
### 2018 ജൂലൈ/ആഗസ്റ്റ് മാസത്തെ പരിപാടികൾ

| തീയതി | മനോരഞ്ജിനി അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 12.7.18 | Competitions in Connection with the 20th Anniversary of E C F | | | 977 |
| 19.7.18 | Quiz Competition in connection with 20th Anniversary of E C F- Quiz Master S. Sreekumar | | | 978 |
| 22.7.18 | 20th Annual day Celeberations at TDM Hall- Inauguration-By Sri. K.P.K. Menon President EKM Karayogam. Main Talk P. Ramachandran (Venu) G. Secretary | | | 979 |
| 02.08.18 | രാമായണ പാരായണം | | | 980 |
| 09.08.18 | | പി. പ്രഭാകരമേനോൻ | Election & Democracy | 981 |





# അദ്ധ്യാത്മരാമായണത്തിലെ നർമ്മരംഗങ്ങൾ

മൃണാളിനി (ഫോൺ: 95677 63643)

തുഞ്ചത്തെഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം ഭക്തിരസപ്രധാനമാണ് . അത് പാനം ചെയ്യുന്നവർക്ക് ആത്മീയതയിലേക്ക് പ്രവേശിക്കുവാനുള്ള ഏറ്റവും എളുപ്പമാർഗ്ഗമായ ഭക്തിമാർഗ്ഗത്തിലൂടെ സഞ്ചരിക്കുവാനുള്ള പ്രേരണ നൽകുന്നു. സർവ്വേശ്വരനെ സ്തുതിച്ചുകൊണ്ടുള്ള വരികളാണ് പഠേതാവിന് ഭക്തിരസം സമ്മാനിക്കുന്നത്. ശ്രീരാമന്റെ ജനനസമയത്തു തന്നെ ഈ സ്തുതികൾ തുടങ്ങുന്നു. സാക്ഷാൽ മഹാവിഷ്ണു നാലു തൃക്കൈകളിൽ ശംഖ്ചക്രഗദാബ്ജങ്ങളോടു കൂടി കൗസല്യയുടെ മുന്നിലവതരിച്ചു. കൗസല്യ വണങ്ങി സ്തുതിച്ചു.

നമസ്തേ ദേവദേവ ! ശംഖ്ചക്രാബ്ജധര!
നമസ്തേ വാസുദേവ ! മധുസൂദന ഹരേ!

തുടങ്ങിയ ശ്ലോകങ്ങൾ ഇങ്ങിനെ അവസാനിക്കുന്നു

കേവലമലൗകികം വൈഷ്ണവമായ രൂപം
ദേവേശ! മറയ്ക്കേണം മറ്റുള്ളോർ കാണും മുൻപേ
ലാളനാശ്ലേഷാദ്യനുരൂപമായിരിപ്പോരു
ബാലഭാവത്തെ മമ കാട്ടണം ദയാനിധേ!

ഭക്തവത്സലനായ മഹാവിഷ്ണു അരുൾ ചെയ്തു

മാതാവേ! ഭവതിയ്ക്കെന്തിഷ്ടമാകുന്നതെന്നാ
ലേതുമന്തരമില്ലാ ചിന്തിച്ചവണ്ണം വരും

ശ്രീമന്നാരായണ മൂർത്തിയുടെ അവതാരരൂപിയും ധീരശൂര പരാക്രമിയും പല ലൗകിക ദു:ഖങ്ങൾ അനുഭവിച്ചവനുമായ ശ്രീരാമന്റെ കഥയിലെവിടെയാണ് നർമ്മം എന്ന ചോദ്യം ഉദിക്കുമായിരിക്കാം. ദ്വാപരയുഗത്തിൽ കള്ളകൃഷ്ണനായി ജനിച്ചതും രാമാവതാരമെടുത്ത മഹാവിഷ്ണുതന്നെയല്ലേ അദ്ധ്യാത്മ രാമായണത്തിലുടനീളം സഞ്ചരിക്കുമ്പോൾ നർമ്മരസം തുടിക്കുന്ന അനേകം വരികൾ കാണാം.

സീതാസ്വയംവരത്തിനുശേഷം ദശരഥൻ മിഥിലാപുരിയിൽ നിന്ന് തന്റെ നാലാൺമക്കളോടും പുത്രവധുക്കളോടും പരിവാരങ്ങളോടും കൂടി അയോദ്ധ്യയിലേയ്ക്കു തിരിച്ചെഴുന്നള്ളുകയാണ്. അപ്പോൾ ഭാർഗ്ഗവ രാമൻ മാർഗ്ഗ മദ്ധ്യേ അവരെ എതിരിട്ടു. ക്ഷത്രിയരെ ആത്മശത്രുക്കളായി കണ്ട് നിഹനം ചെയ്യുന്ന പരശുരാമൻ മുമ്പിൽ അവതരിച്ചപ്പോൾ ദശരഥൻ ഭയന്നു. കാൽക്കൽ വീണു രക്ഷിക്കണമെന്നപേക്ഷിച്ചു. അതൊന്നും ചെവിക്കൊള്ളാതെ അദ്ദേഹം ശ്രീരാമന്റെ നേർക്ക് തിരിഞ്ഞു.

'ഞാനല്ലാതെ ഈ ത്രിഭുവനത്തിൽ മറ്റാരാണ് രാമനായ് ചമയുന്നത്?' വെറും മനുഷ്യനായ ഭവാൻ ക്ഷത്രിയനുമാണല്ലോ. ക്ഷത്രിയ കുലാന്തകനാണു ഞാൻ . അതു മൂലമുള്ള ശത്രുത്വം നമ്മൾ തമ്മിൽ പണ്ടേയുണ്ട്.

'വില്ലിങ്കൽ നിനക്കേറ്റം വല്ലഭമുണ്ടല്ലൊ കേൾ',

നീയാണല്ലൊ ത്രയംബകം എന്ന ശൈവചാപം മുറിച്ചത് . ഇപ്പോൾ എന്റെ കൈയ്യിലുള്ള വൈഷ്ണവ ചാപം നീ കുലയ്ക്കുക. നിനക്കതു സാദ്ധ്യമല്ലെങ്കിൽ ഞാൻ എല്ലാവരേയും കൂട്ടത്തോടെ സംഹരിക്കും.

രാമനാകട്ടെ അണുവിട ഭാവമാറ്റം കൂടാതെ ഇപ്രകാരം പറഞ്ഞു.

'ചൊല്ലെഴും മഹാനുഭാവന്മാരാം പ്രൗഢാത്മാക്കൾ
വല്ലാതെ ബാലന്മാരോടിങ്ങനെ തുടങ്ങിയാൽ
ആശ്രയമവർക്കെന്തോന്നുള്ളതു തപോനിധേ!'

അജ്ഞനായ ബാലന് ഗുണഗണങ്ങളെക്കുറിച്ച് എന്തറിവാണുള്ളത്. ക്ഷത്രിയകുലത്തിൽ ജനിച്ചും പോയി അസ്ത്ര ശസ്ത്ര വിദ്യയിൽ പ്രാവീണ്യവും കുറവാണ്. സംഹരിക്കുവാനുള്ള ശക്തിയുമില്ലല്ലോ?(താടകയെ വധിച്ച രാമനാണീ പറയുന്നത്). സാക്ഷാൽ ശ്രീപരമേശ്വരൻ പോലും അങ്ങയുടെ അവശ്യങ്ങൾക്ക് വിലകൽപ്പിക്കുന്നുണ്ട്. അതുകൊണ്ട് വില്ലിങ്ങു തരിക. ഞാനത് കുലയ്ക്കാം അല്ലാതെ വന്നാൽ തിരുവുള്ളക്കേടുണ്ടാകുമല്ലൊ.

പരശുരാമനെ വന്ദിച്ചു വില്ലും വാങ്ങി നിന്ന സാക്ഷാൽ മഹാവിഷ്ണു തന്നെയായ അവതാരരൂപി വൈഷ്ണവചാപത്തോടുകൂടി നില്ക്കുമ്പോൾ പതിനാലു ലോകങ്ങളും നിറഞ്ഞ തേജസ്സോടു കൂടി കാണായ് വന്നു. വില്ലു കുലച്ചു അമ്പെടുത്തു തൊടുത്തു കൊണ്ടു പറഞ്ഞു . ഞാൻ തൊടുത്ത അമ്പ് നിഷ്ഫലമാകുകയില്ല. അതുകൊണ്ട്

'ഭാർഗ്ഗവ രാമ ! ലക്ഷ്യം കാട്ടിത്തന്നീട വേണം'

ഇവിടെ ഞാനൊരു വെറും ബാലനാണെന്നു പറഞ്ഞ ആളുടെ ഭാവമാറ്റം ശ്രദ്ധിക്കേണ്ടതാണ്. അപ്പോഴാണ് താൻ ആരെയാണെതിരിട്ടതെന്ന ബോധം ഭാർഗ്ഗവ രാമനുണ്ടായത്. അദ്ദേഹം അനേകം സ്തുതികൾ ചെയ്തു ഒടുവിൽ പറഞ്ഞു

എങ്കിലുള്ളൊരു മഹാവൈഷ്ണവ തേജസ്സെല്ലാം
നിങ്കലാക്കീടുവാനായ് തന്നിതു ശരാസനം

അങ്ങിനെ ഭാർഗ്ഗവരാമന്റെ ഉള്ളിലുള്ള വൈഷ്ണവതേജസ്സ് ശ്രീരാമനിൽ ലയിച്ചു. ഭഗവാൻ സംപ്രീതനായി അനുഗ്രഹിച്ചപ്പോൾ പരശുരാമൻ സന്തോഷത്തോടെ വീണു നമസ്കരിച്ച് പറഞ്ഞു.

സ്വർഗ്ഗതിക്കായിട്ടെന്നാൽ സഞ്ചിതമായ പുണ്യ-
മൊക്കെ നിൻ ബാണത്തിനു
ലക്ഷ്യമായ് ഭവിക്കേണം

എന്നിട്ട് ശ്രീരാമനെ പ്രദക്ഷിണം ചെയ്തു വന്ദിച്ച് മഹേന്ദ്ര പർവ്വതത്തിലേക്കു തപസ്സിനായി പുറപ്പെട്ടു.

അടുത്തതായി നർമ്മഭംഗിയുള്ള രംഗം കാണുന്നത് നാരദ മഹർഷി സ്വർഗ്ഗലോകത്തിൽ നിന്നും വന്ന് ശ്രീരാമദേവന്റെ മുമ്പിൽ അവതരിച്ചപ്പോഴാണ്. നാരദമുനിയെ കണ്ടപ്പോൾ ശ്രീരാമൻ (സംഭ്രമത്തോടെ എന്നാണ് എഴുത്തച്ഛൻ പറയുന്നത്.) എഴുന്നേറ്റ് സീതാദേവിയോടും കൂടെ പാദങ്ങളിൽ നമസ്കരിച്ചു പൂജ ചെയ്തു. എന്നിട്ട് നാരദനോട് ഇങ്ങനെ പറഞ്ഞു

ഇന്ദ്രിയോല്പദമായ നാനാവിഷയങ്ങളിൽ വിഹരിച്ചു നീങ്ങുന്ന വെറും സംസാരികളായ ഞങ്ങൾക്കും അങ്ങയുടെ പാദപത്മം കാണാൻ കഴിയുന്നത് തന്നെ അത്ഭുതകരം.

'ജ്ഞാനിയാകും തവ പാദപങ്കേരുഹം
കണ്ടു കൊൾവാനതി ദുർല്ലഭം നിർണ്ണയം'

പണ്ടു ഞാൻ ചെയ്തിട്ടുള്ള പുണ്യത്തിന്റെ ഫലമാകാം ഈ ദർശനം.

'എന്നുടെ വംശവും ജന്മവും രാജ്യവു
മിന്ന് വിശുദ്ധമായ് വന്നു തപോനിധേ'

എന്തു കാര്യാർത്ഥമായാണ് അങ്ങ് ഇപ്പോൾ എഴുന്നള്ളിയിരിക്കുന്നത്? എന്നോട് പറഞ്ഞാലും

'മന്ദനെന്നാകിലും കാരുണ്യമുണ്ടെങ്കിൽ
സന്ദേഹമില്ല സാധിപ്പിപ്പനെല്ലാമെ'

ശ്രീരാമന്റെ ഭാഷണത്തിലെ ചാരുത കേൾക്കൂ, താൻ മന്ദനാണെന്നാണ് പറയുന്നത്. ഭഗവാൻ വിഷ്ണുവിന്റെ സംസാരത്തിലെ ചാരുതയാണിത്.

നാരദനാകട്ടെ മൃദുമന്ദഹാസത്തോടെ മറുപടി പറയുന്നു. 'മുഗ്ധമായ വാക്കുകൾ കൊണ്ട് എന്റെ മനസ്സിനെ മായാമോഹവലയത്തിൽ കുടുക്കരുതേ. യോഗീശ്വരനായ അങ്ങ് സംസാരിയാണെന്നതു സത്യമാണ്'. തുടർന്ന് അത് സമർത്ഥിക്കുവാൻ നാരദൻ കുറെ തത്വ വചനങ്ങൾ പറയുന്നു. സർവ്വ ജഗത്തിനും മാതാവായ മായാ ഭഗവതി സർവ്വ ജഗത്തിനും പിതാവായ നിന്റെ ഭാര്യാപദമലങ്കരിക്കുന്നു. അപ്പോൾ ഈരേഴു ലോകം നിന്റെ ഗൃഹമാകുന്നു. നീ ഗൃഹസ്ഥനുമാകുന്നു. ലോകങ്ങൾക്കു മുഴുവൻ പിതാവാകുന്നു അവിടുന്ന്. മാതാവായ വിഷ്ണുമായാദേവി അവിടുത്തെ പത്നിയും. മക്കൾ, ബന്ധുക്കൾ, അർത്ഥങ്ങൾ, ഭാര്യ എന്നിവയിൽ ആസക്തനായിരിക്കുന്ന ഭവാൻ ഗൃഹസ്ഥൻ തന്നെ. ഇങ്ങനെ വിസ്തരിച്ച് പറഞ്ഞു പറഞ്ഞ് ഒടുവിൽ സമർത്ഥിക്കുന്നു. ഏതെല്ലാം പുല്ലിംഗവാക്യങ്ങൾ ഉണ്ട് അതെല്ലാം നീ തന്നെ. ഏതെല്ലാം മനോഹരമായ സ്ത്രീലിംഗ വാക്യങ്ങൾ ഉണ്ട് അതെല്ലാം ജാനകി ദേവിയാകുന്നു.

'നിങ്ങളിരുവരുമെന്നിയേ മറ്റൊന്നു
മെങ്ങുമേ കണ്ടീല കേൾപ്പാനുമില്ലല്ലോ'

നാരദൻ സ്തുതിച്ച് ഒടുവിൽ ഭഗവാന്റെ ജന്മോദ്ദേശമായ രാവണനിഗ്രഹണം ഓർമ്മിപ്പിക്കുന്നു.

'അവിടുന്നു സത്യസന്ധനാണെന്നറിയാം. എങ്കിലും മാനവജന്മമെടുത്തുതു കൊണ്ട് വിസ്മരിച്ചു പോയേക്കുമെന്നു കരുതി ഓർമ്മിപ്പിക്കുകയാണ്'. നാരദൻ പറഞ്ഞു

അപ്പോൾ രാഘവൻ പറഞ്ഞു സത്യത്തെ ഒരു നാളും ഞാൻ ലംഘിക്കുകയില്ല. നാളെത്തന്നെ ഞാൻ വനത്തിന്നു പോകുകയാണ്. ഇവിടെ ശ്രീരാമൻ കൈകേയിയുടെ ആജ്ഞയെല്ലാം മുൻകൂട്ടി കണ്ടു. 'സീതയെ കാരണഭൂതയാക്കി രാക്ഷസനിഗ്രഹണം നടത്തും. ഇതു സത്യം' എന്ന ഉറപ്പു കേട്ടപ്പോൾ തൃപ്തനായി നാരദൻ ശ്രീരാമനെ വന്ദിച്ച് ദേവലോകത്തേയ്ക്കു മടങ്ങി.

അടുത്തത് ആചാര്യനായ വസിഷ്ഠനോട് ദശരഥൻ ശ്രീരാമനെ രാജ്യാഭിഷേക വൃത്താന്തമറിയിക്കുവാൻ കല്പിച്ചപ്പോൾ വസിഷ്ഠൻ ശ്രീരാമനെ ചെന്നുകാണുന്ന രംഗമാണ്. ശ്രീരാമൻ സീതയോടും ചേർന്ന് വസിഷ്ഠനെ രത്നസിംഹാസനത്തിലിരുത്തി വണങ്ങുന്നു. കാൽകഴുകി വെള്ളം തീർത്ഥമെന്നോണം ശിരസ്സിൽ ധരിച്ചു ഇപ്രകാരം പറഞ്ഞു.

'പുണ്യവാനായേനടിയനതീവ കേ
ളിന്നു പാദോദകതീർത്ഥം ധരിക്കയാൽ

ഇതു കേട്ട് വസിഷ്ഠൻ പ്രവചിച്ചു, രാജകുമാരാ നിന്റെ വാക്കുകൾ നന്നായിരിക്കുന്നു. അങ്ങാരാണെന്നു ഞാൻ നന്നായറിഞ്ഞിരിക്കുന്നു. അങ്ങയുടെ പാദപത്മ തീർത്ഥം ധരിച്ചതു കൊണ്ട് സാക്ഷാൽ പരമേശ്വരനും എന്റെ പിതാവായ ബ്രഹ്മാവും ധന്യനായിരിക്കുന്നു. മായാമനുഷ്യനായി ജീവിക്കുന്ന അങ്ങേയ്ക്ക് ഞാൻ ആചാര്യനും ഭവാൻ ശിഷ്യനുമായിരിക്കണമല്ലോ. വാസ്തവത്തിൽ എല്ലാ ചരാചരങ്ങൾക്കും ആചാര്യനും പിതൃക്കൾക്ക് പിതാമഹനും നീ തന്നെ.

പിന്നീട് കൈകേയി മൂലം രാജാഭിഷേക വിഘ്നം വന്നപ്പോൾ കാനനത്തിലേക്കു യാത്രയായ ശ്രീരാമൻ വാത്മീകാശ്രമത്തിൽ എത്തിയപ്പോൾ അവിടുത്തെ ശാന്തമായ അന്തരീക്ഷത്തിൽ ആകൃഷ്ടനായി. വാത്മീകിയോട് ഇങ്ങിനെ ആവശ്യപ്പെട്ടു.





'യാതൊരിടത്തു സുഖേന വസിയ്ക്കാവൂ
സീതയോടുംകൂടിയെന്നരുൾ ചെയ്യണം.'

ഇതിനു മറുപടിയായി മഹർഷി പറഞ്ഞു

സർവ്വലോകങ്ങളും നിന്നിലാണിരിക്കുന്നത്. നീയെങ്കിൽ സർവ്വലോകത്തിലും വസിക്കുന്നു. ശാന്തരായി നിന്നെ ഭജിച്ചു കഴിയുന്ന ഭക്തരുടെ മനസ്സാണ് സുഖത്തോടു കൂടി നിനക്കു വസിക്കാൻ പറ്റിയ മന്ദിരം. രാഗദ്വേഷങ്ങളിൽ വിഹരിക്കാത്ത ശ്രേഷ്ഠരായിട്ടുള്ളവരുടെ മനസ്സാണ് നിനക്കു സുഖവാസമന്ദിരം. ഇങ്ങനെ പല വിവരങ്ങളോടു കൂടി ശ്രീരാമൻ സാക്ഷാൽ പരമാത്മാവാണെന്ന സത്യം സമർത്ഥിച്ചതിനു ശേഷം ചിത്രകൂടാചലം എന്ന ആശ്രമപ്രദേശം ശ്രീരാമനു വസിക്കുവാൻ കാട്ടിക്കൊടുക്കുന്നു.

ഇനി ശൂർപ്പണഖയുടെ രംഗപ്രവേശം നോക്കാം. ശ്രീരാമനെ കണ്ട മാത്രയിൽ കാമപീഡിതയായി സുന്ദരാകാരം പൂണ്ട് ശ്രീരാമനോട് അവിടുന്ന് ആരാണെന്നു അവർ ചോദിച്ചു. രാമനാകട്ടെ സുന്ദരീ എന്ന് അഭിസംബോധന ചെയ്ത്, താൻ ദശരഥപുത്രനായ ശ്രീരാമനാണെന്ന് അറിയിച്ചു. ഉടനെ അവൾ പ്രേമാഭ്യർത്ഥന നടത്തി. ജാനകിയെ ഒന്നു കടാക്ഷിച്ച് പുഞ്ചിരിച്ചു കൊണ്ട് രാമനരുളിച്ചെയ്തു. 'ഞാൻ താപസനാണ്. എനിക്കു കൂട്ടായി പത്നി ജാനകിയുണ്ട്. ഞാൻ നിന്നെ വിവാഹം ചെയ്താൽ സപത്നീ ദു:ഖമെന്ന മാനസപീഡ നീ അനുഭവിക്കേണ്ടി വരും. അത് നിനക്ക് സഹിക്കാനാവില്ല. അതുകൊണ്ട് എന്റെ സഹോദരൻ ലക്ഷ്മണനെ വരിക്കൂ, നിങ്ങൾ തമ്മിൽ വളരെ ചേർച്ചയുണ്ട്'.

ഇതു കേട്ട് അവൾ ലക്ഷ്മണന്റെ അടുത്ത് ചെന്നപ്പോൾ ലക്ഷ്മണൻ പറഞ്ഞത് 'രാജാവായ ശ്രീരാമന്റെ ദാസനാണ് ഞാൻ .നീയാണെങ്കിലോ ദാസിയാകാൻ പറ്റിയവളുമല്ലല്ലോ. അതുകൊണ്ട് നീ രാമനോട് തന്നെ പ്രണയാഭ്യർത്ഥന നടത്തൂ'. ശൂർപ്പണഖ വീണ്ടും രാമന്റെ അടുത്തു പോയി പ്രേമാഭ്യർത്ഥന നടത്തി. അതിനു രാമന്റെ മറുപടി ഇതാണ്.

'ഒരുത്തനായാലവനരികേ ശുശ്രൂഷിപ്പാ
നൊരുത്തി വേണമതിനിവളുണ്ടെനിക്കിപ്പോൾ'

എന്റെ സഹോദരനാണ് കൂട്ടില്ലാത്തത്. എന്തു വേണ്ടൂ എന്നു ചിന്തിച്ചിരിക്കുമ്പോഴാണ് നീ എത്തിയത്. സമയം കളയാതെ അവനെ പരിഗ്രഹിക്കൂ

ഇങ്ങനെ അങ്ങോട്ടുമിങ്ങോട്ടും നടന്ന് നിഷ്കാസിതയായ അവൾ മായാരൂപം കളഞ്ഞ് ഘോരരൂപിണിയായി സീതയെ കടന്നു പിടിക്കാൻ ആരംഭിച്ചപ്പോൾ ലക്ഷ്മണൻ ചാടി വീണു വാളൂരി അവളുടെ മൂക്കും മുലയും കാതും ഛേദിച്ചു. അതിഭയങ്കരമായ അലർച്ചയോടെ അവിടെ നിന്നും നടന്ന് അവൾ തന്റെ സഹോദരനായ ഖരന്റെ അടുത്ത് ചെന്ന് പരിതാപം പറഞ്ഞു. ഉടൻ ഖരൻ തന്റെ സഹോദരൻ ത്രിശിരസ്സിനോടും വൻപടയോടുമൊപ്പം ശ്രീരാമനോട് യുദ്ധം ചെയ്യുവാനായെത്തി. മൂന്നേമുക്കാൽ നാഴിക കൊണ്ട് ഒറ്റക്ക് പൊരുതി രാമൻ ഖരനേയും സഹോദരനേയും പതിനാലായിരം രാക്ഷസരേയും യമപുരിക്കയച്ചു. പിന്നെ ശൂർപ്പണഖ തന്റെ മൂത്ത ജ്യേഷ്ഠനായ രാവണന്റെയടുത്തെത്തി അലറിക്കരഞ്ഞു എന്താണ് സംഭവിച്ചതെന്നന്വേഷിച്ച രാവണനോട് ഇപ്രകാരം പറഞ്ഞു.

എത്രയും മൂഢൻ ഭവാൻ പ്രമത്തൻ
പാനസക്തൻ
സ്ത്രീ ജിതനതിശഠനെന്തറിഞ്ഞിരിക്കുന്നു?
രാജാവെന്നെന്തു കൊണ്ടു ചൊല്ലുന്നു
നിന്നെ വൃഥാ?
ചാരചക്ഷുസ്സും വിചാരവുമില്ലേതും നിത്യം
നാരിസേവയും ചെയ്തുകിടന്നീടെല്ലായ്പ്പോഴും

തുടർന്ന് ഖരദൂഷണ ത്രിശിരസ്സാദികളെ അവരുടെ പതിനാലായിരം വരുന്ന പടയോടും കൂടെ രാമൻ മൂന്നേമുക്കാൽ നാഴിക കൊണ്ട് ഹനിച്ച വൃത്താന്തമെല്ലാം പറഞ്ഞ് സീതാപഹരണത്തിന് പ്രേരിപ്പിക്കുന്നു. പിന്നീട് രാവണൻ ഭിക്ഷയാചിക്കുവാനെന്നവണ്ണം വന്ന് സീതയെ കട്ടുകൊണ്ടു പോയ ശേഷം രാമലക്ഷ്മണന്മാർ കാനനമുടനീളം സീതയെ അന്വേഷിച്ച് അലഞ്ഞു നടക്കുമ്പോൾ ഹനുമാനെ കണ്ടുമുട്ടുന്നു . രാമഭക്തനായ ഹനുമാൻ ശ്രീരാമനെ സുഗ്രീവസന്നിധിയിലേക്കാനയിക്കുന്നു. സുഗ്രീവനും രാമനും പരസ്പരം സഹായിക്കാമെന്നേൽക്കുന്നു. അതുപ്രകാരം സുഗ്രീവന്റെ ജ്യേഷ്ഠനായ ബാലിയെ വധിച്ച് സുഗ്രീവനെ രാജാവായി അഭിഷേകം ചെയ്യുന്നു.

പിന്നീട് സീതാന്വേഷണത്തിനായി നിയോഗിക്കപ്പെട്ട ഹനുമാൻ ലങ്കയിലെത്തുന്നതാണ് രംഗം. ലങ്കയിലേക്കുള്ള കവാടം കാക്കുന്ന ലങ്കാലക്ഷ്മിയെ തോല്പിച്ച് ഹനുമാൻ ലങ്കയിലേക്കു കടക്കുന്നു. അവിടെയെത്തിയപ്പോൾ സൂക്ഷ്മശരീരനായി ലങ്ക മുഴുവൻ തിരഞ്ഞ് ഒടുവിൽ അശോക വൃക്ഷച്ചുവട്ടിൽ ദേവിയെ കണ്ടു . ജാനകിയോട് താൻ ശ്രീരാമനയച്ച ദൂതനാണെന്നു പറഞ്ഞ് ഭഗവാന്റെ സന്ദേശം അറിയിക്കുന്നു. ഇതു കേട്ട് തൃപ്തയായ ദേവിയോട് വിശപ്പടക്കുവാൻ കായ്കനികൾ ഭക്ഷിക്കുവാൻ അനുവാദം ചോദിക്കുന്നു. തുടർന്ന് രാവണന്റെ വൻമരങ്ങളുള്ള ഉദ്യാനമെല്ലാം തല്ലിപ്പൊട്ടിച്ചു. വിവരമറിഞ്ഞ രാവണൻ തന്റെ അനുചരരെ യുദ്ധത്തിനയച്ചു. അവരെയും രാവണപുത്രനായ അക്ഷകുമാരനെയും ഹനുമാൻ വധിച്ചു. ഇതറിഞ്ഞ് രാവണപുത്രനായ ഇന്ദ്രജിത്ത് ഹനുമാനെ എതിരിടാൻ പുറപ്പെട്ടു. ബ്രഹ്മാസ്ത്രം പ്രയോഗിച്ചു. ബ്രഹ്മാ

സ്ത്രം ഏൽക്കുകയില്ല എന്നൊരു വരം ഹനുമാന് ലഭ്യമായിരുന്നു. എങ്കിലും ബ്രഹ്മാസ്ത്രത്തോടുള്ള ബഹുമാനത്താലും രാവണസന്നിധിയിലെത്താനുള്ള ആഗ്രഹത്താലും ഹനുമാൻ ബോധക്ഷയമഭിനയിച്ചു കിടന്നു.

രാവണ സന്നിധിയിലെത്തിയ ഹനുമാനെ ചോദ്യം ചെയ്യാനായി രാവണൻ പ്രഹസ്തൻ എന്ന മന്ത്രിയോട് ആവശ്യപ്പെട്ടു. അയാൾ വളരെ തന്മയത്വത്തോടെ 'നീയാരുടെ ദൂതനെന്നു ചൊല്ലുക ഭയപ്പെടേണ്ട നിന്നെ യാതൊരു ദേഹോപദ്രവും കൂടാതെ വിട്ടയയ്ക്കാം ബ്രഹ്മസഭയ്ക്കൊത്ത ഈ സഭ നീ കണ്ടു കൊൾക!'

'അനൃതവചനവുമമലധർമ്മകർമ്മങ്ങളു-
മത്ര ലങ്കേശരാജ്യത്തിങ്കലില്ലെടോ'!

(കളവായ വാക്കുകളും അധർമ്മമായ പ്രവൃത്തികളും രാവണന്റെ ഈ രാജ്യത്തിലില്ല.(!!)

ഈ വാക്യങ്ങൾ കേട്ട് ഹനുമാൻ ശ്രീരാമനെ മനസ്സിൽ ധ്യാനിച്ച് രാവണനോട് ഇപ്രകാരം പറഞ്ഞു ഞാൻ ശ്രീരാമന്റെ ദൂതനാണ് . താതന്റെ ആജ്ഞ പ്രകാരം വനത്തിൽ കഴിഞ്ഞിരുന്ന രാമൻ ഭാര്യയോടും അനുജൻ ലക്ഷ്മണനോടും ഒത്ത് വനത്തിൽ കഴിയുമ്പോൾ നീ വന്നു സീതയെ കട്ടുകൊണ്ടു പോയി. അതു നിന്റെ മരണത്തിനിടയാക്കും. ഞാൻ മരങ്ങൾ നശിപ്പിച്ചത് എന്റെ വാനരപ്രകൃതം മൂലവുമാണ്. എന്നെ കൊല്ലാനായ് വന്നവരെ കൊന്നു തീർത്തതും ആത്മരക്ഷാർത്ഥം. അജ്ഞാനികളായവർക്ക് ജ്ഞാനികൾ മോക്ഷപ്രദമായുള്ള ജ്ഞാനം പകർന്നു കൊടുക്കണം.

'അമൃതഘന വിമലപരമാത്മബോധോചിത-
നത്യുത്തമാന്വയോൽഭൂതനല്ലോ ഭവാൻ'

തുടർന്ന് കാമകോപലോഭങ്ങൾ വെടിഞ്ഞ് ജീവിക്കുവാനും ശ്രീരാമൻ സാക്ഷാൽ പരമാത്മാവാണെന്നും എതിരിടാൻ നിൽക്കാതെ സീതാദേവിയെ തിരിച്ചു നൽകണമെന്നും പറഞ്ഞു. അമൃതസമമായ ഉപദേശവാക്കുകൾ രാവണനെ ഏശിയില്ല. ഇതു കേട്ട് തന്റെ പത്തു തലകളിലുമുള്ള ഇരുപതു കണ്ണുകൾ ജ്വലിപ്പിച്ചുകൊണ്ട് ഇവനെ കഷണം കഷണമായി വെട്ടിനുറുക്കുവിൻ, എന്റെ സമനായി ഇരുന്ന് എന്നോട് ധിക്കാരം കാണിക്കുന്നുവോ ? ആരാണീ രാമൻ? ആരാണ് സുഗ്രീവൻ ?

'അവരെയുമനന്തരം ജാനകിതന്നെയു
മത്യന്തദുഷ്ടനാം നിന്നെയും കൊല്ലുവൻ'

പിന്നീട് പാർശ്വത്തിൽ നിന്ന് രാക്ഷസരിലൊരാളോട് വാളൂരി ഹനുമാനെ നിഗ്രഹിക്കുവാൻ പറഞ്ഞു. ഉടനെ അനുജനായ വിഭീഷണൻ ഇടപെട്ടു. ദൂതനെ കൊല്ലുന്നത് രാജോചിതമല്ലെന്നു പറഞ്ഞ് തടഞ്ഞു. പകരം അവന്റെ ദേഹത്തിൽ എന്തെങ്കിലും അടയാളമുണ്ടാക്കി വിട്ടയയ്ക്കുന്നതാണ് ഉചിതം.

ഇതു പ്രകാരം രാവണന്റെ വൃന്ദങ്ങൾ ഹനുമാന്റെ വാൽ കത്തിച്ചിട്ടു വിടാമെന്നു സമ്മതിച്ചു.

'വദനമപി കരചരണമല്ല ശൗര്യാസ്പദം
വാനരന്മാർക്കു വാൽമേൽ ശൗര്യമാകുന്നു
വയമതിനു ഝടിതി വസനേന വാൽ വേഷ്ടിച്ചു
വഹ്നി കൊളുത്തിപ്പുരത്തിലെല്ലാടവും
രജനിചരപരിവൃഢരെടുത്തു വാദ്യം കൊട്ടി
രാത്രിയിൽ വന്നൊരു കള്ളനെന്നിങ്ങനെ'

എല്ലാവരും കേൾക്കുന്ന ഉച്ചത്തിൽ നീളേ പറഞ്ഞു നടക്കുവിൻ, എന്ന് ആജ്ഞ കൊടുത്തു. ഹനുമാൻ തന്റെ വാൽ കത്തിക്കുവാൻ വിട്ടുകൊടുത്തു. പക്ഷേ ദിവ്യ ശക്തികൊണ്ടു, ചുറ്റുന്ന വസ്ത്രങ്ങളും എണ്ണയും മതിയാവാതെ വന്നു. ഒടുവിൽ തീ കൊളുത്തിയപ്പോൾ തന്റെ ശരീരം വളരെ ചെറുതാക്കി ബന്ധനത്തിൽ നിന്നു വേർപെട്ട് ഉയർന്നു പൊങ്ങി കത്തുന്ന പുച്ഛാഗ്രം കൊണ്ട് ലങ്കയുടെ മണിമകുടങ്ങളെല്ലാം തീ വച്ചു. ദേവലോകത്ത് ഇന്ദ്രനോട് ലങ്ക കത്തുന്ന വിവരം അറിയിക്കുവാൻ

'അഹമഹമികാധിയാ പാവകജ്വാലക
ളംബരത്തോളമുയർന്നു ചെന്നു മുദാ'

(ഞാൻ മുമ്പേ ഞാൻ മുമ്പേ എന്ന് മത്സരബുദ്ധിയോടെ തീജ്വാലകൾ ആകാശത്തേയ്ക്ക് ഉയർന്നു ചെന്നു.) എല്ലാം വെന്തു വെണ്ണീറാക്കിയിട്ട് തന്റെ വാൽ സമുദ്രത്തിൽ മുക്കി തീയണച്ച് ഹനുമാൻ ലങ്കയിൽ നിന്നു മടങ്ങുന്നു.

കഥ പുരോഗമിക്കുമ്പോൾ രാമൻ രാവണനുമായി യുദ്ധത്തിനൊരുങ്ങുന്നു. രാമന്റെ ആജ്ഞ പ്രകാരം വരുണൻ വഴിമാറിക്കൊടുത്ത് കപികൾ സേതുബന്ധനം നടത്തുന്നു. രാമന്റെ പട ലങ്കയിലെത്തി ഘോരയുദ്ധം തുടങ്ങുന്നു. രാക്ഷസരെല്ലാം തോൽക്കുന്നുവെന്നു കണ്ടപ്പോൾ രാവണൻ കുംഭകർണ്ണനെ ഉണർത്തുവാൻ കല്പിക്കുന്നു.

ആറു മാസം ഉറക്കവും പിന്നീടൊരാറുമാസം ഉണർവ്വുമാണ് കുംഭകർണ്ണന്റെ ശീലം. രാവണൻ പറയുന്നു ഒമ്പതു നാളേ ആയുള്ളു ഉറങ്ങാൻ പോയിട്ട് അതുകൊണ്ട് വല്ല വിധേനയും ഉണർത്തണം. രാജാജ്ഞ അനുസരിച്ച് രാക്ഷസർ കൊട്ടും വാദ്യവുമായി പോയി. കൂടാതെ ആനകളും കുതിരപ്പടകളും, കാലാളുമുണ്ടായി. ഭൃത്യവൃന്ദങ്ങൾ ജലകുംഭങ്ങൾ മുഖത്തൊഴിച്ചു. ആനകളെക്കൊണ്ട് മൂക്കിലെ രോമം വലിപ്പിച്ചു. തുമ്പിക്കൈ പൊക്കി ആനകൾ അലറി. ഇതുകൊണ്ടൊന്നും കുഭകർണ്ണൻ ഉറക്കത്തിൽ നിന്ന് ഉണർന്നില്ല. ഒടുവിൽ മദ്യ മാംസാദികൾ അരികിൽ വച്ചു. അതിന്റെ ഗന്ധം കേട്ട് അയാൾ ഉണർന്നു. അയാൾ എഴുന്നേറ്റപ്പോൾ രാക്ഷസരെല്ലാം ഭയന്നോടി. ഭക്ഷണം കണ്ടു പ്രസാദിച്ച അയാളെ ഭൃത്യജന





ങ്ങൾ വന്നു വന്ദിച്ചു. കാര്യങ്ങളെല്ലാം അറിയിച്ചു.

അതെല്ലാം അറിഞ്ഞ കുംഭകർണ്ണൻ തന്റെ ജ്യേഷ്ഠനെപ്പോയി കണ്ട് ഉപദേശിക്കാൻ ശ്രമിച്ചു. അതൊന്നും ചെവിക്കൊള്ളാതെ രാവണൻ രാജ്യത്തെ രക്ഷിക്കുവാൻ താല്പര്യമില്ലെങ്കിൽ പോയി കിടന്നുറങ്ങിക്കൊള്ളുവാൻ പറഞ്ഞു. ഇതു കേട്ട് എന്നാൽ യുദ്ധത്തിനു തന്നെ പുറപ്പെടുക, രാമബാണത്താൽ മരിക്കുന്നത് മോക്ഷപ്രദമാണെന്ന് ചിന്തിച്ച് യുദ്ധത്തിനായി പുറപ്പെട്ടു.

പിന്നീടുള്ള രംഗങ്ങളിൽ ഘോരയുദ്ധമാണ് നടക്കുന്നത്. യുദ്ധത്തിൽ രാവണ കുംഭകർണ്ണന്മാരെ വധിച്ച് വിഭീഷണനെ ലങ്കയിൽ വാഴിച്ച് സീതാദേവിയേയും കൊണ്ട് അയോദ്ധ്യയിലേയ്ക്കു തിരിക്കുന്നു. അവിടെ ഗംഭീരമായ സ്വീകരണവും രാജ്യാഭിഷേകവും നടക്കുന്നു.

എഴുത്തച്ഛനെ മലയാള ഭാഷയുടെ പിതാവെന്നു വിളിക്കുന്നത് അന്വർത്ഥമാണ്. കിളിപ്പാട്ടു രൂപത്തിൽ അദ്ദേഹമെഴുതിയ കാവ്യങ്ങളുടെ സാരള്യം അദ്വിതീയമാണ്. അതിൽ അദ്ധ്യാത്മ രാമായണം ഭക്തിസാന്ദ്രത കൊണ്ടും ഓരോ തവണ വായിക്കുമ്പോഴും ലഭിക്കുന്ന നവംനവമായ അനുഭൂതി കൊണ്ടും മലയാള കാവ്യ ഭൂമികയുടെ സർഗ്ഗ സ്വത്താണ്. കർക്കിടക മാസം രാമായണമാസമായി ആചരിക്കുന്നതു കൊണ്ടാണ് നമ്മിൽ പലരും ഈ പുണ്യ ഗ്രന്ഥം കയ്യിലെടുത്തു തുറക്കുന്നതു തന്നെ. ആദ്ധ്യാത്മികതയുടെ ഈ മഹാസാഗരത്തിൽ മുങ്ങിത്തിരയുംതോറും മുത്തും പവിഴവും വിളയുന്ന ചിപ്പികൾ ലഭിക്കും.

മനനം ചെയ്യുന്തോറും അന്തരംഗത്തെ കുളിർപ്പിക്കുന്ന ഈ ഗ്രന്ഥം അദ്വിതീയമാണ്.

*(മിനിക്കഥ)*

**ഉണ്ണി വാരിയത്ത്**
**ഫോൺ: 09867179480**

# വിരുദ്ധ ദ്വന്ദ്വഭാവം

ആരെയും കൃത്യമായി മനസ്സിലാക്കാൻ അവനു കഴിയുന്നില്ല എന്നതാണ് അവന്റെ പരാജയം. തെറ്റ് അവന്റേതല്ല. യഥാർത്ഥ സ്വത്വം മറച്ചു വെച്ചുകൊണ്ടാണ് മനുഷ്യർ സമൂഹത്തിൽ നടമാടുന്നത്. അയഥാർത്ഥ രൂപത്തിലും കാണുന്നു അവസരങ്ങൾക്കൊത്ത് മാറുന്ന വിരുദ്ധ ദ്വന്ദ്വഭാവം. ഒരു കാര്യം തീർച്ച. ജയിക്കാൻ വേണ്ടി അവരിൽ ഒരാളാകാൻ അവൻ ആഗ്രഹിക്കുന്നില്ല.

## വിശേഷ ദിവസങ്ങൾ

2018 ജൂലൈ 16 മുതൽ ആഗസ്റ്റ് 15 വരെ

| | | |
|---|---|---|
| ജൂലൈ | 17 | രാമായണ മാസാരംഭം |
| | 27 | ഗുരുപൂർണ്ണിമ |
| ആഗസ്റ്റ് | 3 | ചിന്മയാനന്ദ സമാധി |
| | 9 | കരയോഗം ഓണംഫെയർ ആരംഭം |
| | 11 | കർക്കിടക വാവ് |
| | 15 | സ്വാതന്ത്ര്യദിനം, അത്തച്ചമയം |

## ഇ.സി.എഫ്. വാർഷികം 2018

**എറണാകുളം കരയോഗം എൽഡർ സിറ്റിസൺ ഫോറത്തിന്റെ 20-ാമത് വാർഷിക പൊതുയോഗം 22.07.2018 ഞായറാഴ്ച നടത്തപ്പെടുന്നു. എല്ലാ ഇ.സി. എഫ് അംഗങ്ങളും ഈ പരിപാടിയിൽ പങ്കെടുത്ത് വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.**

**കൺവീനർ**

# ദാഹിക്കുന്നു, വെള്ളം, ഒരു തുള്ളി വെള്ളം, തരുമോ?

ജി. മാധവൻ നായർ (ഫോൺ: 9446221156)

പുലർച്ചെ, ആ പരിസരത്തുള്ള എല്ലാവരും ഒരു പ്രത്യേക വാഹനത്തിനു വേണ്ടി കാത്തു നില്ക്കുകയാണ്. നഗരസഭയുടെ ശുദ്ധജലവിതരണത്തിനായിട്ടുള്ള സംഭരണി ഘടിപ്പിച്ച വലിയ ശകടം. അതിന്റെ വരവും നോക്കി നില്ക്കുകയാണവർ. നല്ല അച്ചടക്കത്തോടെ വരിവരിയായിട്ടാണ് അവരുടെ നില്പ്. ഓരോ വീട്ടുകാർക്കും സാമാന്യം വലിയ മൂന്നു കുടം വെള്ളം നൽകും. അതിൽ കൂടുതൽ ആവശ്യപ്പെടാൻ പാടില്ല. കാരണം ഇതൊരമൂല്യവസ്തുവാണ്. അതിന്റെ ഉറവിടത്തെപറ്റി ആർക്കും പിടിയില്ല, തിരക്കാറുമില്ല.

നാട്ടിലെ കിണറുകളെല്ലാം വറ്റി വരണ്ടു. വിശാലമായ അപൂർവ്വം ചില കുളങ്ങളുടെ അടിത്തട്ടിൽ അല്പം നീരുറവയുണ്ട്. അത് കന്നുകാലികളും, നായ്ക്കളും, കാക്കയും, പൂച്ചയുമെല്ലാം കയ്യടക്കിയിരിക്കുന്നു. നല്ല യോജിപ്പോടെ വർഗ്ഗസ്വഭാവമൊന്നും കാട്ടാതെ അവർ ആ അമൃത് നുകരുന്നു. എന്നാലും ഇടയ്ക്ക് മനുഷ്യൻ എന്ന ഇരുകാലി മൃഗത്തിന്റെ ഉപദ്രവമുണ്ട്. ചേരിപ്രദേശത്ത് വസിക്കുന്നവരിലെ മുഷ്ക്കന്മാരായ ചിലർ ഈ കൂട്ടായ്മയെ എല്ലാം അടിച്ചോടിച്ച് ആ ജലസ്രോതസ്സ് കൈക്കലാക്കുന്നു. സൂര്യദേവന്റെ അത്യുജ്ജ്വലപ്രഭാവസമയത്ത് ആ നരാധമന്മാർ ഒഴിഞ്ഞു പോകമ്പോൾ മിണ്ടാപ്രാണികൾ വീണ്ടും പാഞ്ഞെത്തും.

പാതയുടെ അരികിൽ തന്നെ ചേർന്നു നില്ക്കുന്ന വീടിന്റെ ഉമ്മറത്തിരുന്ന് ആ വയോധികൻ ആരോടെന്നില്ലാതെ പറഞ്ഞു.

'ഇങ്ങിനെ ഒരു സ്ഥിതിവിശേഷം എന്റെ ഓർമ്മയിൽ വരുന്നില്ല. പണ്ടു മരുഭൂമിയിൽ ജോലി ചെയ്തിരുന്ന കാലത്ത് കുടിവെള്ളത്തിന്റെ ഉപഭോഗത്തിനു നിയന്ത്രണമുണ്ടായിരുന്നെങ്കിലും ക്ലിപ്തതയോടെ വെള്ളം വിതരണം നടന്നിരുന്നു. ഇനി വരും കാലങ്ങളിലോ? വൃദ്ധർ ഇത്രയും കാലം ജീവിച്ചിരിക്കുവാൻ പാടില്ല. അവർ ഉപയോഗിക്കുന്ന വെള്ളം സമൂഹത്തിനു ഒരു വൻ നഷ്ടമായിത്തീരുന്നു.'

'ശരിയാണ് വല്ലാത്ത ഒരു കാലം. മനുഷ്യന്റെ ചെയ്തികൾ മാത്രമാണ് ഇതിനു കാരണം. കോൺക്രീറ്റ് ഉപയോഗിച്ചുള്ള നിർമ്മാണപ്രവർത്തനങ്ങളും മറ്റു നിർമ്മിതികളും മൂലം ജലത്തിന്റെ ഉത്ഭവം തന്നെ തടസ്സപ്പെട്ടു. ഇത് നമ്മൾ അനുഭവിച്ചേ മതിയാകൂ.'

അടുത്ത വീട്ടിലെ സമപ്രായക്കാരനായ വൃദ്ധൻ പ്രത്യേകിച്ച് തന്നോടായിട്ടല്ലെങ്കിലും മറുപടി നൽകി ഒരു നീണ്ട നിശ്വാസത്തോടെ രണ്ടുപേരും കൈകൾ തോളത്ത് പിണച്ചുവെച്ച് , കൂനിക്കൂടി ജനത്തിരക്ക് നോക്കിയിരുന്നു.

ഇതിനിടെ ജലവിതരണത്തിനുള്ള കൂറ്റൻ വാഹനമെത്തി ചേർന്നു. വഴിയിൽ അതിനുവേണ്ടി കാത്ത് നിന്നിരുന്നത് കൂടുതലും സ്ത്രീകളും കുട്ടികളുമായിരുന്നു. കലഹസ്വഭാവം കാട്ടാതെ, സുമനസ്സോടെ ലോറിയിൽ നിന്നിറങ്ങി വന്ന ജോലിക്കാരനോട് സഹകരിച്ചു. വാഹനമോടിച്ചിരുന്നയാൾ തമാശകൾ പൊട്ടിച്ച് , കുട്ടികളുടെ കവിളിൽ വാത്സല്യപൂർവ്വം തലോടിക്കൊണ്ട് മുന്നോട്ടു പോയി. ഈ സമയത്ത് വാഹനസഹായി, ടാങ്കറിലെ വലിയ കുഴലിൽ നിന്ന് ഒഴുകിയെത്തുന്ന വെള്ളം ഓരോ കുടത്തിലും നിറച്ചു കൊണ്ട് പോകുന്നവരെ നോക്കി പുറകിൽ നിന്നു. പാത്രങ്ങൾ വീട്ടിൽ കൊണ്ടു വച്ചശേഷം, വീണ്ടും വരുന്നവരെ പരിശോധിക്കുവാനാണ് ആ നില്പ്. അങ്ങിനെ വരുന്നവർക്ക് രണ്ടാമതൊരവസരം നൽകാൻ പാടില്ല എന്നുള്ളത് കർശനമായി തന്നെ പാലിക്കണം. ഈ പരിപാടിക്ക് മേൽനോട്ടം വഹിക്കുന്നതിലേയ്ക്ക് ഒരു സംഘം ഉദ്യോഗസ്ഥന്മാരുണ്ട്. അവർ എപ്പോൾ വേണമെങ്കിലും പ്രത്യക്ഷപ്പെടാം. അതിനാൽ ഇവിടെ പ്രത്യേക പരിഗണന ആർക്കും കൊടുക്കുവാൻ പാടില്ല.

ആ സ്ഥലത്തെ ജലവിതരണം കഴിഞ്ഞ് ടാങ്കർ ലോറി അടുത്ത പ്രദേശത്തേയ്ക്ക് തിരിക്കുവാൻ തുടങ്ങി. വൈകിയെത്തിയ കുറച്ചുപേർ, അതിന്റെ പിന്നാലെ ഓടിയെങ്കിലും, അത് ഗൗനിക്കാതെ നിയന്ത്രകൻ വണ്ടി മുന്നോട്ടു തന്നെ എടുത്തു. അടുത്തടുത്തുള്ള രണ്ടു വാർഡുകൾ കൂടി കഴിയുമ്പോൾ വെള്ളം തീരും. അത് നിറയ്ക്കുവാനായി വീണ്ടും കുറച്ചകലെയുള്ള കുന്നിൻ ചരിവിലുള്ള നഗരത്തിന്റെ പുറത്തുള്ള ഗ്രാമപ്രദേശത്തെത്തണം.

നഗരവാസികളുടെ കണ്ണിലുണ്ണിയായ സഭാദ്ധ്യക്ഷ ജനമദ്ധ്യത്തിൽ പ്രത്യക്ഷപ്പെടുമ്പോൾ പഴയ സൗഹൃദം ഒന്നും പരിസരവാസികൾ കാട്ടുന്നില്ല. അവരുടെയെല്ലാം ഉള്ളിന്റെ ഉള്ളിൽ നാളെ എന്തു സംഭവിക്കാമെന്നുള്ള ഭീകര ചിത്രമാണ് നിഴലിക്കുന്നത്. കുടിവെള്ളത്തിന് ഇനിയും നിയന്ത്രണമുണ്ടാകുമോ? വാഹനഇന്ധന വില്പന കേന്ദ്രത്തിൽ വച്ചിട്ടുള്ള 'വായുവും, വെള്ളവും സൗജന്യം' എന്നുള്ള പരസ്യഫലകത്തിൽ നിന്ന് പോലും ജലത്തിന്റെ പേര് നീക്കം ചെയ്യപ്പെടുമോ?

ഏതോ ഒരു മുതിർന്ന ശാസ്ത്രജ്ഞൻ പറഞ്ഞിട്ടുണ്ട് 2050 ആകുമ്പോഴേയ്ക്കും ഒരു ലോകമഹായുദ്ധം പൊട്ടി പുറപ്പെടുവാനിടയുണ്ട്. അത് ഭൂമിയിലുണ്ടാകുന്ന കടുത്ത ജലക്ഷാമത്തെ ആസ്പദമാക്കിയായിരിക്കുമത്രെ!





അന്ന് മനുഷ്യവാസസ്ഥലങ്ങളിൽ വെള്ളം ഉപയോഗിക്കുന്നതിൽ കർക്കശമായ നിയന്ത്രണങ്ങൾ ഉണ്ടാകും. ജലാശയങ്ങൾ എല്ലാം വറ്റി വരണ്ട സ്ഥിതിയിൽ സ്രോതസ്സുകൾ അടഞ്ഞു പോയിരിക്കും. എന്നാൽ കടൽജലം കുടിവെള്ളമാക്കി ഉപയോഗിക്കുന്ന പല സമ്പന്ന രാഷ്ട്രങ്ങളുണ്ട്. അതൊക്കെ കോടീശ്വരന്മാരുടെ സാമ്രാജ്യമാണ്. പണം അവർക്കൊരു വിഷയമേ അല്ല. അതുകൊണ്ട് തീർച്ചയായും അവർ ഈ മഹാവിപത്തിൽ നിന്ന് കരകയറും.

നഗരത്തിന്റ ചുറ്റുവട്ടത്തുള്ള ഗ്രാമപ്രദേശങ്ങളിൽ തന്നെ, അപൂർവ്വം ചില കിണറുകളിൽ മാത്രമേ ജലം ലഭ്യമായിട്ടൊള്ളു. അതും ദിനംപ്രതി ഉറവ വറ്റിക്കൊണ്ടിരിക്കുന്നു. ഒരു കാലത്ത് നിറയെ ജലസാന്നിദ്ധ്യമുണ്ടായിരുന്ന വിശാലമായ കുളങ്ങൾ മിക്കവാറും വറ്റി വരണ്ടു പോയിരിക്കുന്നത് മഴയുടെ നീണ്ട അഭാവം മൂലമാണ്. സാധാരണയായി ഉപരിതലത്തിൽ നിന്ന് മഴവെള്ളം കിനിഞ്ഞിറങ്ങി അടിത്തട്ടിലേക്കൊഴുകി, ജലം സംഭരിച്ചു വയ്ക്കുന്ന പ്രകൃതിയുടെ സ്ഥിതിവിശേഷം ഇപ്പോൾ അപ്രത്യക്ഷമായിരിക്കുന്നു.

ഈ അമൂല്യവസ്തുവിന്റെ അംശം പോലും ഇല്ലാതെ വന്നപ്പോൾ ജലാശയങ്ങളുടെ അടിവശത്തുള്ള മൺതിട്ട, പൊള്ളുന്ന സൂര്യപ്രകാശത്തിൽ വെടിച്ച് പിളർന്ന് പൊടിഞ്ഞിരിക്കുന്നു. മൃഗങ്ങളും പക്ഷികളും മറ്റു ജീവജാലങ്ങളുമൊക്കെ അതികഠിനമായ വെള്ളദാഹം നിമിത്തം അങ്ങിനെ അലഞ്ഞു തിരിയുന്നു. ജലനിരപ്പ് കുറഞ്ഞു വന്നതോടെ അതിൽ വളർന്നിരുന്ന, മത്സ്യ സമ്പത്ത് ഏതാണ്ട് മുഴുവൻ തന്നെ നശിച്ചു കഴിഞ്ഞു.

ഭൂഗർഭ അറയിലെ വിവിധ പാളികൾക്കിടയിൽ പ്രകൃതി സംഭരിച്ചു വച്ചിരിക്കുന്ന ആ അക്ഷയഖനി തേടി ശാസ്ത്രജ്ഞന്മാരും, ജലസ്രോതസ്സുകളുടെ ഉത്ഭവസ്ഥാനം സാങ്കേതിക വിദ്യമൂലം ഗണിച്ചെടുക്കുന്ന പ്രത്യേക വിദഗ്ദ്ധരും അവരുടെ നെട്ടോട്ടം തുടർന്നു. അപൂർവ്വം ചില സ്ഥാനങ്ങൾ കണ്ടുപിടിക്കപ്പെട്ടു. എന്നാലും മാനവരാശിയുടെ ജീവൻ നിലനിർത്തുന്നതിലേക്ക് ഉപയുക്തമാകുന്ന തരത്തിൽ ഒരു ഫലപ്രാപ്തിയുണ്ടായില്ല.

നഗരപ്രദേശങ്ങളിൽ വസിച്ചിരുന്ന പലരും ഗ്രാമങ്ങളിലെ ബന്ധുക്കളുടേയും. സ്നേഹിതന്മാരുടേയും വീടുകളിലേക്ക് താല്കാലികമായിട്ടാണെങ്കിലും ഒരു മാറ്റം നടത്തുവാൻ ആഗ്രഹിച്ചു. ഭാഗ്യവാന്മാരായ കുറച്ചുപേർക്കു മാത്രമേ, അതിനവസരമുണ്ടായുള്ളൂ. അവിടെയും കൊടും വേനലിനു മുൻപ് ജലസുഭിക്ഷത ഒക്കെ ഉണ്ടായിരുന്നെങ്കിലും മഴമേഘങ്ങളുടെ അഭാവത്തിൽ പ്രശ്നം ഗുരുതരമായിത്തീർന്നു. എങ്ങിനെയാണ് ഒരു പരിഹാരം തേടുക? സാമൂഹ്യ സംഘടനകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സർക്കാരിതര പ്രസ്ഥാനങ്ങളുമെല്ലാം തങ്ങളുടെ സ്വന്തം അജൻണ്ടകളെല്ലാം മാറ്റിവച്ച്, പ്രശ്നം നേരിടുന്നതിലേയ്ക്ക് ഒറ്റക്കെട്ടായി മുന്നോട്ടു വന്നു.

ആരും തിരിഞ്ഞു നോക്കാതെ ഉപയോഗശൂന്യമായി കിടന്നിരുന്ന കിണറുകളും കുളങ്ങളുമെല്ലാം അടിയന്തിരമായി ഉപയോഗപ്രദമാക്കാനുള്ള നടപടികൾ ആരംഭിച്ചു. ഒരു യുദ്ധകാലാടിസ്ഥാനത്തിൽ പണികൾ പുരോഗമിച്ചു. യഥാർത്ഥത്തിൽ അതൊക്കെ വേനലിനു മുമ്പു ചെയ്ത് തീർക്കേണ്ട കാര്യങ്ങളായിരുന്നു. താമസം നേരിട്ടതിനാൽ വലിയ തോതിൽ പ്രയോജനമുണ്ടായില്ല. എങ്കിലും അവിടെ നിന്നൊക്കെ ലഭിച്ച ജലസമ്പത്ത് അല്പമൊരാശ്വാസത്തിനു വഴിയൊരുക്കി.

പുറം രാജ്യങ്ങളിൽ ജോലിചെയ്തിരുന്നവർ, അവധിക്ക് നാട്ടിൽ വന്നപ്പോൾ ജലക്ഷാമം കണ്ട് ആദ്യം അമ്പരക്കുകയും പിന്നീട് നിരാശപ്പെടുകയും ചെയ്തു. കുറച്ചു ദിവസം അടിച്ചു പൊളിക്കുവാൻ ഉത്സാഹത്തോടെ എത്തിയവരിൽ കുറച്ചു പേരെങ്കിലും, കൂടുതൽ ദിവസം നില്ക്കാതെ നീരസത്തോടെ തിരിച്ചു പോയി. അവരെ സംബന്ധിച്ചിടത്തോളം മരുഭൂമി തന്നെയാണ് ഭേദം. സമ്പന്നതയിൽ മുങ്ങിക്കുളിച്ചു കിടക്കുന്ന പല ഗൾഫ് രാജ്യങ്ങളിലും കടൽജലമുള്ളടത്തോളം കാലം കുടിവെള്ളം ഒരു പ്രശ്നമാകുകയില്ലല്ലോ? മൂന്നാം ലോകമഹായുദ്ധം ഉണ്ടാകുകയാണെങ്കിൽ അത് വെള്ളത്തിനു വേണ്ടിയായിരിക്കുമെന്നുള്ള പാശ്ചാത്യ ശാസ്ത്രജ്ഞന്മാരുടെ പ്രവചനം യാഥാർത്ഥ്യമായി പരിണമിക്കുമോ? 2050-ാം വർഷത്തോടെ നീല വിപ്ലവത്തിനുള്ള സമയം സമാഗതമാകുമോ ? അന്തരീക്ഷ താപവ്യതിയാനവും, നദികളിലെ ജലസാന്നിദ്ധ്യക്കുറവും, വൃഷ്ടിദൗർലഭ്യവും ഈ ദുരന്തത്തിന് ആക്കം കൂട്ടുകയില്ലേ?

മലീനികരിക്കപ്പെട്ടു പോകുന്നതും മനുഷ്യന്റെ അശ്രദ്ധ ഒന്നുകൊണ്ടു മാത്രം പാഴാക്കി കളയുന്നതുമായ ജലം കൃത്യമായി ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതിലേക്കുള്ള ചട്ടങ്ങൾ, ഒരു ദിവസം വന്നു ചേരുകയില്ലേ?

മറ്റെന്തിനെക്കാളും മാനുഷികാവശ്യങ്ങളിൽ പരമപ്രധാനമായ പരിഗണന അർഹിക്കുന്ന വിഷയമായി ജലസംരക്ഷണത്തെ അധികാരസ്ഥാനത്തുള്ളവർ എന്നാണ് കണക്കാക്കുക?.

**എറണാകുളം കരയോഗം**

## ജീവകാരുണ്യ സാമൂഹ്യസേവന ധനസഹായ വിതരണോത്ഘാടനം

2018 ആഗസ്റ്റ് 11-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് ടി.ഡി.എം. ഹാളിൽ വെച്ച് കരയോഗത്തിന്റെ ജീവകാരുണ്യ ധനസഹായ വിതരണം നടത്തപ്പെടുന്നു.

*പി. രാമചന്ദ്രൻ (വേണു)*
*ജനറൽ. സെക്രട്ടറി*

# ജ്ഞാനപ്രദക്ഷിണം ക്ഷേത്രങ്ങളിലൂടെ ധർമ്മ പ്രബോധനത്തിനു ഒരു കർമ്മ പദ്ധതി

**പി. ഐ. ശങ്കരനാരായണൻ**

ക്ഷേത്രങ്ങളിൽ പലരും ശയനപ്രദക്ഷിണം നടത്താറുണ്ടല്ലോ?...... അല്പം ശ്രമകരമായ ഒരു വഴിപാടാണ്. ഭൗതികനേട്ടങ്ങൾ ഉണ്ടായതിനോ ഉണ്ടാകുന്നതിനോ വേണ്ടിയാണിത്. ഇപ്പോഴത് ചില രാഷ്ട്രീയക്കാർ സമരവഴിപാടായി തെരുവിലെത്തിച്ചിട്ടുണ്ട്. പൊങ്കാലയും അങ്ങനെ വന്നുവല്ലോ! മതാചാരങ്ങളെ രാഷ്ട്രീയ ആയുധങ്ങളാക്കി ഈ വിധം അവഹേളിക്കുന്നതെന്തിനാണ്?

നടക്കട്ടെ ഇതെല്ലാം സ്വന്തം കാര്യങ്ങൾ കാണാനോ പാർട്ടിക്കാര്യം നേടാനോ ഒക്കെയാണ് കേട്ടോ. എന്നാൽ എന്തുകൊണ്ട് സമൂഹമനസ്സിനെ ബോധവൽക്കരിക്കാനുള്ള ഒരു യജ്ഞത്തിലേയ്ക്ക് ഇവരുടെ ശ്രദ്ധ തിരിയുന്നില്ല?. ഈ ചിന്തയിൽ നിന്നാണ് 'ജ്ഞാനപ്രദക്ഷിണം' എന്ന ആശയം മനസ്സിൽ ഉദിച്ചത്.

'ജ്ഞാനപ്പാന' രചിച്ച പൂന്താനം മഹാകവിയാണ് പ്രചോദകൻ. 360 വരികളുള്ള ചെറിയ പുസ്തകമാണ് 'ജ്ഞാനപ്പാന'. പറയുന്ന കാര്യങ്ങളോ? അതിലളിതം! ജീവിതം കുറച്ചുകാലത്തേയ്ക്കേ ഉള്ളൂ മരണം ഏതുനേരവും സംഭവിക്കാം. അതിനാൽ എപ്പോഴും സൽകർമ്മം ചെയ്തു കൊണ്ടിരിക്കണം. സമ്പത്തു കൂട്ടിവെച്ചിട്ടു കാര്യമില്ല, മത്സരിക്കേണ്ട; ശത്രുതയും വേണ്ട ആരും മരിക്കുമ്പോൾ ഒന്നും കൊണ്ടുപോവുകയില്ല. വിനയത്തോടെ, സകല ജീവജാലങ്ങളേയും സ്നേഹിച്ച് ജീവിതം സഫലമാക്കണം എന്നാണ് പൂന്താനം വളരെ ചുരുക്കിയും ഹൃദയസ്പർശിയായും പറയുന്നത്. കുട്ടിക്കാലത്ത്, ജാതിമതഭേദമെന്യേ, ഈ ചിന്ത മനസ്സിലുറപ്പിച്ചാൽ വളരുമ്പോൾ ആരും അതിക്രമങ്ങൾക്കു മുതിരില്ല എന്നുവേണം കരുതാൻ.

പണ്ടു ജ്ഞാനപ്പാനയിലെ പല വരികളും വിദ്യാലയങ്ങളിൽ പഠിപ്പിച്ചിരുന്നതാണ്. ഒപ്പം നല്ല സന്ദേശങ്ങൾ തരുന്ന കഥകളും കവിതകളും മറ്റും ഉണ്ടായിരുന്നു. അവയൊന്നും ഇപ്പോൾ കാണാനില്ല പകരം അമിത സാങ്കേതിക ശാസ്ത്രരസങ്ങളുടെ കുത്തൊഴുക്കാണ് എവിടേയും അതിൽ മുങ്ങിപോകുന്ന കുട്ടികളെ മാനവീക ധർമ്മങ്ങളിലേയ്ക്ക് തിരിച്ചു കൊണ്ടുവരാനാണ് പൂന്താന ദിനത്തിൽ 'ജ്ഞാനപ്രദക്ഷിണം' എന്ന ആശയം മുന്നോട്ട് വെച്ചത്. കുട്ടികളും അമ്മമാരും മുതിർന്നവരും അടങ്ങുന്ന സംഘം ജ്ഞാനപ്പാന ചൊല്ലി ക്ഷേത്ര പ്രദക്ഷിണം നടത്തുക എന്നതാണ് ചടങ്ങ്. ഇതേപ്പറ്റി ലേഖനങ്ങളെഴുതി ചില പ്രസിദ്ധീകരണങ്ങൾക്ക് മുൻകൂട്ടി നൽകുകയുണ്ടായി പക്ഷെ, അവർ പരിഗണിച്ചില്ല!

വാസ്തവത്തിൽ, 2018 ലെ പൂന്താനദിനത്തിന് സവിശേഷ പ്രാധാന്യം ലഭിക്കേണ്ടതായിരുന്നു. ഫെബ്രുവരി 21 നാണ്. അന്നു തന്നെയാണ് നാം ലോകമാതൃഭാഷാദിനവും ആഘോഷിക്കുന്നത്. മലയാളത്തനിമയുടെ ആദ്യമഹാകവിയായി വേണം പൂന്താനത്തിനെ കാണാൻ. ഇത്രയേറെ ലളിതവും മധുരവും ഹൃദ്യവുമാണ് മലയാളഭാഷയെന്നു നമ്മെ 500 വർഷം മുമ്പേ മനസ്സിലാക്കിത്തന്നത് പൂന്താനമായിരുന്നില്ലേ? എന്നിട്ടും ലോകമാതൃഭാഷാദിനത്തിൽ പൂന്താനത്തെ അനുസ്മരിക്കാൻ ഒരു പത്രവും ഉണ്ടായില്ലെന്നത് യഥാർത്ഥത്തിൽ ഗുരുനിന്ദയാണ്.

ഏതായാലും എനിക്കു ഒരു ഭാഗ്യം സിദ്ധിച്ചു. ഫെബ്രുവരി 13 നാണ് മൂവാറ്റുപുഴ തിരുവും പ്ലാവ് മഹാദേവക്ഷേത്രത്തിലെ പ്രസംഗത്തിനിടയിൽ നിറഞ്ഞ ഭക്തജനസദസ്സിൽ ജ്ഞാനപ്രദക്ഷിണം എന്ന ആശയം മുന്നോട്ട് വെക്കാൻ സാധിച്ചത്. വളരെ ആഹ്ലാദത്തോടെ അവർ അത് ഏറ്റെടുക്കുകയും പൂന്താനദിനത്തിൽ നടപ്പാക്കുകയും ചെയ്തു. ക്ഷേത്രത്തിൽ നടന്നുവരുന്ന സനാതന ജീവനവിദ്യാലയത്തിൻെറ ഡയറക്ടർ നാരായണ ശർമ്മയും അഡ്മിനിസ്ട്രേറ്റർ മനോജ് കുമാറും മേൽശാന്തിയും അമ്മമാരും കുട്ടികളും ചേർന്നു നൂറോളം പേർ ജ്ഞാനപ്പാന ഉറക്കെ ചൊല്ലിക്കൊണ്ടു നടത്തിയ ആദ്യത്തെ ജ്ഞാനപ്രദക്ഷിണം വലിയ ഒരു വിജയമായി. സമൂഹമാധ്യമമായ വാട്സപ്പിന്റെ സഹായത്താലാണ് എനിക്കിതു സാധ്യമായതെന്നും പറയാതെ വയ്യ.

പൂന്താന ദിനത്തിൽ മാത്രം നടത്തേണ്ടുന്ന ഒരു ചടങ്ങല്ല 'ജ്ഞാനപ്രദക്ഷിണം' എന്നുകൂടി പറയട്ടേ. പ്രധാനപ്പെട്ട വിശേഷ ദിവസങ്ങളിലും അതിനു തുടർച്ചയുണ്ടാവണം . മാർച്ച് 25 ന് രാമനവമി വരുന്നുണ്ടല്ലോ അന്നു രാമായണത്തിലെ ധാർമ്മികാവബോധം വളർത്തുന്ന പ്രസിദ്ധങ്ങളായ ലക്ഷ്മണസ്വാന്തനത്തിലെ വരികൾ ആലപിച്ചു കൊണ്ട് ജ്ഞാനപ്രദക്ഷിണം നടത്താമല്ലോ.

31-ാം തിയതിയിലെ ഹനുമദ് ജയന്തിയിലും അതു തുടരാം. ഏപ്രിൽ 20നു ശങ്കര ജയന്തി വരുന്നുണ്ട് അപ്പോൾ ചൊല്ലാൻ അതിമഹത്തായ ഭജഗോവിന്ദം ഉണ്ടല്ലോ. ഇത്തരത്തിൽ ഉത്തമകൃതികൾക്കുണ്ടോ നമുക്കു പഞ്ഞം? വിശേഷദിവസങ്ങൾക്കും ഇല്ല. വേണ്ടത്, പഠിക്കാനും പഠിപ്പിക്കാനും നടപ്പാക്കാനുമുള്ള മനസ്സാണ്. ക്ഷേത്രഭാരവാഹികൾ തയ്യാറായാൽ മതി. ഭിന്നതകൾ മറന്ന് ഐക്യം വളർത്താം വ്യക്തി മനസ്സുകളെ വിമലീകരിച്ചു ദൃഢപ്പെടുത്തുകയും ചെയ്യാം.

സങ്കുചിതമായ മതതാല്പര്യങ്ങൾക്കപ്പുറം ഈ ആശയത്തെ നാം വളർത്തേണ്ടതുണ്ട്. സ്നേഹവും ശാന്തിയും ആഗ്രഹിക്കുന്ന മറ്റു മതസ്ഥരായ ആളുകളെ കൂടി ഇതിന്റെ പ്രഭാവലയത്തിലേക്ക് കൊണ്ടു വരുവാനോ പ്രചോദിപ്പിക്കാനോ കഴിഞ്ഞാൽ വളരെ നന്നായി. ലോകമാനവികതയാണ്, ക്ഷേമവും സമാധാന ജീവിതവുമാണ്, ഭാരതം ലക്ഷ്യമാക്കുന്നത്. അതു ബോധ്യപ്പെടുത്തുവാനുള്ളതാണ് 'ജ്ഞാനപ്രദക്ഷിണം'. സന്മനസ്സുള്ള വ്യക്തികളും സംഘടനകളും ദേവാലയങ്ങളും വിദ്യാലയങ്ങളും ഇത് ഏറ്റെടുക്കണമെന്നാണ് എന്റെ എളിയ പ്രാർത്ഥന. ഇതിലൂടെ ആധുനികലോകത്തിൽ വർദ്ധിച്ചു വരുന്ന കാലുഷ്യങ്ങൾ കുറക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

<u>കവിത</u>

# തണൽ

**പറവൂർ ബാബു, ഫോൺ : 9961252196**

വിട്ടുപോവുക നീയീ
തണൽ മരത്തെ
നടക്കുക ധീരയായ്
തളർച്ച നീങ്ങിയല്ലോ.
ഇനിയുമുണ്ട്
പിന്നിടാൻ നിനക്കേറെ
നാഴികകളെന്നോർക്കുക.
കഴിഞ്ഞു പോയെന്നിലെ
പൂക്കാലമെന്നറിയുക
ഇനിയുമുണ്ട് ഹരിത പത്രങ്ങൾ
തീർക്കും വഴിയമ്പലങ്ങൾ.
അവിടെയിളവേല്ക്കാം
ജാഗ്രത കൈവിടാതെ.
വിഷക്കാറ്റേറ്റു
കരിഞ്ഞിരിക്കുന്നു
ഈ വൃദ്ധമരത്തിൻ
ശാഖകൾ പലതും
ഒടിഞ്ഞു പതിച്ചിടാം
ഒട്ടു നിനക്കാതെ
വേരിളകി വീഴാം
ഒരു കാറ്റു വീശിയാൽ.
ഒരു തണലും
സ്ഥിരമല്ലാർക്കും ഭൂമിയിൽ.

ചൈത്രം

**• മാനസിക സംഘർഷമനുഭവിക്കുന്നവർ**
**• ഏകാന്തതയനുഭവിക്കുന്നവർ**
**• ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ**
**• നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം;**
**0484 2361161. ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്**
**ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ**

# പാതഞ്ജലയോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി ഫോൺ : 9447077203

**20-ാം സൂത്രം**

ശ്രദ്ധാ വീര്യ സ്മൃതി സമാധി പ്രജ്ഞാ പൂർവക ഇതരേഷാം.

ഇതരന്മാർക്ക്, മറ്റുള്ളവർക്ക് ശ്രദ്ധാ, വീര്യം, സ്മൃതി, സമാധി, പ്രജ്ഞാ എന്നിവ കൊണ്ട് (അസംപ്രജ്ഞാത സമാധി സിദ്ധിക്കുന്നു)

കഴിഞ്ഞ സൂത്രത്തിൽ, വിദേഹന്മാർക്കും പ്രകൃതിലയന്മാർക്കും ഭവപ്രത്യയമെന്ന അസംപ്രജ്ഞാത സമാധി ലഭിക്കുമെന്നു പറഞ്ഞു കഴിഞ്ഞു. ഇത്തരത്തിലുള്ളവർ വളരെ കുറവായിരിക്കും. മറ്റുള്ളവർക്ക് (ഇതരർക്ക്) അസംപ്രജ്ഞാത സമാധി കിട്ടില്ലേ ? കരുണാവാനായ ഋഷി പറയുന്നു. മറ്റുള്ളവർക്കും കിട്ടും. മേൽ പറഞ്ഞ ഉപായങ്ങൾ പ്രയോഗിക്കണമെന്നു മാത്രം. അതുകൊണ്ട് ഈ അസംപ്രജ്ഞാത സമാധിക്ക് ഉപായ പ്രത്യയമെന്നു പേരുണ്ട്. ഇതാണ് യോഗികളുടെ മാർഗ്ഗം. ശ്രദ്ധ എന്നത് വളരെ പ്രധാനപ്പെട്ട ഒരു ഗുണമാണ്. യോഗാഭ്യാസമെന്ന സാധനയിലും ഗുരുവിലും ഉള്ള പൂർണമായ വിശ്വാസമാണ് ശ്രദ്ധ. സാധ്യ പ്രാപ്തിക്കുള്ള തീവ്രമായ ഇച്ഛയാണത്. 'ഡുധാഞ് ധാരണ പോഷണയോ' എന്ന ധാതുവിൽ നിന്നാണ് ശ്രദ്ധ എന്ന വാക്കു വന്നത്. ഉറപ്പിച്ചു നിർത്തുന്നതും പോഷിപ്പിക്കുന്നതുമാണ് ശ്രദ്ധ. ഇത് മംഗളമയിയായ അമ്മയെപ്പോലെ യോഗിയെ രക്ഷിക്കുമെന്ന് വ്യാസൻ പറയുന്നു. സംശയം സാധനയുടെ ശത്രുവാണ്. തടസ്സമാണ്. സംശയരാഹിത്യമാണ് ശ്രദ്ധ. ശ്രദ്ധയെ മാറ്റി നിറുത്തിയാൽ യോഗമില്ല തന്നെ. ആധുനിക സയൻസും യോഗപദ്ധതിയുമായി ഒരു അടിസ്ഥാന വ്യത്യാസം ഇവിടെ കാണാം. സംശയവും തെളിവുമാണ് സയൻസ് ആദ്യം ആവശ്യപ്പെടുക. വിശ്വാസം പിന്നീടും. യോഗയിൽ ശ്രദ്ധ, ഗുരുവിലും സാധനാ പഥത്തിലും ഉള്ള വിശ്വാസമാണ് ആദ്യം. അത് പ്രജ്ഞയിലേക്ക്. ജ്ഞാനത്തിലേക്ക് നയിക്കും. 'ശ്രദ്ധാവാൻ ലഭതേ ജ്ഞാനം' എന്ന് ഭഗവദ് ഗീത പറയുന്നു. നചികേതസ്സിന്റെ ശ്രദ്ധ വേണം എന്ന് സ്വാമി വിവേകാനന്ദൻ പറയും. കഠോപനിഷത്തിലെ അതീവ ശ്രദ്ധാലുവായ കുട്ടിയാണ് നചികേതസ്സ് യമ ലോകത്തു ചെന്ന് അഗ്നിയുടെ രഹസ്യം അറിഞ്ഞ ബാലൻ.

ഒരു രസകരമായ കാര്യം പറയാം. മുമ്പ് നമ്മുടെ നാട്ടിൽ കല്യാണത്തിനു മുമ്പ് വധുവിനെയോ വരനെയോ മാതാപിതാക്കളാണ് ആദ്യം അറിയുക. വധൂവരന്മാർ തമ്മിൽ വിവാഹപൂർവ ബന്ധം കുറവാണ്. വിശ്വാസമാണ് അടിസ്ഥാന പ്രമാണം. എന്നാൽ പാശ്ചാത്യ നാടുകളിൽ വധൂവരന്മാർ തമ്മിൽ മുൻകൂട്ടി അറിയുക മാത്രമല്ല , കൂടെ താമസിച്ച ശേഷമായിരിക്കും പലപ്പോഴും കല്യാണം. വിശ്വാസവും ജ്ഞാനവും തമ്മിലുള്ള പൂർവാപരതയിലെ പാശ്ചാത്യ പൗരസ്ത്യ ഭേദം ഇതുപോലെ പലതിലും കാണാം.

ശ്രദ്ധയും വിവേകമുള്ളവന് വീര്യം ഉണ്ടാകും. നിർഭയത്വവും അത്യുൽസാഹവുമാണ് വീര്യം. സാധനാപഥത്തിൽ അടിക്കടി മുന്നേറാൻ വീര്യം സഹായിക്കും. സഹവീര്യം കരവാവഹൈ എന്നാണ് ഉപനിഷത് പ്രാർത്ഥന. ധൈര്യം, സ്ഥിരബുദ്ധി, അർപ്പണബോധം എന്നിവ വീര്യമാണ്. ആത്മവിശ്വാസവും ഇതിന്റെ കൂടപ്പിറപ്പു തന്നെ.

വീര്യത്തിൽ നിന്ന് സ്മൃതി ഉണ്ടാവുന്നു. സ്മൃതി എന്നാൽ ഓർമ്മ എന്ന് ഒർത്ഥം. ഇവിടെ അതിലും യോജിക്കുന്നത് ധ്യാനം എന്ന അർത്ഥമാണ്. ബാലം മുകുന്ദം മനസാ സ്മരാമി എന്ന് മുകുന്ദാഷ്ടകത്തിൽ ആവർത്തിച്ചു വരുന്നുണ്ട്. ബാലനായ മുകുന്ദനെ ഞാൻ ധ്യാനിക്കുന്നു എന്നു തന്നെയാണിവിടെ അർത്ഥം. നാഗോജി ഭട്ടന്റെ വൃത്തിയിൽ ഈ അർത്ഥമാണെടുത്തിരിക്കുന്നത്. 'ജീവാത്മന : പരമാത്മനി ശരീരീഭാവ : സ്മരണാ' എന്നൊരു വ്യാഖ്യാനമുണ്ട്. ജീവാത്മാവ് പരമാത്മാവിന്റെ അംഗമാണെന്ന ഭാവനയെ സ്മരണമെന്നു പറയാം.

സ്മൃതിയിൽ നിന്ന്, ധ്യാനത്തിൽ നിന്ന് സമാധിയുണ്ടാകും. ധാരണാ ധ്യാന സമാധികളുടെ ഒരു കൂട്ട് ഇവിടെയും കാണാം. ഇത് സംപ്രജ്ഞാത സമാധിയാണ്. ഇവിടെയും സാധന നില്ക്കുന്നില്ല. ഇതിന്റെ ഉന്നതാവസ്ഥയിൽ പ്രജ്ഞ. വിവേകം ഉണ്ടാവും. സാധാരണ ജ്ഞാനം സ്മൃതി. സംസ്കാര ജന്യമാണ്. എന്നാൽ അവയുടെ അപ്പുറമാണ് മനസ്സിനക്കരെയാണ് പ്രജ്ഞ. സമാധിയിൽ നിന്നേ പ്രജ്ഞ ലഭിക്കൂ. അപ്പോൾ പ്രകൃതിയെയും പുരുഷനെയും വിവേചിച്ചറിയും. പരവൈരാഗ്യം പ്രാപ്തമാവും. ഇതാണ് അസംപ്രജ്ഞാത സമാധി ഉപായ പ്രത്യയ അസംപ്രജ്ഞാത സമാധി.





# ഈ വർഷകാലം ആയുർവ്വേദത്തിന്റെ കുടക്കീഴിൽ

ഡോ. ദേവിദാസ് വെള്ളോടി (ഫോൺ : 9747480903)

ഹോ ........... ഈ നശിച്ച മഴ മഴ നശിച്ചതാണോ..... നമുക്ക് നാശം വിതയ്ക്കുന്നതാണോ? അതോ പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്കു വേണ്ടി വിണ്ടു വരണ്ടു കിടക്കുന്ന പാടങ്ങളിലേക്കും പറമ്പുകളിലേക്കും ചൂടിൽ വെന്തുരുകുന്ന മനുഷ്യനിലേക്കും കുളിർമ്മയായെത്തുന്ന വരദാനമാണോ?

അശാസ്ത്രീയമായ കെട്ടിട നിർമ്മാണങ്ങളുടെയും ആവാസ വ്യവസ്ഥയുടെയും വെള്ളക്കെട്ടുകളുടെയും ഡ്രെയിനേജുകളുടെയും (ഓവു ചാലുകൾ) മുൻകരുതലില്ലാത്ത നമ്മുടെ ജീവിതത്തിന്റെയും കാരണത്താലല്ലേ ഈ മഴ നശിച്ചതായിപ്പോയത്. വർഷാവർഷം ആചരിക്കാനുള്ള ഒരു സമ്പ്രദായമായി വർഷകാലത്തുള്ള ആരോഗ്യപരിചരണങ്ങൾ മാറിയിരിക്കുന്നു. എന്തുകൊണ്ടെന്നുള്ള ചോദ്യമുയർത്തുവാനും സ്വയം മാറാനും നമ്മൾ തയ്യാറായാൽ ഈ ദുരിതത്തിനറുതി വരുത്താനാകും.

## മഴയില്ലാതായാൽ മരുഭൂമിയാകും

മഴയില്ലാത്തതിനാൽ വരണ്ടുപോയ ജനപഥത്തിൽ മഴപെയ്യുവാനുള്ള യാഗം ചെയ്യുവാനും അതിനായി ഋഷ്യശൃംഗനെ കൊണ്ടുവന്ന കഥയും നാം കേട്ടിട്ടുണ്ട്. എത്ര സമ്പന്നമാണെങ്കിലും മഴവേണ്ടപോലെയില്ലാത്തതിനാൽ ഗൾഫിലെ ജീവിതം ദു:സ്സഹമല്ലേ? എന്തായാലും മഴക്കെടുതിയിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കേണ്ടതും അതിനുവേണ്ട നിയമനിർമ്മാണവും നടപടിക്രമങ്ങളും എടുക്കേണ്ടത് സർക്കാരാണ്. പക്ഷേ വർഷകാലത്തെ ആരോഗ്യപ്രശ്നങ്ങളിൽ കുറെയൊക്കെ നമ്മൾക്ക് സ്വന്തമായി ചെയ്യാൻ കഴിയും.

## വർഷകാലത്ത് എന്തൊക്കെ അസുഖങ്ങളാണ് വരാറുള്ളത്

ആദ്യമഴയിൽ വെള്ളവും വായുവും ദുഷിക്കാനുള്ള സാധ്യത കൂടുതലാണ്. ഈർപ്പമുള്ള വായുവിലൂടെ രോഗാണുക്കൾ പടരുവാനും സാധിക്കും. ഈച്ച, കൊതുക് തുടങ്ങിയവ പെറ്റു പെരുകുന്നു. ചക്ക, മാങ്ങ തുടങ്ങിയ പഴവർഗ്ഗങ്ങൾ കൊത്തി ചീത്തയാക്കി അതിലൂടെയും രോഗാണുബാധയുണ്ടാകാം. ജലദോഷം, ഡെങ്കിപ്പനി, ഭക്ഷണത്തിൽ കൂടെയുള്ള രോഗാണുബാധ, കോളറ എന്നിവ സാധാരണയായി മഴക്കാലം തുടങ്ങുമ്പോൾ കണ്ട് വരുന്നു.

## പ്രതിവിധി

1. വീട്ടിലോ പരിസരത്തോ വെള്ളം കെട്ടിക്കിടക്കുന്നത് ഒഴിവാക്കണം. വീടിന് പുറത്തുപോയി വന്നാലും ഭക്ഷണം കഴിക്കുന്നതിനും മുൻപും അതിനുശേഷവും കൈകാലുകൾ സോപ്പിട്ട് കഴുകണം.
2. പഴകിയ ഭക്ഷണം കഴിക്കാതിരിക്കുക.
3. തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കുക.
4. കൊതുകു നിവാരണത്തിനായി മരുന്ന് അടിക്കുക. പുകയില കഷായവും സോപ്പുലായനിയും വേപ്പെണ്ണയും 5:3 :1 എന്ന അനുപാതത്തിൽ ചേർത്ത് തളിച്ചാൽ മതി.
5. അവരാജിത ധൂപം പുകയ്ക്കുക

കൊതുകു വരാതിരിക്കാൻ പുകയ്ക്കാനുള്ള അവരാജിത ധൂപം ഔഷധി മുഖേന ലഭിക്കുന്നുണ്ട്. കടുക്, മഞ്ഞൾ, വെളുത്തുള്ളി, കുന്തിരിക്കം എന്നിവ വേപ്പെണ്ണയിൽ കുഴച്ച് പുകച്ചാൽ കൊതുകു വരില്ല.

6. കൊതുകുവല ഉപയോഗിക്കുക.
7. ഭക്ഷണം : എളുപ്പം ദഹിക്കുന്ന ഭക്ഷണം മാത്രം കഴിക്കുക. മല്ലിയില, മല്ലി, ചുക്ക്, ജീരകം, കുരുമുളക്, ഇഞ്ചി തുടങ്ങിയവ കറികളിൽ ചേർക്കുന്നത് ദഹനത്തിന് സഹായകമാകും.
8. തലയിൽ വെള്ളം വീണാൽ നന്നായി തുവർത്തുക. ജലദോഷമാണ് പല അസുഖങ്ങളുടെയും തുടക്കം.
9. നന്നായി ഉണങ്ങിയ വസ്ത്രം മാത്രം ധരിക്കുക. ഈർപ്പമുണ്ടെങ്കിൽ ഇസ്തിരിയിട്ട് ഈർപ്പം കളയുക.
10. എന്തെങ്കിലും പ്രയാസം തോന്നിയാൽ ഉടനെ വൈദ്യ നിർദ്ദേശം തേടാൻ മറക്കരുത്.

## വർഷകാലായുർവ്വേദം

വർഷകാലം (ജൂൺ, ജൂലൈ, ആഗസ്റ്റ്) രോഗപ്രതിരോധശേഷി കുറയുന്ന കാലമാണ്. അഗ്നിബലം കുറവാണ്. അതിനാൽ അഗ്നിബലമുണ്ടാക്കുന്നതിനും രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനുമായി ധാരാളം ചര്യകളും ക്രിയാക്രമങ്ങളും വിശദീകരി

ക്കുന്നുണ്ട്.

**വയറിളക്കൽ**

പിത്തദോഷ ശുദ്ധിക്കായി വയറിളക്കാൻ ആയുർവ്വേദം നിർദ്ദേശിക്കുന്നു.

**അഗ്നിമാന്ദ്യത്തിന്**

ചുവന്ന മുളകിന്റെ ഉപയോഗം കുറയ്ക്കുക. ചുക്ക്, കുരുമുളക് എന്നിവ കൂടുതൽ ഉപയോഗിക്കുക. കുരുമുളക്രസം, ചുക്കുകാപ്പി എന്നിവ ശീലിക്കുക. ഒരുനേരം കഞ്ഞി കുടിക്കുന്നത് നല്ലതാണ്.

**മരുന്നു കഞ്ഞി**

ദശപുഷ്പങ്ങൾ, അരിയാറ്, കുറുന്തോട്ടി, ജീരകം തുടങ്ങിയ മരുന്നുകൾ നവരയരിയിൽ വേവിച്ചുണ്ടാക്കുന്ന മരുന്നു കഞ്ഞി പ്രതിരോധശേഷി വർദ്ധിക്കുന്നതിനായി കർക്കിടകമാസത്തിൽ കുടിക്കുന്ന ശീലം മദ്ധ്യതിരുവിതാംകൂറിലും തിരുവിതാംകൂറിലും ഉണ്ട്.

**പത്തിലക്കറി**

തകരയില, തഴുതാമയില, ഉപ്പഞ്ഞൽ, കുടങ്ങൽ, അഞ്ചിലച്ചിയില, പയറില, മടത്തക്കാളിയില, മുള്ളൻ ചീരയില, കുമ്പളത്തിനില, മത്തനില എന്നിവയാണ് സാധാരണ ഉപയോഗിക്കുന്ന പത്തിലകൾ. ചില സ്ഥലങ്ങളിൽ പ്രാദേശികമായി മാറ്റമുണ്ടാകാം. ഈ പത്തിലകൾ കൊണ്ടുണ്ടാകുന്ന കറി (ചുവന്ന മുളകില്ലാതെ) ആരോഗ്യദായകമായി പറയുന്നു.

**മുക്കിടിസേവ (മരുന്നുമുക്കിടി)**

രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനായി ചുക്ക്, കുരുമുളക്, അയമോദകം, മല്ലി, പുളിയാറില എന്നിവ മോരിൽ കാച്ചി കുറുക്കി കുടിക്കുന്നതാണ് മരുന്നു മുക്കിടി. ഇത് ദഹനപ്രക്രിയയെ ശുദ്ധീകരിക്കും. പ്രാദേശികമായി മുക്കിടിയിലെ ചേരുവകളിൽ മാറ്റമുണ്ടാകാം.

**കർക്കിടകചര്യകൾ**

കർക്കിടകമാസത്തിൽ ആയുർവ്വേദത്തിന് പ്രിയമാണ്. വാസ്തവത്തിൽ വർഷക്കാലം മുഴുവൻ ആയുർവ്വേദചര്യകൾക്ക് യോജിച്ചതാണ്. പൊതുവേ മാംസാഹാരങ്ങൾ ഒഴിവാക്കുന്നതിനാലും രാമായണമാസാചരണത്തിനാലും കർക്കിടകമാസത്തിൽ ആയുർവ്വേദ ചികിത്സ ചെയ്യുകയെന്നത് ഒരു ശീലമായി മലയാളികൾക്ക് മാറിയിട്ടുണ്ട്. കർക്കിടക മാസത്തിൽ മാത്രം ക്ലിനിക്കിൽ വരുന്ന രോഗികളുണ്ട്. ഇതിന്റെ പിന്നിലെ ശാസ്ത്രീയ വശം മനസ്സിലാക്കി വൈദ്യനിർദ്ദേശപ്രകാരം വേണ്ട ആയുർവ്വേദചര്യകൾ ചെയ്യുന്നത് ഉത്തമമാണ്. വർഷകാലത്തെ തണുപ്പിനാലും പേശിസങ്കോചത്താലും വാതദൃഷ്ടി വരുന്നത് നിയന്ത്രിക്കുന്നതിന് ഈ ചര്യകൾ ഉപകരിക്കും.

**തേച്ചുകുളി (അഭ്യംഗം)**

വർഷകാലത്ത് യുക്തമായ മുക്കൂട്ട് തൈലത്താൽ തേച്ചു കുളിക്കുന്നത്, വാതരോഗങ്ങൾ നിന്ന് അകറ്റുവാൻ സഹായിക്കും. വർഷകാലത്തു ചെയ്യുന്ന ആയുർവ്വേദ ചികിത്സ ആ വർഷം മുഴുവൻ ഉപകരിക്കും എന്നാണ് വിശ്വാസം.

ഇപ്പോൾ വീട്ടിൽ എണ്ണ തേച്ച് കുളിയില്ലാതായിരിക്കുന്നു. ഏതെങ്കിലും നല്ല ആയുർവ്വേദ സ്ഥാപനത്തിൽ പോയി വർഷകാല ഉഴിച്ചിലും സ്വേദവും (Steambath) രണ്ടാഴ്ച ചെയ്യുക എന്നത് നാട്ടു നടപ്പായിരിക്കുന്നു. സാധാരണ വയറിളക്കാനുള്ള മരുന്നും യുക്തമായ മറ്റ് ഔഷധങ്ങളും വൈദ്യൻ നിർദ്ദേശിക്കും. എണ്ണതേച്ചു കുളിയുടെ കൂടെ ആരോഗ്യവാന്മാരിൽ സ്വേദക്രിയയും (Steambath) നിർദ്ദേശിക്കും. ഈ ചികിത്സാക്കാലത്ത് മരുന്ന് കഞ്ഞിയും മിക്ക ചികിത്സാ കേന്ദ്രങ്ങളും നൽകും.

കലാകാരന്മാർ അവരുടെ ആരോഗ്യം നിലനിർത്തുന്നതിനായി വർഷകാലത്ത് ആയുർവ്വേദ ചികിത്സ ചെയ്യുന്നത് പതിവാണ്. കളരി ചികിത്സാ കേന്ദ്രങ്ങളിലും പ്രത്യേക ചികിത്സാ പാക്കേജുകൾ ചെയ്തു വരുന്നു.

**ശിരോധാര**

മനസ്സിന് ആകാംക്ഷ കുറയ്ക്കാനും പിരിമുറുക്കം കുറയ്ക്കാനും മാനസികാസ്വാസ്ഥ്യത്തിനും യുക്തമായ തൈലങ്ങളാൽ ശിരോധാര ചെയ്യുന്നത് നല്ലതാണ്. മരുന്നു ചേർത്ത പാലിനാൽ ചെയ്യുന്ന ക്ഷീരധാര അധികം പത്ഥ്യമില്ലാതെ ചെയ്യാൻ പറ്റിയ നല്ലൊരു ചികിത്സയാണ്.

**പിഴിച്ചിൽ, നവരക്കിഴി**

സീനിയർ സിറ്റിസൺസിന് അവരുടെ ആരോഗ്യം നിലനിർത്തുന്നതിനായും വാതരോഗങ്ങളെ അകറ്റുന്നതിന്നായും പിഴിച്ചിൽ, നവരക്കിഴി, തുടങ്ങിയ ചികിത്സാ ക്രമങ്ങൾ നിർദ്ദേശിക്കാറുണ്ട്.

**കേരളായുർവ്വേദം**

മേൽ വിവരിച്ച ചികിത്സകളെല്ലാം കേരള ആയുർവ്വേദത്തിന്റെ പ്രത്യേകതകളാണ്. ഇതിന്റെ പ്രശസ്തി മറ്റു സംസ്ഥാനങ്ങളിലേക്കും രാജ്യങ്ങളിലേക്കും വ്യാപിച്ചു തുടങ്ങിയിട്ടുണ്ട്. കേരള ഗവർമെന്റ് ടൂറിസം വകുപ്പ് വർഷകാലായുർവ്വേദം പ്രോത്സാഹിപ്പിക്കുന്നുണ്ട്. എല്ലാവർക്കും നല്ലൊരു വർഷകാലായുർവ്വേദം ആശംസിക്കുന്നു.





# ജൈവകൃഷി

യു. എസ്. രവീന്ദ്രൻ. ഫോൺ: 9496120978

അടുത്ത കാലത്ത് ഏറ്റവും കൂടുതൽ പ്രയോഗിക്കപ്പെടുന്ന രണ്ടു വാക്കുകളാണ് മതേതരത്വവും ജൈവകൃഷിയും. ഇതിൽ ആദ്യത്തേത് ഇപ്പോൾ നാം കണ്ടുകൊണ്ടും കേട്ടുകൊണ്ടുമിരിക്കുന്ന രാഷ്ട്രീയക്കാരുടെ കോപ്രായങ്ങളാണ്. രണ്ടാമത്തെ വിഷയമായ ജൈവകൃഷിയെപ്പറ്റിയും അതിന്റെ ആവശ്യകത, ഗുണദോഷങ്ങൾ എന്നിവയെപ്പറ്റിയുമാണ് ഈ ലേഖനം.

കൃത്രിമവളങ്ങളോ, കീടനാശിനികളോ ഹോർമോണുകളോ, രാസചേരുവകളോ ഉപയോഗിക്കാതെ ജൈവാവശിഷ്ടങ്ങളും , മൃഗവളങ്ങളും, ലവണാംശമുള്ള പാറകൾ പൊടിഞ്ഞുണ്ടാക്കുന്ന ചേരുവകളും ഉപയോഗിച്ച് ചെടികളെ പുഷ്ടിപ്പെടുത്തുന്നതും സംരക്ഷിക്കുന്നതുമായ രീതിയാണ് ജൈവകൃഷി. ജൈവകമ്പോസ്റ്റുകൾ, ഇലകൾ കത്തിച്ചുണ്ടാക്കുന്ന ചാരം, ചീഞ്ഞുണ്ടാകുന്ന വളങ്ങൾ, കന്നുകാലികളുടെ ചാണകം, മൂത്രം തുടങ്ങിയവ ഉപയോഗിച്ചുണ്ടാക്കുന്ന വളങ്ങൾ, സൂക്ഷ്മാണുക്കളെ ഉപയോഗപ്പെടുത്തിയുണ്ടാക്കുന്ന വളങ്ങൾ തുടങ്ങിയവയാണ് ജൈവകൃഷിയിൽ ഉപയോഗിക്കുന്നത്.

ജനസംഖ്യ വർദ്ധനക്കനുസരിച്ച് കാർഷികോത്പന്നങ്ങൾ വർദ്ധിപ്പിക്കേണ്ട ആവശ്യകതയെക്കുറിച്ച് പറയേണ്ടതില്ലല്ലോ. എന്നാൽ ദീർഘകാലാടിസ്ഥാനത്തിൽ പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തിക്കൊണ്ട് മാത്രമേ കൂടുതൽ ഭക്ഷ്യോൽപാദനം നടത്താൻ പാടുള്ളൂ. ഭൂമിക്കടിയിൽ നിന്നും കുഴിച്ചെടുക്കുന്ന ഇന്ധനജന്യങ്ങളായ (കൃഷിക്ക് ഉപയുക്തമായി) രാസവസ്തുക്കൾ പുനചംക്രമണ സാദ്ധ്യതയില്ലാത്തതും ലഭ്യത കുറഞ്ഞു വരുന്നതുമാണ്. മാത്രവുമല്ല അതിന് വിദേശനാണ്യവും ആവശ്യമാണ്.

പ്രകൃതിയിലെ ജൈവവസ്തുസാന്നിദ്ധ്യം നിലനിർത്തിക്കൊണ്ട് ദീർഘകാലാടിസ്ഥാനത്തിൽ മണ്ണിന്റെ ഉല്പാദനക്ഷമത സംരക്ഷിക്കുകയും രാസവസ്തുക്കൾ ഒഴിവാക്കിക്കൊണ്ട് ജൈവപ്രവർത്തനങ്ങളെ പ്രോൽസാഹിപ്പിക്കുകയും യന്ത്രഇടപെടലുകളെ നിയന്ത്രിക്കുകയും ചെയ്യുന്നതാണ് ജൈവകൃഷിയിലെ പ്രധാന ഘടകം. മണ്ണിലെ തന്നെ സൂക്ഷ്മാണു ജീവികളെ വേണ്ടവിധത്തിൽ ലഭ്യമാക്കി വിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയാണ് വേണ്ടത്. വിളവെടുപ്പിനുശേഷം ചെടിയുടെ അവശേഷിക്കുന്ന ഭാഗങ്ങൾ, കന്നുകാലിജന്യങ്ങളായ അവശിഷ്ടങ്ങൾ എന്നിവ ഉപയോഗിച്ച് മണ്ണിന്റെ നൈട്രജൻ സംബന്ധമായ സ്വയംപര്യാപ്തത നേടാവുന്നതാണ്. ജൈവകൃഷിയുടെ പ്രധാന തത്വങ്ങൾ ആരോഗ്യം, പരിസ്ഥിതി സംരക്ഷണം, കന്നുകാലി സംരക്ഷണം എന്നിവയാണ്. മണ്ണിന്റെയും, മനുഷ്യന്റേയും, കന്നുകാലികളുടെയും നാം ജീവിക്കുന്ന ഈ ഗ്രഹത്തിന്റെയും ആരോഗ്യത്തെ സംരക്ഷിക്കുന്നതാകണം ജൈവകൃഷി. ആരോഗ്യമുള്ള മണ്ണ് ആരോഗ്യമുള്ള വിളകൾ തരുന്നു. അതുവഴി മനുഷ്യരുടെയും മൃഗങ്ങളുടെയും ആരോഗ്യവും സംരക്ഷിക്കപ്പെടുന്നു. സമൂഹത്തിന്റെ അഖണ്ഡത ആരോഗ്യത്തിൽ അധിഷ്ഠിതമാണ്. അതുകൊണ്ട് ജൈവകൃഷിയായാലും. ഉല്പാദനമായാലും, വിതരണമായാലും, ഉപഭോഗമായാലും പരമോന്നത ലക്ഷ്യം മനുഷ്യമൃഗാദികളുടെ, പരിസ്ഥിതിഗണങ്ങളുടെ ആരോഗ്യമായിരിക്കണം. ജൈവകൃഷി, നിലനില്ക്കുന്ന പരിസ്ഥിതി സമ്പ്രദായത്തിനും , ചാക്രിക ക്രമങ്ങൾക്കും അനുയോജ്യവും പരിപോഷിപ്പിക്കുന്നതും ആയിരിക്കണം. അത് തദ്ദേശവ്യവസ്ഥിതികൾക്കും സംസ്കാരത്തിനും അനുയോജ്യമായിരിക്കണം. അതിന് ഉപയോഗിക്കുന്ന വസ്തുക്കൾ പുനരുപയോഗം, പുനർചംക്രമണം എന്നിവയ്ക്ക് വിധേയമാക്കാവുന്ന വിധത്തിൽ, പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധത്തിൽ സമർത്ഥമായി കൈകാര്യം ചെയ്യേണ്ടതാണ്. വിള ചാക്രീകരണം (Crop rotation ക്രമീകരിച്ച് സസ്യ, ജന്തു, ജലവിഭവങ്ങളുടെ നാനാവിധത്വവും (Diversity) നിലനില്പിന്റെ സ്വതശൈലികളും (Habitat) നിലനിർത്തേണ്ടതുമാണ്. ജൈവകൃഷിയുടെ ഏറ്റവും പ്രധാനമായ ഘടകമാണ് കൃഷിക്കാരോടും, തൊഴിലാളികളോടും, വിതരണക്കാരോടും, വില്പനക്കാരോടും, ഉപഭോക്താക്കളോ

ടും ഉള്ള ന്യായയുക്തമായ (Fairness) സമീപനം ജൈവകൃഷി എന്നത് ഈ തലമുറയ്ക്കും അടുത്ത തലമുറകൾക്കും, നാടിന്റെ ആഭ്യന്തര ബാഹികവുമായ ഭക്ഷ്യാവശ്യങ്ങൾക്ക് അനുസൃതമായ സ്ഥിതി വിശേഷത്തിന് ഉതകുന്ന ജീവനുള്ള വ്യവസ്ഥിതിയാണ്.

### ജൈവകൃഷിയുടെ തത്ത്വങ്ങൾ ഇവയാണ്.

1. സാധാരണ കൃഷിസംവിധാനമുള്ള ഭൂമിയെ ജൈവകൃഷിക്കനുയോജ്യമായ വിധത്തിൽ പരിവർത്തനം നടത്തുക.

2. ചുറ്റുപാടുമുള്ള ജൈവവൈവിധ്യത്തെ (Bio diversity) നിലനിർത്തികൊണ്ടാണ് ഭൂമിപരിവർത്തനം നടത്തുന്നതെന്ന് ഉറപ്പ് വരുത്തുക.

3. രാസേതര, ജൈവ അവശിഷ്ടങ്ങൾ ഉപയോഗിച്ചു മാത്രം മണ്ണിനെ പുഷ്ടിപ്പെടുത്തുക. ഒരേ സ്ഥലത്ത് കാലാവസ്ഥക്കനുസരിച്ച് പലതരം വിളകൾ കൃഷിചെയ്യുന്ന വിധത്തിൽ (Crop rotation) കൃഷി ക്രമീകരിക്കുക.

4. കീടങ്ങളെ നിയന്ത്രിക്കുന്നതിനും കളകളെ നിയന്ത്രിക്കുന്നതിനും ജൈവമാർഗ്ഗങ്ങളെ മാത്രം ആശ്രയിക്കുക.

5. കന്നുകാലി വളർത്തൽ , കോഴിവളർത്തൽ, തുടങ്ങിയവ ജൈവകൃഷിയുടെ ഭാഗമായി സ്വീകരിക്കുക.

### ജൈവകൃഷിയുടെ ഗുണവശങ്ങൾ

1. കൃഷികാർക്ക് ഉത്പ്പാദന ചിലവു കുറയ്ക്കാം. വിലകൂടിയ രാസവളങ്ങൾ വാങ്ങേണ്ട ആവശ്യമില്ല.

2. രാസവസ്തുക്കളുമായി സമ്പർക്കമില്ലാത്തതുകൊണ്ട് ജൈവകൃഷി സ്വീകരിച്ചവരുടെ ആരോഗ്യപരമായ കാര്യങ്ങൾ മെച്ചപ്പെട്ടതായിരിക്കും.

3. ചെടികൾ കൂടുതൽ നന്നായി വളരുകയും ഫലം ഉൽപ്പാദിപ്പിക്കുന്നതിനുള്ള കഴിവ് വർദ്ധിക്കുകയും ചെയ്യുന്നു.

4. ദീർഘകാലാടിസ്ഥാനത്തിൽ ഊർജ്ജ പ്രകൃതി സംരക്ഷണം സാധ്യമാകുന്നു.

5. ആഗോളതാപനം കുറയ്ക്കാൻ സഹായിക്കുന്നു.

6. ഉപഭോക്താക്കൾ ജൈവപച്ചക്കറികൾക്ക് മുൻഗണന നൽകുന്നു.

7. ഭൂഗർഭ ജലം മലിനപ്പെടാനുള്ള സാധ്യത കുറയുന്നു.

8. ജൈവ പച്ചക്കറികളുടെ അവശേഷിപ്പുകൾ തുലോം കുറവാണ്.

9. ജൈവവൈവിധ്യം നിലനിർത്തിക്കൊണ്ട് സസ്യ ജന്തു സഹവർത്തിത്വം കൂടുതൽ സാധ്യമാകുന്നു.

10. വിഷവിമുക്തമായ ഭക്ഷണം കൂടുതൽ രുചി.

11. ജൈവഭക്ഷ്യ വസ്തുക്കൾ കേടുവരാതെ കൂടുതൽ സമയം സൂക്ഷിക്കാം.

12. ജൈവ വളങ്ങൾ സസ്യങ്ങളുടെ സമ്പൂർണ്ണാഹാരമാണ്. അത് മണ്ണിന്റെ ഏറ്റവും ഉത്തമമായ സ്ഥിതിവിശേഷത്തെ നിലനിർത്തുന്നു.

### ജൈവകൃഷിയുടെ ദോഷവശങ്ങൾ

ജൈവഭക്ഷ്യ വസ്തുക്കൾക്ക് സാധാരണ ഭക്ഷ്യവസ്തുക്കളേക്കാൾ വിലകൂടിയേക്കാം. രാസവളങ്ങൾ കൊണ്ട് ഉത്പാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കളേക്കാൾ താരതമ്യേന വിളവ് കുറവാണ് ജൈവകൃഷികൊണ്ട് ഉത്പ്പാദിപ്പിക്കുന്നവ. ജൈവഭക്ഷ്യ വസ്തുക്കൾ കുറവ് അളവിൽ മാത്രമേ ഉത്പ്പാദിക്കപ്പെടുന്നുള്ളു എന്നതുകൊണ്ട് അവയുടെ വിതരണവും വില്പനയും ഫലപ്രദമായ രീതിയിൽ നടത്താൻ ബുദ്ധിമുട്ടാണ്. വർദ്ധിച്ചു വരുന്ന ജനസംഖ്യക്കനുസരിച്ച് ലോകത്തിലെ മുഴുവൻ ഭക്ഷ്യാവശ്യങ്ങൾ നിറവേറ്റാൻ ജൈവകൃഷികൊണ്ടു മാത്രം സാധ്യമല്ല.

ജൈവഭക്ഷ്യോത്പ്പന്നങ്ങളുടെ പേരിലും വ്യാജന്മാർ മുതലെടുപ്പു നടത്തുന്നുണ്ട് മതേതരത്വം വിളമ്പുന്നതുപോലെ ബുദ്ധിപൂർവ്വം അവനവന് ആവശ്യമുള്ളത് തെരഞ്ഞെടുക്കുക.

മാംഗല്യം
നായർ മാട്രിമോണിയൽ ഡാറ്റാ ബാങ്ക്
*രജിസ്ട്രേഷൻ ചാർജ്ജ് - 1000 രൂപ
ടി.ഡി.എം. ഹാൾ കോംപ്ലക്സ്
ഡി.എച്ച്.റോഡ്, കൊച്ചി 682 016
ഫോൺ: 0484 2361160 (Ext.32), 2369589
Web: www.karayogammangalyam.com/
www.karayogammangalyam.in
Email: ekmkgm@gmail.com





# കർക്കിടക സംക്രമം

കല്പകം സോമരാജൻ (ഫോൺ : 9895453072)

സംക്രമം എന്ന വാക്കിനർത്ഥം ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് പ്രവേശിക്കുക എന്നതാണ്. ഗ്രഹപകർച്ച എന്നതിനും ഈ വാക്ക് സാധാരണയായി ഉപയോഗിക്കുന്നു. ഭൂമിക്കു ചുറ്റുമുള്ള സൂര്യന്റെ സാങ്കല്പിക സഞ്ചാര പഥത്തെ ആസ്പദമാക്കി 'ecliptic' എന്ന സഞ്ചാരപഥവും അതിന്റെ രണ്ടു ഭാഗത്തുമായി 8 ഡിഗ്രി വരെ വ്യാപിച്ചു കിടക്കുന്ന ആകാശപഥത്തെ 'Zodiac belt' എന്നും ജ്യോതിശാസ്ത്രത്തിൽ പറയപ്പെട്ടിരിക്കുന്നു. അണ്ഡാകൃതിയിലാണ് ഈ സഞ്ചാരപഥത്തെ വിവക്ഷിച്ചിരിക്കുന്നത്. സൂര്യന്റെ ഈ സാങ്കല്പിക സഞ്ചാര പഥത്തെ മുൻനിർത്തി ചിന്തിക്കുമ്പോൾ ചില സമയത്ത് സൂര്യൻ ഭൂമിയോട് അടുത്തും ചില സമയങ്ങളിൽ താരതമ്യേന അകന്നും സഞ്ചരിക്കുന്നു എന്നു പറയുന്നു. ഈ അവസ്ഥയാണ് കാലാവസ്ഥാവ്യതിയാനങ്ങൾക്ക് നിദാനം എന്നു നിഗമനം. ഈ നിഗമന പ്രകാരം കൊല്ലത്തിൽ രണ്ടു പ്രാവശ്യം മാത്രമെ ഭൂമിയിൽ രാവും പകലും തുല്യമായി വരുകയുള്ളു എന്നും ജ്യോതിഷ ശാസ്ത്രത്തിൽ പറയുന്നു. അത് മേടം ഒന്നും തുലാം ഒന്നുമാണ്. മകരം, കുംഭം, മീനം, മേടം, എടവം, മിഥുനം ഇവ ഉത്തരായന കാലവും കർക്കിടകം, ചിങ്ങം, കന്നി, തുലാം, വൃശ്ചികം, ധനു എന്നിവ ദക്ഷിണായന കാലമായും വരുന്നു. മരണത്തെ വരിക്കുവാനായി ശുഭ അയനം കാത്ത് ശരശയ്യയിൽ കിടക്കുന്ന ഭീഷ്മപിതാമഹനെ ഇവിടെ സ്മരിക്കുന്നു.

കർക്കിടക സംക്രാന്തിയേയും അതിന്റെ പ്രാധാന്യത്തെയും കുറിച്ച് താഴെ വിവരിക്കുന്നു. ഉത്തരായനം കഴിഞ്ഞ് ദക്ഷിണായന ദിശയിലേക്ക് സൂര്യൻ പ്രവേശിക്കുന്ന സമയമാണ് കർക്കിടക സംക്രമം. വളരെ കർക്കശമായി ഇത്ര നാഴിക ഇത്ര വിനാഴികക്ക് സംക്രമം നടക്കുന്നു എന്നിങ്ങനെ വിദുഷികൾ ഈ സമയത്തെ കണക്കാക്കി പറയുന്നുണ്ട്. സംക്രാന്തിയോടനുബന്ധിച്ചുള്ള വിശേഷാൽ ചടങ്ങുകൾ കേരളത്തിൽ മാത്രം ഒതുങ്ങി നില്ക്കുന്നതായി കാണുന്നു. ചിങ്ങം തുടങ്ങി നാം എണ്ണുന്ന എല്ലാ മാസങ്ങളിലും ഇങ്ങനെ സംക്രാന്തി വരുന്നുണ്ട്. എന്നാൽ മേടം, കർക്കിടകം, മകരം എന്നീ സംക്രന്തികൾക്കാണ് കൂടുതൽ പ്രാധാന്യം കൊടുത്തു കാണുന്നത്. ക്ഷേത്രങ്ങളിൽ വിശേഷാൽ പൂജകളും നൈവേദ്യങ്ങളും ഈ ദിവസങ്ങളിൽ നടത്തി വരുന്നു. കേരളത്തിൽ എല്ലാ ഭാഗങ്ങളിലും ഈ രീതികൾ ആചരിക്കപ്പെടുന്നു. ആധുനിക സംസ്കൃതിയുടെ സങ്കലനം ഇത്തരം ആചാരനുഷ്ഠാനങ്ങൾക്ക് മങ്ങലേൽപ്പിച്ചിട്ടുണ്ട്. ഈ അവസ്ഥ മാറ്റി നമ്മുടെ പൈതൃകാചാരങ്ങളെ സംരക്ഷിക്കുവാൻ ശ്രമിക്കുന്നത് നല്ലതാണെന്നു ചിന്തിക്കുക.

മലയാള മണ്ണിനേയും മനസ്സിനേയും ഒരുപോലെ കുളിർ മഴയിൽ കുതിർത്തുകൊണ്ടാണ് പണ്ടൊക്കെ കർക്കിടകത്തിന്റെ തിരുപ്പുറപ്പാട്. പട്ടിണിയും പരിവട്ടവുമായി രാമായണ പാരായണത്തിലൊതുങ്ങുന്ന ആ കാലങ്ങളെ കള്ളകർക്കിടകം എന്ന് പൂർവ്വികർ പേരുചൊല്ലി വിളിക്കുന്നു. എന്നാൽ ഇന്നോ, കാലം മാറി. കോലം മാറി. പ്രകൃതി വ്യതിയാനങ്ങളും മാറി വരുന്നു. തോരാത്ത മാരിയോ, കോടയോ, പഞ്ഞമോ ഒന്നും ഇക്കാലത്തില്ല. ഇന്നത്തെ തലമുറക്കിതൊന്നും മനസ്സിലാകുകയുമില്ല. കഴിഞ്ഞു പോയ കാലത്തിലെ ജീവസ്സുറ്റ കഥകളായി ഇക്കാര്യങ്ങൾ ഇളം തലമുറയെ പറഞ്ഞു കേൾപ്പിക്കാം. വർണ്ണനക്കവസാനം ഹോ! ഇന്ന് കർക്കിട സംക്രാന്തിയല്ലേ? അമ്പലത്തിൽ പോയില്ലല്ലോ എന്നെല്ലാം അവരോട് തുരിശം ഭാവിക്കാം. സംക്രാന്തിയാണ് ഒന്നാം തീയതിയാണ് ചില അനുഷ്ടാനങ്ങൾ വേണം ക്ഷേത്രദർശനം വേണം എന്നെല്ലാം അവരും ചിന്തിക്കട്ടെ.

കർക്കിടക സംക്രാന്തിക്കു മുൻപ് വീടും പരിസരവും ശുചീകരിക്കുക പണ്ടൊക്കെ നിർബന്ധ പതിവായിരുന്നു. ഇതിൽ വീട്ടിലെ എല്ലാ അംഗങ്ങളും സജീവ പങ്കാളിത്തം വഹിക്കുന്നു. കർക്കിടകത്തിൽ ഗണപതിഹോമവും ലക്ഷ്മീപൂജയും തറവാടുകളിൽ നടത്താറുണ്ട്. വീടുകൾ നാലുകെട്ടും എട്ടുകെട്ടുമായി നിലക്കൊണ്ടിരുന്ന അക്കാലത്ത് നാലുകെട്ടിൽ പടിഞ്ഞാറ്റ എന്നു വിശേഷിപ്പിക്കുന്ന സ്ഥലത്ത് 'ശീവോതിവെക്കൽ' എന്നൊരു ചടങ്ങ് അക്കാലത്ത് നിലനിന്നിരുന്നു. ചില വീടുകളിൽ ചുവരിൽ പീഠം പോലൊന്നു പണിത് അതിലാണ് ശീവോതി വച്ചിരുന്നത്. വെള്ളോട്ടു കിണ്ടിയിൽ അലക്കിയ പുടവ ഭംഗിയായി ഞൊറിഞ്ഞു വക്കും. വാൽക്കണ്ണാടിയും കത്തിച്ച നിലവിളക്കും വച്ച് അതിനുമുന്നിൽ ആവണിപ്പലകയിൽ നിറനാഴിയും വക്കുന്നു. ഇടങ്ങഴിയിൽ നെല്ലും നാഴിയിൽ അരിയും നിറച്ച് ദശപുഷ്പങ്ങളും വക്കലാണ് ഈ ചടങ്ങ്. അതിനുശേഷം സുഗന്ധദ്രവ്യങ്ങൾ കൊണ്ട് ധൂമിക്കും. ഇത് കർക്കിടകം മുഴുവനും

ചെയ്യുന്ന ഭവനങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ചില സ്ഥലങ്ങളിൽ ഇത് ഏഴു ദിവസവും ചിലയിടങ്ങളിൽ ഒരു ദിവസവും ചെയ്തു പോന്നിരുന്നു. രാമായണഗ്രന്ഥം വിളക്കത്തു വക്കലും രാമായണ പാരായണവും അന്ന് പതിവായിരുന്നു.

സംക്രാന്തി തലേന്ന് ചേട്ടയെ പുറത്തു കളയുക എന്നൊരു ചടങ്ങ് അന്ന് ആചരിച്ചു വന്നിരുന്നു. വീടും പരിസരവും ശുചീകരിക്കുന്ന സമയം പുറത്തു കളയുന്ന ഉപയോഗശൂന്യമായ കീറകൊട്ടയിൽ അല്ലെങ്കിൽ പഴമുറത്തിൽ പൊട്ടിയ പിഞ്ഞാണം (പ്ലേറ്റ്) കല്ച്ചട്ടികഷണം പൊട്ടകലത്തിന്റെ കഷണം ഒടിഞ്ഞ തവി എന്നിവയും പഴന്തുണി കഷണം പഴഞ്ചൂല് പ്ലാവില കരിക്കട്ട ചേർത്ത ചോറ് തുടങ്ങിയ അമംഗള വസ്തുക്കളെന്നു കരുതുന്നവയെല്ലാം എടുത്തു വയ്ക്കുന്നു. എന്നിട്ട് വീട്ടിലെ ഒരാൾ ഈ കൊട്ട കൈയിലെടുത്ത് ചേട്ടേ.....പോ...........പുറത്തു പോ...........ശീവോതി അകത്തു വാ....... എന്ന് ഉറക്കെ പറഞ്ഞ് വീടിനു മൂന്നു വലം വെയ്ക്കുന്നു. ചാണക വെള്ളം തളിക്കുകയും ചെയ്യും. എന്നിട്ട് ഈ അമംഗള വസ്തുക്കളെ വീട്ടിനു പുറത്തു കൊണ്ടു പോയി കളഞ്ഞ് ഈ ആൾ കുളിച്ച് അകത്തു വരുന്നു. അതിനുശേഷം പടിക്കലും വീട്ടുമ്മറത്തും നിലവിളക്കു കൊളുത്തി വീട്ടിലെ എല്ലാ അംഗങ്ങളും പ്രത്യേകിച്ച് കുട്ടികൾ എല്ലാവരും ഇരുന്ന് നാമം ജപിക്കുന്നു. പാലാഴിയിൽ നിന്നു തന്നെ ഉത്ഭവിച്ച ജ്യേഷ്ടാ (ചേട്ടാ) ഭഗവതിയെ പുറത്തു കളഞ്ഞ് ശ്രീ ഭഗവതിയെ (ശീവോതി) വീട്ടിലേക്കാനയിച്ച് വപുസ്സും അതോടൊപ്പം മനസ്സും ആരോഗ്യപൂർണ്ണവും ശുദ്ധവുമാക്കി ലക്ഷ്മീ പൂജ ചെയ്യുന്നു എന്നുള്ള മുഗ്ധമായ സങ്കല്പം ഇവിടെ കാണുന്നു. അതുപോലെ പ്രഭാത പ്രദോഷ സന്ധ്യകളിൽ കത്തിച്ച നിലവിളക്കിനു മുന്നിൽ ചന്ദനം, കുങ്കുമം, ഭസ്മം, കൺമഷി എന്നിവയും ദശപുഷ്പങ്ങളും വയ്ക്കുന്ന പതിവ് ചില സ്ഥലങ്ങളിൽ ഉണ്ട്. ലക്ഷ്മീ ഭഗവതി ഇതെല്ലാം സ്വീകരിച്ച് അനുഗ്രഹം ചൊരിയും എന്ന് സങ്കല്പം. ദശപുഷ്പങ്ങളിൽ മുക്കുറ്റി ചാലിച്ചു ആ ചാന്ത് തിരുനെറ്റിയിൽ ചാർത്തുന്നു. പൂജക്കുശേഷം ദശപുഷ്പങ്ങൾ സ്ത്രീകൾ മുടിയിൽ ചൂടുന്നു. മുപ്പട്ടു ബുധനാഴ്ച കോടി വസ്ത്രം ധരിക്കുക. ചൊവ്വയും വെള്ളിയും കൈയിലും കാലിലും മൈലാഞ്ചി അണിയുക എന്നീ ആചാരങ്ങളും ചില സ്ഥലങ്ങളിൽ നിലവിലുണ്ടായിരുന്നു.

ആരോഗ്യസംരക്ഷണത്തിനായി കർക്കിടക കഞ്ഞി കഴിക്കുക പണ്ടു മാത്രമല്ല ഇന്നും നമ്മുടെ ഇടയിൽ പ്രചാരത്തിലുണ്ട്. ഇല്ലം നിറ, പുത്തരി എന്നീ ചടങ്ങുകൾ ക്ഷേത്രങ്ങളിലും വീടുകളിലും ഇന്നും നിലനില്ക്കുന്നു. കറ്റ കൊയ്ത് വീട്ടിൽ കയറ്റുന്നതിനു മുന്നോടിയായി നല്ല മുഹൂർത്തം നോക്കി കതിർകറ്റ വീട്ടിലേക്ക് ആനയിക്കുന്ന ചടങ്ങാണ് ഇല്ലം നിറ. ഈ കതിർകറ്റ മാവണിഞ്ഞ പീഠത്തിൽ വച്ച് പൂജിച്ച് മാവില മുക്കുറ്റി പൂവാം കുരുന്നില എന്നിവയും കൂട്ടി 'ഇല്ലം നിറ വല്ലം നിറ.... നിറ നിറയോ നിറ നിറ' എന്നു പറഞ്ഞുകൊണ്ട് കുടുംബ കാരണവർ വീടിനു മുന്നിലും അറക്കു മുന്നിലും ഈ കതിർ കുല കെട്ടി തൂക്കുന്നു.നെൽക്കതിർ ചാണകം പതിച്ച് അടുക്കള വാതിലിലും തൂക്കുന്നു. ഇതു കഴിഞ്ഞാൽ കൊയ്ത്തായി. പുത്തരികൊണ്ടു ശർക്കര പായസമുണ്ടാക്കി ഗണപതിക്കു നിവേദിച്ച് വീട്ടുകാരും കഴിക്കുന്നു. നിറ പുത്തരി തുടങ്ങിയ ഈ ചടങ്ങുകൾ പണ്ടു കാലത്ത് വളരെ ഉത്സാഹപൂർവ്വം ആചരിച്ചു പോന്നിരുന്നു. എന്നാൽ കാലത്തിന്റെ വ്യതിയാനത്തിന് അനുസരിച്ച് ഈ ചടങ്ങുകൾ എല്ലാം ഇന്ന് ക്ഷേത്രമതിൽ കെട്ടിനകത്ത് ഒതുങ്ങി നില്ക്കുന്നു.

ദശപുഷ്പങ്ങൾ എല്ലാം തന്നെ ഔഷധഗുണപ്രധാനങ്ങളാണ്. ദശപുഷ്പങ്ങൾ മാത്രമല്ല ലഭ്യമായ മറ്റു പല ഔഷധ സസ്യങ്ങളും ഇടിച്ചു പിഴിഞ്ഞ ചാറിലാണ് ഔഷധ കഞ്ഞി തയ്യാറാക്കുന്നത്. ഇത് തുടർച്ചയായി ഏഴു ദിവസം കഴിക്കുകയാണ് പതിവ്. ഇതിന്റെ ഔഷധവീര്യം പല രോഗങ്ങളേയും തടുത്തു നിർത്തുന്നതിനുള്ള പ്രതിരോധ ശക്തി ശരീരത്തിനു നൽകുന്നു എന്നുള്ളത് നിസ്തർക്കമായ കാര്യമാണ്. ദശപുഷ്പങ്ങൾ എല്ലാവർക്കും അറിയാവുന്നതാണെങ്കിലും അവയുടെ പേരുകൾ സാന്ദർഭികമായി ഇവിടെ സൂചിപ്പിക്കുന്നു. (1) പൂവാം കുരുന്നില (2) മുയൽചെവി (3) കൃഷ്ണക്രാന്തി (4) കയ്യൂണ്യം (5) വള്ളിഉഴിഞ്ഞ (6) തിരുതാളി (7) നിലപ്പന (8) മുക്കൂറ്റി (9) ചെറുള (10) കറുക

ഇവ ഔഷധമൂല്യമുള്ള ഒറ്റ മൂലികളാണ്. അങ്ങനെ നമ്മുടെ പൂർവ്വികർ ജീവിതം ആരോഗ്യപൂർണ്ണവും ആനന്ദപ്രദവും പരിപാവനവുമായി തീരുവാൻ ആചരിച്ചിരുന്ന പല ചടങ്ങുകളും കാലവിശേഷത്താൽ ഇന്ന് വിസ്മൃതമായികൊണ്ടിരിക്കുകയാണ്. എങ്കിലും അവയെ നമുക്കിങ്ങനെ വിചിന്തനം ചെയ്ത് ഓർമ്മ പുതുക്കാം.

ദശപുഷ്പങ്ങളിൽ ഓരോന്നിനും അധിദേവതകളെ കല്പിച്ചിരിക്കുന്നു.

ആദിയാകും കറുകയ്ക്കോർക്കുകിൽ
ആദിത്യനല്ലോ ദേവത
ആധിവ്യാധികളൊക്കവേ തീരും
ആദരാലതു ചൂടുകിൽ.
രണ്ടാമതാകും കൃഷ്ണക്രാന്തിക്കു
കൊണ്ടൽ നേർവർണ്ണൻ ദേവത
തൃഷ്ണയോടതു ചൂടുന്നാകിലോ
വൈകുണ്ഠപദം ലഭ്യമാം.
മൂന്നാമതാകും തിരുതാളിക്കോർക്കിൽ
ഇന്ദിരാ ദേവി ദേവത
നിശ്ചയമതു ചൂടുന്നാകിലോ
ഐശ്വര്യമുണ്ടാം മേൽക്കുമേൽ.
നാലാമതാകും കുരുന്നിലക്കോർക്കിൽ
നാലസ്യനല്ലോ ദേവത
അഞ്ചാമതാകും കൈയ്യുണ്ണിക്കോർക്കിൽ
പഞ്ചാസ്യനല്ലോ ദേവത
ആറാമതാകും മുക്കൂറ്റിക്കോർക്കിൽ
പാർവതീദേവി ദേവത
പാരിലിന്നിതു ചൂടുന്നാകിലോ
പാരമാം വിവേകാദികൾ.
ഏഴാമതാകും നിലപ്പനക്കോർക്കിൽ
ഊഴിമാതാവു ദേവത
സന്തുഷ്ടിയോടതു ചൂടിയാലെന്നും
സന്തോഷത്തോടു വാണിടാം.
എട്ടാമതാകും ഉഴിഞ്ഞക്കിന്ദ്രനും
ദേവതയാണതെന്നോർക്കെടോ
ഇഷ്ടിയോടതു ചൂടുന്നാകിലോ
ഇഷ്ടമൊക്കെയും സാധ്യമാം.
ഒമ്പതാകും ചെറൂളക്കോർക്കിൽ
വമ്പനാം യമധർമ്മനും
അൻപിനോടതു ചൂടുന്നാകിലോ
ആയുസ്സുമുണ്ടാം മേൽക്കുമേൽ.
പത്താമതാകും മുയൽച്ചെവിയന്
ചിത്തജനല്ലോ ദേവത
സുന്ദരിമാരേ ചൂടുന്നാകിലോ
സൗന്ദര്യമുണ്ടാം മേൽക്കുമേൽ.

# പിഞ്ചുകുഞ്ഞിനെ മരണവക്ത്രത്തിൽ നിന്ന് രക്ഷിച്ച ക്യാപ്റ്റൻ നിശാന്ത്നായർ



വിമാനം ഓടിച്ചുകൊണ്ടിരിക്കെ ഒരു യുവ പൈലറ്റിന്റെ വിപദിധൈര്യവും സമയോചിതമായ ഇടപെടലും ശ്വാസോച്ഛ്വാസം നിലച്ചുപോയ, കേവലം നാലു മാസം മാത്രം പ്രായമുള്ള ഒരു പിഞ്ചുകുഞ്ഞിന്റെ ജീവൻ രക്ഷിച്ചു.

ഇക്കഴിഞ്ഞ മെയ് 23 ന് ഒഡീസ സ്വദേശിയായ സിംഗാരിസിംഗും ഭാര്യ പുലാസി സിംഗും അവരുടെ മകളുമായി ഭുവനേശ്വറിൽ നിന്ന് ബാംഗ്ലൂർക്കുള്ള എയർ ഏഷ്യ വിമാന ത്തിൽ സുഹൃത്ത് സുബൽ സാഹുവിനോടൊപ്പം കയറി. ബാംഗ്ലൂരിലെ നാരായണ ഹൃദയാലയ ആശുപത്രിയിൽ ഹൃദ്രോഗചികിത്സക്കുവേണ്ടി കുഞ്ഞിനെ പ്രവേശിപ്പിക്കുകയായിരുന്നു ലക്ഷ്യം. ഫ്ളൈറ്റ് നിലം തൊടാൻ 40 മിനിറ്റ് അവശേഷിക്കെ, കുഞ്ഞ് മുലയൂട്ടലിനെ തുടർന്ന് ശ്വാസരഹിതയായി. ഉടനെ ആശുപത്രിയിലെത്തിച്ചില്ലെങ്കിൽ അപകടമുണ്ടാകുമെന്ന് വിമാനത്തിലുണ്ടായിരുന്ന ഡോക്ടർ അഭിപ്രായപ്പെട്ടു. യുവാവായ ക്യാപ്റ്റൻ നിശാന്ത് നായർ സഹപൈലറ്റ് റുട്ടുഗോസ്വാമിയോടാലോചിച്ച് ഏറ്റവും അടുത്ത ഹൈദരാബാദ് വിമാനത്താവളത്തിൽ വിമാനമിറക്കാൻ തീരുമാനിച്ചു. Hyderabad Air Trafic Control മായി ഉടനടി ബന്ധപ്പെട്ട് കാര്യങ്ങൾ സുഗമമാക്കി. സമയനഷ്ടം വരുത്താതെ കുഞ്ഞിനെ ആശുപത്രിയിലാക്കാനും കുഞ്ഞിന്റെ ജീവൻ രക്ഷിക്കുവാനും അദ്ദേഹത്തിന്റെ വിപദി ധൈര്യം മൂലം സാധിച്ചു. മാനുഷിക മൂല്യങ്ങൾക്ക് യാതൊരു വിലയും കല്പിക്കാത്ത ഈ കാലത്ത് കരുണാർദ്രമായ മനസ്സോടുകൂടി സഹജീവിയുടെ ദു:ഖത്തെ സ്വന്തം ദു:ഖമായി ഏറ്റെടുത്ത് സമയോചിതമായ നടപടികൾ കൈക്കൊണ്ട് ഒരു പിഞ്ചുകുഞ്ഞിന്റെ ജീവൻ രക്ഷിച്ച ക്യാപ്റ്റൻ നിശാന്ത് നായരെ എത്ര പ്രശംസിച്ചാലും മതിയാവില്ല. ബാംഗ്ലൂരിൽ എയർ ഏഷ്യയുടെ പൈലറ്റ് ആയി പ്രശോഭിക്കുന്ന, 16 വർഷത്തെ സേവന പരിചയമുള്ള ശ്രീ. നിശാന്ത് നായർ നമ്മുടെ കരയോഗാംഗങ്ങളായ ശ്രീ ജയറാം, ലക്ഷ്മി ജയറാം ദമ്പതികളുടെ പുത്രനാണ്. അതിൽ നമുക്കും അഭിമാനിക്കാം.

സമയോചിതമായ പ്രവർത്തനത്താൽ ഒരു പിഞ്ചുകുഞ്ഞിന്റെ ജീവൻ രക്ഷിച്ച ക്യാപ്റ്റൻ നിശാന്ത് നായർക്ക് എറണാകുളം കരയോഗത്തിന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ.

# ഭൂമിക്കൊരു സങ്കീർത്തനം-6
# നദികൾ

സി. രാമചന്ദ്രൻ - ഫോൺ: 9995820684

ഉന്നതങ്ങളിൽ നിന്ന് താഴ്ന്ന പ്രതലങ്ങളിലേക്ക് സ്വാഭാവികമായി ഒഴുകിയൊഴുകി സമുദ്രത്തിലെത്തിച്ചേരുന്ന ജലവാഹിനികളായ ചാലുകളാണ് നദികൾ. മഴയുടെ ഭാഗമായിട്ടുണ്ടാകുന്നതോ, ഭൂഗർഭത്തിൽ നിന്നുണ്ടാകുന്നതോ, മഞ്ഞുമലകളിൽ നിന്ന് ഉരുകിയൂറുന്നതോ ആയ ജലമാണ് നദികളെ രൂപപ്പെടുത്തുന്നത്. നീർചാലുകൾ അരുവികളായും, അരുവികൾ ചോലകളായും, ചോലകൾ ചെറുനദികളായും അതു നദികളായും മഹാനദികളായും വികസിക്കുന്നു. ഒഴുകുന്ന ചാലും പാർശ്വങ്ങളിലുള്ള തടങ്ങളുമാണ് നദിയുടെ മുഖ്യഭാഗങ്ങൾ. അരുവികളും നീർച്ചാലുകളും നീർത്തടവുമെല്ലാം ചേർന്നതാണ് നദീതടം. ഒരു നദിയുടെ നീർത്തടങ്ങളിൽ ലഭിക്കുന്ന മഴയുടേയും മഞ്ഞിന്റെയും തീവ്രതയും അളവുമാണ് നദിയുടെ വലുപ്പം നിർണ്ണയിക്കുന്നത്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾക്കനുസരിച്ച് നദികൾ അഞ്ചു തരമുണ്ട്.

1. ഒരു നദീതടത്തിൽ ഒരേ തരം പാറകളാണുള്ളതെങ്കിൽ സ്വാഭാവികമായിട്ടുണ്ടാകുന്ന നീരൊഴുക്കിനെ ഡ്രെയിനേജ് പാറ്റേൺ എന്നു പറയുന്നു.

2. നീർത്തടത്തിലെ പാറകളിൽ വിള്ളലുകളുടെയും വിടവുകളുടെയും ശൃംഖലകളുണ്ടെങ്കിൽ രൂപപ്പെടുന്ന നീരൊഴുക്കിനെ റെക്ടാങ്കുലർ പാറ്റേൺ എന്നു പറയും.

3. അഗ്നിപർവ്വതശിഖരംപോലെ കോണാകൃതിയുള്ള കൂമ്പാരപർവ്വതത്തിൽ നിന്നും ഒലിച്ചിറങ്ങുന്ന നീരൊഴുക്കാണ് റേഡിയൽ പാറ്റേൺ.

4. ചുറ്റും ഉയർന്ന പർവ്വതങ്ങളുടെ താഴ്വാരത്തിൽ ശേഖരിക്കപ്പെട്ട് കേന്ദ്രീകരിച്ചൊഴുകുന്നതിനെ സെൻട്രിപെറ്റൽ എന്നാണു പറയുക.

5. ചെങ്കുത്തായ പ്രദേശങ്ങളിൽ കഠിനശിലകൾ നിറഞ്ഞ പ്രദേശങ്ങളിൽ, മുറിഞ്ഞൊഴുകുന്ന നീർച്ചാലുകളെ ട്രെല്ലീസ് എന്നു പറയും.

**ഒരു നദി മൂന്നു മേഖലകളിലൂടെ കടന്നുപോകും**

1. മലമ്പ്രദേശങ്ങളിലെ കുത്തനെയുള്ള നീരൊഴുക്കുള്ളിടത്ത് അടിത്തട്ടിൽ പാറക്കെട്ടുകളുള്ള മേഖല. ഇവിടെ വർഷകാലത്ത് കഠിനമായ വെള്ളപ്പൊക്കമുണ്ടാകാം. എന്നാൽ ഈ വെള്ളപ്പൊക്കം നീണ്ടുനില്ക്കുകയില്ല. ഇതിനെ തലവെള്ള മേഖല എന്നു പറയും. ഇവിടെ മണ്ണൊലിപ്പു കൂടുതലായിരിക്കും.

2. ഒഴുക്ക് സാവധാനത്തിലായി ഗമിക്കുന്ന ഭാഗമാണിത്. വെള്ളപ്പൊക്കം നീണ്ടുനില്ക്കുമെങ്കിലും ഒഴുക്കു മന്ദീഭാവത്തിലായിരിക്കും. അവസാദങ്ങൾ (Sediments) പാറക്കഷ്ണങ്ങൾക്കു പകരം ചരലും മണലുമായി മാറുന്നു. ഇതാണ് ഇടഭാഗം. നദിയുടെ ചരിവു കുറഞ്ഞ് അടിഭാഗം ചിലയിടത്ത് സമതലമാകാനും മതി.

3. ഒഴുക്കു ചാലിന്റെ വീതി വർദ്ധിക്കുകയും അവസാദങ്ങൾ നേരിയതാകുകയും അതടിഞ്ഞ് നദീസമതലം രൂപപ്പെടുകയും ചെയ്യുന്ന ഈ മേഖലയാണ് ഡെപ്പോസിഷണൽ സോൺ. ഒഴുക്കു ചാലുകൾ പലതായി പിരിഞ്ഞായിരിക്കാം പലപ്പോഴും കടലിൽ പതിക്കുന്നത്. അവിടെ വെള്ളപ്പൊക്കം മാസങ്ങളോളം നീണ്ടു നിന്നേക്കാം.

നദിയുടെ ആവാഹപ്രദേശത്ത് സ്ഥിരമായി മഴ ലഭിക്കുകയോ മഞ്ഞുമലകളിൽ നിന്ന് ഉത്ഭവിക്കുകയോ, വനമേഖലയിലെ ജലസംഭരണികളിൽ നിന്ന് സ്ഥിരമായി ജലം വിട്ടുകിട്ടുകയോ ചെയ്യുന്ന നദികളിൽ എല്ലായ്പ്പോഴും ജലമുണ്ടായിരിക്കും. ഒഴുക്കിന്റെ സ്ഥിരത നിലനില്ക്കുകയും ചെയ്യും. അത്തരം നദികളെ അനവരത (Perennial) നദികൾ എന്നു പറയുന്നു.

ജലലഭ്യതയുടെ അളവ് മഴക്കാലത്തിനനുസരിച്ച് മാറിമറിയുന്ന ചില നദികളിൽ ചില കാലങ്ങളിൽ മാത്രമേ നീരൊഴുക്കുണ്ടായിരിക്കുകയുള്ളു. ഇത്തരം നദികളെ ക്ഷണിക (Ephemeral) നദികൾ എന്നു പറയും.

കേരളത്തിലെ നദികൾ പൊതുവേ വേഗത്തിൽ ഒഴുകത്തക്ക വിധം കുത്തനെയുള്ളതാണ്. സ്വഭാവമനുസരിച്ച് ഇവയെ യുവ (Youthful) നദികൾ എന്നാണ് പറയുക. കേരളത്തിൽ ആകെ 44 നദികളുള്ളതിൽ നാല്പതും ചെറുനദികളാണ്. നാലെണ്ണം ഇടത്തരവും. ഇതെല്ലാം മൺസൂൺ മഴയുടെ പ്രഭാവത്തിലാണ് നിലനില്ക്കുന്നത്. നീരൊഴുക്കിന്റെ തൊണ്ണൂറു ശതമാനവും മഴക്കാലത്തായിരിക്കും.

നീണ്ടു നില്ക്കുന്ന നീരൊഴുക്കു മൂലം നദികളിലും നദീതടങ്ങളിലും ചില ഭൗമരൂപങ്ങളുണ്ടാകും. അത്തരത്തിലുണ്ടാകുന്നവയിൽ പ്രധാനപ്പെട്ടവ, അടിത്തട്ടിലെ കുഴികൾ, നദീതട താഴ്വരകൾ, വെള്ളച്ചാട്ടങ്ങൾ, ഓരങ്ങളിലെ തട്ടുകൾ മുതലായവയാണ്. കുത്തനെയുള്ള





ചരിവുകളിലൂടെ താഴ്വാരത്തിലേക്കൊഴുകുന്ന നദികൾ എക്കൽ നിക്ഷേപങ്ങളുണ്ടാക്കുന്നു. വെള്ളപ്പൊക്കത്തിൽ കലങ്ങിമറിഞ്ഞു വരുന്ന വെള്ളത്തിലുള്ള അവസാദങ്ങൾ നിരപ്പുള്ള പ്രതലത്തിലേക്കെത്തുമ്പോൾ അടിഞ്ഞ് ഫലഭൂയിഷ്ഠമായ നിക്ഷേപങ്ങളുണ്ടാകുന്നു. അങ്ങിനെയുണ്ടാകുന്ന സമതലങ്ങളിലാണ് പുരാതനസംസ്കാരങ്ങൾ രൂപപ്പെട്ടത്. കൃഷിക്കു പറ്റിയതായതുകൊണ്ടാണിതു സാധ്യമായത്.

നദിയിലെ ശുദ്ധജലവും കടലിലെ ഉപ്പുവെള്ളവും സന്ധിക്കുന്ന ഇടങ്ങളിൽ ത്രികോണാകൃതിയിൽ രൂപം കൊള്ളുന്ന നിക്ഷേപങ്ങളാണ് ഡെൽറ്റകൾ. തരിവലുപ്പമനുസരിച്ച് മൂന്നു പാളികളായിട്ടാണിവ. അടിത്തട്ടു പാളി, മദ്ധ്യപാളി, മുകൾപ്പാളി . ജലം ജീവന്റെ ആധാരം, നദികൾ മനുഷ്യന്റെ ജീവഹേതു.

# അക്ഷരങ്ങൾ

പത്മജ മേനോൻ

ആഘോഷങ്ങളും, ആഹ്ലാദങ്ങളും ജീവിതത്തിലുടനീളം സംഗീതവും നൃത്തവും മതിമറന്ന് ചടുല നൃത്തമാടി. സംഗീതം രാഗതാളങ്ങൾ തെറ്റാതെ ശ്രുതിയിൽ പാടി കൈയ്യടി നേടിയപ്പോൾ നൃത്തം ജനഹൃദയങ്ങളെ ആശ്ചര്യഭരിതരാക്കിക്കൊണ്ട് അവരുടെ ഹൃദയത്തിൽ ലാസ്യനടനമാടി... കാലഭേദമില്ലാതെ അവരുടെ ജൈത്രയാത്ര തുടർന്നു കൊണ്ടിരുന്നു. ഒരു ദിനം ആളുകളും തിരക്കും ഒഴിഞ്ഞു. അവർ കൈകോർത്ത് പിടിച്ച് മധുര സ്മരണകൾ അയവിറക്കി നടന്നു.....അതാ വിജനതയിൽ ഒരാൾ ഇരിക്കുന്നു. ഇയാൾ എന്തെടുക്കുകയാണ്...? അവർ അയാളുടെ അടുത്തെത്തി നിങ്ങൾ ആരാ ഈ വിജനതയിൽ നിങ്ങൾക്ക് ഒറ്റക്ക് ഇരിക്കുവാൻ ഭയമില്ലേ...?

അയാൾ വെറുതെ ചിരിച്ചു എന്താ നിങ്ങളുടെ പേര്...? അയാൾ പതിയെ പറഞ്ഞു ....അക്ഷരം. ഓ........ അക്ഷരം ... ഇപ്പോൾ ആരാ വായിക്കുന്നത്...? സത്യത്തിൽ നിങ്ങൾക്ക് ലജ്ജ തോന്നുന്നുണ്ടല്ലേ...?ഞങ്ങളെപ്പോലെ മുന്നിലേക്കു വരാൻ പറ്റാത്തതിൽ അപ്പോഴും അക്ഷരം വെറുതെ ചിരിച്ചു. ...അവർ രണ്ടു പേരും മത്സരിച്ച് തങ്ങളുടെ കഴിവിനെപ്പറ്റിയും ജനഹൃദയങ്ങളിൽ അവർക്കുള്ള സ്ഥാനമാനങ്ങളെ പറ്റിയും വാതോരാതെ പറഞ്ഞുകൊണ്ടേയിരുന്നു. നിങ്ങൾ പൊയ്ക്കോള്ളു എനിക്ക് ഏകാന്തതയാണ് ഇഷ്ടം. അതെയതെ ഒന്നും പറയാൻ ഇല്ലാത്തവർക്ക് ഒളിഞ്ഞ് ഇരിക്കാനല്ലേ പറ്റൂ എന്ന് പറഞ്ഞ് അവർ പൊട്ടിച്ചിരിച്ചു. അതുകൊണ്ടല്ല ചില ചോദ്യങ്ങൾക്ക് ഉത്തരം അർഹിക്കുന്നില്ല എന്ന് പറഞ്ഞ് അക്ഷരം തിരിഞ്ഞ് ഇരുന്നു. കഷ്ടം ഒരു കഴിവും ഇല്ലാത്തവൻ എന്ന് അവർ പറഞ്ഞപ്പോൾ അക്ഷരത്തിന് അടക്കിവച്ചിരുന്ന ദേഷ്യം സടകുടഞ്ഞ് എഴുന്നേറ്റു. മക്കളെ ഒരു കാര്യം ഓർക്കണം ഞാൻ അതുക്കുമപ്പുറമാണ്. എന്റെ സൃഷ്ടികളാണ് നിങ്ങൾ. ഞാനില്ലെങ്കിൽ നിങ്ങളില്ല.

അക്ഷരങ്ങൾ സംഗീതമായി മാറുമ്പോൾ അത് കേട്ട് നിങ്ങൾ നൃത്തം ചവിട്ടുന്നു. അക്ഷരങ്ങൾ തന്നെയാണ് ദൃശ്യമാധ്യമങ്ങളായ സിനിമയും സീരിയലും ഒക്കെയായി ആവിഷ്ക്കരിക്കുന്നത്. നിങ്ങൾ നൈമിഷിക സുഖം മാത്രമാണ് . ഞാൻ മനുഷ്യ മനസ്സുകളിൽ അന്തർലീനമായിരിക്കുന്ന അനുഭൂതിയും. നിശബ്ദയിലാണ് ഞാൻ എന്ന അക്ഷരം ഇതൾവിരിയുന്നത്. ഞാൻ ശാന്തിയും സമാധാനവും നൽകാറുണ്ട്. പല രാജ്യങ്ങളുമായി സന്ധിയിൽ ഒപ്പുവയ്ക്കുന്നതും ഞാൻ എന്ന അക്ഷരമാണ്. നാശത്തിന്റെ വിത്തു പാകാനും എനിക്കു കഴിയുമെന്നു ചരിത്രം പരിശോധിച്ചാൽ മനസ്സിലാകും. അവസാനമായി കേട്ടു കൊള്ളൂ ദൈവം അക്ഷരത്തെ ഉണ്ടാക്കിയില്ലെങ്കിൽ ഈ പ്രപഞ്ചം തന്നെ നിലനിൽക്കില്ല. മനുഷ്യർക്ക് സംഗീതത്തിനും നൃത്തത്തിനും വാസനയുണ്ടെങ്കിൽ അതിനെ പരിപോഷിപ്പിക്കുവാനായി അതിനു പറ്റിയ വിദ്യാലയങ്ങളും ഇവിടെ സുലഭമാണ്. പക്ഷേ മനസ്സിന്റെ അടിത്തട്ടിൽ നിന്ന് വരുന്ന ഭാവനകൾ അക്ഷരങ്ങളായി രൂപപ്പെടുമ്പോൾ കഥകളാകുന്നു. കവിതകളാകുന്നു. ലേഖനങ്ങളാകുന്നു. ദൈവത്തിന്റെ ഇഷ്ടവരദാനം സർഗാത്മകത .കഥ എഴുതാൻ പഠിപ്പിക്കാം , കവിത എഴുതാൻ പഠിപ്പിക്കാം എന്ന് പറഞ്ഞ് ഒരു വിദ്യാലയവും ഈ ലോകത്തിലില്ല. അതുകൊണ്ട് അക്ഷരങ്ങൾ ഒരുപടിമുന്നിൽ തന്നെയാണ് എന്ന് തിരിച്ചറിയുക. ആരേയും ചെറുതായി കാണരുത്. സമഭാവനയോടെ എല്ലാവരേയും കാണുവാൻ ശീലിക്കുക. അഹങ്കാരം അതിന്റെ ഫലം സർവ്വനാശമാണ്. വിനയവും. ലാളിത്യവും ഉള്ളയിടത്ത് അഹങ്കാരത്തിന് സ്ഥാനമില്ല. ഒരു മരം എത്ര ഉയങ്ങളിലേക്കു ചെന്നാലും ഭൂമിക്കടിയിൽ ഒളിഞ്ഞിരിക്കുന്ന വേരുകളിലാണ് തന്റെ ജീവൻ എന്നത് വിസ്മരിക്കാതെയിരിക്കുക. ആഹ്ലാദവും ആഘോഷവും ഒന്നുമില്ലെങ്കിൽ ജീവിതം ഇല്ല. താൻ ആരാണെന്ന ബോധം ഉണ്ടാവുക മാത്രമേ വേണ്ടു, ചിന്തകളാണ് വാക്കുകൾ. വാക്കുകളാണ് പ്രവൃത്തി. പ്രവൃത്തിയാണ് സംസ്കാരം എന്ന തത്വം മനസ്സിൽ എപ്പോഴും ഉണ്ടാവട്ടെ. ചെല്ല് നിങ്ങൾ കുട്ടികളാണ്, വെറും കുട്ടികൾ. ഒന്നും പറയാനില്ലാതെ സംഗീതവും, നൃത്തവും അക്ഷരത്തിന്റെ മുന്നിൽ തൊഴുകൈകളോടെ നിന്നു.

# ആദ്ധ്യാത്മികദർശനം ഭാരതത്തിൽ

പ്രൊഫ. അബുജാക്ഷി. പി. ഫോൺ : 9447577652

ഇന്ന് സാധാരണമായിട്ടുള്ള ഒരു കാഴ്ചയാണ് ആധ്യാത്മികത തേടിയുള്ള പരക്കംപാച്ചിൽ ധ്യാനമായും സത്രമായും പ്രാർത്ഥനായോഗങ്ങളായും തീർത്ഥയാത്രകളായും സ്തുതിഗീതങ്ങളായും നാം ആധ്യാത്മികത തേടിപ്പോകുന്നു.

എന്താണ് ഭാരതത്തിന്റെ ആധ്യാത്മിക ദർശനം? എന്താണ് ആധ്യാത്മികത? എന്താണ് ആത്മാവ്?

ആത്മാവിനെ അറിയാനുള്ള ആകാംക്ഷയാണ് ആധ്യാത്മികത എന്ന് പറയാം. വ്യഷ്ടിയായും സമഷ്ടിയായും പ്രപഞ്ചം മുഴുവൻ വ്യാപിച്ചു കിടക്കുന്ന സത്യം തന്നെയാണ് ആത്മാവ്. 'നേതി നേതി' എന്ന വെളിപാടോടെ നാം ആത്മാവിനെ അന്വേഷിച്ചിറങ്ങുന്നു.

ഭാരതത്തിൽ അനേകം ജനവിഭാഗങ്ങൾ ഉള്ളതായിക്കാണാം. അവരുടെയൊക്കെ പ്രമാണങ്ങളും സിദ്ധാന്തങ്ങളും ആചാരങ്ങളും പ്രാർത്ഥനാ രീതികളും ഉത്സവങ്ങളും വേഷവും ഭാഷയും ആഹാരരീതിയുമൊക്കെ വ്യത്യസ്തമായിരുന്നു. എന്നാൽ അവയെയെല്ലാം കൂട്ടിയിണക്കുന്ന ഒരു ചിന്താസരണിയുണ്ട്. അതാണ് ഭാരതസംസ്കാരത്തിന്റെയും ആധ്യാത്മികതയുടെയും ആധാരം. അതിന് മതം എന്ന ചട്ടക്കൂട്ടിനേക്കാൾ ഉചിതമായ പേര് സനാതനധർമ്മം എന്നാണ്.

ഭാരതമനസ്സിന്റെ മുഖമുദ്ര ആധ്യാത്മികതയാണ്. ആദിയും അന്ത്യവുമില്ലാത്ത ആത്മാവിനെക്കുറിച്ചുള്ള അന്വേഷണവും ധാരണയും തന്നെയാണ് ഭാരതീയരുടെ ജീവിത ദർശനവും. സ്ഥലകാല പരിമിതിയുള്ള ദേഹത്തിനപ്പുറം അപരിചിതവും അപരിമിതവുമായ ആത്മാവിനെ കണ്ടെത്തലാണ് ആധ്യാത്മികതയുടെ പൊരുൾ. അജ്ഞേയമായ സത്യത്തെ പ്രജ്ഞകൊണ്ട് തേടിത്തേടി 'ഇതല്ല, ഇതല്ല' എന്ന് നിർവചിച്ച് നീങ്ങുന്ന ഒരു മനസ്സാണ് ആധ്യാത്മികതയുടെ ഋഷി മനസ്സ്. എല്ലാ ആവിഷ്കാരങ്ങളിലും പരമാത്മാവിനെ ദർശിക്കുകയും എല്ലാം ഈശ്വരചൈതന്യം എന്ന് വിശ്വസിക്കുകയും ചെയ്യുക എന്ന് ചുരുക്കം. അതാണ് 'തത്വമസി' എന്ന പ്രമാണം വ്യക്തമാക്കുന്നത്. എല്ലാ ജനവിഭാഗങ്ങളുടേയും വിശ്വാസത്തിലും ആചാരത്തിലുമൊക്കെ ഈ ഒരേ ഒരു ലക്ഷ്യമാണ് ഉള്ളത്. അതുകൊണ്ടാണ് അതിനെ സനാതനധർമ്മം എന്ന് പറയുന്നതും. 'സനാ' എന്ന വാക്കിനർത്ഥം നിത്യം എന്നാണ്. 'തന' എന്ന പദം 'അക്കാലത്തുള്ള' എന്നർത്ഥത്തിൽ പ്രയോഗിക്കുന്നു. അതിനാൽ സനാതനം എന്ന പദത്തിന് നിത്യമായ, നാശമില്ലാത്ത പരമ്പരാഗതമായ എന്നൊക്കെ അർത്ഥം പറയാം.

എന്താണ് ധർമ്മം? വ്യാസമഹർഷി ധർമത്തെ ഇങ്ങനെയാണ് നിർവചിക്കുന്നത്.

'ധാരണാത് ധർമമിത്യാഹുഃ<br>
ധർമേണ ച ധൃതഃ ജനഃ<br>
യ സ്മാത് ധാരണസംയുക്തഃ<br>
സ ധർമ്മ ഇതി ശാശ്വതഃ'

ഇത് ധർമ്മത്തിന്റെ മാത്രമല്ല, മനുഷ്യത്വത്തിന്റെയും നിർവചനമാണ്. കാരണം 'ധർമേണ ഹീനഃ പശുഭി ഃ സമാനഃ എന്ന് ധർമ്മഹീനനെ മൃഗതുല്യനായി കണക്കാക്കുന്നു.' വസുധൈവ കുടുംബകം, വിശ്വജനീനത, മാനവികത എന്നിവ ഭാരതീയദർശനത്തിന്റെ ശ്രേഷ്ഠതയെ സൂചിപ്പിക്കുന്നു.

(തുടരും)

## അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

### 80 G ആനുകൂല്യം

എറണാകുളം കരയോഗത്തിന്റെ ജീവകാരുണ്യ, സാമൂഹ്യ സേവന പ്രവർത്തനങ്ങൾക്ക് നല്കുന്ന സംഭാവനകൾക്ക് ആദായ നികുതി വകുപ്പിന്റെ 80 G ആനുകൂല്യം ലഭ്യമാണ്. നിങ്ങൾ നല്കുന്ന സംഭാവന കരയോഗത്തിന്റെ സേവന പ്രവർത്തനങ്ങൾക്ക് പ്രചോദനവും പ്രോത്സാഹനവുമാണ്. എറണാകുളം കരയോഗത്തിന്റെ ജിവകാരുണ്യ സേവന പ്രവർത്തനങ്ങൾക്ക് നിർലോഭമായ സഹകരണം പ്രതീക്ഷിച്ചു കൊള്ളുന്നു.

*ജനറൽ സെക്രട്ടറി*





കർക്കിടകം

ഓം


ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

# മാസഫലം


Tel : TDM -2361160,
Mob : 9447696190, 9447354306

2018 ജൂലൈ 17 മുതൽ ആഗസ്റ്റ് 16 വരെ

ജ്യോതിഷാചാര്യ വിജയ മേനോൻ



**മേടക്കൂറ് (അശ്വതി, ഭരണി, കാർത്തിക 1/4)ഃ** ഭൂമി സ്വന്തമായി ഇല്ലാത്തവർ ഭൂമി വാങ്ങും. അകന്നു കഴിയുന്ന സഹോദരങ്ങൾ സ്വന്തഗൃഹത്തിൽ തിരിച്ചെത്തും. വിവാഹാലോചനകൾ നിശ്ചയത്തിലെത്തും. ശത്രുക്കളിൽ നിന്ന് ഉപദ്രവങ്ങൾ ഉണ്ടാകാമെങ്കിലും ഈശ്വരാധീനത്താൽ അതിൽ നിന്നൊക്കെ രക്ഷ നേടും. ലഹരി പാനീയങ്ങൾ കഴിക്കുന്നവർക്ക് ആരോഗ്യം മോശമാകുകയും നാശകരമായ ആപത്തുക്കൾ വന്നു ചേരുകയും ചെയ്യും.



**ഇടവക്കൂറ് (കാർത്തിക 3/4 രോഹിണി, മകയിരം 1/2)ഃ** വിദേശയാത്രയ്ക്ക് ശ്രമിക്കുന്നവർക്ക് ഫലസിദ്ധി കൈവരുന്നതാണ്. ഭൂമിസംബന്ധമായ ഇടപാടുകൾ നടക്കും. ജലവിനോദയാത്രയ്ക്ക് അവസരം വന്നു ചേരും. കോടതിവ്യവഹാരങ്ങൾ ഉള്ളവർക്ക് അനുകൂല വിധിക്ക് സാദ്ധ്യത കാണുന്നു. ഔദ്യോഗിക രംഗത്ത് ഉന്നതിയുണ്ടാകും. എന്നാൽ സ്ഥാനചലനങ്ങൾ ഉണ്ടാകാം. വ്യാഴം 6 ൽ നിൽക്കുന്നതിനാൽ വിഷ്ണുസഹസ്രനാമജപം ദോഷശാന്തി നൽകും.



**മിഥുനക്കൂറ് (മകയിരം 1/2, തിരുവാതിര, പുണർതം 3/4)ഃ** ധനപരമായി കാലം നല്ലതാണ്. സ്വന്തം അദ്ധ്വാനത്താൽ ഉന്നതിയുണ്ടാകും. ദാമ്പത്യകലഹങ്ങളും അകന്നു കഴിയേണ്ട അവസ്ഥയും വന്നു ചേരും. ഉന്നതരുടെ സ്വാധീനം നിമിത്തം ശത്രുക്കളെ ഇല്ലാതാക്കുവാൻ കഴിയുന്നതാണ്. തനിക്കർഹതപ്പെട്ട പൂർവ്വിക സ്വത്ത് അനുഭവത്തിൽ വന്നു ചേരും. കണ്ടകശനിക്കാലമായതിനാൽ ദാമ്പത്യകലഹം മാറുവാൻ ഐകമത്യ മന്ത്രം ജപിക്കുക. ശനിവ്രതം എടുക്കുക.



**കർക്കിടകക്കൂറ് (പുണർതം 1/4, പൂയം, ആയില്യം)ഃ** വിദ്യാർത്ഥികൾക്ക് പ്രതീക്ഷക്കൊത്തുള്ള അഡ്മിഷൻ ലഭിക്കുവാൻ സാദ്ധ്യതയുള്ള കാലമാണ്. വിദ്യാഭ്യാസ കാര്യത്തിൽ കൂടുതൽ ശ്രദ്ധ വേണം. ജലവാഹനയാത്രയിൽ നിന്ന് ധനനഷ്ടവും മനോവിഷമങ്ങളും അനുഭവിക്കേണ്ടി വരും. കുടുംബബന്ധങ്ങൾ തകരാറിലാകാം. ശിവപാർവ്വതിമാരെ ഭജിക്കുക. വിദേശത്തു പോയി ബിസിനസ്സ് തുടങ്ങുവാൻ ആഗ്രഹിക്കുന്നവർക്ക് നല്ല സമയമാണ്. സാമ്പത്തിക ഭദ്രത മെച്ചമാകും. വാതസംബന്ധരോഗങ്ങൾക്ക് സാദ്ധ്യതയുണ്ട്. ഇഷ്ടദേവതയെ ഭജിക്കുക.



**ചിങ്ങക്കൂറ് (മകം, പൂരം, ഉത്രം 1/4 )ഃ** വിദ്യാഭാസപരമായും കർമ്മപരമായും സമയം നല്ലതാണ്. കുടുംബകോടതികളിൽ ഉള്ള കേസുകൾ പ്രതീക്ഷിക്കുന്നതുപോലെ പരിഹരിക്കപ്പെടും. ഭൂമിസംബന്ധമായ ഇടപാടുകളിൽ വിഷമിക്കേണ്ടി വരും. ജലമാർഗ്ഗത്തിൽ കൂടി യുള്ള യാത്ര അപകടങ്ങൾക്കും ധനനഷ്ടത്തിനും വഴി വയ്ക്കാം. ശിവപഞ്ചാക്ഷരി ജപിക്കുക. മനശാന്തിക്കായി ശാസ്താഭജനം നടത്തുക.



**കന്നിക്കൂറ് (ഉത്രം 3/4, അത്തം, ചിത്തിര 1/2)ഃ** പ്രതിബന്ധങ്ങളെ അതിജീവിക്കുവാനുള്ള സഹായങ്ങൾ പുറത്തുനിന്നുള്ള ബന്ധങ്ങൾ വഴി ലഭിക്കും. സർക്കാരിൽ നിന്ന് ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങൾ ലഭിക്കും. പുതിയ സുഹൃദ്ബന്ധങ്ങൾ സ്ഥാപിക്കും. സന്തോഷിക്കുവാനുള്ള അവസരങ്ങൾ വന്നു ചേരും. വിദ്യാർത്ഥികൾക്കും നല്ല സമയമാണ്.



**തുലാക്കൂറ് (ചിത്തിര 1/2 ചോതി, വിശാഖം 3/4)ഃ** ഉന്നതവിദ്യക്ക് ശ്രമിക്കുന്നവർക്ക് ആഗ്രഹം സഫലമാകും. ഭൂമി വാങ്ങുവാനുള്ള സാഹചര്യം വന്നു ചേരും. റിയൽ എസ്റ്റേറ്റുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് ഈ മാസം ഗുണഫലങ്ങൾ ഉണ്ടാകും. അപ്രതീക്ഷിതമായി വ്യവഹാരങ്ങൾ ഉണ്ടാകാം. പക്ഷിമൃഗാദികളെ സംരക്ഷിച്ചു വളർത്തുവാൻ സാഹചര്യം വന്നു ചേരും.



**വൃശ്ചികക്കൂറ് (വിശാഖം 1/4 അനിഴം, തൃക്കേട്ട)ഃ** സഞ്ചാരക്ലേശം വർദ്ധിക്കും. ജീവിതമാർഗ്ഗത്തിനു കൂടുതൽ പരിശ്രമിക്കേണ്ടി വരും. കുടുംബകോടതികളിലും കേസുകൾ സംബന്ധിച്ച് മനോവിഷമം വർദ്ധിക്കും. സഹോദരങ്ങൾക്ക് നല്ല സമയമാണ്. എന്നാൽ സഹോദരങ്ങൾ വഴി ദു:ഖത്തിന് കാരണം കാണുന്നു. വാക്കുകൾ സൂക്ഷിച്ചുപയോഗിക്കാത്തതിനാൽ ഔദ്യോഗിക രംഗത്ത് ശിക്ഷണ നടപടികൾ ഏറ്റു വാങ്ങേണ്ടി വരാം. ഏഴരശനിക്കാലമായതിനാൽ ശനിവ്രതമെടുക്കുന്നതും ശനീശ്വരന്റെ സ്തോത്രം ജപിക്കുന്നതും നല്ലതാണ്.



**ധനുക്കൂറ് (മൂലം, പൂരാടം, ഉത്രാടം1/4)ഃ** ജന്മശനിക്കാലം. ശരീര ക്ലേശങ്ങൾ വാതാദിദോഷങ്ങൾ എന്നിവ അലട്ടാം. സംസാരം മോശമാകുക കാരണം പല പ്രകാരത്തിലും ക്ലേശങ്ങളും അനുഭവിക്കേണ്ടി വരാം. അവിവേകമായി ചിന്തിച്ച് ദുരിതത്തിൽ പെടും. പൊതുജനസേവനത്തിനുള്ള പാത തുറന്നു കിട്ടും. ധനപരമായി കാലം നല്ലതാണ്. ഉദ്യോഗത്തിൽ പ്രമോഷനോ ശമ്പളക്കൂടുതലോ ലഭിക്കാം.



**മകരക്കൂറ് (ഉത്രാടം 3/4, തിരുവോണം, അവിട്ടം 1/2)ഃ** കുടുംബസ്വത്ത് ഭാഗം ചെയ്തു കിട്ടും. അന്യകുടുംബങ്ങളുമായി സ്നേഹപൂർവ്വമായ ബന്ധം സ്ഥാപിക്കും. തർക്കത്തിലും കേസുകളിലും പെട്ട് തടയപ്പെട്ടിരിക്കുന്ന സാമ്പത്തിക നേട്ടങ്ങൾ അനായാസമായി ലഭിച്ചെന്നിരിക്കും. ഏഴരശനിക്കാലമായതിനാൽ ശരീരക്ലേശങ്ങളും മറ്റും പ്രതീക്ഷിക്കാം. ശനിവ്രതമെടുക്കുക.



**കുംഭക്കൂറ് (അവിട്ടം 1/2, ചതയം, പൂരൂരുട്ടാതി 3/4)ഃ** മാനസീകമായി ബുദ്ധിമുട്ടനുഭവിക്കുന്ന കാലമാണ്. ത്വക്‌രോഗസംബന്ധമായി അസുഖങ്ങൾ, നീർദോഷം, പനി എന്നിവയുണ്ടാകും. ഭൂമി വാഹന സംബന്ധമായ വൻഇടപാടുകളിൽകൂടി ധനലാഭത്തിന് സാധ്യത കാണുന്നു. വിവാഹലോചനകൾ മാറിപ്പോകും. ആദ്ധ്യാത്മിക ജീവിതത്തോട് കൂടുതൽ അടുക്കുകയും തീർത്ഥയാത്രാദികൾക്ക് സമയം കണ്ടെത്തുകയും ചെയ്യും.



**മീനക്കൂറ് (പൂരുരുട്ടാതി 1/4, ഉത്രട്ടാതി, രേവതി)ഃ** കുടുംബകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ കാണിക്കും. ഗൃഹത്തിൽ പുതിയ ഉപകരണങ്ങൾ വാങ്ങിക്കും. ഔദ്യോഗികമായി താമസ സൗകര്യം മെച്ചപ്പെടുത്തും. താൽക്കാലികമായുള്ള സൗകര്യങ്ങൾ സ്ഥിരാനുഭവത്തിലേക്ക് വഴിമാറും. ധനപരമായി ഉന്നതി ഉണ്ടാകുമെങ്കിലും അധികച്ചിലവും പ്രതീക്ഷിക്കാം. വിവാഹത്തിന് തടസ്സങ്ങൾ നേരിടും. ദൈവാധീനക്കുറവുള്ളതിനാൽ വിഷ്ണുപ്രീതി വരുത്തുക.

*ശുഭമസ്തു*

*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*

**തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ 9 am to 1 pm വരെ ജ്യോതിഷിയുടെ സേവനം ലഭ്യമാണ്**


# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl, 24/ 5'3", Pooram, Fair, P G in (Advt&PR)+PG.D in Tourism &PR, Conduent Infopark, Pref : Professionaly Qualified Boy, Desirably working abroad having family visa, Ph: 0484 -2672793, Mob:9446932793/ 9544789760, Reg No: 21537

Email:malumalavika919@gmail.com
Date of Birth:09-11-1993 (12.03pm)
Sishta Dasa:Sukra : 11.2.12





Contact Address:
MR. JAGADEESH. G
KAUSTHUBHAM
MANKUZHY
KARUMALLOOR. P.O
ALANGAD
ERNAKULAM-683511

---

Nair Girl, 26/155, Makam, Fair, Completing Masters Degree in Architecture in USA, Pref: Degree and above,Working in USA or Abroad , Age-29-32, Mob: 9447122310, Reg.No: 21538.

Email: hari58das @gmail.com
Date of Birth: 11-08-1991(7.20am)
Sishta Dasa:Ketu: 2.11.21





Contact Address:
MR. K.N. HARIDAS
H.NO.35, AMBADY
GANDHI NAGAR
MOOVATTUPUZHA
PIN- 686 661.

---

Nair Girl,25/164cm, Karthika, Fair, M.Tech,Engineer,Bangalore,Pref: Graduate, Ph: 0484-2301598, Mob: 9496921598, Reg.no.21539

Email:vnvivekgn0@gmail.com
Date of Birth:1-03-1993(5.55am)
Sishta Dasa:Ravi:0.4.18





Contact Address:
MR.GOPINATHAN. N
31/1022A, RAILNAGAR
VYTTILA P. O
KOCHI - 682019

---

Nair Girl, 27/165cm,Chithira,Pure white,CA,UAE Company Kakkanad, Pref: Graduation/B.Tech, Professionals, Districts-Ernakulam,Thrissur,Mob: 9847243885,Reg.no.21541

Email:lekha.c325@gmail.com
Date of Birth:28-7-1990(12.57pm)
Sishta Dasa:Kuja:5.0.11





Contact Address:
MR.K.S.CHANDRASEKHARAN
NEDUNGATHURUTHIL(H)
EROOR(N) P. O
TRIPUNITHURA
ERNAKULAM - 682603

---

Nair Girl, 26/5'8", Makam, Wheatish, BA, LLB, Law Associate, New Delhi, Pref: Post Graduate/Graduate, Ht>5'10", Horoscope match must,Ph: 0483-2766639,Mob:9444390079/ 9895066205, Reg.no.21542

Email:kasubhas@gmail.com
Date of Birth:13-04-1992(2.00pm)
Sishta Dasa:Ketu:2.4.7.21





Contact Address:
MR.K.A.SUBHAS
C/O.SMT.P. M.ANANDA VALLI
ANANDA VIHAR
MELAKKAM P. O
KARUMBRUM, MANJERI
MALAPPURAM - 676123

---

Nair Girl,26/155cm, Uthrattathi, Fair, M.Tech,Canara Bank Officer,Pref: B.Tech & above, Bank/Central Govt/ Engg/Non IT, AGE:27-30, Parents Employed /Retired, well educated & progressive in-laws, Mob: 9446385109, Reg.no.21543

Email:sgopikrishnan1963@gmail.com
Date of Birth:02-04-1992(5.45am)
Sishta Dasa:Sani:16.11.8




Contact Address:
MR. S. GOPIKRISHNAN
SENIOR MANAGER
VIJAYA BANK
SERVICE BRANCH
BROADWAY,
ERNAKULAM 682 031






# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl, 27/5'1", Revathi, Fair, Doing MD at Govt.Medical College,Tvm, Pref: Doctors MD or doing MD, Ph:0481-2392552,Mob: 9495989277, Reg.no.21546

Email:rskmcg@gmail.com
Date of Birth:01-11-1990(6.20pm)
Sishta Dasa:Buda:4.5.26





Contact Address:
DR.SAJITH KUMAR
CHANDRTHIL
KUDAMALOOR
KOTTAYAM - 686017

---

Nair Girl, 24/163, Chathayam, Fair, MA in HRM, Customer Service Professional Employed in Dubai, Pref: Alliance from U S or UK Employed, Ph: 0484 -2705384, Mob:8593951251,/ 8943549232, Reg No: 21548

Email:rkpranavam@gmail.com
Date of Birth:01/06/1994 (1.19pm)
Sishta Dasa:





Contact Address:
MR. P.I. RADHAKRISHNAN
PRANAVAM
MARADU
ERNAKULAM - 682304

---

Nair Girl,24/152cm, Avittam, Fair, B.Tech - EC ,System Engineer , TCS ,Pref: Graduation, Ph: 0488-5221687, Mob: 9447994823, Reg.no.21551

Email:anjalimenon04@gmail.com
Date of Birth:14-01-1994(4.18am)
Sishta Dasa:Kuja: 6.8.16





Contact Address:
MR.K.VIJAYAKUMAR
SOWPARNIKA
AJANTHA ISLAND
KANIPPAYUR
KUNNAMKULAM
THRISSUR - 680517

---

Nair Girl,25/150cm, Moolam, Fair, B.Com, MBA, Financial Assistant at Technopark TVM, Pref: Professionally qualified well employed, Mob: 8086009402, Reg.no.21552

Email:rajeshgkerala@gmail.com
Date of Birth:09-08-1992(3.35pm)
Sishta Dasa:Ketu: 2.1.18.36





Contact Address:
MR BALACHANDRAN.MENON V. K
NARAYANI MANDIRAM
METHALA P .O
KODUNGALLUR
TRICHUR - 680669

---

Nair Girl, 24/172cm, Aswathy, Fair, B.Tech (CS), Business Analyst, Deloitte, Bangalore, Pref: B.Tech, Ph: 0484-2577649, Mob: 9446040649/ 9446080649, Reg.no.21554

Email:indulal10555@gmail.com
Date of Birth:12.04.1994(1.54pm)
Sishta Dasa:Ketu:0.2.4





Contact Address:
MR.INDULAL P. R
VIPANCHIKA
HARITHA NAGAR CROSS ROAD -3
CUSAT P. O
KALAMASSERRY
ERNAKULAM - 682022

---

Nair Girl,25/160.03cm, Pururuttathi, Fair, M.Com, Persuing CA Final, Teacher(own CA Institution),Pref: Professionals, Ph: 0481-2524141, Mob:9447230693/ 9495481187(call after 6pm),Reg.no.21556

Email:sifahari@gmail.com
Date of Birth:12-06-1993(10.33am)
Sishta Dasa:




Contact Address:
MR.HARIDAS P. B
PONGAPPALLIL
KUMARAKOM
KOTTAYAM - 686563


## MANGALYAM MATRIMONIAL



# വരനെ ആവശ്യമുണ്ട്

Nair Girl,23/165cm Makam, Fair, B.Tech (ECE), Sales Engineer, Pref: B.Tech/ MBA/Degree/PG, District- Ernakulam, Alappuzha, Thrissur, Ph:0484-2444718, Mob:9495560344, Reg.no.21557


Email:harinnair58@gmail.com
Date of Birth:12-7-1994(11.55am)
Sishta Dasa:Ketu:3.3.4




Contact Address:
MR.HARI. N.NAIR
KAMAL
KOTTARAPATTU HOUSE
KOTTARAPATTU ROAD
BEHIND PARUR TOWN HALL
N.PARUR,ERNAKULAM DT- 683513

Nair Girl, 22/156cm, Chothi, White, M.Sc - Biotechnology , Pref: Graduation/ Job required, Ph:0484-2446170, Mob: 9387240500, Reg.no.21558


Email:madanvakkayil@rediffmail.com
Date of Birth:21-11-1995(5.45am)
Sishta Dasa:Rahu: 10.11.14.42




Contact Address:
MR.MADANA KUMAR
VAKKAYIL
KESARI ROAD
NORTH PARAVUR
ERNAKULAM - 683513

Nair Girl,23/165cm, Makam, Fair, B.Tech (ECE), BDE-Business Development Executive,Pref: B.Tech /MBA / Degree/ PG, Gulf Employees /Bank /Govt/ MerchantNavy,Districts-Ernakulam, Thrissur, Alappuzha,Ph:0484-2444718, Mob:9495560344,Reg.no.21560


Email:harinnair58@gmail.com
Date of Birth:12-7-1994(11.56am)
Sishta Dasa:Ketu:3.3.2




Contact Address:
MR.HARI.N.NAIR
KAMAL
KOTTARAPATTU HOUSE
KOTTARAPATTU ROAD
BEHIND PARUR TOWN HALL
N.PARUR,ERNAKULAM DT-683513

Nair Girl, 24/150cm, Chathayam, White, MA,Undergoing NET Coaching,PhD Entrance qualified Pref: Graduate/ Government Job/ College Lecturer/ Professional, Ph: 0481-2354608, Mob: 8137906745/ 9496945785, Reg.no.21561


Email:thulaseelalrn@gmail.com
Date of Birth:25-07-1994(2.22pm)
Sishta Dasa:




Contact Address:
MR.THULASEELAL R. N
ANUPAMA (H)
PUTHUPPALLY P. O
KOTTAYAM - 686011

Nair Girl, 25/152cm, Makayiram, White, M.A(literature),Preparing for Civil Service Exam,Pref: Degee,Bank/ State Govt office ,Abroad employment, Ph:0485-2855750,Mob: 9745645399, Reg.no.21562


Email:mpgnair.pkds@gmail.com
Date of Birth:19-06-1993(11.35am)
Sishta Dasa:Kuja:6.8.0




Contact Address:
MR.M.P.GOPALAKRISHNAN NAIR
MADHAVAPPILLY
OONNUKAL P. O
KOTHAMANGALAM
ERNAKULAM DT -686693

Nair Girl,25/166cm, Pooram,Fair, MBBS, undergoing MD as Manipal University ,Pref: Doctors with MBBS and MD/MS,Ph:0495-2373292,Mob: 9495293135,Reg.no.21564

Email:akpradeepkumar@gmail.com
Date of Birth:25-09-1992(9.28am)
Sishta Dasa:Sukra: 9.1.29




Contact Address:
MR.A.K.PRADEEP KUMAR
AKHILA
ANAMIKA STREET
CIVIL STATION P O ROAD
CALICUT - 673020






## MANGALYAM MATRIMONIAL



# വരനെ ആവശ്യമുണ്ട്

Nair Girl, 22/5'6", Uthram, Fair, B.Tech (Instrumentation), Pref: Graduation, Ph: 8089700661/ 9048059094, Reg.no.21565


Email:akhilaashoknair08@gmail.com
Date of Birth:08-02-1996(1.01pm)
Sishta Dasa:Ravi:1.8.15




Contact Address:
MR.P.P.ASHOKAN
VATTAKKATTU (H)
KANNOTH ROAD
MUPPATHADAM P.O
ALUVA
ERNAKULAM - 683110

Nair Girl,26/6'3",Uthram,Fair,M.Tech- NANO Technology,Engineer at NPOL on contract base,Pref: PG,Technical/ Software/Management,Ph:0484-2609229, Mob:9447223118, Reg.no.21568


Email:ayyappankakkanattu@gmail.com
Date of Birth:28-12-1991(3.38am)
Sishta Dasa:Ravi:0.0.8




Contact Address:
MR.K.R.AYYAPPAN
KARTHIKA, CRA-29A
NEAR EDAVATHARA TEMPLE
KUNNIL TEMPLE ROAD
WEST KADUNGALLOOR
ALUVA, ERNAKULAM -683110

Nair Girl, 21/5'8", Moolam, Fair, Integrated MA (IVth year) ,Pref: Graduation /B.Tech, Abroad, Mob:9446826676/ 9895858071, Reg.no.21569


Email:sasirnair1221@gmail.com
Date of Birth:03-03-1997(4.27pm)
Sishta Dasa:Ketu: 15.9.18




Contact Address:
MR.R.SASIKUMAR
VETTUVELIL HOUSE
NAYARAMBALAM
ERNAKULAM - 682509

Nair Girl,21/5'2",Bharani,Fair,B.B.M Graduation,Bank coaching, Pref: Bank/ IT/Engineers,Fair,Tall Tee-Totaller, Professionally qualified from Aristocratic family,Ph:0484-2701235,Mob: 9947796058/ 9497657282, Reg.no.21570

Email:ranjinijayakumar1997@gmail.com
Date of Birth:17-10-1997(12.05pm)
Sishta Dasa:Sukra: 16.6.0




Contact Address:
MR.G.JAYAKUMAR
THEKKINEXHATH (H)
PANAGAD P. O
ERNAKULAM - 682506

**THOTTEKKATT DIWAN'S MEMMORIAL HALL**
**ERNAKULAM KARAYOGAM**

1. TDM HALL GANGA a/c
2. TDM HALL PERIYAR a/c (GROUND FLOOR)
3. TDM HALL KAVERY a/c
4. TDM HALL SOORYA a/c (DINING HALL)
5. TDM HALL YAMUNA a/c
6. TDM HALL NILA a/c (DINING HALL)
7. TDM HALL PAMBA (ROOF HALL)
8. TDM HALL NARMADA a/c (SEMINAR HALL)
9. TDM HALL GODAVARY a/c (CONFERENCE HALL)
10. TDM HALL SARASWATHY (FIRST FLOOR)
11. TDM HALL KRISHNA a/c (EXHIBITION HALL)

For Details Contact: 0484 2361160
Email: ekmkgm@gmail.com, Web: www.ernakulamkarayogam.com


# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair boy, 27/178cm, Pooruruttathi, Fair, LLB,Practicing at High Court of Kerala, Ernakulam,Pref: Graduation and above, Mob:9495312237, Reg.no.21540

Email:sreekumarprv@gmail.com
Date of Birth:13-07-1990(7.25am)
Sishta Dasa:





Contact Address:
MR.V. SREEKUMAR
ACHUTHAM
CONVENT ROAD
PRAVACHAMBALAM
NEMOM P O
TRIVANDRUM - 695020

---

Nair Boy,28/180cm, Rohini, Fair, B.Tech in Computer Science ,Working in NTT DATA in Bangalore and now UK for an Overseas assignment, Pref: Graduation, Ht-5'5" above, Mob: 9840809694, Reg.no.21544

Email:vimalpooram65@gmail.com
Date of Birth:14-11-1989(1.05pm)
Sishta Dasa:Chandra:7.6.5





Contact Address:
MR.VIMAL KUMAR. K
KEZHIKKIVEETIL HOUSE
KUTTATH LANE,KOORKENCHERY
THRISSUR - 680007

---

Nair boy, 26/5'2", Makayiram, Fair, B.Tech, MBA, Business Analyst, Hyderabad Pref: B.Tech/BDS/MBBS/ MBA,Mob:9446344625/ 9446354625 Reg.no.21545

Email:sskhll@gmail.com
Date of Birth:06-05-1992(3.40am)
Sishta Dasa:





Contact Address:
MR.S. SANTHOSH KUMAR
A-3, SKYWINGS APARTMENT
KEERTHI NAGAR
EDAPPALLY P O
ERNAKULAM 682024

---

Nair boy, 36/173cm, Thriketta, Wheatish, MCA, Senior IT Officer, Ernakulam, Pref:Graduation, Mob: 9744295656/ 9495483695 ,Reg.no.21547

Email:ajishraj@gmail.com
Date of Birth:06-09-1981(7.07pm)
Sishta Dasa:





Contact Address:
MR.RAJAPPAN NAIR
ABHILASH BHAVAN
THELLIYOOR P O
THIRUVALLA
PATHANAMTHITTA - 689544

---

Nair boy, 29/5'8", Ayillyam( Sudha Jathakam), Fair, Engineering Systems and Computing, Software Engineer Sanfrancisco California, Pref: US Employed, US and Canadian Citizen , Students doing MS in US University, Girls with sudhajatham or half papam maximum will only match, Ph: 080-67179333, +91-8867631570, Please Contactby e mail only, Reg No: 21549

E-mail:expatgk@gmail.com
Date of Birth:29-11-1988 (4.24 pm)
Sishta Dasa:





Contact Address:
MR. K. GOPINATH
APARTMENT 6 C
TATA AQUILA HEIGHTS
JALAHALLI
BANGALORE-560013

---

Nair boy, 29/6'1", Thiruvathira, Fair, B.Tech (Mechanical), Executive CRM TRIL Kochi Projects Pvt Ltd (TATA), EKM Pref: Post Graduation, Degree with B Ed , B.Tech, Ph:0480-2867730/ 2860522,Mob:9846875682/ 9946712104, Reg.no.21550

Email:msmtravelskasi@gmail.com
Date of Birth:12-4-1989(6.50am)
Sishta Dasa:Rahu:3.3.18




Contact Address:
MR.M.S.KASI VISWANATHAN
MANAMMAL HOUSE
KONATHUKUNNU P O
THRISSUR - 680123






# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair boy, 28/175cm, Chathayam, Fair, B.Tech & MA Social work, Executive in Coal India Ltd, Kolkatta,Pref: Graduation, Employed, Ph:0484-2802699,Mob:9497680509, Reg.no.21553

Email:kumarkpb@yahoo.co.in
Date of Birth:18-05-1990(4.46pm)
Sishta Dasa:Rahu:11.7.2





Contact Address:
MR.K.BIJU KUMAR
50/536B,SOUPARNIKA
MANIMALA ROAD
EDAPPALLY P.O
ERNAKULAM - 682024

---

Nair boy, 41/176cm, Thiruvathira, White, ITI.Electrical, Business, Muppathadam, Pref: Degree, Mob: 9947023771/ 9846009986, Reg.no.21555

Email:beenaksalattu@gmail.com
Date of Birth:9-12-1976(7.15am)
Sishta Dasa:Rahu:0.7.29





Contact Address:
SMT.RAJALAKSHMI.
SREEDHARAN NAIR
ALATTU HOUSE
MUPPATHADAM P O
ALUVA, ERNAKULAM 683110

---

Nair boy, 30/6'1", Thiruvonam, Medium, B.Tech,MBA, GIA, Business, Pref: Graduation, Mob:9846166998/ 9847086998, Reg.no.21559

Email:kirthidiamonds@gmail.com
Date of Birth:11-4-1988(8.04pm)
Sishta Dasa:Chandra:1.0.5





Contact Address:
MR.K.VISWANATH
34/572, KIRTHI DIAMOND
JEWELLERY
BYEPASS ROAD
EDAPALLY P.O
ERNAKULAM - 682024

---

Nair boy, 41/178cm,Thiruvathira,Fair, B.Com(3 years Gulf Experience 10 years as accountant) Presently Paravoor Municipal Coucilor ,Ph: 0484-2441083,Mob:9446930825/ 9020684044, Reg.no.21563

Email:sajiparavoor@gmail.com
Date of Birth:15-10-1976(1.28am)
Sishta Dasa:Rahu:13.1.13





Contact Address:
MR.RAVINDRA NATHAN NAIR
NAMBIATH HOUSE
KIZHAKKEPRAM
NORTH PARAVOOR
ERNAKULAM - 683513

---

Nair boy, 42/5'8", Aswathy, Fair, SSLC, Self Employed (Painter), Pref:Age 30-37, Mob: 9048059094, Reg.no.21566

Email:akhilaashoknair08@gmail.com
Date of Birth:14-12-1975(11.44am)
Sishta Dasa:Kethu:2.11.1





Contact Address:
MR.P.P.ASHOKAN
VATTAKKATTU (H)
KANNOTH ROAD
MUPPATHADAM P.O
ALUVA
ERNAKULAM - 683110

---

Nair boy, 33/5'7", Avittam, Fair, B.Tech, GNIIT(JAVA),B.CA-Distant, Software Engineer - IT, Pref: Girls having job (Transferable to Kochi), Middle class Nuclear, Mob: 9947722402/ 7561804561, Reg.no.21525

Email:sarikakpanickar@gmail.com
Date of Birth:5-10-1984(10.40am)
Sishta Dasa:Chowa:5.5.27




Contact Address:
SMT.VALSALA KANAKAMBARAN
MUNDUVELIKAKATHU HOUSE
KAITHARAM P.O
NORTH PARAVUR
ERNAKULAM - 683519


# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair boy, 28/168cm, Moolam, Medium, B.Tech-IT, Software professional, Dubai, Pref: Professionaly Qualified, Districts- Trichur, Alappuzha,Ernakulam, Kozhikode, Palakkad, Ph:0484-2632323, Mob:9249726056/9288135070, Reg.no.21567


Email:prasanna.chankramath@gmail.com
Date of Birth:20-02-1990(10.34am)
Sishta Dasa:Kethu:4-7-16




Contact Address:
MR.P.SURESH KUMAR
PARAT HOUSE
PARAT LANE
ALUVA
ERNAKULAM- 683101

Nair boy, 28/173cm, Ayillyam, Fair, BE(EEE),TCS Australia,Pref: PG ,Professional,Mob: 09842337799, Reg.no.21571


Email:sindhusab@hotmail.com
Date of Birth:23-07-1990(6.23am)
Sishta Dasa:Budha:6.3.4.30




Contact Address:
MR.G.MOHANKUMAR
3/13,ASHOK NAGAR
SOUTH EXTENTION
KARUMANDAPAM
TRICHY - 620001

Menon boy, 27/175cm,Aswathy,Fair-White,MBA(Finance),Officer-Trade - Sales at Singapoor, Pref: PG, Fair & White, Educated, Ph:0484-2431503, Mob: 8593992584, Reg.no.21572

Email:manusankargmenon@gmail.com
Date of Birth:29-11-1990(4.10pm)
Sishta Dasa:Kethu: 5.8.13.16




Contact Address:
MR.GIRIJAVALLABHAN M . C
CHERUPILLIL HOUSE
CHERUPILLIL STREET
P.O.SOUTH CHITTOOR
ERNAKULAM - 682027

കവിത

## വിട...

ഗംഗാദേവി. ബി

ഇനിയും എരിഞ്ഞു തീർന്നിട്ടില്ല സൂര്യൻ
എന്നാലൊ കാഴ്ച മറയുന്നു
ചുറ്റും ഘോരാന്ധകാരം
ഒന്നും കാണുന്നില്ല ചുറ്റിലും
വെളിച്ചത്തിന്റെ ഒരു തിരിവെട്ടം പോലുമില്ല
ആരോ വന്നെന്നെ വലിക്കുന്നു
കൈകളൊന്നും ഇല്ലല്ലൊ
അതെന്റെ മനസ്സല്ലെ, തിമിരം വന്ന മനസ്സ്
അതിനൊന്നും കാണുവാനാകില്ല, കേൾക്കുവാനാകില്ല
സ്നേഹിക്കാനറിയില്ല, ആശ്വസിപ്പിക്കാനാവില്ല
അന്ന്യന്റെ കണ്ണീർ പുഴയിലെ ഉപ്പ് വാറ്റി
കഞ്ഞിയിൽ ചേർത്തുകുടിക്കുവാനും ആകില്ല
തിന്മ താണ്ഡവമാടുന്ന ലോകത്തിൽ ജീവിപ്പാനും ആവതില്ല
ഒന്നിലും കിട്ടിയില്ല ജീവിക്കാനുള്ള ചാലകം
പിന്നെ എന്തിന് കാക്കണം വേറിട്ടൊരു ജീവിതം
ഒരു മുഴം കയറിൽ തീർക്കട്ടെ ഈ സൃഷ്ടി
അതിനും ആവതില്ല, മനസ്സിലെ തമസ്സ് എന്നെ വിഴുങ്ങി കഴിഞ്ഞു,
കാത്തുകിടക്കുക മൃത്യുവിന്റെ നേർത്ത കാലൊച്ചയെ
നിസ്സംഗതയോടെ വിട ചൊല്ലുവാൻ.



ചിൻമയ മിഷൻ ആഗോള മേധാവി സംപൂജ്യ സ്വാമി സ്വരൂപാനന്ദജിക്ക് കരയോഗത്തിൽ നൽകിയ സ്വീകരണവും ധ്യാന യോഗത്തെ അധികരിച്ച് അദ്ദേഹം നടത്തിയ പ്രഭാഷണവും












ശ്രീമതി. ലളിത വേണുഗോപാലിന്റെ നേതൃത്വത്തിൽ ലോക യോഗാദിനത്തിൽ വിമൺസ് ഫോറം നടത്തിയ യോഗക്ലാസ്സിൽ നിന്ന്...


## ഗുരുവായൂർ ഗസ്റ്റ് ഹൗസ് ബോണ്ട് സ്കീം

### കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്



എറണാകുളം കരയോഗം ഗുരുവായൂരിൽ നിർമ്മിക്കുന്ന നവതി സ്മാരക ഗസ്റ്റ് ഹൗസിന്റെ നിർമ്മാണ ജോലികൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു. ഗസ്റ്റ് ഹൗസിന്റെ നിർമ്മാണത്തോടനുബന്ധിച്ച് ധനസമാഹരണത്തിനായി എറണാകുളം കരയോഗം ആകർഷണീയമായ ബോണ്ട് സ്കീം അംഗങ്ങൾക്കായി ആവിഷ്ക്കരിച്ചിരിക്കുന്നു. പ്രസ്തുത സ്കീമിൽ 77,000 രൂപ 42 മാസത്തേക്ക് നിക്ഷേപിക്കുന്നവർക്ക് 1,01,000 രൂപയും 66 മാസത്തേക്ക് നിക്ഷേപിക്കുന്നവർക്ക് 1,21,000 രൂപയും യഥാക്രമം ലഭിക്കുന്നതാണ്.

For Details: TDM Hall Complex, D H Road, Kochi-682 016, Ph: 0484 2361160
Email: ekmkgm@gmail.com, Web: www.ernakulamkarayogam.com

DATE OF PUBLICATION: 10-07-2018

RNI NO. KERMAL/2008/23515

REGISTERED NEWSPAPER

M6-57945/2007

REGISTERED KL/EKM/514/2018-20
LICENSE NO. KL/CR/EKM/WPP-15/2018-20
LICENSED TO POST WITHOUT PREPAYMENT

Volume No. 11 July 2018 Issue No. 07


# എറണാകുളം കരയോഗം ഫിലിം ക്ലബ്ബ്

പ്രവേശനം സൗജന്യം

ജൂലൈ 22, ഞായറാഴ്ച, 5.00 p.m. ടി.ഡി.എം. നർമ്മദ ഹാൾ


## രണ്ട് അനശ്വര സിനിമകൾ

ആഗോളവൽക്കരണത്തിന്റെ ആക്രമണത്തിൽ സാംസ്ക്കാരികവും പാരമ്പര്യവും കച്ചവടപ്പണ്ടങ്ങളായി മാറുന്ന സാഹചര്യത്തിൽ അതിനെതിരെയുള്ള വികാരത്തെ മൂർച്ചയോടെ അവതരിപ്പിക്കുന്ന ഉറുഗ്വേക്കാരനായ ഡീഗോ അർസൂഗ എന്ന ചലച്ചിത്രകാരൻ നിർമ്മിച്ച തൊണ്ണൂറു മിനിട്ട് ചിത്രം.

## ലാസ്റ്റ് ട്രെയിൻ (ഇംഗ്ലീഷ്)




അമ്പത്തിയൊമ്പത് വർഷം മുമ്പ് പ്രശസ്ത ഫ്രഞ്ച് ചലച്ചിത്രകാരൻ റോബർട്ട് ബ്രീസൺ ദോസ്തോവ്സ്കിയുടെ കുറ്റവും ശിക്ഷയും എന്ന അനശ്വര നോവലിനെ ആസ്പദമാക്കി, പോക്കറ്റടി കലയാക്കി വളർത്താൻ ശ്രമിച്ച മൈക്കിൾ എന്ന യുവാവിന്റെ കഥ എഴുപത് മിനിറ്റിൽ പറഞ്ഞൊതുക്കിയ അതിമനോഹര ചിത്രം.




## പിക് പോക്കറ്റ് (ഇംഗ്ലീഷ്)

# എറണാകുളം കരയോഗം കഥകളി ക്ലബ്ബ് പ്രതിമാസ കഥകളി

പ്രവേശനം സൗജന്യം




## കരയോഗാംഗത്വം എടുക്കൂ,
### ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാവൂ...


93 വർഷം സേവനപാരമ്പര്യമുള്ള ഈ സമുദായ സംഘടനയിൽ അംഗത്വം എടുക്കാനുള്ള അവസരം. കരയോഗാംഗങ്ങളുടെ കുടുംബാംഗങ്ങളോ സുഹൃത്തുക്കളോ ആയവർക്ക് കരയോഗം നിയമാവലി അനുസരിച്ച് അംഗത്വം എടുക്കാനുള്ള അവസരം പ്രയോജനപ്പെടുത്തുക.

*താല്പര്യമുള്ളവർ ബന്ധപ്പെടുക: 0484 2361160*

## ഗുരുവായൂർ ഗസ്റ്റ് ഹൗസ് പ്രിവിലേജ് കാർഡ് പദ്ധതി

ഗുരുവായൂർ ശ്രീകൃഷ്ണക്ഷേത്രത്തിനു സമീപം ഭക്തജനങ്ങൾക്കായി കരയോഗം നിർമ്മിക്കുന്ന നവതി സ്മാരക മന്ദിരത്തിലെ താമസത്തിന് പ്രിവിലേജ് കാർഡ് പദ്ധതി നടപ്പാക്കി വരുന്നു.

**പ്രിവിലേജ് കാർഡ്** : ഒരു ലക്ഷം രൂപ നിക്ഷേപിക്കുന്നവർക്ക് മാസത്തിൽ ഒരു ദിവസവും പ്രതിവർഷം 12 ദിവസവും 10 വർഷത്തേക്ക് 120 ദിവസവും സൗജന്യ നിരക്കിൽ താമസ സൗകര്യം (പരമാവധി ഒറ്റത്തവണ 24 ദിവസം വരെ നിബന്ധനകൾക്ക് വിധേയമായി താമസിക്കാം)



- ശീതികരിച്ച വിശാലമായ ഡബിൾ റൂം. ദിവസം മുഴുവനും ചൂടുവെള്ളം ലഭ്യം.
- മുറികൾ സെമി - ഓട്ടോമേറ്റഡ് ആയിരിക്കും. ഇന്റർകോം സഹിതം ടെലഫോൺ സൗകര്യം, മുറികളിൽ വൈ - ഫൈ സൗകര്യം, ചായ/കോഫി സൗജന്യം, ലോൻട്രി സർവ്വീസ്, മലയാളം - ഇംഗ്ലീഷ് പത്രങ്ങൾ
- കേബിൾ കണക്ഷൻ, എൽ.സി.ഡി. ടി വി, കാർ പാർക്കിങ്ങ് സംവിധാനം.
- സുരക്ഷാ, അഗ്നി ശമന, ജലശുദ്ധീകരണ സംവിധാനങ്ങൾ, പരിസ്ഥിതി സൗഹൃദ നിർമ്മിതി.
- പുലർച്ചെ 3 മണിമുതൽ 6 വരെയും വൈകിട്ട് 7 മുതൽ 9 വരെയും ക്ഷേത്രത്തിലേക്ക് വാഹന സൗകര്യം.
- അതിഥി മന്ദിരത്തിൽ നിന്ന് ക്ഷേത്രത്തിലേക്കും, റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാന്റ് എന്നിവിടങ്ങളിലേക്കും 600 മീറ്റർ ദൂരപരിധി.
- ഗസ്റ്റ് ഹൗസിൽ ശീതികരിച്ച ഡബിൾ റൂമുകൾ പ്രിവിലേജ് കാർഡ് പദ്ധതി പ്രകാരം കുറഞ്ഞ നിരക്കിൽ ലഭ്യം.
- ഒരു ലക്ഷം രൂപ മാത്രം നിക്ഷേപിക്കുന്നവർക്കാണ് പ്രിവിലേജ് കാർഡ്.
- ഒരു ലക്ഷം രൂപയുടെ നിക്ഷേപം ഒറ്റ പ്രാവശ്യമായോ, തവണകളായോ അടയ്ക്കുവാനുള്ള സൗകര്യം.
- തവണകളായി അടയ്ക്കുന്നവർ താഴെ പറയും പ്രകാരം 1,10,000/- രൂപ നല്കേണ്ടതാണ്.

1. പദ്ധതിയിൽ ചേരുന്ന സമയത്ത് ആദ്യഗഡു 50,000 രൂപ അടയ്ക്കണം.
2. രണ്ടാം ഗഡുവായി 20,000 രൂപ 2018 ജൂൺ 30 – ന് മുമ്പ് അടയ്ക്കണം.
3. മൂന്നാം ഗഡു 20,000 രൂപ 2018 ഡിസംബർ 31 – ന് മുമ്പ് അടയ്ക്കണം
4. നാലാം ഗഡു 20,000 രൂപ 2019 ജൂൺ 30 – ന് മുമ്പ് അടച്ച് തീർക്കണം.

NB: നിലവിലുള്ള ഒരു ലക്ഷം രൂപ എന്നത് 2019 ജനുവരി 1 മുതൽ 1,50,000/- ആയി വർദ്ധിപ്പിക്കുന്നതായിരിക്കും. ആയതിനാൽ താല്പര്യമുള്ള അംഗങ്ങൾ എത്രയും വേഗം ഈ പദ്ധതിയിൽ അംഗമാകുവാൻ അഭ്യർത്ഥിക്കുന്നു.അപേക്ഷാ ഫോറം കരയോഗം ഓഫീസിൽ നിന്നും 250 രൂപയ്ക്ക് ലഭിക്കുന്നതാണ്.

*എറണാകുളം കരയോഗം*
ടി.ഡി.എം.ഹാൾ കോംപ്ലക്സ്
ഡി.എച്ച്.റോഡ്, കൊച്ചി – 682016
ഫോൺ : +91 484 2361160, 2369589
Email.:ekmkgm@gmail.com
Web:www.ernakulamkarayogam.com
Mobile App:Ernakulam Karayogam

NB : എറണാകുളം കരയോഗം കഥകളി ക്ലബ്ബിൻെറ പ്രതിമാസ കഥകളി സ്പോൺസർ ചെയ്യുവാൻ താല്പര്യമുള്ളവർ കരയോഗം ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 0484 2361160


The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph:0484-2361160, Email:ekmkgm@gmail.com, Website:www.ernakulamkarayogam.com and Printed at Niseema Printers & Publishers, Saroj, SRM Road, Kochi-682018, Ph:2400423, 2400230 for Murali Industries, Babu Cottage, Alappat extn. Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.